(3) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 9-ാമത് റിപ്പോർട്ട്

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ അൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ 9-ാമത് റിപ്പോർട്ട്

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പക്കുന്നു.

(5) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 5-ാമത് റിപ്പോർട്ട്

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

V. നിയമനിർമ്മാണകാര്യം

1999-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ† ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റൂളനുസരിച്ച് ഒന്നര മണിക്ക് മുമ്പ് ബിൽ പാസ്സാക്കണം. നമ്മുടെ കാര്യപരിപാടിയനുസരിച്ച് എന്തായാലും ഒന്നര മണിക്ക് തീരാൻ പോകുന്നില്ല. അതുകൊണ്ട് റൂൾ വേയ്വ് ചെയ്യാമല്ലോ.

ശ്രീ. ടി.എം. ജേക്കബ് : സർ, വേയ്വ് ചെയ്യാം.

ശ്രീ. ജോർജ് ജെ. മാത്യു : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഇതിന്റെ ചർച്ച തുടങ്ങിയപ്പോൾ തന്നെ ഇത് കേൾക്കേണ്ട മന്ത്രി സീറ്റ് വിട്ട് പുറത്തേയ്ക്ക് പോകുന്ന ഒരു സ്ഥിതിയാണുണ്ടായത്. പിന്നെ ഞാൻ ആരോട് സംസാരിക്കണമെന്ന് അറിയുകയില്ല. കാരണം, കേരളത്തിലെ ഇന്നത്തെ സാമ്പത്തികസ്ഥിതി കാണുമ്പോൾ ഞാൻ ഭയാശങ്കയിലാണ്. സാമ്പത്തിക രംഗത്ത് നമ്മൾ ഇന്ന് തെറ്റായ മാർഗ്ഗത്തിലൂടെയാണ് സഞ്ചരിക്കുന്നത്. ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാനായി പുതിയ മാർഗ്ഗങ്ങൾ അവലം

† അനുബന്ധം - 3

LIBRARY ARCHIVES Kerala Legislative Assembly

ബിക്കേണ്ടിയിരിക്കുന്നു. ഇന്ന് നമ്മുടെ സഞ്ചിത കടം ഏതാണ്ട് പതിനായിരം കോടി രൂപയാണ്. ഈ വർഷം അവസാനിക്കുമ്പോൾ ഈ സഞ്ചിത കടം ഏതാണ്ട് പതിനാറായിരം കോടി രൂപയാകും. അതായത് ഓരോ കേരളീയനു മുള്ള ആളോഹരി കടം ഏതാണ്ട് അയ്യായിരം രൂപയോളം വരുമെന്നാണ് കണ ക്കുകൾ സൂചിപ്പിക്കുന്നത്. ഈ ദുഃസ്ഥിതിയിൽ നമ്മൾ എങ്ങനെയെത്തി? 1996-97-ലെ കടം ഏതാണ്ട് 11,671 കോടിയാണ്. 1997-98-ലെ കടം 12,500 കോടി. 1998-99-ലെ കടം 14,000 കോടി രൂപ. കഴിഞ്ഞ രണ്ട് വർഷത്തിനു ള്ളിലെ വർദ്ധനവ് മാത്രം 2329 കോടി രൂപയാണ്. അതിന്റെ കൂടെ ഈ വർഷത്തെ വർദ്ധനവും കൂടി കൂടുമ്പോൾ നിങ്ങളുടെ കാലയളവിൽ മൂന്നു വർഷംകൊണ്ട് 4500 കോടിയിൽ കൂടുതലായിക്കൊണ്ടിരിക്കുകയാണ്. 1999-2000 ആകുമ്പോൾ 2230 കോടി രൂപയോളം റവന്യൂ കമ്മിയുണ്ടാകുമെ ന്നാണ് കണക്കുകൾ പറയുന്നത്. റവന്യൂ കമ്മിയുണ്ടാകുമ്പോൾ സ്വാഭാവിക മായും കടമെടുക്കാതിരിക്കാൻ നിർവാഹമില്ല. പക്ഷെ കടമെടുക്കുമ്പോൾ നമ്മുടെ SDP യുടെ എത്ര ശതമാനം കടം എടുക്കുമെന്നാണ് വിലയിരുത്തേ ണ്ടത്. നമ്മുടെ അയൽ സംസ്ഥാനങ്ങൾ SDP യുടെ ഏതാണ്ട് 20 ശതമാനം കട മെടുക്കുമ്പോൾ കേരളം ഏതാണ്ട് 48 ശതമാനമാണ് കടമെടുക്കുന്നത്. നമ്മുടെ ആളോഹരി കടം 1994-95-ൽ വെറും 266 രൂപ മാത്രമുണ്ടായിരുന്നതാണ്, ഇന്ന് ഈ അവസ്ഥയിലെത്തിനിൽക്കുന്നത്. കഴിഞ്ഞ നടപ്പ് വർഷം മാത്രം നമ്മൾ കട മെടുത്തത് ഏതാണ്ട് 1988 കോടി രൂപയാണ്. മുതലും പലിശയും തിരച്ചടച്ചത് 961 കോടി രൂപ. മറ്റ് പരിപാടികൾക്ക് വേണ്ടി ചെലവഴിക്കാൻ മിച്ചം കിട്ടിയത് 27 കോടി രൂപ. കടമെടുക്കുന്നതിന്റെ 97 ശതമാനം മുതലും പലിശയും കൊടു ക്കാൻവേണ്ടി മുടക്കുകയാണ്. കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് ഏതാണ്ട് 15 ശതമാനം വരെ പലിശ കൊടുത്താണ് എടുക്കുന്നത്. അടുത്ത സാമ്പത്തിക വർഷം കടമെടുക്കാൻ പോകുന്നത് ഏതാണ്ട് 2322 കോടി രൂപയാണ്. പലി ശയും മുതലും കൂടി തിരിച്ചടയ്ക്കാൻ 2303 കോടി രൂപ വേണം. മിച്ചം വെറും 19 കോടി രൂപ. 2000-2001-ൽ പ്രോജക്ട്ഡ് കടമെടുക്കുന്നത് 2115 കോടി രൂപ യാണ്. തിരിച്ചടയ്ക്കേണ്ടി വരുന്നത് ഏതാണ്ട് 2106 കോടി രൂപയാണ്. മിച്ചം വെറും 9 കോടി രൂപയാണ്. പിന്നത്തെ വർഷം കടമെടുക്കുന്നത് മുഴുവൻ പലിശയും മറ്റും കൊടുക്കാൻ മുടക്കുന്നു. അങ്ങനെയൊരു ദുഃസ്ഥിതിയാലാ യിരിക്കുകയാണ്. 2002 ആകുമ്പോൾ കടമെടുക്കുന്നതിൽ 4 കോടി രൂപ മാത്രമേ മിച്ചം കിട്ടുകയുള്ളൂ. കാരണം 3181 കോടി രൂപ കടമെടുക്കണം. 3177 കോടി രൂപ തിരിച്ചടയ്ക്കുകയും വേണം. 2003 ആകുമ്പോൾ കടമെടുക്കേണ്ടി വരുന്നത് 3177 കോടി രൂപ തിരിച്ചടക്കേണ്ടി വരുന്നത് 3181 കോടി രൂപ. 4 കോടി രൂപ അങ്ങോട്ട് കൊടുക്കണം. കടം കൊടുക്കാൻ വേണ്ടി വേറെയും കടമെടുക്കണം. 2005 ആകുമ്പോഴേയ്ക്കും 35,505 കോടി രൂപയുടെ സഞ്ചിത കട ബാദ്ധ്യത വരുമെന്നാണ് പഠനങ്ങൾ പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ കാര്യങ്ങൾക്ക് നമുക്ക് ഒരു റീ തിങ്കിംഗ് വേണ്ടേ? നമുക്ക് റീ തിങ്കിംഗ് ഉണ്ടായില്ലെങ്കിൽ പിടിച്ചു നിൽക്കാൻ കഴിയുകയില്ല. ഇന്നിപ്പോൾ അധികാര വികേന്ദ്രീകരണം നടക്കുകയാണ്. ഈ അധികാരവികേന്ദ്രീകരണരംഗത്ത് പുനർക്രമീകരണത്തിനുള്ള ഒരവസരം കൂടിയാണിത്. പുനർക്രമീകരണം യഥാർത്ഥമായിട്ട് നടപ്പിലാക്കുകയാണെങ്കിൽ നമ്മുടെ ബാധ്യതകൾ കുറെ യൊക്കെ കുറയ്ക്കാൻ സാധിക്കും. സഹകരിക്കുക അല്ലെങ്കിൽ നശിപ്പിക്കുക, അല്ലാതെ നമുക്ക് യാതൊരു മാർഗ്ഗവുമില്ല. ഇവിടെ ട്രേഡ് യൂണിയനുകൾക്ക് പിടിക്കാത്ത കുറെ തീരുമാനങ്ങൾ നടപ്പിലാക്കുകയാണ്. എല്ലാവരും ട്രേഡ് യൂണിയനുകൾക്കുവേണ്ടി മാത്രമാണ് വാദിക്കുന്നത്. എല്ലാവർക്കുമുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഓരോ പോക്കറ്റ് യൂണിയനുകൾ. ഞാൻ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറെ കുറിച്ചല്ല പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ പ്രസിഡന്റായിട്ടുള്ളത് പോക്കറ്റ് യൂണിയൻ അല്ല. പതിനായിരകണക്കിന് അംഗസംഖ്യയുള്ള യൂണിയനാണ്.

ശ്രീ. ജോർജ്ജ് ജെ. മാത്യു : അതാണല്ലോ ഞാൻ പറഞ്ഞത്. തൊഴിൽ രംഗത്ത് ട്രേഡ് യൂണിയനുകൾ ഉൾപ്പെടെയുള്ള ഒരു വിഭാഗം ആളുകളുടെ തീവ്രവാദപ്രവർത്തനത്തിന്റെ ഫലമായി അവിടെ വ്യവസായത്തിന് മുലധനം മുടക്കാനായിട്ട് ആരും വരുന്നില്ല. നമ്മളെല്ലാം തീവ്രവാദത്തിനെതിരാണ്. ഇന്നിപ്പോൾ കാർഗിൽ യുദ്ധം നടക്കുകയാണ്. അവിടെ തീവ്രവാദികളാണ് യുദ്ധം ചെയ്യുന്നത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, മോഡേൺ ഇൻഡസ്ട്രി തുടങ്ങണമെങ്കിൽ തൊഴിലാളികളെക്കാൾ എനർജി അല്ലേ പ്രധാനമായും വേണ്ടത്. അതില്ലാതിരുന്നതല്ലേ മുഖ്യകാരണം.

ശ്രീ. ജോർജ് ജെ. മാത്യു : ഇലക്ട്രിസിറ്റിക്ക് എന്ത് തുക ഈടാക്കാൻ പറ്റും എന്നുള്ളതാണ് പ്രശ്നം. അത് ഉല്പാദിപ്പിക്കുന്നതിന് വലിയ തുക കൊടുക്കേണ്ടിവരുന്നുണ്ട്. ആ കാര്യങ്ങൾ പ്രായോഗികമാണോയെന്ന് നിങ്ങൾ നോക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 1965-ലാണ് പ്രസിഡന്റ് ഭരണം വന്ന് ജനകീയ ഗവൺമെന്റ് ഇല്ലാതെ പോയത്. 1967 മുതൽ ഇങ്ങോട്ടുള്ള ജനകീയ ഗവണ്മെന്റുകൾ വന്നതിൽ ഏറ്റവും കൂടുതൽ കാലം വിദ്യുച്ഛക്തി വകുപ്പ് മന്ത്രിയായിരുന്നത് അദ്ദേഹത്തിന്റെ രാഷ്ട്രീയ പാർട്ടി ആണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ജോർജ് ജെ. മാത്യു : അതെങ്ങനെ. അവർ യൂണിയനെയും പാർട്ടിയെയും വലുതാക്കാൻ വേണ്ടിയുള്ള സർവ്വ പദ്ധതികൾക്കും തടസ്സം നിൽക്കുകയല്ലായിരുന്നോ. പഴയ പദ്ധതികളൊക്കെ ഇത്രയും നാൾ ഉഴപ്പുക യായിരുന്നു. നിങ്ങൾ യൂണിയൻ കളിച്ച് ഇടുക്കി പദ്ധതി എത്ര നാൾ നീണ്ടു പോയി. അതെല്ലാം നിങ്ങളുടെ കുഴപ്പമാണ്. ഞാൻ പറഞ്ഞു വന്നത് നമ്മൾ കാർഗിലിലെ തീവ്രവാദികൾക്കെതിരായി-പാകിസ്ഥാനിലെ തീവ്രവാദി കൾക്കെതിരായി വലിയ വിജയം കൈവരിച്ചിരിക്കുകയാണ്. പക്ഷെ അതിന് നമ്മൾ വലിയ വില കൊടുക്കേണ്ടി വന്നു. അത് കൊടുക്കേണ്ടി വന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. കഴിഞ്ഞ 6 മാസമായി നുഴഞ്ഞുകയറ്റക്കാർ കാർഗിലിൽ ഉണ്ടെന്നാണ് പലരും പറയുന്നത്. തീവ്രവാദികൾ പറയുന്നത് അവർ രണ്ട് വർഷമായി അവിടെ ഉണ്ടെന്നാണ്. എന്തുകൊണ്ട് ബി.ജെ.പി. ഗവൺമെന്റ് അതു മനസ്സിലാക്കിയില്ല? അവിടെ പതിനായിരക്കണക്കിന് കിലോമീറ്റർ പ്രദേശം അവരുടെ അധീനതയിലായിരുന്നു. ആ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് അറിഞ്ഞില്ലെന്നു പറഞ്ഞാൽ നമ്മളെല്ലാം വിഡ്ഢികളാണ്. യഥാർത്ഥത്തിൽ ബലഹീനമായ ഈ ഗവൺമെന്റ് അധികാരത്തിൽനിന്നും പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലായിരുന്നു. അങ്ങനെ അധികാരത്തിൽനിന്നും പോകുന്ന അവസരത്തിൽ ഒരു യുദ്ധമുണ്ടാക്കി ക്കൊണ്ട്, അത് വലിയ വിജയമാണെന്ന് കൊട്ടിഘോഷിച്ചുകൊണ്ട്, വീണ്ടും തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരാനുള്ള ഒരു ഹീനതന്ത്രമായിരുന്നു അതെന്ന് നമ്മളെല്ലാവരും സമ്മതിക്കണം. നമുക്കാർക്കും ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മൾ ഈ ഹീനതന്ത്രത്തിനെതിരായിട്ട്, ഈ ഗറി

LIBRARY ARCHIVES Kerala Legislative Assembly

ല്ലകൾക്ക് എതിരായിട്ട് പോരാടേണ്ടത് വളരെ അത്യാവശ്യമാണ്. ഇന്ന് നമ്മുടെ ഒരു പറ്റം ആളുകൾ തീവ്രവാദപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ സുപ്രധാന പത്രങ്ങളിലൊക്കെ എഡിറ്റോറിയൽ വരെ വന്നിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങൾമൂലം എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്; കേരളത്തിൽ വരേണ്ട വ്യവസായങ്ങൾ ഒന്നും വരുന്നില്ല. അത് വരാനുള്ള സാഹചര്യമില്ല. കേരളത്തിൽ മാത്രമല്ല ബംഗാളിലും ഇതേ ദുഃസ്ഥിതിയാണ്. 1950-ന് ശേഷം ബംഗാളിൽ വ്യവസായരംഗത്തുള്ള മൊത്തം ഇൻവെസ്റ്റ്മെന്റ് 3 ശതമാനമായിട്ട് കുറഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ കാര്യം പറയേണ്ടതില്ല. വെസ്റ്റ് ബംഗാളിനെക്കാൾ തീവ്രവാദികൾ കൂടുതൽ ഉള്ളത് കേരളത്തിലാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട് എന്നിവിടങ്ങളിലെല്ലാം ഇൻഡ്യയിലെ മൊത്തം മുതൽമുടക്കിന്റെ 20 ശതമാനം ആയിരിക്കുമ്പോഴാണ്, ഇവിടെ ഇത് സംഭവിച്ചത്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, വെറുതെ അസ്വസ്ഥരായിട്ട് കാര്യമില്ല. നമ്മൾ തെറ്റായ മാർഗ്ഗത്തിലൂടെ പോകുന്നതു കൊണ്ടാണ് ഇങ്ങനെയുള്ള ദുരിതങ്ങളിൽ എത്തിച്ചേരുന്നത്. ഇതിനൊരറുതി വരുത്താൻ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഒരു പോലെ ആലോചിച്ച് ഒരു പരിപാടി ആവിഷ്കരിക്കാൻ തയ്യാറില്ലെങ്കിൽ, നമുക്ക് നിലനിൽപ്പ് ഉണ്ടാകുകയില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് തൊഴിലില്ലായ്മ വളരെ രൂക്ഷമായിരിക്കുകയാണ്. ഞങ്ങൾ ഭരിക്കുമ്പോൾ നിങ്ങൾ പറയുമായിരുന്നു തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, നിങ്ങൾ വന്നു കഴിഞ്ഞാൽ തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാകുമെന്ന്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം ഇന്ന് ഏതാണ്ട് 40 ലക്ഷമായിട്ട് ഉയർന്നിരിക്കുകയാണ്. ഈ കാര്യത്തിന് പരിഹാരമുണ്ടാക്കേണ്ടതാവശ്യമായിട്ടുണ്ട്. പ്രാക്ടിക്കലായിട്ടുള്ള ഒരു സമീപനം വേണം. കാരണം ഇന്ന് നമ്മുടെ പ്രതിശീർഷ വരുമാനം 12,000 രൂപയാണ്. ഇത് ഇൻഡ്യൻ ആവറേജിനേക്കാൾ 14 ശതമാനം കുറവാണ്. ഗൾഫിൽ തന്നെ ആകെ 30 ലക്ഷം ഇൻഡ്യാക്കാർ ഉള്ളതിൽ 16 ലക്ഷവും കേരളത്തിൽ നിന്നാണ്. മറ്റ് രാജ്യങ്ങളിൽ ധാരാളം പേർ ജോലി ചെയ്ത് പണം ഇങ്ങോട്ട് അയയ്ക്കുന്നുണ്ട്. ആയിരം കോടി രൂപയ്ക്കുമേൽ എങ്കിലും പ്രതിവർഷം ഇങ്ങോട്ടു വരുന്നുണ്ട്. അത്രയും പണം വന്നിട്ടുപോലും നമുക്ക് ഈരംഗത്ത് ഇൻഡ്യയിലെ ആവറേജ് സംസ്ഥാനങ്ങൾക്കൊപ്പം എത്താൻ കഴിയുന്നില്ല. 2002 ആകുമ്പോൾ ആഗോളവൽക്കരണത്തിന്റെ രണ്ടാം ഘട്ടം പൂർത്തിയാകും. അത് പൂർത്തിയായിക്കഴിഞ്ഞാൽ റവന്യൂ വരുമാനം നികുതി കൊണ്ട് വർദ്ധിപ്പിക്കാമെന്ന് ആരും വിചാരിക്കണ്ട. കാരണം അങ്ങേയറ്റത്തെ നികുതിയെന്നു പറയുന്നത് 10 ശതമാനമാണ്. നിങ്ങൾ ഇവിടെ നികുതി വർദ്ധിപ്പിച്ചു, മറ്റ് സംസ്ഥാനങ്ങളിൽനിന്നും സാധനങ്ങൾ കടത്തിക്കൊണ്ടു വരാനുള്ള സാഹചര്യമുണ്ടാക്കി. എല്ലായിടത്തും ഒരേ നികുതിയാണ് വരാൻ പോകുന്നത്. അപ്പോൾ നികുതി വർദ്ധനവു കൊണ്ട് ഒരു സംസ്ഥാനത്തിനും വരുമാനം ഉണ്ടാകാൻ പോകുന്നില്ല. വ്യാവസായിക രംഗത്ത് വളർച്ച ഉണ്ടായില്ലെങ്കിൽ കേരളം പോലുള്ള സംസ്ഥാനങ്ങൾ അർദ്ധ പട്ടിണിയിലാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമുക്ക് താൽക്കാലികമായിട്ട് ഒരു ചെറിയ കാര്യം ചെയ്യാമെന്ന അഭിപ്രായമുണ്ട്. വ്യവസായങ്ങൾ ഇവിടെയില്ല. നമ്മുടെ ശരാശരി ആയുർദൈർഘ്യം ഇപ്പോൾ 70 വയസ്സ് ആണുങ്ങൾക്കും 75 വയസ്സ് പെണ്ണുങ്ങൾക്കുമാണ്. നമ്മുടെ റിട്ടയർമെന്റ് പ്രായം നിശ്ചയിച്ചത് ശരാശരി ആയുർദൈർഘ്യം 50-45 വയസ്സ് ആകുമ്പോൾ, എല്ലാവരും കിളവന്മാരായി വടിയും കുത്തി നടന്നിരുന്ന കാലത്താണ്. ഇന്ന് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ആയുർദൈർഘ്യം വർദ്ധിച്ചതുകൊണ്ട്, പെൻഷൻ പ്രായം കേന്ദ്ര നിരക്കിലാക്കുകയാണെങ്കിൽ നമുക്ക് 5 വർഷത്തേയ്ക്കെങ്കിലും പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കാൻ കഴിയും. അങ്ങനെ നമ്മുടെ സാമ്പത്തിക രംഗത്ത് കുറച്ചെങ്കിലും മേന്മ സർക്കാരിനുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങളുടെ നയം തിരുത്തി, പുതിയ നയത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കണം. നിങ്ങളുടെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ് വ്യവസായം തുടങ്ങാൻ ആരും വരാത്തത്. കേരളത്തിന്റെ സ്ഥിതി അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഒരു മാറ്റമുണ്ടാക്കാതെ നമുക്ക് ഇവിടെ യാതൊരു രക്ഷയുമില്ല. ഇന്ന് സാമ്പത്തിക രംഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ 82-83 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 33.62 ശതമാനവും കാർഷികരംഗത്തു നിന്നായിരുന്നു. അത് 1997-98-ൽ 29 ശതമാനമായി കുറഞ്ഞിരിക്കുന്നു. ഈ സ്ഥിതിയിൽ പോകുകയാണെങ്കിൽ ഏതാണ്ട് 2015 ആകുമ്പോൾ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റ 20 ശതമാനത്തിനു താഴെ മാത്രമേ കാർഷിക രംഗത്തുനിന്നും വരുമാനുണ്ടാകുകയുള്ളൂ. ഇന്ന് കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ എണ്ണം ഏതാണ്ട് 50 ശതമാനത്തിനു മേലെയുണ്ടെങ്കിൽ, ആഗോളവൽക്കരണം കാരണം അത് ഏതാണ്ട് 15 ശതമാനമായി കുറയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാർഷിക രംഗത്തുനിന്നും പിന്തള്ളപ്പെടുന്ന ആളുകൾക്ക് എങ്ങോട്ടാണ് പോകാൻ കഴിയുന്നത്?

കാർഷിക രംഗത്തെ രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ 50,000 ടൺ റബ്ബർ എങ്കിലും സംഭരിക്കും എന്നാണ് പറഞ്ഞത്. ഇന്ന് അതിനുവേണ്ടി ഒരു പൈസപോലും ബഡ്ജറ്റിൽ മാറ്റി വച്ചിട്ടില്ല. മാറ്റി വച്ചിട്ടുണ്ടോ? നാട്ടുകാരെ കളിപ്പിക്കുകയാണ്. റബ്ബർ കയറ്റി അയയ്ക്കാൻ പോകുകയാണ് എന്നൊക്കെ പറഞ്ഞ് വെറുതെ കളിപ്പിക്കുകയാണ്. എന്തിനാണ് ജനങ്ങളെ ഇങ്ങനെ കളിയാക്കുന്നത്? അതുപോലെ വിദ്യാഭ്യാസ മേഖലയിൽ, ഇന്ന് സ്വാശ്രയ കോളേജുകൾ കോ-ഓപ്പറേറ്റീവ് സെക്ടറിന് കൊടുക്കുകയാണെന്ന് പറയുന്നു. ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ ഇൻഡ്യയിൽ വച്ച് നമ്മുടെ സംസ്ഥാനം ഏതാണ്ട് 18-ാമത് ആണ് നിൽക്കുന്നത്. ഇത് കോ-ഓപ്പറേറ്റീവ് സെക്ടറിൽ കോളേജുകൾ വന്നു കഴിഞ്ഞാൽ നമുക്ക് ഏതെങ്കിലും തരത്തിൽ രക്ഷയുണ്ടാകുമോ? തീർച്ചയായിട്ടും ഈ നയം മാറ്റിയില്ലായെങ്കിൽ നമുക്ക് യാതൊരു ഗതിയും ഉണ്ടാകില്ല എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് നിങ്ങൾ ഉള്ള സ്വത്ത്, സോഷ്യലിസം പറഞ്ഞ് ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ നോക്കുകയാണ്. നിങ്ങൾ സ്വത്ത് ക്രിയേറ്റ് ചെയ്തിട്ട് ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ നോക്കണം. അതിന് യാതൊരു പരിപാടിയും ഇല്ല. ഏതായാലും ഈ സ്ഥിതിയിൽ മുന്നോട്ടു പോകാൻ സാധിക്കുകയില്ല. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു. അത്യന്തം ഗുരുതരമായ സാമ്പത്തികമാന്ദ്യത്തെ നമ്മുടെ നാട് അഭിമുഖീകരിക്കുന്ന പശ്ചാത്തലത്തിൽ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കുന്ന വ്യത്യസ്തമായ സമീപനം പ്രതിഫലിപ്പിക്കുന്ന ഒരു സാമ്പത്തിക മാനേജുമെന്റാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ആവിഷ്കരിച്ചിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇൻഡ്യ ഇന്ന് വളരെ ഗുരുതരമായ ഒരു സാമ്പത്തിക തകർച്ചയാണ് നേരിടുന്നത് എന്ന കാര്യത്തിൽ പ്രതി

LIBRARY ARCHIVES Kerala Legislative Assembly

പക്ഷത്തും ഭരണപക്ഷത്തും ഉള്ള പാർട്ടിയുടെ നേതാക്കൾ നമ്മുടെ നാട്ടിലെ സാമൂഹ്യ സ്ഥിതിഗതികൾ വളരെ ഗൗരവത്തോടുകൂടി വീക്ഷിക്കും എന്നാണ് ഞാൻ കരുതുന്നത്. കേരളം ഒറ്റപ്പെട്ട ഒരു സംസ്ഥാനമല്ല. ഇൻഡ്യയാകെ സാമ്പത്തിക തകർച്ചയിലേയ്ക്ക് പോകുമ്പോൾ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക്, പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക്, സാധാരണക്കാരായ ജനങ്ങൾക്ക് പരമാവധി ആശ്വാസം പകരാൻ എങ്ങനെ കഴിയും എന്നതാണ് ഒരു ജനകീയ ഗവണ്മെന്റ് ശ്രദ്ധിക്കേണ്ടത് ഇൻഡ്യയുടെ ഇന്നത്തെ ഒരു ഇരുളടഞ്ഞ ചിത്രത്തെക്കുറിച്ച് ഇക്കണോമിക് റിവ്യൂവിൽ വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. അതിൽ ഒന്നുരണ്ടു കാര്യങ്ങൾ മാത്രം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പേജ് 1-ൽ ഇൻഡ്യൻ സാമ്പത്തിക അവലോകനത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്, മൊത്തം ദേശീയ ഉൽപ്പാദനത്തിൽ 8-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് കൈവരിച്ച 6.8 ശതമാനം തുകയും 1996-97-ൽ നേടിയ 7.7 ശതമാനം വളർച്ചാനിരക്കിന്റെ സ്ഥാനത്ത് 1997-98-ൽ ഉണ്ടായ വളർച്ചാനിരക്ക് വെറും 5 ശതമാനം ആയിരുന്നു. കാർഷിക അനുബന്ധ മേഖലകളിലെ വളർച്ചാനിരക്ക് 1996-97 ൽ 9.4ശതമാനത്തെ അപേക്ഷിച്ച് ഒരു ശതമാനമായി കുത്തനെ താഴ്ന്നു. വ്യാവസായികോൽപ്പാദന മേഖലയിലെ വളർച്ചാ നിരക്ക് 1996-97-ൽ 7.7 ശതമാനമായിരുന്നത് 1997-98-ൽ 6.8 ശതമാനമായും വ്യാപാരം, ഗതാഗതം, വാർത്താവിനിമയം ഉൾപ്പെട്ട മേഖലയിലേത് 8.6 ശതമാനത്തിൽനിന്നും 5.7 ശതമാനമായും കുറഞ്ഞു. നരസിംഹറാവു ഗവണ്മെന്റ് നടപ്പിലാക്കിയ തെറ്റായ സാമ്പത്തിക നയത്തെ ശ്രീ. വയലാർ രവിയൊക്കെ വളരെ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ശ്രീ. നരസിംഹറാവു നടപ്പിലാക്കിയ സാമ്പത്തികനയം തെറ്റായിരുന്നുവെന്നും കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റിയിൽ ഈ നയത്തിനെതിരായിട്ട് താൻ അതിശക്തമായി സംസാരിച്ചിട്ടുണ്ടെന്നും, എന്നു മാത്രമല്ല താൻ രേഖാമൂലം ശ്രീ. നരസിംഹറാവുവിന് എഴുതിക്കൊടുത്തിരുന്നുവെന്നും അതിന്റെ വിദ്വേഷം ശ്രീ. നരസിംഹറാവു തന്നോട് പ്രകടിപ്പിച്ചുവെന്നും ശ്രീ. വയലാർ രവി ഏതാനും മാസങ്ങൾക്കുമുൻപ് കലാകൗമുദിക്ക് നൽകിയ ഇന്റർവ്യൂവിൽ വ്യക്തമാക്കിയിരുന്നു. ഈ നയങ്ങളുടെയെല്ലാം ഫലമായിട്ട്, ഇൻഡ്യയുടെ മൊത്തം ആഭ്യന്തര സേവിംഗ്സിനെക്കുറിച്ച് ഇക്കണോമിക് റിവ്യൂവിൽ പറയുന്ന ഒരു പ്രസക്തമായ ഭാഗം ഞാൻ വായിക്കാം. ' ഇൻഡ്യയുടെ മൊത്തം ആഭ്യന്തര സേവിംഗ്സ് 1997-98-ൽ, 1996-97 ലെ 24.4 ശതമാനത്തിൽനിന്നും 23 ശതമാനമായി കുറഞ്ഞു. കയറ്റുമതി തുടർച്ചയായി 3-ാം വർഷവും പിന്നോട്ടു പോകുന്ന പ്രവണത തുടരുന്നു. ഇവിടെ ഒരു കാര്യം വളരെ പ്രസക്തമാണ്. ഈ പുത്തൻ സാമ്പത്തിക നയത്തെ ഇപ്പോൾ കോൺഗ്രസ്സുകാർ തിരുത്തിപ്പറയുന്നു. ശ്രീ. എ.കെ. ആന്റണി പോലും ആ അവസ്ഥയിലേയ്ക്കു വന്നു. അതിനെപ്പറ്റി ഞാൻ പിന്നീട് പറയാം. എന്നാൽ കോൺഗ്രസ്സ് ഗവണ്മെന്റ് വളരെ വാശിയോടുകൂടി നടപ്പിലാക്കിയ പുത്തൻ സാമ്പത്തികനയത്തെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞത് ആ പുത്തൻ സാമ്പത്തികനയം നടപ്പിലായാൽ കയറ്റുമതി വർദ്ധിക്കും, ഇറക്കുമതി കുറയും എന്ന് അതിശക്തമായ വാദമുഖങ്ങൾ ഈ സഭയിൽതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷത്തിലെ പല നേതാക്കളും നിരത്തിയിട്ടുണ്ട്. ഇപ്പോഴുള്ള സ്ഥിതി എന്താണ്? കയറ്റുമതി തുടർച്ചയായി 3-ാം വർഷവും പിന്നോട്ടു പോകുന്നു. ഇക്കണോമിക് റിവ്യൂവിൽ പറയുകയാണ്, വ്യാപാര കമ്മി 1997-98 ൽ 1.5 മില്യൺ യു.എസ്. ഡോളറും 1998 ഏപ്രിൽ, സെപ്റ്റംബർ കാലയളവിൽ 1.1 ബില്യൻ ഡോളറുമാണ്. രാജ്യത്തിന്റെ വിദേശ കടബാധ്യത 1998 മാർച്ച് അവസാനം 93.91 ബി

LIBRARY ARCHIVES Kerala Legislative Assembly

ല്യൻ ഡോളർ ആയിരുന്നത് 1991 സെപ്റ്റംബർ അവസാനത്തോടെ 95.19 ബില്യൻ ഡോളറായി ഉയർന്നു. 1997-98 സാമ്പത്തികവർഷത്തെ ശരാശരി വാർഷിക നാണയപ്പെരുപ്പം 5 ശതമാനം ആയിരുന്നത് 1998 സെപ്റ്റംബറിൽ 8.8 ശതമാനമായി കുത്തനെ ഉയർന്നു. പുത്തൻസാമ്പത്തിക നയം നടപ്പിലാക്കിയപ്പോൾ എന്തെല്ലാമായിരുന്നു കോൺഗ്രസ്സ് ഭരണാധികാരികൾ അവകാശപ്പെട്ടിരുന്നത്. ആ കാര്യങ്ങളെല്ലാം ഈ അഞ്ച് പത്ത് വർഷത്തെ അനുഭവത്തിനിടയിൽ തകർക്കപ്പെട്ടിരിക്കുകയാണ്. ഇതിനെക്കുറിച്ചാണ് കോൺഗ്രസ്സ് നേതൃത്വം ആത്മപരിശോധന നടത്തേണ്ടത്. ഇവിടെ ബഹുമാനപ്പെട്ട ജോർജ് ജെ. മാത്യു പ്രസംഗിച്ചപ്പോൾ പറഞ്ഞു, നവീകരിക്കുക, അല്ലെങ്കിൽ നശിപ്പിക്കുക എന്ന സമീപനം സ്വീകരിക്കണമെന്ന്. ഉദാരവൽക്കരണത്തിലെ പ്രധാനപ്പെട്ട നയം ആയിരുന്നു അത്. പക്ഷെ നവീകരിക്കുക അല്ലെങ്കിൽ നശിപ്പിക്കുക എന്ന നയം സ്വീകരിക്കണം എന്നതിന്റെ ഭാഗമായിട്ട് നവീകരണത്തിന്റെ നയം സ്വീകരിച്ച രാജ്യങ്ങൾപോലും തകർന്നിരിക്കുകയാണ്. ആ രാജ്യങ്ങൾ പോലും ഇന്ന് പുനർചിന്തനം നടത്തുന്നു. ഇവിടെ ബഹുമാനപ്പെട്ട ജോർജ് ജെ. മാത്യു പറഞ്ഞത് എല്ലാ പെൻഷൻ ആനുകൂല്യങ്ങളും നിർത്തണമെന്നാണ്. കോൺഗ്രസ്സിന്റെ അഭിപ്രായം അതല്ല എന്നാണ് എനിക്കു തോന്നുന്നത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഒരിക്കലും അത്തരം ഒരു അഭിപ്രായം പറയുകയില്ല. കാരണം പെൻഷൻ തുടങ്ങിയ ദുർബല ജനവിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ നിർത്തലാക്കണമെന്ന് ശ്രീ. ജോർജ് ജെ. മാത്യു ഇവിടെ പറഞ്ഞ അഭിപ്രായം അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായം ആയിരിക്കാനേ സാധ്യതയുള്ളൂ എന്നാണ് ഞാൻ കരുതുന്നത്. ഇത്തരം ഒരു പശ്ചാത്തലത്തിലാണ് നമ്മുടെ നാട്ടിലെ ദുർബല ജനവിഭാഗങ്ങളെ പരമാവധി സഹായിക്കുന്ന സാമ്പത്തിക നയം എൽ.ഡി. എഫ് സർക്കാർ 3 വർഷമായി പിന്തുടരുന്നത്. ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ പറയുകയാണ്. പേജ് 4-ൽ, ഈ സാമ്പത്തിക പ്രശ്നം ഇത്രയേറെ രൂക്ഷമാകാനുള്ള ഒരു പ്രധാനപ്പെട്ട കാരണം പറയുന്നത്, ശമ്പളകമ്മിഷൻ ശുപാർശ നടപ്പിലാക്കുന്നതിനെത്തുടർന്ന് നിലവിലുള്ള റവന്യൂ കമ്മി വർദ്ധിച്ചത് സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തികസ്ഥിതി ദുഷ്കരമാക്കിത്തീർത്തു. ജീവനക്കാർക്ക് ആനുകൂല്യം നൽകുന്ന കാര്യത്തിൽ നല്ലൊരു സമീപനം സ്വീകരിച്ചത് സാമ്പത്തികസ്ഥിതി ദുഷ്കരമാക്കാൻ അത് സഹായിച്ചിട്ടുണ്ട്. വളരെയേറെ ദുഷ്കരമായ ഒരു സാമ്പത്തികസ്ഥിതിയിലും അത് മെച്ചപ്പെടുത്താൻ ആവശ്യമായ, അതിന്റെ പ്രയാസങ്ങൾ തരണം ചെയ്യാൻ കഴിയുന്ന സമീപനങ്ങളാണ് സ്വീകരിക്കേണ്ടത്. ഇക്കണോമിക് റിവ്യൂവിൽ തന്നെ പേജ്-3 ൽ പറയുന്നുണ്ട്. ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായിട്ടും സംസ്ഥാന ആഭ്യന്തര ഉൽപ്പാദന വളർച്ചാ നിരക്ക് വർദ്ധിച്ചുവെന്ന്. 1997-98 ൽ 6.6 ശതമാനം ആയിരുന്നത് എല്ലാ മേഖലകളിലും വളർച്ച ഉണ്ടായി. രാഷ്ട്രീയരംഗം മെച്ചപ്പെട്ട പ്രകടനം കാഴ്ചവെച്ചു. ഞാൻ വായിക്കുന്നത് ഇക്കണോമിക് റിവ്യൂവിലെ വാചകങ്ങളാണ്. ഉൽപാദന മേഖലയിലും ഭേദപ്പെട്ട വളർച്ചയുണ്ടായിട്ടുണ്ട്. സേവന മേഖല കഴിഞ്ഞ കാലങ്ങളിൽ കൈവരിച്ച നഷ്ടം നിലനിർത്തി. സംസ്ഥാനത്തെ പ്രതിശീർഷ വരുമാനം ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇക്കണോമിക് റിവ്യൂവിലെ പേജ് 5-ൽ പ്രതിശീർഷ വരുമാനത്തിന്റെ വ്യക്തമായ കണക്കുണ്ട്. 1996-97 ൽ കേരളത്തിന്റെ പ്രതിശീർഷ വരുമാനം നിലവിലുള്ള വിലനിലവാരം അനുസരിച്ച് 9004 രൂപ ആയിരുന്നത് 1996-97 ൽ 10,309 രൂപ ആയും 1997-98 ൽ 11,936 രൂപ ആയും വർദ്ധിച്ചിട്ടുണ്ട്. സ്ഥിര വിലനിലവാരം അനുസരിച്ചുള്ള പ്രതിശീർഷ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം കണക്കു കൂട്ടിയാൽ 1995-96 ൽ 2200 ഉം 1996-97 ൽ 2325 ഉം 1997 -98ൽ 2444 ഉം ആയി ഉയർന്നിട്ടുണ്ട്. അതുപോലെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും ആ പരിമിതിക്കു ള്ളിൽ നിന്നുകൊണ്ട് അരിയുടെയും, മഞ്ഞളിന്റെയും, കുരുമുളകിന്റെയും ഉൽപ്പാദനം മാത്രമാണ് കുറഞ്ഞിട്ടുള്ളത്. ബാക്കിയുള്ള എല്ലാ കാർഷിക ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം കേരളത്തിൽ വർദ്ധിച്ചു. നാളികേരം 5,276 ദശലക്ഷമായിരുന്നത് 5,911 ദശലക്ഷമായി വർദ്ധിച്ചു. അടയ്ക്ക 15,464 ദശലക്ഷ മായിരുന്നത് 17,175 ദശലക്ഷമായി വർദ്ധിച്ചു. റബ്ബർ, തേയില,കാപ്പി, അങ്ങനെ എല്ലാറ്റിന്റെയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ മുന്നു വർഷക്കാലത്തിനിടയിൽ വില ക്കയറ്റം പിടിച്ചു നിറുത്താനുള്ള നടപടി ക്രമങ്ങളുടെ ഫലമായി പൊതുവിത രണ ശൃഖംല മെച്ചപ്പെട്ടിട്ടുണ്ട്. ഇക്കണോമിക് റിവ്യൂവിൽ ഈ സർക്കാർ നൽകിയ സേവനങ്ങളെ പ്രകീർത്തിക്കുന്നുണ്ട്. ഞാനത് വായിക്കാം. പൊതു വിത രണ സമ്പ്രദായത്തിനു അനുപൂരകമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ അവ ശ്യവസ്തുക്കളുടെ വിതരണവും സംഭരണവും നടത്തിക്കൊണ്ട് വിപണിയിൽ ഇടപെടുന്നത് കാരണം പൊതുവിപണിയിലെ വില നിയന്ത്രിക്കാൻ കഴിഞ്ഞി ട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 1996-97 ലെ വിറ്റുവരവ് 30 കോടി രൂപ ആയിരുന്നത് 1997-98 ൽ 47.251 കോടിരൂപയായി ഉയർന്നു. കോർപ്പറേ ഷന്റെ സ്വാഗതാർഹമായ ഒരു പ്രത്യേകത അതിന്റെ പ്രവർത്തന നഷ്ടം 1996 -97 ൽ ഈ സർക്കാർ വന്ന കാലത്ത് 41.02 കോടിരൂപയായിരുന്നത് 1997-98 ആയപ്പോൾ 17.8 കോടി രൂപയായി കുറഞ്ഞുവെന്നത് മറ്റൊരു പ്രത്യേകതയാ ണ്. ഞാൻ സൂചിപ്പിക്കുന്നത് പ്രയാസകരമായ ചുറ്റുപാടിലും മെച്ചപ്പെട്ട ധന കാര്യമാനേജ്മെന്റ് നിലനിറുത്താൻ കേരളസർക്കാരിനു കഴിഞ്ഞിട്ടുണ്ട്. ഈ ചിന്താഗതിയിൽ മാറ്റം വരണമെന്ന അഭിപ്രായം ശരിയാണ്. കാരണം ഉദാര വൽക്കരണത്തെ ചെറുക്കുന്നതിനുവേണ്ടി മുൻപ് സാമ്രാജ്യത്വത്തെ എതിർത്ത തുപോലെ സമാന ചിന്താഗതിക്കാരായ ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകത്തിൽ വിശ്വസിക്കുന്ന മുഴുവൻ ആളുകളും അണിനിരക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ.എ.കെ.ആന്റണി ഒരാഴ്ച മുമ്പ് കലാ കൗമുദിക്കു നൽകിയ 'ആന്റണി മനസ്സു തുറക്കുന്നു' എന്ന ഇന്റർവ്യൂവിൽ ഒരുകാര്യം ചൂണ്ടിക്കാണിച്ചത് ശരി യാണ്. അദ്ദേഹം പറഞ്ഞത് ഞാൻ വായിക്കാം. പക്ഷെ ശാസ്ത്ര സാങ്കേതിക ത്വവും സാമ്പത്തികവുമെല്ലാം ചർച്ചചെയ്യപ്പെടുമ്പോൾ തന്നെ സാമൂഹ്യ അവസ്ഥ അഥവാ സമൂഹത്തിലെ സമത്വത്തെക്കുറിച്ചുള്ള ചിന്ത അപ്രധാനമാ യിട്ടാണ് എല്ലാവരും കണക്കിലെടുക്കുന്നത്. ഇപ്പോൾ നടക്കുന്ന വികസന പ്രവർത്തനത്തിന്റെ ഫലമായി മൊത്തത്തിൽ ഭൗതികജീവിതത്തിൽ വികസനം നടക്കുമെങ്കിലും സമൂഹത്തിൽ അതിന്റെ തുല്യത ഉണ്ടാകുന്നില്ല. ഇതാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഇതാണ് അടുത്ത നൂറ്റാണ്ടിന്റെ തുടക്കത്തിലെ വെല്ലുവിളി, സാമൂഹ്യമായ അസമത്വം കുറയ്ക്കാൻ പല സംഘർഷങ്ങളുമുണ്ടാ കും. ചെറുപ്പക്കാരും മറ്റും ക്ഷോഭിക്കും, കുഴപ്പങ്ങളുണ്ടാകും അതുകൊണ്ട് ഭൗതിക വളർച്ചയ്ക്കൊപ്പംതന്നെ ഈ പറഞ്ഞ ഗ്യാപ്പ് കുറയ്ക്കാനുള്ള നടപടി കളും വേണം. വികസനത്തിന്റെ സന്തുലിതത്വം കൈവരുത്തുക എന്നതാണ് 21-ം നൂറ്റാണ്ടിലെ മുഖ്യകർത്തവ്യമായി ഞാൻ കരുതുന്നത്. അദ്ദേഹം അത് ശരിയായി വിശദീകരിച്ചിട്ടുണ്ടെങ്കിലും കോൺഗ്രസ് പിൻതുടർന്ന പാത തീർത്തും എതിരായ ഒന്നാണ്. ഇടതുപക്ഷ സർക്കാരിന്റെ നയം കോൺഗ്രസി ന്റെതിൽനിന്നും ബി.ജെ.പിയുടെതിൽ നിന്നും വ്യത്യസ്തമാണ്. കേരളത്തിൽ അരനൂറ്റാണ്ടു കാലമായി പിൻ തുടർന്ന നയമാണ്. 1957 ൽ മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനം ഏറ്റെടുത്തുകൊണ്ട് സഖാവ് ഇ.എം.എസ്. നടത്തിയ പ്രസംഗമുണ്ട്. അതിലെ പ്രസക്തമായ ഒരു വാചക മുണ്ട്. ഇൻഡ്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലെയും കോൺഗ്രസും, കേരളത്തിൽ മാത്രം കമ്മ്യൂണിസ്റ്റുകാരും അധികാരത്തിൽ വന്ന പശ്ചാത്തലത്തിൽ ആണ് അദ്ദേഹം ആ പ്രസംഗം നടത്തിയത്. ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരുന്നത് കമ്മ്യൂണിസ്റ്റുകാരുടെ നയപരിപാടികൾ നടപ്പിലാക്കുവാനല്ല. നിലവിലുള്ള ഭരണഘടനയ്ക്ക് വിധേയമായി കോൺഗ്രസ് സർക്കാരുകൾക്ക് നടപ്പിലാക്കാൻ കഴിയുന്നതും, എന്നാൽ അവർ ബോധപൂർവം നടപ്പിലാക്കാതിരിക്കുന്നതുമായ കാര്യങ്ങൾ നടപ്പിലാക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. അതിലൊന്നാണ് ഭൂപരിഷ്കരണം. നമുക്കറിയാം അത് കോൺഗ്രസിന്റെ മുദ്രാവാക്യമായിരുന്നു. കോൺഗ്രസാണ് 'കൃഷിഭൂമി കൃഷിക്കാർക്ക്' എന്ന മുദ്രാവാക്യം മുന്നോട്ടുവച്ചത്. അങ്ങനെയാണ് നമ്മുടെ അസംഖ്യം ദേശാഭിമാനികളും കോൺഗ്രസിന്റെ പ്രവർത്തനത്തിൽ അണിനിരന്നത്. 1947 ൽ ഇന്ത്യ സ്വാതന്ത്ര്യം നേടി. 1957 ആകുമ്പോൾ 10 വർഷം കഴിഞ്ഞു. അതിനിടയ്ക്ക് സമഗ്രമായ ഭൂപരിഷ്കരണ നിയമം ഒരു സംസ്ഥാനത്തിലും നടപ്പിലാക്കാൻ കോൺഗ്രസിനു കഴിഞ്ഞിട്ടില്ല.

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ജൻമം കൊണ്ടിട്ട് പത്തെഴുപത് വർഷമായില്ലേ. ഈ പ്രത്യയശാസ്ത്രം ഇൻഡ്യയിലുള്ള പത്തിരുപത്തഞ്ച് സംസ്ഥാനങ്ങളിലും വേരുപിടിക്കാത്ത കാരണമെന്താണ്?

<u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : അത് ഒരു സിംമ്പോസിയത്തിൽ ചർച്ച ചെയ്യേണ്ട കാര്യമാണ്. ഞാൻ പറഞ്ഞത് കേരളത്തിലെ ഏറ്റവും വലിയ പാർട്ടി കോൺഗ്രസായിരുന്നു. ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പിൽപ്പോലും മത്സരിച്ചാൽ കെട്ടിവച്ച പണം കിട്ടാത്ത പാർട്ടിയായിരുന്നു കമ്മ്യൂണിസ്റ്റു പാർട്ടി മഹാനായ ഇ.എം.എസ്. പോലും ചെറുപ്പകാലത്ത് കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി മത്സരിച്ചപ്പോൾ ആദ്യ തെരഞ്ഞെടുപ്പിൽ കെട്ടിവച്ച പണം കിട്ടിയില്ല. കേരളത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടി ചെറിയ പാർട്ടി ആയിരുന്നു. ബംഗാളിലും അങ്ങനെതന്നെയായിരുന്നു. പിന്നീടാണ് വളർന്നുവന്നത്. ഇപ്പോൾ ചോദിച്ച ചോദ്യം ഒരു സിമ്പോസിയത്തിൽ ചർച്ച ചെയ്യേണ്ടതാണ്. മഹാനായ ഇ.എം.എസ്. കെ.പി.സി.സി. സെക്രട്ടറിയായിരിക്കെ അദ്ദേഹം മദ്രാസ് അസംബ്ലിയിൽ എം.എൽ.എ. ആയിരുന്നു. അന്ന് മദ്രാസ് അസംബ്ലിയിലെ മന്ത്രി കുട്ടികൃഷ്ണമേനോൻ അദ്ധ്യക്ഷനായ കേരളത്തിലെ കുടിയായ്മയെക്കുറിച്ച് പഠിക്കുന്നതിനുള്ള കമ്മിറ്റിയിൽ അദ്ദേഹം എഴുതിയ ഭിന്നാഭിപ്രായക്കുറിപ്പ് വളരെ പ്രധാനമാണ്. അന്ന് മറ്റെല്ലാ കമ്മിറ്റി അംഗങ്ങളും ജന്മിത്വം തുടരണമെന്ന് വാദിച്ചപ്പോൾ കോൺഗ്രസിന്റെ നേതാവായിരുന്ന, എം.എൽ.എ. യായിരുന്ന ചെറുപ്പക്കാരന്റെ ഭിന്നാഭിപ്രായക്കുറിപ്പ് ചരിത്രത്തിന്റെ ഭാഗമാണ്. അതിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം. കുടിയായ്മ ഭേദഗതി നിയമത്തിനുള്ള ഭിന്നാഭിപ്രായക്കുറിപ്പാണ്. ജന്മിത്വം അവസാനിപ്പിച്ചാൽ നാട്ടിൻപുറത്ത് ഒരു പുതിയ ഉണർവ്വ് അലതല്ലും. കൃഷിക്കാരന് ഭൂമി സ്വന്തമായി ലഭിക്കുന്നതിന്റെ ഭാഗമായി തനിക്കും തന്റെ കുടുംബത്തിനും കന്നുകാലികൾക്കും കൂടുതൽ ഭക്ഷണം ലഭിക്കുന്നതോടെ അവൻ ബലിഷ്ഠനും സ്വതന്ത്രനുമായ ഒരു കർഷകനായിത്തീരും. കുട്ടികൾ ആരോഗ്യവാന്മാരായി വളരും. അവർ സ്കൂളുകളിലേക്ക് തള്ളിക്കയറും. പക്ഷെ ആ നിർദ്ദേശം നടപ്പിലാക്കാൻ അന്ന് കോൺഗ്രസിന്റെ നേതാവായ എം.എൽ.എ. പത്തെഴുപത് പേജുകളുള്ള ഒരു ഭിന്നാഭിപ്രായക്കുറിപ്പ് എഴുതി. അതിന്റെ കോപ്പി എല്ലാ ലൈബ്രറികളിലും കിട്ടും. ഞാൻ പറഞ്ഞുവരുന്നത് 1957

LIBRARY ARCHIVES Kerala Legislative Assembly

മുതൽതന്നെ വ്യത്യസ്തമായ ഒരു സമീപനം ഈ ഗവൺമെന്റ് പിൻതുടർന്നിട്ടുണ്ട്. ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ വ്യത്യസ്തമായ ഒരു ബദൽനയം പിൻതുടർന്നു. ആ ബദൽനയം കോൺഗ്രസിന്റേയും ബി.ജെ.പി. യുടെയും മറ്റ് ജനവിരുദ്ധ പാർട്ടികളുടെയും നയങ്ങൾക്കെതിരായ ആ ബദൽനയമാണ് ഇൻഡ്യയിൽ വളർന്നുവരേണ്ടത്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് 21-ാം നൂറ്റാണ്ടിലേക്ക് ഇൻഡ്യ പ്രവേശിക്കുമ്പോൾ കോൺഗ്രസിന്റേയും ബി.ജെ.പി.യുടെയും തെറ്റായ നയങ്ങൾക്കെതിരായ ഈ പുതിയനയം വളരണം. അത് ഞങ്ങൾ സ്വപ്നം കാണുകയാണ്. മഹാന്മാരായ എല്ലാ നേതാക്കന്മാരും മഹത്തായ ജനങ്ങളും സ്വപ്നം കാണുന്നവരായിരുന്നു. ആ സ്വപ്നം സ്വായത്തമാക്കാനുള്ള പ്രവർത്തനമാണ് നടക്കുന്നത്. തെരഞ്ഞെടുപ്പിനെപ്പറ്റി ഒരുവാക്കുകൂടി പറയട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ ആ ഇന്റർവ്യൂവിൽ പറഞ്ഞിട്ടുണ്ട്. 'കോൺഗ്രസ് ഒറ്റയ്ക്ക് ഭൂരിപക്ഷത്തോടെ വരുമെന്ന് പ്രതിപക്ഷ നേതാവ് കരുതുന്നില്ലായെന്ന്. അദ്ദേഹം പറഞ്ഞു കോൺഗ്രസിന്റെ ആഗ്രഹം ഒറ്റയ്ക്കു ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടണമെന്നുള്ളതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.പി. ബാലൻ വൈദ്യർ)

തുറന്നു പറയാം അത് കിട്ടുമെന്ന് എനിക്കിപ്പോൾ തോന്നുന്നില്ല. ബഹുമാനപ്പെട്ട എ.കെ. ആന്റണിയാണ് ഇത് പറയുന്നത്. 'വെറുതെ ദിവാസ്വപ്നം കാണുന്ന ആളല്ല ഞാൻ'. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദിവാസ്വപ്നം കാണുന്ന ആളല്ലായെങ്കിലും ഞങ്ങൾ മഹത്തായ സ്വപ്നങ്ങൾ കാണുന്നവരാണ്. ഈ നയത്തെ ആസ്പദമാക്കിയുള്ള സ്വപ്നങ്ങളാണ്.

ശ്രീ. കെ.സി. വേണുഗോപാൽ : ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ടാണല്ലോ അങ്ങ് സംസാരിക്കുന്നത്. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അങ്ങ് ഇപ്പോൾ സംസാരിക്കുന്നത് ഇ.എം.എസ്.-ന്റെ ലേഖനം വച്ചുകൊണ്ടാണല്ലോ. അതുവച്ചുകൊണ്ട് പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കുവേണ്ടി നിന്ന ഒരു കാലഘട്ടത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. അങ്ങയുടെ ഇപ്പോഴത്തെ ഗവൺമെന്റ് കർഷകത്തൊഴിലാളികളെ മറന്ന് മന്ത്രിമാർക്ക് സഞ്ചരിക്കുവാൻ വേണ്ടി 1,40,00,000 രൂപയോളം ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ അതിനെക്കുറിച്ച് അഭിപ്രായം പറയേണ്ടതല്ലേ?

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : ഇത് കേവലം നിസാരമായ കാര്യമാണ്. കർഷകത്തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ഏർപ്പെടുത്താനും അസംഘടിതമായ ചുമട്ടുതൊഴിലാളികൾക്കുൾപ്പെടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കാനും മുന്നോട്ടുവന്ന സർക്കാരായതുകൊണ്ട് ഈ നയങ്ങളിലെല്ലാം വ്യത്യാസമാണ്. പ്രധാനപ്പെട്ട ഒരു കാര്യം നയം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഇടതുപക്ഷ പ്രസ്ഥാനം മുന്നോട്ടുപോകുന്നത്. അതിന് ഊർജ്ജം പകരുന്ന നയങ്ങളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗബിൽ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി : സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ എതിർക്കുന്നു. നിങ്ങൾ ചോദിക്കുന്ന തുക ഞങ്ങൾ പാസ്സാക്കിത്തരുന്നു. പക്ഷെ ഗവൺമെന്റിന് ഒരു അക്കൗണ്ടബിലിറ്റിയുണ്ട്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി എന്നു പറയുന്നത് നിങ്ങൾ കൈകാര്യം ചെയ്യുന്ന ഓരോ പൈസയ്ക്കും ജനങ്ങളോട് ഉത്തരം പറയണം. ധനവിനിയോഗബില്ലിനെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ഗവൺമെന്റ് പണം ചെലവ

LIBRARY ARCHIVES Kerala Legislative Assembly

ഴിക്കുന്ന രീതി ധനസ്ഥിതിയെ സംബന്ധിച്ച് അത് വളരെ മോശമാക്കിയിരിക്കുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. ജോർജ് ജെ. മാത്യു സംസാരിച്ചപ്പോൾ സംസ്ഥാനത്തിന്റെ കടത്തെപ്പറ്റി പറയുകയുണ്ടായി. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റ് ചെലവുചെയ്ത രീതി നോക്കുമ്പോൾ per capita expenditure on non development services ഞാൻ ഓർക്കുന്നു ഞങ്ങളുടെ ഗവൺമെന്റ് പോയപ്പോൾ per capita expenditure on non development services വികസനേതര കാര്യങ്ങൾക്കുവേണ്ടിയുണ്ടായിരുന്നത് 651 കോടി രൂപ ആയിരുന്നുവെങ്കിൽ ഇന്ന് അത് 1.129 കോടി രൂപയിലേക്ക് കടന്നിരിക്കുന്നു. പ്രതിശീർഷ വികസനേതര ചെലവുകൾ ഈ ഗവൺമെന്റിന്റെ കീഴിൽ ഇരട്ടിയായെന്നു പറയുമ്പോൾ ഗവൺമെന്റിന്റെ ചെലവ് ഏതുരീതിയിൽ ആണ് എന്നത് നമുക്ക് കാണാൻ കഴിയും. ധനകാര്യ വകുപ്പിന്റെ 18.4.1998-ലെ ഇക്കോണമി ഓർഡറിൽ ആദ്യമേതന്നെ പറയുന്നത്

1. No new vehicles will be purchased for the current financial year unless recommended by the Committee of Secretaries.

2. New posts will be created only under plan Schemes for the current financial year.

ധനകാര്യവകുപ്പു ഇറക്കിയ ഈ ഇക്കോണമി ഓർഡർ നിങ്ങൾ തന്നെ ലംഘിച്ചിരിക്കുകയല്ലേ; ഞാൻ വളരെ വിനയപൂർവ്വം ചോദിക്കുകയാണ്. ആ ഇക്കോണമി എൻഫോഴ്സ് ചെയ്യുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നുവെങ്കിൽ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള കാർഷിക വായ്പയെപ്പറ്റി പറഞ്ഞത് നിസാരമായി തള്ളിക്കളയരുത്. അങ്ങനെ പറയുവാൻ കാരണം, ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യം 23 കാറുകൾ ടൂറിസം ഡിപ്പാർട്ടുമെന്റ് വാങ്ങി. അതിൽ 14 കാറുകൾ 14 മന്ത്രിമാർക്ക് കൊടുത്തു. ഇപ്പോൾ വീണ്ടും മന്ത്രിമാർക്ക് വിലകൂടിയ കാറുകൾ കൊടുക്കുവാൻ പോകുന്നു. അതിനു ഞാൻ എതിരുപറയുന്നില്ല. ധനകാര്യവകുപ്പുമന്ത്രിയുടെ ആർഗ്യുമെന്റ്, അദ്ദേഹം പറഞ്ഞു ലക്ഷ്വറി എന്നുപറയുന്നത് റിലേറ്റീവാണ്. ഈ ലക്ഷ്വറി വേറൊരാൾക്ക് നെസസിറ്റിയാകാം. ഞങ്ങൾക്ക് ലക്ഷ്വറി എന്നുതോന്നുന്നത് ഭരണകക്ഷിയിലെ മന്ത്രിമാർക്ക് നെസസിറ്റിയായിരിക്കാം. സാരമില്ല. നിങ്ങൾ ഒരു കാലത്ത് ആക്ഷേപിച്ചിരുന്ന ബൂർഷ്വാ മെന്റാലിറ്റിയിലേയ്ക്ക് നിങ്ങൾ വഴുതി വീണിട്ടുണ്ടെങ്കിൽ, ആ ബൂർഷ്വാ സംസ്കാരത്തിലേയ്ക്ക് വഴുതി വീണെങ്കിൽ എനിക്ക് അതിൽ ആക്ഷേപമില്ല. പക്ഷെ ഒരു കാര്യം, ഞങ്ങളെ ആക്ഷേപിക്കരുത്. ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ പറഞ്ഞത് വർക്ക് ഷോപ്പ് ലാഭം കിട്ടുമെന്നാണ്. നിങ്ങൾ ആദ്യമേ ബൂർഷ്വാ ആണ്. സിലോ, ഫോഡ്, ഓപ്പൽ തുടങ്ങിയ വിലകൂടിയ കാറുകളെ സംബന്ധിച്ച് അതിന്റെ സ്പെയർപാർട്ട്സ് കിട്ടുവാൻ വിഷമിക്കും. ഇതിന്റെ സ്പെയർപാർട്ട്സിനു എന്തു വിലവരും; സ്പെയർപാർട്ട്സിനുവേണ്ടി വമ്പിച്ച ഒരു തുക ചെലവഴിക്കേണ്ടിവരും. അംബാസിഡർ, ഡീസൽ കാറുകൾക്ക് എത്ര ചെലവു വരും. ഓരോ വർഷവും ഫാഷൻ മാറുകയാണ്. വിലകൂടിയ കാറായാലും ഒരു വർഷം കഴിയുമ്പോൾ അതിന്റെ ഫാഷൻ മാറും. അതിനു റീസെയിൽ വാല്യൂ കിട്ടില്ല. അംബാസിഡർ കാറുകൾക്ക് റീസെയിൽ വാല്യൂ കിട്ടാത്തതുകൊണ്ട് ഡിസ്പോസ് ചെയ്യുന്നു എന്നു പറഞ്ഞ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നത്, നിങ്ങൾ വാങ്ങിയ 35 ലക്ഷം രൂപയുടെ കാറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഞ്ചരിക്കട്ടെ, 14 ലക്ഷം രൂപ വിലവരുന്ന മറ്റു കാറുകളെ സംബന്ധിച്ചിടത്തോളം റീസെയിൽ വാല്യൂ ഇല്ലെങ്കിൽ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞ ആർഗ്യുമെന്റ് തെറ്റാണ്. നിങ്ങൾ സമ്മ

LIBRARY ARCHIVES Kerala Legislative Assembly

തിച്ചോ ഞങ്ങൾക്ക് അതിൽ വിരോധമില്ല. നല്ല കാര്യങ്ങൾ തന്നെ വരണം. നല്ലതുപോലെ ജോലി ചെയ്താൽ മതി. കംഫർട്ടബിളായിട്ട് നടക്കണം. അല്ലാതെ വർക്ക് ഷോപ്പ് ലാഭം കിട്ടാൻ വേണ്ടിയാണ്, മെയിന്റനൻസ് ലാഭം കിട്ടാൻ വേണ്ടിയാണ് ഞങ്ങൾ പുതിയ കാറുകൾ വാങ്ങിയത്. എക്സ്ചെക്കറിനു ലാഭം കിട്ടും എന്നുള്ള ആർഗ്യുമെന്റ് ഞങ്ങളുടെ മുഖത്തുനോക്കി പറയരുത് എന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. കാറുകൾ വാങ്ങിയ കാര്യം മാത്രമല്ല വീടുകളെ സംബന്ധിച്ച പ്രശ്നവും 22.3.1999-ലെ 28-ാം നമ്പർ അൺസ്റ്റാർഡ് ചോദ്യത്തിനു ഉത്തരമായിട്ട് പറഞ്ഞിട്ടുണ്ട്.

ക്ലിഫ് ഹൗസ്	-	6,74,000
അശോക ബംഗ്ലാവ്	-	3,43,000
റോസ് ഹൗസ്	-	4,18,000
പ്രശാന്ത്	-	2,23,000
ഉഷസ്സ്	-	2,00,000
അജന്ത ബംഗ്ലാവ്	-	3,44,000
പൗർണ്ണമി	-	3,28,000
തൈക്കാട് ഹൗസ്	-	47,000
കവടിയാർ ഹൗസ്	-	3,22,000
സാനഡു	-	2,43,000
നെസ്റ്റ്	-	2,93,000
ലിൻഡസ്റ്റ്	-	6,79,000
എസൻഡേൽ	-	2,20,000
മൻമോഹൻ ബംഗ്ലാവ്	-	6,16,000
തൈക്കാട് ഹൗസ്	-	3,39,000
കല്പന	-	2,00,000

14 മന്ത്രിമാരുടെയും വീടുകൾ നന്നാക്കി. 55 ലക്ഷം രൂപ മന്ത്രിമാരുടെ വീടുകൾ മോടിപിടിപ്പിക്കുന്നതിനുവേണ്ടി ചെലവഴിച്ചു എന്നുപറയുമ്പോൾ, ഞാൻ അവിടെയാണ് പറയുന്നത് നിങ്ങൾ പണ്ട് ആക്ഷേപിച്ച ബൂർഷ്വാ സംസ്കാരത്തിലേയ്ക്കാണ് പോകുന്നത്. വീടുകൾ നന്നാക്കാം. മോടി പിടിപ്പിക്കാം. ഞാൻ ചോദിക്കുന്നത് പണ്ട് ആക്ഷേപിച്ച നിങ്ങൾ ബൂർഷ്വാ സംസ്കാരത്തിലേയ്ക്ക് വരുന്നില്ലേ എന്നാണ്.

ഡോ. കെ.സി. ജോസഫ് : ഇവിടെ വീടുകൾ നന്നാക്കുന്നകാര്യം പറഞ്ഞു. കെട്ടിടങ്ങൾക്ക് പഴക്കം കൂടുമ്പോൾ മെയിന്റനൻസ് കോസ്റ്റ് കൂടും എന്നുള്ളതാണ്. ഇനി രണ്ടുകൊല്ലം കഴിയുമ്പോൾ മെയിന്റനൻസ് കോസ്റ്റ് ഇതിനെക്കാൾ കൂടും. സെക്രട്ടേറിയറ്റ് ബിൽഡിംഗ് കാലപ്പഴക്കം ചെന്നപ്പോൾ ഇടിഞ്ഞുവീഴുന്നു. അതു നന്നാക്കേണ്ടിവരും. പഴയ കെട്ടിടങ്ങൾ പുതുക്കിപണിയുന്നതിനു കൂടുതൽ ചെലവു വരും. അതു ഗവണ്മെന്റിന്റെ ഒരു അപാകതയായി വ്യാഖ്യാനിക്കാമോ?

ശ്രീ. കെ.എം. മാണി : ഡോ. കെ.സി. ജോസഫ് മന്ത്രി ആകാത്തതുകൊണ്ടാണ്. കെട്ടിടങ്ങൾ ചോരുന്നതുകൊണ്ട് മെയിന്റനൻസ് നടത്തിയതല്ല. കാർപെറ്റ് ഇട്ടതും മറ്റു സാമഗ്രികൾ വാങ്ങിയതും മോടിപിടിപ്പിക്കുവാനും ഡെക്കറേറ്റ് ചെയ്യുവാനും വേണ്ടി ചെലവഴിച്ച തുകയാണ് ഞാൻ പറഞ്ഞത്. ഈ ഗവണ്മെന്റ് എങ്ങനെ പണം ചെലവു ചുരുക്കുന്നു എന്നുള്ളതാണ് 21.6.1999-ലെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ നമ്പർ 1,4, പ്ലാനിംഗ് ബോർഡ് അച്ചടി പരിശീലനത്തിനുവേണ്ടി ചെലവാക്കിയത് എത്രയാണെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

8,23,00,000 രൂപയാണ്. അച്ചടി പരിശീലനത്തിനുവേണ്ടി പ്ലാനിംഗ് ബോർഡ് ചെലവു ചെയ്തതാണ്. പി.ആർ.ഡി. പ്രചരണത്തിനുവേണ്ടി അതിനുപുറമെ 20,00,000 രൂപ. 1,31,22,347 രൂപ പ്ലാനിംഗ് ബോർഡ് 77 പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുവാൻ വേണ്ടി ചെലവഴിച്ചിരിക്കുന്നു. പി.ആർ.ഡി. 3,14,315 രൂപ. ഭരണയന്ത്രം രാഷ്ട്രീയപ്രചരണമാണ്. ഞാൻ 77 പ്രസിദ്ധീകരണങ്ങൾ വായിച്ചില്ലെങ്കിലും ഒട്ടുമുക്കാലും വായിച്ചു. ജനകീയാസൂത്രണത്തിനുവേണ്ടി അച്ചടിച്ച ഈ 77 പ്രസിദ്ധീകരണങ്ങളിൽ കുറെയൊക്കെ രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി ഇറക്കിയതാണ്. സർക്കാർ ഏതു നിലയിൽ പണം ചെലവഴിക്കുന്നു. ഒന്നാം വാർഷികാഘോഷത്തിനു 17,66,217 രൂപ ചെലവഴിച്ചു. 2-ാം വാർഷികാഘോഷത്തിന് 30,62,069 രൂപ ചെലവഴിച്ചു. 3-ാം വാർഷികാഘോഷത്തിന് 20,03,684 രൂപ ചെലവഴിച്ചു. ആകെ 68,00,000 രൂപ. നാട്ടിൽ പാവപ്പെട്ട ആളുകൾ പട്ടിണി കിടക്കുന്നു. ആഘോഷത്തിനുവേണ്ടി 68,00,000 രൂപ ചെലവഴിച്ചു. അതിഥി സൽക്കാരത്തെ സംബന്ധിച്ച് 25.1.1999-ലെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ നമ്പർ 46 യു.ഡി.എഫ്. ഗവണ്മെന്റിലെ മന്ത്രിമാർ അതിഥി സർക്കാരത്തിനു ചെലവാക്കിയത് എത്ര രൂപയാണ് 3,366 രൂപ. ഈ ഗവണ്മെന്റിന്റെ അതിഥി സൽക്കാരത്തിനു ചെലവഴിച്ചത് ശരാശരി 7,154 രൂപ. നമ്മളെ കടത്തിവെട്ടിയിരിക്കുന്നു ഈ കാര്യത്തിൽ. ബഹുമാനപ്പെട്ട കെ.പി. സതീശ് ചന്ദ്രൻ വികസനത്തെപ്പറ്റി പറഞ്ഞു. ഞാൻ ഒരു കാര്യം പറയുവാൻ ആഗ്രഹിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ വികസനം മുരടിച്ചുപോയിരിക്കുന്നു. മൂന്നുവർഷക്കാലത്തെ ഭരണത്തിൽ ശ്രീ. കെ.പി. സതീശ് ചന്ദ്രൻ തലേ വർഷത്തേക്കാൾ കൂടുതൽ തുക വായിച്ചു. പക്ഷെ വളർച്ചാ നിരക്ക് എത്രയാണെന്ന് ഞാൻ ചോദിക്കുകയാണ്. S.D.P. State Domestic Product തലേ വർഷത്തെക്കാൾ പിറ്റേ വർഷം കുറച്ചു രൂപ കൂടി കണക്കു വായിച്ചു. പക്ഷെ വളർച്ചാ നിരക്ക് എത്രയാണ്? ഇക്കണോമിക് റിവ്യൂവിലെ 14-ാമത്തെ പേജിൽ ടേബിൾ, 2(2)-ൽ പറഞ്ഞിരിക്കുന്നത്, State Domestic Product അതിലെ കറക്ട് പ്രൈസിന്റെ അടിസ്ഥാനത്തിൽ കാൽക്കുലേറ്റ് ചെയ്യണമെങ്കിൽ 1996-97-ൽ 7.1 ശതമാനം ഉണ്ടായിരുന്ന സ്ഥാനത്ത് 1997-98-ൽ 6.56 ശതമാനം ആയി താഴോട്ടുപോയി. പെർ ക്യാപ്പിറ്റാ ഇൻകം കോൺസ്റ്റന്റ് പ്രൈസിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കണമെങ്കിൽ 1996-97-ൽ 5.68 ശതമാനം ആയിരുന്നുവെങ്കിൽ 1997-98-ൽ 5.12 ശതമാനം ആയി. എസ്.ഡി.പി. പുറകോട്ടുപോയി. ഗ്രോത്ത് റേറ്റ് പുറകോട്ടുപോയി. കഴിഞ്ഞ മൂന്നുവർഷക്കാലംകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വികസനം നിങ്ങൾ പുറകോട്ടു വലിച്ചു. അതു വളരെ തെറ്റായിപ്പോയി എന്നു മാത്രമേ എനിക്കു പറയാനുള്ളൂ. ജനജീവിതം ദുസ്സഹമാക്കി. എന്ത് പ്രയോജനം കിട്ടി. വികസനം ഒന്നുമില്ല. വികസന കാര്യത്തിൽ പുറകോട്ടുപോയി. സർക്കാർ സമ്മതിച്ചതനുസരിച്ചാണെങ്കിൽ അരി വില 34 ശതമാനം വർദ്ധിച്ചു. കാർഷികോല്പന്നങ്ങളുടെ വില പുറകോട്ടുപോയി. ഒരു കിലോഗ്രാമിനു 65 രൂപ ഉണ്ടായിരുന്ന റബ്ബറിന് ഇപ്പോൾ 29,28 രൂപയായി. എങ്ങനെ ജീവിക്കും? നിത്യോപയോഗ സാധനങ്ങളുടെ വില കയറി, കാർഷികോല്പന്നങ്ങളുടെ വില ഇടിഞ്ഞു. നിങ്ങളുടെ ഭരണത്തിന്റെ പ്രത്യേകതയണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ ഇല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇരിപ്പുണ്ട്. ഞാൻ വീണ്ടും ആവശ്യപ്പെടുകയാണ് റബ്ബർ കർഷകർക്കുവേണ്ടി 50 കോടി രൂപയെങ്കിലും നിങ്ങൾ മാറ്റി വയ്ക്കണം. നിങ്ങൾ പറഞ്ഞു നഷ്ടം സഹിക്കുവാൻ തയ്യാറാണെന്ന്. ബഫ്ഫർ സ്റ്റോക്ക് ഫലപ്രദമാക്കണം. കയറ്റുമതി ത്വരിതപ്പെടുത്തണം. 50 കോടി രൂപ കേരളത്തിലെ റബ്ബർ കൃഷിക്കാർക്കുവേണ്ടി മാറ്റിവയ്ക്കുവാൻ നിങ്ങൾക്ക് കഴി

LIBRARY ARCHIVES Kerala Legislative Assembly

യുമോ? ഞാൻ വീണ്ടും നിങ്ങളോട് ചോദിക്കുകയാണ്; ഇന്നത്തെ അപ്രോപ്രി യേഷൻ ബില്ലിന്റെ ചർച്ചാവേളയിലെങ്കിലും നിങ്ങൾ കേരളത്തിലെ കൃഷിക്കാ രോട് കാരുണ്യം കാണിക്കണം. അവരോട് അല്പമെങ്കിലും അനുകമ്പ നിങ്ങൾക്കുണ്ടാകണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഭരണത്തിന്റെ മത്ത് പിടിച്ച സി.പി.ഐ(എം) അഴിഞ്ഞാട്ടം നടത്തുകയാണ്. അധികാര ത്തിന്റെ ഗർവ്വല്ലേ കാണിക്കുന്നത്; വ്യാപകമായ അക്രമം അഴിച്ചുവിടുന്നു. നിങ്ങൾ സമാധാനം തകർക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന ആഭ്യന്തരവകുപ്പ് അതിനു കൂട്ടുനില്ക്കുകയാണ്. പോലീസ് മൗനം പാലിക്കുന്നു. പോലീസിന്റെ കൺമുമ്പിൽവച്ച് നിയമം ലംഘിക്കുന്നു. മാർക്സിസ്റ്റുകാർക്ക് എന്തും ആകാം. ഇന്നലെ നെടുമങ്ങാട്

[12 Noon] നടന്ന സംഭവം, സബ്മിഷൻ അവതരിപ്പിച്ചു. നെടുമങ്ങാട് ആശുപത്രി കൈയേറുന്നു, ജീവനക്കാരെ കൈയേറ്റം ചെയ്യു ന്നു, രോഗികളെപ്പോലും കൈയേറ്റം ചെയ്യുന്നു. യൂണിവേഴ്സിറ്റി ജീവനക്കാർ സമരം ചെയ്തപ്പോൾ അവരെ മാർക്സിസ്റ്റ്, കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ പരസ്യ മായി കൈയേറ്റം ചെയ്തു. അങ്കമാലി ആശുപത്രി കൈയേറി, കോതമംഗലം ധർമ്മഗിരി ആശുപത്രി കൈയേറി, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ കൈയേറി, സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി കൈയേറി, എസ്.ഡി.കോ ളേജ്, ചങ്ങനാശ്ശേരി കൈയേറി, നിങ്ങൾ റൗഡിസം അഴിച്ചുവിടുകയാണ്. കലാലയ ക്യാമ്പസുകളിൽപ്പോലും റൗഡിസം അഴിച്ചുവിടുകയാണ്. ന്യൂന പക്ഷ പ്രേമം പ്രസംഗിക്കുന്നവരാണ്. ന്യൂനപക്ഷ സ്ഥാപനങ്ങളൊന്നൊന്നായി കശക്കിയെറിയുകയല്ലേ. ഇവിടെ നിയമമില്ലേ? ചട്ടമില്ലേ? അഴിഞ്ഞാട്ടം നടക്കു കയാണ്. നിങ്ങൾ നിയമസമാധാനം തകർത്തു. ഖജനാവു കാലിയാക്കിയെന്നു മാത്രമല്ല, സംസ്ഥാനത്തെ നിങ്ങൾ കടക്കെണിയിൽപ്പെടുത്തിയിരിക്കുകയാണ്. വികസനം മുരടിപ്പിച്ചു, പാവപ്പെട്ടവരെ വിഷമിപ്പിക്കുന്നു എന്നുമാത്രമല്ല, ഇവി ടത്തെ നിയമസമാധാനം തകർക്കുകയും ചെയ്യുന്നു. അതിനു നിങ്ങൾ ഉത്തരം പറയണം. നിങ്ങളതിനു വലിയ വില കൊടുക്കണം. പാർലമെന്റ് തെരഞ്ഞെ ടുപ്പു വരാൻ പോകുകയാണ്. സെപ്റ്റംബർ മാസം 11-ാം തീയതി പാർലമെന്റ് തെരഞ്ഞെടുപ്പാണ്. നമുക്കു അവിടെ വച്ചു കാണാം. കേരളത്തിലെ പാർല മെന്റ് തെരഞ്ഞെടുപ്പാകുന്ന കുരുക്ഷേത്രത്തിലേയ്ക്കു നമുക്കു കടക്കാം. യു.ഡി.എഫ്. വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി തിരിച്ചുവരുമെന്ന കാര്യത്തിൽ യാതൊരു സംശവും വേണ്ട. എന്റെ കക്ഷി എന്നു പറയുന്നത് ഒരു ചെറിയ കക്ഷിയാണ്. പാർലമെന്റിൽ ഒരു എം.പി. മാത്രമേ നമുക്കുള്ളൂ. ഇൻഡ്യയിലെ, മതേതരത്വ ജനാധിപത്യ കൂട്ടായ്മയിൽ ഞങ്ങളുടെ കക്ഷി അതിന്റേതായ ചെറിയൊരു പങ്കു വഹിച്ചിട്ടുണ്ട് എന്നകാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാ ണ്. എന്റെ കക്ഷിയുടെ ഒറ്റ വോട്ട് ബി.ജെ.പി.ക്കെതിരായി ചെയ്തിരുന്നില്ലെ ങ്കിൽ വാജ്പേയി ഗവണ്മെന്റ് നിലംപതിക്കുകയില്ലായിരുന്നു. എന്റെ കക്ഷി യുടെ ഒറ്റ വോട്ടാണ് ബി.ജെ.പി. ഗവണ്മെന്റിനെ നിലംപതിപ്പിച്ചതെന്നു പറയു മ്പോൾ.....(ബഹളം).....ഇനിയും ചിലപ്പോൾ ഞങ്ങളുടെ പാർട്ടിയുടെ ഒന്ന ല്ലെങ്കിൽ രണ്ടു വോട്ട്.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സി.പി.ഐ (എം)ന്റെ 32 വോട്ടിനെക്കാളും വലുതാണോ നിങ്ങളുടെ ഒരു വോട്ട്.

ശ്രീ. കെ.എം. മാണി : അതെ, ഞങ്ങളുടെ ഒരു വോട്ടില്ലായിരുന്നുവെ ങ്കിൽ നിങ്ങളുടെ 32 വോട്ട് പാഴാണ്. അതാണു ശരി. നിങ്ങളുടെ 32 വോട്ടിന് ഞങ്ങളുടെ ഒരു വോട്ടില്ലെങ്കിൽ എന്തു വിലയാണുള്ളത്? ഞങ്ങളുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

വോട്ടില്ലെങ്കിൽ അതു തീർന്നു. ഞങ്ങളിലോരോരുത്തർക്കും ഇൻഡ്യയിൽ വിലയുണ്ട്. അതാണ് ഞാൻ ഇതു പറയുന്നത്. കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് വ്യക്തമായ നിലപാടുണ്ട്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഈ തെരഞ്ഞെടുപ്പിലെടുക്കുന്നത് ഇരട്ടത്താപ്പു നയ മല്ലേ? ആ ഇരട്ടത്താപ്പു നയത്തിനു ഇൻഡ്യയിലെയും കേരളത്തിലെയും ജന ങ്ങൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്ക് കനത്ത തിരിച്ചടി നൽകുമെന്നുള്ള തിന് യാതൊരു സംശയവുമില്ല. നിങ്ങളുടെ ഇരട്ടത്താപ്പ് ഒരേ സമയം ശ്രീമതി സോണിയാഗാന്ധിയും മൂന്നാം മുന്നണിയും ഇത് എവിടെ ചെലവഴിക്കാൻ കഴിയും? കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം, ഞങ്ങളുടെ നില പാട് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ കേന്ദ്രത്തിൽ ഒരു മതേതര ജനാധിപത്യ ഗവണ്മെന്റുണ്ടാകണം. ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ ഒരു ഗവണ്മെന്റ് ഉണ്ടാക്കണം. ആ ഗവണ്മെന്റിനെ ബലപ്പെടുത്താൻ കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഇവിടത്തെ വർഗ്ഗീയകക്ഷിയായ ബി.ജെ.പി.യെ പരാജയപ്പെടുത്തിക്കൊണ്ട് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഒരു മതേതര ജനാധിപത്യ ഗവ ണ്മെന്റ് കേന്ദ്രത്തിലുണ്ടാകുക എന്നുള്ളത് നമ്മുടെ ആഗ്രഹമാണ്. അതു ഞങ്ങളുടെ ലക്ഷ്യമാണ്. അതിനുവേണ്ടി ചെറുതെങ്കിലും ഞങ്ങളുടേതായ ചെറിയ സംഭാവന തീർച്ചയായും ഉണ്ടായിരിക്കുമെന്നു മാത്രമേ എനിക്കു പറ യാനുള്ളൂ. ഈ ഇരട്ടത്താപ്പു നയം, പാർലമെന്റു തെരഞ്ഞെടുപ്പിൽ ആടിയു മുലഞ്ഞും, ചാഞ്ചാടി വ്യത്യസ്ത രൂപങ്ങൾ കാണിച്ച് നിങ്ങൾ നടത്തുന്ന ഇരട്ട ത്താപ്പ്, വഞ്ചന, ഈ നയം തിരുത്താൻ മാർക്സിസ്റ്റു പാർട്ടി തയ്യാറാകണം. അതു ശ്രീ. ടി.കെ. ഹംസയ്ക്കറിയാം. അദ്ദേഹം ചിരിക്കുന്നുണ്ട്. ഞാൻ പറയു ന്നത് ശരിയാണെന്ന് ശ്രീ. ഹംസയുടെ മനസ്സിൽ പറയുന്നുണ്ട്.....

<u>ശ്രീ. ടി.കെ. ഹംസ</u> : അങ്ങ് എക്കാലവും ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ കൂടെയാണെന്ന് പറഞ്ഞപ്പോൾ ഞാൻ ചിരിച്ചുപോയതാണ്. ഇതു തന്നെയാണ് അങ്ങ് പണ്ട് ശ്രീ. നായനാരോടും പറഞ്ഞത്. എക്കാലവും നിങ്ങളുടെ കൂടെയാണെന്ന്. അതുകൊണ്ടാണ് ഞാൻ ചിരിച്ചുപോയത്.

<u>ശ്രീ. കെ.എം. മാണി</u> : ഇതാണ് ടിസ്റ്റിംഗ്. എക്കാലവും ഇൻഡ്യയിലെ മതേ തര ജനാധിപത്യ ശക്തികൾ, അവരുടെ കൂടെയാണ് കേരളാ കോൺഗ്രസ് പാർട്ടി നിൽക്കുക. അതാണു പറഞ്ഞത്. അതു ശ്രീ. ടി.കെ. ഹംസ ദുർവ്യാഖ്യാനം ചെയ്തിട്ടു കാര്യമില്ല. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>പ്രൊഫ: മീനാക്ഷി തമ്പാൻ</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുന്നു. ശ്രീ. കെ.എം. മാണി സംസാരിച്ചത് വളരെ ശ്രദ്ധ യോടുകൂടി കേട്ടു കൊണ്ടിരിക്കുകയായിരുന്നു. പൊതുപ്പണം വളരെ ബുദ്ധി പൂർവം ചെലവാക്കണമെന്നുള്ളതിനെക്കുറിച്ച് ചർച്ച നടക്കുമ്പോൾ ഈ രംഗത്ത് വളരെയേറെ അനുഭവ സമ്പത്തുള്ള അദ്ദേഹത്തെപ്പോലുള്ള ഒരു വ്യക്തി ഇതിനെ വളരെ വസ്തുനിഷ്ഠമായിത്തന്നെ വിലയിരുത്തിക്കൊണ്ട് മേജർ പോളിസി ഡീവിയേഷൻസോ നയപരമായ മറ്റു കാര്യങ്ങളോ, പാളിച്ച കളോ ഉള്ളതു എടുത്തു കാണിക്കുമെന്നാണ് ഞാൻ വിശ്വസിച്ചത്. ഇത്ര കടുത്ത ആശയദാരിദ്ര്യം അദ്ദേഹത്തിന് എങ്ങനെ വന്നുപെട്ടു എന്നതാണ് എനിക്കു ചോദിക്കാനുള്ളത്. ഗവൺമെന്റിന്റെ ബഡ്ജറ്റിലുള്ള ഒരു വകുപ്പിനെ ക്കുറിച്ച് എന്തെങ്കിലും പറയാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല, നിയമസഭയിൽ എത്രയോ തവണ ആവർത്തിച്ച കാര്യങ്ങൾ, ശ്രീ. ശിവദാസമേ

LIBRARY ARCHIVES Kerala Legislative Assembly

നോൻ മറുപടി പറഞ്ഞ കാര്യങ്ങളൾ കുറച്ചു കാറുകൾ വാങ്ങിക്കുന്നതിനെ ക്കുറിച്ചും മന്ത്രി മന്ദിരങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നതിക്കെുറിച്ചും അല്ലാതെ ബഡ്ജറ്റിനെ സ്പർശിച്ചു കൊണ്ട് വസ്തുനിഷ്ഠമായ വിലയിരു ത്തൽ അദ്ദേഹം നടത്തിയില്ല എന്നുള്ളത് വളരെ ദുഃഖത്തോടെ ഞാൻ പറയു കയാണ്. കാരണം, കുറച്ചുകൂടി ഭേദപ്പെട്ട ഒരു പ്രസംഗം കേൾക്കാൻ കഴിയു മെന്നുള്ള ആഗ്രഹത്തോടു കൂടിയിരുന്നതുകൊണ്ടാണ് ഇതു പറയുന്നത്. ഇവിടെ ആദ്യം സംസാരിച്ച ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മെമ്പർ ശ്രീ. ജോർജ് ജെ. മാത്യു, ദേശരക്ഷയുടെ കാര്യത്തിൽ ബി.ജെ.പി. ഗവൺമെ ന്റ് എടുത്ത നിരുത്തരവാദപരമായ സമീപനത്തെക്കുറിച്ച് സൂചിപ്പിച്ചു. അതി നോട് പൂർണ്ണമായും ഞങ്ങൾ യോജിക്കുന്നു. പക്ഷെ ബി.ജെ.പി. ഗവൺമെന്റ് എടുത്ത ഒട്ടേറെ കാര്യങ്ങൾ, അതിനെക്കുറിച്ച് ഞങ്ങൾ ചോദിക്കുകയാണ്, ബി.ജെ.പി. ഗവൺമെന്റിനെ കാവൽ മന്ത്രിസഭയാക്കി നിർത്താൻ സഹായിച്ച താരാണ്? കോൺഗ്രസിന്റെ ഇതിലുള്ള പങ്കിനെക്കുറിച്ച് ഒരു ഡിബേറ്റു തന്നെ വേണമെന്നു ഞാൻ ആഗ്രഹിക്കുകയാണ്. കാർഗിലിൽ വാർ ലൈഫ് സിറ്റുവേഷനുണ്ടാക്കുകയും അതിനെ സംബന്ധിച്ചുണ്ടായ നിരവധി പ്രശ്ന ങ്ങളെക്കുറിച്ചും ശ്രീ. ജോർജ് ജെ. മാത്യു സംസാരിച്ചു.

അത്തരമൊരു സിറ്റുവേഷനുണ്ടാക്കിയത് ആരാണ്? നിരുത്തരവാദപര മായ സമീപനമാണ് ബി.ജെ.പി. എടുത്തതെങ്കിൽ ആ ഗവൺമെന്റിനെ ഇപ്പോഴൊരു കെയർ ടേക്കറായി നിലനിർത്തിയതിൽ കോൺഗ്രസ്സിനുള്ള പങ്കി നെക്കുറിച്ച് ഞാൻ ചോദിക്കുകയാണ്. ആരാണ് ആ സിറ്റുവേഷൻ ഉണ്ടാക്കി യത് എന്നുള്ളതിനെക്കുറിച്ച് ഒരു വാദപ്രതിവാദത്തിനു ഞങ്ങൾ തയ്യാറാണ്. രാജ്യത്തിന്റെ സുരക്ഷിതത്വം പോലും അപകടപ്പെടുത്താൻ ബി.ജെ.പി. മന്ത്രി സഭ കഴിഞ്ഞകാലത്തെടുത്ത നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രനടക്കമുള്ള ആളുകൾ കഴിഞ്ഞ ദിവസം പറയുകയുണ്ടായി. പൊതു മേഖലാസ്ഥാപനങ്ങളെ ഡിസ്മാൻഡിൽ ചെയ്യുന്ന, അതിന്റെ ഷെയറുകൾ വിൽക്കുന്നതിനുള്ള അപകടകരമായ തീരുമാനങ്ങളെടുത്തത്. എഫ്.എം. റേഡിയോ സ്റ്റേഷനുകൾ ആരംഭിക്കാൻ സ്വകാര്യമേഖലയെ അനുവദിച്ചത്, പൂർണ്ണമായ ജനപിന്തുണയുള്ള ഒരു ഗവണ്മെന്റ്പോലും എടുക്കാത്തതായി ട്ടുള്ള, ധൈര്യപ്പെടാത്ത തീരുമാനങ്ങളാണ് ഈ മന്ത്രിസഭ ചെയ്തിട്ടുള്ളത്. ഒരു തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടുള്ള പശ്ചാത്തലത്തിലാണ് ഈ തീരുമാന ങ്ങളെടുത്തത് എന്ന് ഓർക്കണം. കോൺഗ്രസ്സിന് ഈ കാര്യത്തിൽ രാജ്യ ത്തൊട്ടാകെ പ്രതികരിക്കാനില്ലെങ്കിൽ നിയമസഭയിലെങ്കിലും പ്രതികരിക്കു മെന്നു ഞാൻ വിചാരിച്ചു. പ്രതികരിക്കാനില്ലാത്തതിന്റെ കാരണമെന്താണെന്നു നമുക്കു മനസ്സിലാകുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളെ വിറ്റുമുടിക്കാൻ കോൺഗ്രസ് ഭരിക്കുമ്പോൾ തുടങ്ങിവച്ച നയങ്ങൾ തന്നെയാണ് ബി.ജെ.പി. ഗവണ്മെന്റും തുടരുന്നത്. അഞ്ചു വർഷം കൊണ്ട് പൊതുമേഖലയെ രാജ്യത്തു നിന്നും തുടച്ചുമാറ്റാനുള്ള സമീപനമാണ് അവരെടുക്കുന്നത്. എന്തു കൊണ്ട് നിങ്ങൾ ഈ കാര്യത്തിൽ പ്രതികരിക്കുന്നില്ല. ഈ നിയമസഭയ്ക്ക് രൂപം നൽകിയ 1996-ലെ പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായി 11-ാം ലോക്സഭാ തെരഞ്ഞെടുപ്പു നടന്നിരുന്നു. ആ തെരഞ്ഞെടുപ്പിലെ ജനവിധി മാനിക്കാതെയുണ്ടായ സംഭവങ്ങൾ, കേരളത്തിലും കേന്ദ്രത്തിലും ഭരണം നഷ്ടപ്പെടുത്താൻ ഇടയാക്കിയ ജനവിരുദ്ധ നയങ്ങളെക്കുറിച്ച് എന്തെങ്കിലും ഒരു റീ-തിങ്കിംഗ്, ഒരു പുനരാലോചനയെക്കുറിച്ച്, ഒരു പുനർവായനയെക്കു റിച്ച് ശ്രീ. ജോർജ് ജെ. മാത്യു ഉന്നയിച്ചിട്ടുണ്ടോ? ഒരു ആത്മപരിശോധന നട ത്തിയിട്ടുണ്ടോ? ആവശ്യമായ തിരുത്തൽ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവരികയും ഒരു നൂറ്റാണ്ടിലേറെക്കാലത്തെ അനുഭവജ്ഞാനംകൊണ്ട് ആ സേതുഹിമാചലംവരെ വേരുണ്ടെന്ന് അഭിമാനിക്കുകയും ചെയ്യുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ പ്രമുഖ കോളമിസ്റ്റായ ശ്രീ. ടി.ജെ.എസ്. ജോർജ് വിവരിച്ചത് Anti-National Congress- എന്നാണ്. ഇൻഡ്യൻ എക്പ്രസ്സിലെ സ്ഥിരം കോളമിസ്റ്റാണ് ശ്രീ. ടി.ജെ.എസ്. ജോർജ്. ഇപ്പോഴും നിങ്ങളൊരു ഇറ്റാലിയൻ മിറക്കിൾ ഉണ്ടാകുമെന്നല്ലേ പ്രതീക്ഷിക്കുന്നത്? ഒരു ഡൈനാസ്റ്റിക് കാരിസ്മയ്ക്കു വേണ്ടിയല്ലേ ഇപ്പോഴും നിങ്ങൾ നിൽക്കുന്നത്? ആരാണ് മാറുന്നതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇനിയുള്ള കാലഘട്ടത്തിൽ ഐക്യമുന്നണിക്കാണ് പ്രസക്തിയെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞവരാണ് നിങ്ങൾ. അന്ന് ഞങ്ങൾ ഒറ്റയ്ക്ക് ഭരിക്കും ആരും വേണ്ടായെന്ന് പറഞ്ഞില്ല.

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട ആന്റണി പറഞ്ഞത് ഞങ്ങൾ ഒറ്റയ്ക്ക് ഭരിക്കുമെന്നല്ല. ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ഒറ്റയ്ക്ക് മരിക്കുമെന്നാണ്.

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> : ഇനിയുള്ള കാലഘട്ടത്തിൽ ഐക്യമുന്നണിയ്ക്കാണ് പ്രസക്തിയെന്നുള്ള യാഥാർത്ഥ്യത്തിനു നേരെ കോൺഗ്രസ്സ് മുഖം തിരച്ചിരിക്കുകയാണ്. ഇപ്പോൾ അവിടെയും ഇവിടെയും ഒക്കെ പോകുന്നുണ്ട്, അത് ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെയില്ല അദ്ദേഹം എന്തിനാണ് പോയതെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞങ്ങളും നിങ്ങളും തമ്മിലുള്ള തർക്കത്തെക്കുറിച്ച് ബഹുമാനപ്പെട്ട ടീച്ചർ ഇവിടെ പറഞ്ഞു. ടീച്ചർ പ്രതീക്ഷിക്കുന്നത് ഐക്യ മുന്നണിയുണ്ടാകണമെന്ന് നിങ്ങളും ഒറ്റയ്ക്ക് ഇത് പറ്റുമോ എന്നുള്ളത് നോക്കുമെന്ന് ഞങ്ങളും എന്നുള്ള തർക്കമൊഴിച്ച് വേറെ തർക്കമൊന്നും ഇപ്പോൾ നിലവിലില്ലല്ലോ?

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> : ഉണ്ട്. ധാരാളം തർക്കമുണ്ട്. ഇനി അങ്ങോട്ടുള്ള ഇൻഡ്യയുടെ വിധി നിർണ്ണയിക്കുന്നതിന് ഇടതുപക്ഷ പാർട്ടികളും ജനാധിപത്യവാദികളും ദേശാഭിമാനികളും അടങ്ങുന്ന മുന്നണിക്ക് പ്രസക്തി വർദ്ധിച്ചിരിക്കുന്നു. നിങ്ങൾ മൂന്നാം മുന്നണിയെക്കുറിച്ച് പറയാറില്ലേ? ഇപ്പോൾ കേരളത്തിൽ നിലനിൽക്കുന്നത് എന്താണ്? എത്ര ശക്തമായിട്ടാണ് നിങ്ങൾ മൂന്നാം മുന്നണിയെക്കുറിച്ച് പരിഹസിക്കുന്നത്? കേരളത്തിൽ നിലനിൽക്കുന്നത് ഏതു മുന്നണിയാണ്? കേരളം ഇന്നു ഭരിക്കുന്നത് ഏതു മുന്നണിയാണ്? അതിന്റെ ഒരു നിർവചനം ഞങ്ങൾക്ക് തരൂ. ഞങ്ങൾ in all modesty, sense of humanity - ഞങ്ങളുടെ കഴിവിനെക്കുറിച്ച് പറയാറുണ്ട്. ഒരിക്കലും അതിശയോക്തിപരമായി ഞങ്ങൾ കാണാറില്ല. പക്ഷേ കേരളത്തിന്റെ രാഷ്ട്രീയ സന്ദേശം ഇന്ത്യയാകെ ഉൾക്കൊള്ളുന്ന കാലത്തേയ്ക്കാണ് പോകുന്നതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനങ്ങളോടുള്ള വാക്കുപാലിച്ചു കൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്ന ഈ ധനവിനിയോഗബില്ലിനെ ഞാൻ വീണ്ടും അനുകൂലിക്കുകയാണ്. ഇവിടെ വളരെയധികം പണം ചെലവാക്കിയതിനെക്കുറിച്ചു പറഞ്ഞു. കേരളത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന വിജയകരമായ പരീക്ഷണത്തെക്കുറിച്ച് എന്തെങ്കിലും ബോധമുണ്ടെങ്കിൽ ഇത് പറയുമോ? ഇത്ര പണമെടുത്തു, അതടയ്ക്കാൻ ഇതടയ്ക്കാൻ എന്നു പറയുമോ? സംസ്ഥാനത്തിന്റെ അടിത്തട്ടിലുള്ള പഞ്ചായത്തിലെ വാർഡുവരെ അധികാരവികേന്ദ്രീകരണത്തിന്റെ സന്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശമെത്തിക്കുന്ന പീപ്പിൾസ് പ്ലാനിംഗിന് ആവശ്യമായ നിരവധി ലഘുലേഖകളും പുസ്തകങ്ങളും അച്ചടിച്ചിട്ടുണ്ട്. അത് അത്ര വലിയ കുറ്റമാണോ? ബഹുമാനപ്പെട്ട കെ.എം. മാണി കണ്ട ഏറ്റവും വലിയ കുറ്റം നമ്മൾ ഇതൊക്കെ താഴത്തേയ്ക്ക് കൊടുക്കാൻ ശ്രമിച്ചു എന്നതാണ്. അതൊരു വലിയ കുറ്റമാണോ? നിങ്ങൾ വിചാരിച്ചാൽ ഒരു ഗവണ്മെന്റ് ഓർഡർ ഇറക്കാൻ കഴിയുമോ? എത്ര ഗവണ്മെന്റ് ഓർഡർ ആണ്, എത്ര ചട്ടങ്ങളാണ് ഭേദഗതി ചെയ്തത്? എത്ര ഗവണ്മെന്റ് ഓർഡറുകളാണ് ഈ കാര്യത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുള്ളത്? ഇവിടെ പഞ്ചായത്തു പ്രസിഡന്റുമൊക്കെയായവർ ധാരാളം കാണുമെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. എന്തു പരിമിതമായ വിഭവമാണുണ്ടായിരുന്നത്?

<u>ശ്രീമതി റോസമ്മ ചാക്കോ</u> : ബഹുമാനപ്പെട്ട മെമ്പർ ഈ പറയുന്ന കാര്യങ്ങളൊക്കെ ശ്രീ. വെളിയം ഭാർഗ്ഗവനെ ഒന്നു പറഞ്ഞു ബോദ്ധ്യപ്പെടുത്തി കൊടുക്കുമോ?

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> : സർ, ശ്രീ. വെളിയം ഭാർഗ്ഗവന് ആരും ബുദ്ധി ഉപദേശിക്കേണ്ട ആവശ്യമില്ലെന്ന് ബഹുമാനപ്പെട്ട മെമ്പറോട് പറയട്ടെ. നിങ്ങളുടെ പാർട്ടിയിലെപ്പോലെ ഉപദേശിക്കേണ്ട കാര്യമില്ല. അദ്ദേഹം ഇതു പോലുള്ള കാര്യങ്ങളെ വിലയിരുത്താൻ പൂർണ്ണമായ കഴിവുള്ള ആളാണ്. അതുകൊണ്ട് അതിനെക്കുറിച്ചൊന്നും പറയേണ്ട. വളരെ പരിമിതമായ വിഭവങ്ങളായിരുന്നു ഈ സ്ഥാപനങ്ങൾക്കുണ്ടായിരുന്നത്. എന്നാൽ ഇന്ന് വികേന്ദ്രീകൃത ആസൂത്രണത്തിന് തുടക്കം കുറിച്ച സ്ഥിതിക്ക് വലിയ മാറ്റം വന്നിരിക്കുന്നു. പദ്ധതി ധനസഹായം ഈ സ്ഥാപനങ്ങളുടെ മുഖ്യ ഇനമായ വികേന്ദ്രീകരണ ആസൂത്രത്തിലേയ്ക്കുള്ള പ്രയാണത്തിന് വളരെ പ്രധാനപ്പെട്ടതായിരുന്നു. വളരെ വളരെ മാറ്റങ്ങൾ ഈ സംസ്ഥാനത്ത് വന്നുകൊണ്ടിരിക്കുകയാണ്. സ്കൂളുകൾ, ആശുപത്രികൾ ഇതൊക്കെ വളരെ അഭിമാനത്തോടുകൂടി പറയാം. എന്റെ നിയോജകമണ്ഡലമായ കൊടുങ്ങല്ലൂരിൽ ഒരു ഗവൺമെന്റ് ഹൈസ്കൂളിൽ, ഇന്ന് വളരെ പ്രസ്റ്റീജിയസായിട്ടുള്ള സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടുന്നതുപോലെ പ്രയാസമാണെന്നുള്ള നിലയിൽ എത്തിയിരിക്കുന്നു. അത് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ എന്നെനിക്കറിയില്ല. ഇവിടെ പരിമിതികളെക്കുറിച്ച് പറഞ്ഞു. അത് ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളാണ്. അത് വരാൻ കാരണമെന്താണ്? അവിടെ infrastructure facilities ഉം അതുപോലുള്ള കാര്യങ്ങൾ കൊണ്ടുവരാൻ ആ സ്കൂൾ മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലായപ്പോൾ കഴിഞ്ഞു എന്നുള്ളതാണ്. ഇവിടെയൊരു ചെറിയ ബിൽഡിംഗിന് അനുവാദം കിട്ടാൻ നമ്മളൊക്കെത്തന്നെ എത്രയോ തവണ നടന്നതല്ലേ? ഒരു ചെറിയ സ്കൂളിന്റെ ഒരു പോർഷൻ പണിതു കിട്ടാനായി എത്ര നടന്നതാണ്? ഇന്ന് സ്വന്തം വിഭവം അനുസരിച്ചു തന്നെ വളരെ മഹത്തായ സ്ഥാപനമായി മാറിക്കഴിഞ്ഞിരിക്കുന്നു. വളരെ അഭിമാനത്തോടുകൂടി ഞാൻ പറയുന്നു ഈ സർക്കാർ സ്കൂൾ Most Prestigeous School- എന്ന നിലയിലേയ്ക്ക് ഉയർന്നിരിക്കുന്നു. ഈ വലിയ മാറ്റം കൊണ്ടുവന്ന് അതിനാവശ്യമായ ധനം മാറ്റി വച്ച്, പൊതുപണം വളരെ ശരിയായ നിലയിൽ ചെലവാക്കാൻ താല്പര്യമെടുത്തിട്ടുള്ള ബഹുമാനപ്പെട്ട ടി. ശിവദാസമേനോനെ അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ ഡോ. കെ.സി. ജോസഫ്)

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 38 മാസം പിന്നിടുക

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ഈ കാലയളവിൽ സംസ്ഥാന ഭരണത്തിലുണ്ടായ പോരായ്മകൾ മുഴുവൻ പ്രതിഫലിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനുള്ള സമയ വുമില്ല. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിന്റെ അവസരത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പുറത്തിറക്കിയ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ഒരു കാര്യത്തിനും ക്രിയാത്മകമായി എന്തെങ്കിലും ചെയ്യാൻ കഴി ഞ്ഞിട്ടില്ല എന്നുള്ളത് കഴിഞ്ഞ ദിവസം ഇവിടെ നൽകിയ ഡിമാന്റ് ചർച്ചയുടെ മറുപടിയിൽ വ്യക്തമായിരുന്നു. തെരഞ്ഞെടുപ്പു പ്രകടന പത്രികയിലെ ഒരു വാചകം ഞാനിവിടെ വായിക്കാം. കേരളത്തിന്റെ സമഗ്ര വികസനം' ജനങ്ങ ളുടെ ജീവിതനിലവാരം ഉയർത്തൽ, അഴിമതിയ്ക്കെതിരെ ശക്തമായ നടപടി, വ്യവസായ കാർഷിക വികസനത്തിൽക്കൂടി പരമാവധി തൊഴിൽ സൃഷ്ടി ക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ നേടാൻ എൽ.ഡി.എഫ്. നടപടികൾ സ്വീകരി ക്കും. അത് എഴുതിയ മഷിയുടെ വിലയെങ്കിലും നിങ്ങൾ ഈ കാലയളവിൽ നൽകിയിട്ടുണ്ടോ? അതിന്റ കുറെ കാര്യങ്ങൾ ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞു. അഴിമതിയും സ്വജനപക്ഷപാതവും ധൂർത്തും ഈ സർക്കാരിന്റെ മുഖമുദ്ര യായി മാറിയിരിക്കുകയാണ്. മുഖ്യമന്ത്രിയടക്കം നിലവിൽ മന്ത്രിസഭയിലുള്ള മന്ത്രിമാരും സ്ഥാനമൊഴിഞ്ഞ മന്ത്രിമാരുമടക്കം പലർക്കുമെതിരെ അഴിമതി ആരോപണങ്ങൾ ഈ സഭാവേദിയിൽ ഉയർന്നുവന്നു. എന്തു പറഞ്ഞാലും ഞങ്ങൾക്കൊന്നുമില്ലെന്നുള്ള ധിക്കാരപരമായ നിലപാടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പല മന്ത്രിമാരും സ്വീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ മദ്യ നയം കേരളത്തെ വ്യാജമദ്യത്തിന്റെ നാടാക്കി മാറ്റി. സർക്കാരിന്റെ ഔദ്യോ ഗിക മദ്യം കഴിച്ചും വ്യാജമദ്യം കഴിച്ചും നിരവധിപേർ കൊല്ലപ്പെട്ടു, പലർക്കും അംഗവൈകല്യം സംഭവിച്ചു. ജീവിച്ചിരിക്കുന്ന മനുഷ്യക്കോലങ്ങളെ സൃഷ്ടി ക്കാനും കഴിഞ്ഞു. എക്സൈസ് ഡിമാന്റിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്ലാസ്റ്റിക് കവറിൽ വ്യാജമദ്യം വിൽക്കുന്ന കേന്ദ്രങ്ങൾ കാണിച്ചുതരാമെന്ന് ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചു. പക്ഷേ അദ്ദേഹം എന്റെ കൂടെ ഒരിടത്തും പരിശോധയ്ക്കു വന്നില്ല. എങ്കിലും പാളയത്തുനിന്നും എനിക്കു ലഭിച്ച പ്ലാസ്റ്റിക് കൂടിനകത്തെ ചാരായം മന്ത്രിയ്ക്ക് ഞാൻ നൽകു കയും മന്ത്രി നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി അവിടെനിന്നും വ്യാജമദ്യം കഴിഞ്ഞ ദിവസം കണ്ടെടുക്കുകയും ചെയ്തു. ഇത് സിറ്റിയിലെ ഒരു കേന്ദ്രത്തിലെ സ്ഥിതിയാണ്. ഇത്തരത്തിലുള്ള പതിനാ യിരക്കണക്കിന് കേന്ദ്രങ്ങൾ കേരളത്തിൽ ഇപ്പോഴുമുണ്ട്. തലസ്ഥാന നഗരി മദ്യം മാഫിയ സംഘങ്ങളുടെയും ഗുണ്ടകളുടെയും കയ്യിൽ അമർന്നിരിക്കുക യാണ്. ധൂർത്തും ധാരാളിത്തവും മറ്റൊരുഭാഗത്ത് കൊടിപിടിക്കുന്നു. കോടി കൾ മുടക്കി ലക്ഷ്വറി കാറുകൾ വാങ്ങുവാനും മന്ത്രിമാരുടെ വീടുകൾ മോടി പിടിപ്പിക്കുവാനും ഈ സർക്കാർ യാതൊരു മടിയും കാണിക്കുന്നില്ല. കേരള നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകൻ കൃഷ്ണകുമാറിനെതി രെയും മരുമകൻ കെ.സി. രവീന്ദ്രനെതിരെയും ആരോപണങ്ങൾ ഉയർന്നു വന്നു. മുഖ്യമന്ത്രി അധികാരം ദുർവിനിയോഗം ചെയ്ത് മകനും മരുമകനും ആനുകൂല്യങ്ങൾ ചെയ്തു കൊടുത്തുവെന്നും മകനെ വിതുര പെൺവാണിഭ കേസിൽനിന്നും രക്ഷപ്പെടുത്തി എന്നുള്ളതുമാണ് ഉയർന്നുവന്നിട്ടുള്ള ആക്ഷേപം. ആർ.സി.സി. യിൽ വഴിവിട്ടു നൽകിയ പരസ്യത്തെ സംബന്ധി ച്ചോ, 1980-ലെ വനസംരക്ഷണ നിയമം ലംഘിച്ചു മുഖ്യമന്ത്രിയുടെ മരുമകൻ കെ.സി. രവീന്ദ്രന് കുളത്തുപ്പുഴ റേഞ്ചിലെ ശംഖിലിക്കടവിൽനിന്നും മണൽ വാരാൻ അനുമതി നൽകിയതിനെ സംബന്ധിച്ചോ നിയമസഭയിൽ ഉയർന്നു വന്ന ആരോപണങ്ങൾക്ക് മുഖ്യമന്ത്രി ഇതുവരെ മറുപടി പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നെങ്കിലും ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ മറുപടി കേൾക്കാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. അതാണ് ചെയറിന് എഴുതിത്തന്നിട്ടുള്ള പ്രധാന പ്പെട്ട കാര്യം. കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായ ചില കാര്യങ്ങളാണ് ഇന്ന് ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. അന്ന് ബഹുമാന പ്പെട്ട വനം വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഏതോ ഒരു രവീന്ദ്രൻ എന്ന് ദ്ദേഹം പറയുകയുണ്ടായി. ആരാണ് ആ രവീന്ദ്രൻ എന്നുള്ള കാര്യം പറ ഞ്ഞില്ല. എന്റെ പ്രസംഗത്തിൽ കൃത്യമായി പറഞ്ഞ കാര്യത്തെ സംബന്ധിച്ച് മറുപടി ഉണ്ടായിട്ടില്ല. സംസ്ഥാന നിയമസഭ പാസ്സാക്കിയ കേരള ലോക് ആയുക്ത നിയമമനുസരിച്ച് മുഖ്യമന്ത്രിയുടെ നടപടികൾ അഴിമതിയും ശിക്ഷാർഹവുമാണ്. മരുമകനെ രക്ഷപ്പെടുത്താൻ മുഖ്യമന്ത്രി ബോധപൂർവം ശ്രമിച്ചു എന്നതിന്റെ തെളിവാണ് 23.2.1999-ൽ 3814-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയിട്ടുള്ള മറുപടി. സുപ്രീംകോടതി വിധിയും കേന്ദ്ര നിയ മവും നിലനിൽക്കുമ്പോൾ എന്തുകൊണ്ട് കരമന, കല്ലാർ, വാമനപുരം എന്നീ നദികളിൽനിന്നും മണൽ വാരാൻ അനുമതി നൽകി എന്നതാണ് ചോദ്യം. ആ ചോദ്യത്തിന് ഉത്തരമായി പറഞ്ഞിരിക്കുന്നത്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980-ൽ നിലവിൽ വരുന്നതിനുമുമ്പ് തന്നെ വനഭൂമിയിൽ ചില കടവു കളിൽനിന്നും മണൽ ശേഖരണം നടത്തിയിരുന്നു. എന്നാൽ റിട്ട് പെറ്റീഷൻ സിവിൽ 202/95-ാം നമ്പർ കേസ്സിൽ 12.12.1996-ൽ കേന്ദ്ര അനുമതി ഇല്ലാതെ വനഭൂമിയിൽ നടന്നു വരുന്ന എല്ലാ വനേതര പ്രവർത്തനങ്ങളും നിർത്തിവയ്ക്കാൻ ഇടക്കാല ഉത്തരവ് സുപ്രീംകോടതി പുറപ്പെടുവിക്കുകയു ണ്ടായി. ഈ സാഹചര്യത്തിൽ പാറ, മണൽ എന്നീ വ്യവസായത്തിൽ ഏർപ്പെ ട്ടിരിക്കുന്ന അനേകം പാവപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെ ന്നുള്ള സാഹചര്യം ഒഴിവാക്കിക്കിട്ടാൻ സമർപ്പിച്ച ധാരാളം നിവേദനങ്ങൾ പരിഗണിച്ചു. കേന്ദ്ര അനുമതിക്ക് പിന്നീട് അപേക്ഷിക്കാമെന്നുള്ള നിബന്ധന യിൽ സർക്കാരിന് മണൽ ശേഖരണത്തിന് അനുവദിക്കാം എന്നുള്ള നിയമോ പദേശം കണക്കിലെടുത്തും സർക്കാർ മണൽ വാരാൻ അനുമതി നൽകുകയു ണ്ടായി. എന്നാൽ ഈ ഉത്തരവ് പിൻവലിക്കണമെന്നുള്ള കേന്ദ്ര നിർദ്ദേ ശത്തെത്തുടർന്ന് അവ പിൻവലിക്കുകയും പിന്നീട് ഇത്തരം അപേക്ഷകളി ന്മേൽ മുൻകൂർ കേന്ദ്ര അനുമതി നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമ ന്ത്രിയുടെ മറുപടിയിൽ പറയുന്നത് നിരവധി അപേക്ഷകൾ ലഭിച്ചു എന്നാണ്. എങ്കിൽ എന്തുകൊണ്ട് 24.4.1998-ൽ കെ.സി. രവീന്ദ്രനും 27.3.1998-ൽ നൗഷാ ദിനും മാത്രം മണൽ വാരുവാനുള്ള അനുവാദം നൽകുകയും മറ്റുള്ളവർക്ക് നൽകാതിരിക്കുകയും ചെയ്തു? മുഖ്യമന്ത്രി മറുപടി പറയണം. സ്വജന പക്ഷ പാതം കാണിക്കുന്നതിന് യാതൊരു മടിയുമില്ലാത്ത സർക്കാരാണ് ഇപ്പോൾ ഭരിക്കുന്നത് എന്നതിന്റെ മറ്റൊരു തെളിവാണ് ഞാൻ ഇനി പറയാൻ പോകു ന്നത്. 23.3.1998-ൽ സി.സി.എഫ്-ന് നൗഷാദ്ഖാൻ നൽകിയ അപേക്ഷയാണ് സർക്കാരിൽ പോയി 27.3.1998-ൽ ഉത്തരവായി പുറത്തു വന്നത്. കേവലം മൂന്നു ദിവസം കെ.സി. രവീന്ദ്രൻ 23.4.1998-ൽ നൽകിയ അപേക്ഷ 29.4.1998-ൽ ഉത്തരവായി പുറത്തു വന്നു. പാവപ്പെട്ടവരുടെ ഒട്ടേറെ പ്രശ്നങ്ങൾ തീർപ്പാ കാതെ കിടക്കുമ്പോൾ മകനും മരുമകനും ബിനാമിക്കും വേണ്ടി റോക്കറ്റിന്റെ വേഗതയിൽ ഭരണം മുന്നേറുകയാണ്. മുഖ്യമന്ത്രിയടെ മറുപടിക്കായി മറ്റൊരു ചോദ്യം ചോദിക്കട്ടെ. റിട്ട് പെറ്റീഷൻ സിവിൽ 202/95-ാം നമ്പർ കേസ്സിൽ 12.12.1996-ൽ പുറത്തു വന്ന വിധിയിലും അഡ്വക്കേറ്റ് ജനറൽ 1997 ആഗസ്റ്റ് 7-ാം തീയതി രേഖാമൂലം സർക്കാരിന് നൽകിയ നിയമോപദേശത്തിലും കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി, വനം മന്ത്രാലയം 1998 ഫെബ്രുവരി മാസ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ നൽകിയ കത്തിലും കേന്ദ്രസർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ മണൽ വാരാൻ അനുവാദം കൊടുക്കരുതെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അതിനുശേഷം 27.3.1998-ലും 24.4.1998-ലും മണൽ വാരാൻ അനുമതി നൽകിയത് അഴിമതിയും സ്വജനപക്ഷപാതവുമല്ലേ? 12.12.1996-ൽ സുപ്രീംകോടതി വിധി, 7.8.1997-ൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം, 2/1997-ൽ കേന്ദ്ര സർക്കാർ അംഗീകരിച്ച കത്ത്, 6.3.1997-ൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്നു. അതിനുശേഷം 23.3.1998-ൽ നൗഷാദ്ഖാന്റെ അപേക്ഷ, 27.3.1998-ൽ സർക്കാർ അനുവാദം നൽകിക്കൊണ്ട് ഉത്തരവ് കൊടുത്തു. 23.4.1998-ൽ കെ.സി. രവീന്ദ്രന്റെ അപേക്ഷ, 29.4.1998-ൽ സർക്കാർ അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ്. ഇതിൽ നിന്നും ഒരു കാര്യം പ്രകടമായി വ്യക്തമാകുന്നത്, അഴിമതി നടത്തുന്നതിനും സ്വജന പക്ഷപാതം കാണിക്കുന്നതിനും ഈ സർക്കാരിന് യാതൊരു മടിയും ഇല്ല എന്നുള്ളതാണ്. ഇനി അഡ്വക്കറ്റ് ജനറലിന് ഈ കാര്യത്തിലുള്ള റോൾ എന്താണെന്ന് പരിശോധിക്കാം. 1998 ആഗസ്റ്റ് മാസം 7-ാം തീയതി രേഖാമൂലം നൽകിയ നിയമോപദേശത്തിൽ വനാതിർത്തിക്കുള്ളിൽനിന്നും മണൽ വാരുന്നത് നിയമവിരുദ്ധമെന്ന് പറഞ്ഞിരിക്കുന്നു. എ.ജി.യുടെ കത്ത് എന്റെ കൈവശമുണ്ട്. ഇതാണ് എ.ജി.യുടെ കത്ത്. അങ്ങനെ മണൽ വാരുന്നത് തെറ്റാണ് എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. പിന്നീട് 17 ദിവസങ്ങൾക്കു ശേഷം 24.8.1997-ൽ വാക്കാൽ നൽകിയ ഉപദേശത്തിൽ വനാതിർത്തിയ്ക്കുള്ളിൽ നിന്നും മണൽ വാരാമെന്ന് എ.ജി. നിയമോപദേശം നൽകിയിരിക്കുന്നു. ഇത്രയും പ്രഗത്ഭനായ ഒരു എ.ജി. യെ നമുക്കു കിട്ടുമോ? ഈ എ.ജി. യുടെ നിയമ പരിജ്ഞാനം ഗിന്നസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. കേരളം ഒട്ടേറെ അഡ്വക്കറ്റ്ജനറൽമാരെ കണ്ടിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഒരു അഡ്വക്കറ്റ് ജനറലിനെ നമുക്ക് ലഭിക്കുന്നത് കേരള ചരിത്രത്തിൽ ആദ്യമാണ്. അഡ്വക്കറ്റ് ജനറലിനെതിരെ ലോകായുക്തിൽ പരാതി സമർപ്പിക്കപ്പെട്ടു കഴിഞ്ഞു. 14.7.1999, ഇന്നലെ 2603-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയിരിക്കുന്ന മറുപടിയിൽ ഈ വാക്കാലുള്ള നിയമോപദേശം മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് പറഞ്ഞിരിക്കുന്നു. കേരളത്തിലെ പ്രമുഖ പത്രങ്ങൾ മുഖപ്രസംഗമടക്കം വാർത്തകൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. നിയമസഭാ വേദിയിൽ എ.ജി. ക്കെതിരെ നിരവധി ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇതെല്ലാമായിട്ടും എ.ജി. സമർത്ഥനാണെന്നാണ് മുഖ്യമന്ത്രിയുടെ ഭാഷ്യം. കാരണം കാട്ടിൽ ഇനിയും മണ്ണും കല്ലും തടിയുമൊക്കെയുണ്ട്. ഇതൊക്കെ കൈവശപ്പെടുത്തണമെങ്കിൽ ഇതുപോലെ നല്ല നിയമോപദേശവും ആവശ്യമാണ്. 'കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി' എന്നൊരു ചൊല്ലുണ്ട്. നിയമസഭയോട് ആദരവ് ഇല്ലായെന്നു മാത്രമല്ല അനാദരവ് കാണിക്കുകയും വസ്തുതകൾ ബോധപൂർവ്വം മറച്ചുവയ്ക്കുകയും ചെയ്യുന്ന മറ്റൊരു ഭരണകൂടം ഇതുവരെ ഉണ്ടായിട്ടില്ല. ഇതിന്റെ പ്രകടമായ തെളിവാണ്.....

<u>ശ്രീ. പി. രാഘവൻ</u> : സർ, ഞാൻ ക്രമപ്രശ്നം ഉന്നയിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പ്രസക്തമായി ഇവിടെ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡർ തന്നെയാണ് എനിക്കും ഉന്നയിക്കാനുള്ളത്. ശ്രീ. ടി.എം. ജേക്കബ് ഒരു സീനിയർ മെമ്പറാണ്. അദ്ദേഹത്തിന്റെ പ്രസംഗം മുഴുവൻ എഴുതി വായിക്കുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : ഇതിനകത്ത് ലറ്റർ നമ്പർ, ചോദ്യം നമ്പർ, തീയതി ഒക്കെയുണ്ട്. അതെല്ലാം ഓർമ്മയിൽനിന്ന് പറയാൻ പറ്റുക യില്ല.....ഇതിന്റെ പ്രകടമായ തെളിവാണ് 3.6.1999-ൽ 1015-ാം നമ്പർ ചോദ്യ ത്തിനും 9.4.1999-ൽ 1527-ാം നമ്പർ ചോദ്യത്തിനും നൽകിയിരിക്കുന്ന മറുപടി. ശംഖിലിക്കടവിൽ നിന്നും 1.4.1997 മുതൽ 31.3.1998 വരെ എത്ര ലോഡ് മണൽ വാരാനാണ് വനം വകുപ്പ് പാസ് നൽകിയിട്ടുള്ളത് എന്ന 9.4.1999-ലെ ചോദ്യ ത്തിന് ശംഖിലിക്കടവിൽ നിന്നും 1.4.1997 മുതൽ 31.3.1998 വരെ മണൽ നീക്കം ചെയ്തിട്ടില്ല എന്നാണ് മറുപടി പറഞ്ഞിരിക്കുന്നത്. 31.3.1998-നു ശേഷം നാളി തുവരെ ശംഖിലിയിൽ നിന്നും എത്ര ലോഡ് മണൽ വാരിയിട്ടുണ്ട് എന്നുള്ളത് വ്യക്തമാക്കാമോ എന്നുള്ള ചോദ്യത്തിന് 31.3.1998-നു ശേഷം ആകെ 102 ലോഡ്, 500 ക്യുബിക് മീറ്റർ മണൽ ശംഖിലിക്കടവിൽനിന്നും നീക്കം ചെയ്തി ട്ടുണ്ട് എന്നാണ് ഉത്തരം തന്നിട്ടുള്ളത്. ഓരോ കരാറുകാരനും എത്ര ക്യുബിക് മീറ്റർ വീതം മണൽ ശേഖരിച്ചിട്ടുണ്ട് എന്നുള്ള 30.6.1999-ലെ ചോദ്യത്തിന് നൗഷാദ്ഖാൻ 380 ക്യുബിക് മീറ്ററും കെ.സി. രവീന്ദ്രൻ 30 ക്യുബിക് മീറ്ററും വീതം മണൽ ശേഖരിച്ചിട്ടുണ്ട് എന്നാണ് ഉത്തരം. 1999, 4-ാം മാസത്തിൽ കെ.സി. രവീന്ദ്രൻ വാരിയത് 500 ക്യുബിക് മീറ്ററെന്നും 1999, 6-ാം മാസത്തിൽ 30 ക്യുബിക് മീറ്ററെന്നും ഉത്തരം നൽകിയിരിക്കുന്നു. ശംഖിലിക്കടവിനെ സംബന്ധിച്ച് ഏത് ഉത്തരമാണ് ശരി. അതിനെ സംബന്ധിച്ച് മുഖ്യമന്ത്രി വ്യക്തമാക്കണം. സർക്കാരിന്റെ 7312/സി2/97/എഫ്.ആന്റ്ഡബ്ലിയു.എൽ.ഡി. തീയതി 6.9.97 ഈ ഓർഡർ പ്രകാരം ശംഖിലിക്കടവ് അംഗീകരിച്ച കടവുകളിൽ ഉൾപ്പെടു ന്നില്ല. എന്നാൽ 3.4.1998-ലെ സർക്കാർ കത്ത് നം.18285/സി2/98/എഫ്. ആന്റ് ഡബ്ല്യു. എൽ.ഡി. ഇപ്രകാരം ശംഖിലിക്കടവിൽ നിന്നും മണൽ വാരാൻ അനുവദിച്ചു. മരുമ കന്റെ കാര്യം വന്നപ്പോൾ ചട്ടവും നിയമവുമൊന്നും ബാധകമല്ലെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മരുമകനുവേണ്ടി മാത്രം ഒരു ഉത്തരവ് പുറത്തിറക്കിയിരി ക്കുന്നു. 4800/ബി2/98/വനം തീയതി 27.3.1998 പ്രകാരമാണ് നൗഷാദ്ഖാന് കുളത്തു പ്പുഴ റേഞ്ചിലെ ചോഴിയക്കോട് എന്നകടവിൽ നിന്നും 5000 ക്യുബിക് മീറ്റർ മണൽ വാരാൻ അനുവാദം നൽകിയത്. എന്നാൽ നിയമസഭയിൽ ഈ കത്തിനെ സർക്കാർ ഉത്തരവ് എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഭരണത്തെ സംബ ന്ധിച്ച ബാലപാഠം അറിയാവുന്ന എല്ലാപേർക്കും കത്തും സർക്കാർ ഉത്തരവും രണ്ടാണെന്നു അറിയാം. നിയമസഭയെ ബോധപൂർവം തെറ്റിദ്ധരിപ്പിച്ചിരിക്കു ന്നു. പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്ററുടെ ഡി.പി.24/4/98-ലെ എഫ്.സി.2/13996/97-ാം നമ്പർ കത്ത് പ്രകാരം കെ.സി. രവീന്ദ്രന് കുളത്തുപ്പുഴ റേഞ്ചിലെ ശംഖിലിക്കടവിൽനിന്നും 12,000 ക്യുബിക് മീറ്റർ മണൽ വാരാനുള്ള അനുവാദം നൽകി. എന്നാൽ 30.6.1999-ലെ 1015-ാം നമ്പർ ചോദ്യത്തിന് തന്നി രിക്കുന്ന മറുപടിയിൽ സർക്കാർ പറഞ്ഞിരിക്കുന്നത് രണ്ടു അപേക്ഷയിലും കായങ്കുളം തെർമൽ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് മണൽ വാരുന്നതെന്ന്. എന്നാൽ ഇവിടെ നിന്നും ശേഖരിച്ച മണൽ തെർമൽ പ്ലാന്റിന് നൽകിയിട്ടില്ല. ഈ പെർമിറ്റ് മറിച്ചു വിറ്റ് കൊണ്ട് ലാഭം ഉണ്ടാക്കിയി രിക്കുന്നു. പെർമിറ്റിൽ പറഞ്ഞിരിക്കുന്നതിനെക്കാൾ കൂടുതൽ മണൽ ശേഖരി ച്ചിട്ടുണ്ട്. ഒരു ക്യുബിക് മീറ്റർ മണലിന് 81.70 രൂപ വച്ച് സർക്കാരിന് നൽകിയ തിനുശേഷം 283 രൂപ നിരക്കിൽ അത് മറിച്ചു വിറ്റ് ഈയിനത്തിൽ രവീന്ദ്രനു 33,93,548 രൂപയും നൗഷാദിന് 13 ലക്ഷത്തിലധികം രുപയും ലാഭം ഉണ്ടായി. ആ രണ്ടു പെർമിറ്റുകളും അനുവദിച്ച കാര്യത്തിൽ മുഖ്യമന്ത്രിയുടെ ഓഫീ സിൽനിന്നും അവിഹിതമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്. ഇതിന് നിഷ്പക്ഷ മായ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ? നിയമവും ചട്ടവും

ലംഘിച്ച് മണൽ വാരുന്നതിന് അനുമതി നൽകുന്നത് ശരിയാണോ? ഇതിന്റെ പിന്നിൽ ചീഞ്ഞു നാറുന്ന ഒട്ടേറെ കാര്യങ്ങൾ നിലനിൽക്കുന്നുണ്ട്.

ശ്രീ. കെ. പ്രകാശ് ബാബു : നിയമസഭയിൽ മന്ത്രിയോ മുഖ്യമന്ത്രിയോ ആരോ പറഞ്ഞ മറുപടിയിൽ സഭയെ തെറ്റിദ്ധരിപ്പിക്കത്തക്കവണ്ണം ഒരു മറുപടിയുണ്ടെങ്കിൽ അതിനുള്ള നടപടിക്രമം ഇതാണോ? അത് ആരോപണമായി സഭയിൽ ഉന്നയിക്കുന്നത് ശരിയാണോ? സഭയെ തെറ്റിദ്ധരിപ്പിക്കുന്ന മറുപടിയാണെങ്കിൽ അതിനുള്ള നടപടിക്രമം വേറെയല്ലേ?

മി. ചെയർമാൻ : സഭയിൽ പറഞ്ഞ മറുപടിയെ സംബന്ധിച്ച് തെറ്റിദ്ധാരണയുണ്ടെങ്കിൽ പ്രിവിലേജ് അനുസരിച്ച് നീക്കങ്ങൾ നടത്താം. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വച്ചുകൊണ്ട് വേറൊരു പോയിന്റ് സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാനുള്ള ശ്രമമാണിവിടെ നടക്കുന്നത്.

ശ്രീ. ടി.എം. ജേക്കബ് : കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം ഒരു ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ തയ്യാറാകണം. അതു സംബന്ധമായ തെളിവുകൾ നൽകാൻ നൗഷാദും ഫോറസ്റ്റ് ഉദ്യോഗസ്ഥരും തയ്യാറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ഒരു കാര്യം പറയട്ടെ. മുഖ്യമന്ത്രിയുടെ മരുമകൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കൊടുത്തിരിക്കുന്ന ഒരു അപേക്ഷയുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് കായംകുളം നാഷണൽ തെർമൽ പവർ കോർപ്പറേഷന് മണൽ നൽകുന്നതിനുള്ള ഒരു സബ് കോൺട്രാക്ടറായ എനിക്ക് വനംവകുപ്പിന്റെ തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള കുളത്തുപ്പുഴയിൽനിന്നും 12,000 ക്യൂബിക് മീറ്റർ മണൽ ശേഖരിക്കുന്നതിനുള്ള അനുവാദം തരണമെന്നാണ്. അതേ കൈപ്പടയിൽ തന്നെയാണ് നൗഷാദ് ഖാന്റെയും കത്തിൽ പറഞ്ഞിരിക്കുന്നത്. കയ്യക്ഷരം രണ്ടിനും ഒന്നാണെന്ന് ഞാൻ സംശയിക്കുന്നു. ഇത് അറിയണമെങ്കിൽ കയ്യക്ഷരം ഞാനോ മുഖ്യമന്ത്രിയോ നോക്കിയാൽ പോരാ. അത് വിദഗ്ദ്ധന്മാർ തന്നെ പരിശോധിക്കണം. അതു തന്നെയുമല്ല മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും നിരന്തരമായി സി.സി.എഫ്. ന്റെ ഓഫീസിൽ ശല്യപ്പെടുത്തിയെന്നു പറയുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രി തയ്യാറാകുമോ? അവിടെ ആരോ പറയുന്നതു കേട്ടു. ഞാൻ മുഖ്യമന്ത്രിയെ എന്തോ പറഞ്ഞുവെന്ന്. ഞാൻ മുഖ്യമന്ത്രിയെ വ്യക്തിപരമായി ഒന്നും പറഞ്ഞിട്ടില്ല. മുഖ്യമന്ത്രി എന്നുള്ള പദവി ഉപയോഗിച്ച് അങ്ങ് നടത്തിയ അധികാര ദുർവിനിയോഗത്തെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. എനിക്കെതിരെ കേസ്സ് എടുത്തതു കൊണ്ട് ഞാൻ പറയുന്നുവെന്ന് ചിലർ ഇവിടെ വ്യാഖ്യാനിക്കുന്നതുകേട്ടു. ഒരു കേസ്സല്ല ആയിരം കേസ്സ് എടുത്താലും എനിക്ക് ഒരു മടിയുമില്ല. കുരിയാർകുറ്റി-കാരപ്പാറയാണല്ലോ ആകെ എടുത്തിട്ടുള്ളത്. അതിന്റെ ഡോക്യുമെന്റ് ഇതുവരെ കോടതിയിൽ കൊടുക്കാൻ കഴിയാത്ത സർക്കാരാണല്ലോ അപ്പുറത്തിരിക്കുന്നത്. നിങ്ങൾ ഞങ്ങളോട് മനുഷ്യത്വം കാണിച്ചില്ലെങ്കിലും കാടത്തം കാണിക്കാതിരുന്നാൽ മതി. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയുന്നു, അങ്ങ് ഇതൊരു വ്യക്തിപരമായ വിരോധമായി എടുക്കരുത്. ദേശാഭിമാനി പത്രം കഴിഞ്ഞ ദിവസം ഒരു തുകയെ സംബന്ധിച്ച് ഒരു തർക്കം എഴുതിയിരുന്നു. 500 ക്യൂബിക് മീറ്റർ മണൽ വാരിയെന്ന് ഒരു ഉത്തരം. 30 ക്യൂബിക് മീറ്റർ വാരിയെന്ന് വേറൊരു ഉത്തരം. ഏതാണ് ശരി? ഇനി ദേശാഭിമാനിക്ക് തുകയെ സംബന്ധിച്ചാണ് തർക്കമെങ്കിൽ ഒരു അന്വേഷണം നടത്തി നമുക്ക് അത് തെളിയിക്കാം. ഇത് സ്വജനപക്ഷപാതവും അഴിമതിയും കുറ്റകരമായ അനാസ്ഥയുമാണ്. ഇതിനെക്കുറിച്ച് ഒരു ജുഡീ

LIBRARY ARCHIVES Kerala Legislative Assembly

ഷൽ എൻക്വയറി നടത്തണം. അതിന് നിങ്ങൾ തയ്യാറാകുന്നില്ലെങ്കിൽ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതിനെക്കുറിച്ച് ഞങ്ങൾക്ക് ആലോചിക്കേണ്ടി വരും. മുഖ്യമന്ത്രി ഇന്നെങ്കിലും ഇതിനൊരു മറുപടി നൽകും എന്നുള്ള പ്രതീക്ഷയിൽ ഞാൻ ഈ ധനവിനിയോഗബില്ലിനെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : ഈ ധനവിനിയോഗബില്ലിനെ ഞാൻ പിന്താങ്ങുന്നു. 1999-2000 സാമ്പത്തിക വർഷത്തേയ്ക്ക് 13,543,40,46,000 (പതിമൂവായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി മൂന്നു കോടി നാല്പതുലക്ഷത്തി നാല്പത്തി ആറായിരം) രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിയാണ് ഈ ബില്ലിലൂടെ നേടിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ശ്രീ. ജോർജ് ജെ. മാത്യു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കേരളത്തിലെ വ്യവസായ പുരോഗതിക്കു വേണ്ടി ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളെ വരിഞ്ഞു മുറുക്കണമെന്ന ആവശ്യ മാണ് ഉന്നയിച്ചിട്ടുള്ളത്. കേരളത്തിന് തനതായ ഒരു സാമ്പത്തിക പാരമ്പര്യം ഉണ്ട്. അടിച്ചമർത്തലുകൾക്കെതിരെ പോരാടി വളർത്തിയെടുത്ത ഒരു പാരമ്പ രൃമാണ്. ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളെ ആകെ വരിഞ്ഞു മുറുക്കണമെന്ന ശ്രീ. ജോർജ് ജെ. മാത്യൂവിന്റെ ആഗ്രഹം അദ്ദേഹത്തിന്റെ സ്വകാര്യ മോഹങ്ങ ളുടെ പ്രതിഫലനമായിട്ട് മാത്രമേ നമുക്ക് കാണാൻ കഴിയുകയുള്ളൂ. ബഹുമാ നപ്പെട്ട കെ.എം. മാണി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വികസനേതര കാര്യ ത്തിൽ കുറച്ചു കൂടുതൽ ഈ ഗവൺമെന്റ് ചെലവഴിച്ചുവെന്ന് പരാതിപ്പെടുക യുണ്ടായി. ശരിയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് നമ്മുടെ സംസ്ഥാ നത്തെ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പാക്കിക്കൊണ്ടിരുന്ന ക്ഷേമപ്ര വർത്തനങ്ങൾ ഒക്കെ നിർത്തലാക്കുകയും അവരെ ബുദ്ധിമുട്ടിക്കുകയും ചെയ്തിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യു.ഡി.എഫ്. ഗവണ്മെന്റ് നിർത്തലാക്കിയ ഒരുപാട് ക്ഷേമപദ്ധതികൾ തിരിച്ചുകൊണ്ടുവരു കയും അതിന് തുക വർദ്ധിപ്പിക്കുകയും മുടക്കം കൂടാതെ കൊടുക്കുകയും ചെയ്യുന്നു. അപ്പോൾ വികസനേതര കാര്യങ്ങൾക്ക് കൂടുതൽ തുക ഉണ്ടാകേ ണ്ടത് സ്വാഭാവികം മാത്രമാണ്. ഇവിടെ ബഹുമാനപ്പെട്ട കെ.എം. മാണിയു ടെയും ശ്രീ. ടി.എം. ജേക്കബിന്റെയും ഒക്കെ പ്രസംഗത്തിൽ ഏറ്റവും കൂടുതൽ പരാമർശിച്ചത് മന്ത്രി ഭവനങ്ങൾ നന്നാക്കിയതിലും വാഹനങ്ങൾ വാങ്ങുന്ന തിലും ഉണ്ടാകുന്ന ചെലവുകളെക്കുറിച്ചാണ്. ചെലവുകൾ പരമാവധി കുറ യ്ക്കണം എന്നുള്ള അഭിപ്രായം തന്നെയാണ് എനിക്കും ഉള്ളത്. പക്ഷേ ബഹുമാനപ്പെട്ട കെ.എം. മാണിക്കും ശ്രീ. ടി.എം. ജേക്കബിനും അത് പറയാ നുള്ള അർഹതയുണ്ടോയെന്നുള്ളതാണ് പ്രശ്നം. അവർ പറയുന്നത് ചെകു ത്താൻ വേദം ഓതുന്നതുപോലെയാണ്. യു.ഡി.എഫിന്റെ ഭരണ കാലത്ത് ആർഭാടത്തിന്റെ നെറുകയിൽ നൃത്തം ചെയ്ത മന്ത്രിമാർ ഇന്ന് ചെലവ് കുറ യ്ക്കണമെന്ന് പറയുന്നത് ആരെ ബോദ്ധ്യപ്പെടുത്താനാണ്? പണപ്പെരുപ്പവും തജ്ജന്യമായ വിലക്കയറ്റവും അത് സൃഷ്ടിക്കുന്ന അധിക ചെലവുകളും പരി ശോധിക്കുമ്പോൾ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും സാർവ്വത്രിക മായ ലളിതവൽക്കരണം ഏർപ്പെടുത്തിക്കൊണ്ടും മാത്രമേ ചെലവുകൾ നിയ ന്ത്രിക്കാൻ കഴിയുകയുള്ളൂ. ഓരോ വകുപ്പുകളും പാർശ്വവർത്തികളെ പ്രീണി പ്പിക്കുന്നതിന് നിയന്ത്രണമില്ലാത്ത ചെലവുകൾ വരുത്തിയാൽ ഈ നിയ ന്ത്രണരേഖയിൽ നമുക്ക് ഒതുങ്ങിനിൽക്കാൻ കഴിയുകയില്ല. ഓരോ വകുപ്പു കൾക്കും മാറ്റിവച്ചിട്ടുള്ള തുകയിൽത്തന്നെ മാനവസ്പർശമുള്ള ചെലവുകൾ മനുഷ്യസേവനമായ പ്രവൃത്തികൾ, ആ പ്രവൃത്തികൾക്ക് മുൻതൂക്കം നൽകു കയും അനാവശ്യവും അപ്രധാനവുമായ ചെലവുകൾ വെട്ടി ചുരുക്കുകയും വേണം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജീവിത ദർശനം നിഴലി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന സാമ്പത്തിക വ്യയ സമീപനം എല്ലാ തലത്തിലും കാത്തുസൂക്ഷിക്കുവാൻ നമുക്ക് കഴിയണം. സമാന്തരമായ ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ വികസനവും പുരോഗതിയും ഉറപ്പുവരുത്തുവാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ഒരു തെരഞ്ഞെടുപ്പിന്റെ ചൂടും ലഹരിയും ഉയരുന്ന ഒരു സന്ദർഭത്തിലാണ് ഇവിടെ ഈ ചർച്ച നടക്കുന്നത്. ബി.ജെ.പി. മുന്നണി ഭരണം ഉണ്ടാക്കിയ, ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന മുറിവ് ഇനിയും ഉണങ്ങിയിട്ടില്ല. അധഃസ്ഥിത പിന്നോക്ക വിഭാഗങ്ങളും ന്യൂനപക്ഷങ്ങളും ഉൾക്കിടിലത്തോടെയാണ് ഇവിടെ കഴിയുന്നത്. ഈ ജനവിഭാഗങ്ങളുടെ ഹൃദയ വികാരങ്ങൾ പങ്കുവയ്ക്കുവാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ബി.ജെ.പി. നേതൃത്വത്തിലുള്ള ഫാസിസ്റ്റ് വർഗ്ഗീയ ശക്തികളെ ചെറുത്തു തോൽപ്പിക്കുന്നതിനും അധികാരത്തിൽനിന്ന് അകറ്റി നിർത്തുന്നതിനും കഴിയണമെങ്കിൽ ബി.ജെ.പി. വിരുദ്ധ കക്ഷികൾ സ്വയം സൃഷ്ടിക്കുന്ന സങ്കൽപ്പ ഗോളത്തിൽ നിന്നും പുറത്തു വരാൻ കഴിയണം.

<u>ശ്രീ. കെ. ബാബു</u> : ബഹുമാനപ്പെട്ട റാവുത്തർ വർഗ്ഗീയതക്കെതിരായിട്ടാണ് സംസാരിക്കുന്നത്. നിങ്ങളുടെ പാർട്ടിയിൽ ഒരു വിഭാഗം ആളുകൾ ബി.ജെ.പി. യുമായി കൂടാൻ തീരുമാനിച്ചതായി പത്രവാർത്തകൾ വന്നിട്ടുണ്ട്. ബീഹാറിലും, കർണ്ണാടകത്തിലും, മുഖ്യമന്ത്രിയടക്കം നിങ്ങൾ ആരുടെകൂടെയാണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : ഞങ്ങളുടെ പാർട്ടിയിൽ അത്തരത്തിലുള്ള ഒരു പ്രശ്നവുമില്ല. ബി.ജെ.പി. യിലേക്ക് നാളെ ആരെങ്കിലും പോകുമെന്ന് ഇപ്പോൾ പറയുന്നതിൽ അർത്ഥമില്ല. നിങ്ങളുടെ പാർട്ടിയിൽ ഇന്നുള്ള മുഴുവൻ ആളുകളും നാളെ നിങ്ങളുടെ പാർട്ടിയിൽ ഉണ്ടാകുമെന്ന് പറയാൻ കഴിയുമോ? നിങ്ങളുടെ പാർലമെന്ററി പാർട്ടി ലീഡറായിരുന്ന ശ്രീ. ശരത് പവാർ ഇന്ന് എവിടെയാണ്? നിങ്ങൾക്ക് അതിന് മറുപടി പറയാൻ കഴിയുമോ? അത് പറയാൻ കഴിയുമോ? അത് പറയാൻ കഴിയില്ല. ദേശീയ തലത്തിൽ മുന്നണി വേണ്ടെന്നും പ്രാദേശികതലത്തിൽ അതാകാമെന്നുമുള്ള കോൺഗ്രസ്(ഐ) യുടെ നിലപാട് വിചിത്രമാണ്. ബി.ജെ.പി. മുന്നണി വിശ്വാസ വോട്ടെടുപ്പിൽ പരാജയപ്പെട്ടപ്പോൾ ഒരു മുന്നണി സർക്കാരിന് നേതൃത്വം നൽകാൻ കോൺഗ്രസ് തയ്യാറായിരുന്നുവെങ്കിൽ ഇന്ത്യൻ രാഷ്ട്രീയത്തിന്റെയും ഈ തെരഞ്ഞെടുപ്പിന്റെയും ചിത്രം മാറ്റി വരയ്ക്കപ്പെടുമായിരുന്നു. നിങ്ങൾ അതിന് തയ്യാറായില്ല. തെരഞ്ഞെടുപ്പിൽ കോൺഗ്രസുമായി സഹകരണം ഇല്ലെന്നും, അതിനുശേഷം സർക്കാർ ഉണ്ടാക്കുവാൻ തയ്യാറാണെന്നുമുള്ള നിലപാട് ശരിയല്ല. എനിക്ക് പറയാനുള്ളത് ഇവിടെ യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനമുണ്ടാകണം. ഇവിടെ ഇടതു മതേതര പാർട്ടികൾ അന്ന് എന്തു നിലപാടാണ് എടുത്തത്? അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽപ്പോലും ബി.ജെ.പി. യെ അധികാരത്തിൽനിന്ന് മാറ്റിനിർത്തുവാൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് ഉണ്ടാക്കുന്നതിന് സന്നദ്ധമായ സാഹചര്യത്തിൽ അന്ന് നിങ്ങൾക്കതിന് കഴിയാതെ വന്നപ്പോൾ നിങ്ങൾ ഇടതു മതേതര പാർട്ടികളിൽ ആർക്കെങ്കിലും വേണ്ടി ഒരു നിലപാടെടുക്കുവാൻ തയ്യാറായില്ല. ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് ഉണ്ടാകാനുള്ള സാഹചര്യം ഉണ്ടെങ്കിൽപ്പോലും ബി.ജെ.പി. യെ മാറ്റി നിർത്താൻ അങ്ങേയറ്റം പ്രവർത്തിച്ച ശ്രീ. ജ്യോതി ബാസു, പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടപ്പോൾ അതിനെ പിന്തുണയ്ക്കാൻപോലും നിങ്ങൾ തയ്യാറായില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. എന്താണ് നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലിരുപ്പ്. എന്താണ് നിങ്ങളുടെ സമീപനം? ഭരിക്കാൻ കഴിയുന്നില്ലെങ്കിൽ ബി.ജെ.പി. യാണെങ്കിലും അവിടെ ഇരുന്നോട്ടെ എന്നുള്ള, ആങ്ങള ചത്താലും വേണ്ടില്ല നാത്തൂന്റെ കണ്ണീരു കാണണം എന്നുള്ള നിലപാട് അല്ലേ കോൺഗ്രസ്സിനുള്ളത് എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങളുടെ നിലപാട് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ളതല്ല. ബി.ജെ.പി. യെ മാറ്റി നിർത്താൻ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം സ്വീകരിച്ചാൽ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളൂ. ഈ ദേശീയ സാഹചര്യത്തിൽ ഇന്ത്യയുടെ ഭദ്രത നിലനിർത്തുവാൻ ന്യൂനപക്ഷങ്ങളുടെ, പിന്നോക്ക വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ അടിസ്ഥാനപരമായ പ്രവർത്തനമാണ് ഇവിടെ നടത്തുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിനെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഈ സംസ്ഥാനത്തെ മുഴുവൻ ദുർബല ജനവിഭാഗങ്ങൾക്കും അനുകൂലമായി പ്രവർത്തിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടാണ്. ഈ ധനവിനിയോഗബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി.സി. കബീർ</u> : സർ, ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. സാമ്പത്തിക പ്രശ്നങ്ങളുടെ നടുവിലൂടെയാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. കഴിഞ്ഞ മൂന്നുവർഷം കൊണ്ട് എല്ലാ രംഗത്തും വളർച്ചയുടെയും വികസനത്തിന്റേയും നാഴികക്കല്ലുകളാണ് ഈ ഗവൺമെന്റ് പിന്നിട്ടിട്ടുള്ളത്. വികസനത്തിൽ പിശുക്ക് കാണിച്ചിട്ടേയില്ല. ജീവനക്കാർ സംതൃപ്തരാണ്. പിന്നെ പ്രതിപക്ഷം കുറ്റം പറയുമെന്നുള്ളത് ഞങ്ങൾ അവിടെയിരുന്നാലും പറയും, നിങ്ങൾ അവിടെ ഇരുന്നാലും പറയും.

<u>ശ്രീ. കെ.സി. ജോസഫ്</u> : അങ്ങ് സംസാരിക്കുമ്പോൾ ഈ മുൻനിരയിൽ ഒരൊറ്റ മന്ത്രിയില്ല, നിങ്ങളോടുള്ള അവഗണനയല്ലേ ഇത്? 14 പേരിൽ ഒരാളാണ് ഇവിടെ ഇരിക്കുന്നത്.

<u>ശ്രീ. വി.സി. കബീർ</u> : ബഹുമാനപ്പെട്ട മന്ത്രി ശ്രീ.രാധാകൃഷ്ണൻ ഇരുന്ന് എല്ലാം നോട്ട് ചെയ്യുന്നുണ്ട് ഒരു മന്ത്രി മതി.

<u>ശ്രീ. ജോസ് ബേബി</u> : ഇന്നലെ പ്രതിപക്ഷത്ത് ആകെ ആറ് ആളുകളാണ് ഉണ്ടായിരുന്നത്. ശ്രീ. കെ.സി. ജോസഫ് ഉൾപ്പെടെയുള്ളവർ പ്രസംഗിക്കുമ്പോൾ ആറേ ആറാളേ ഉണ്ടായിരുന്നുള്ളൂ. അത് ആരോടുള്ള അവഗണനയാണ്, നിയമസഭയോടുള്ള അവഗണനയല്ലേ?

<u>ശ്രീ. വി.സി. കബീർ</u> : 1983-ൽ അങ്ങ് സഭയിൽ ഉണ്ടായിരുന്നല്ലോ, '83-ൽ ഇപ്പോഴത്തെ പ്രതിപക്ഷം ഭരണകക്ഷിയായിരുന്നു. അന്ന് ഞാൻ അവരുടെ ഗവൺമെന്റിനെ വിമർശിച്ചിട്ടുണ്ട്. അവുക്കാദർ കുട്ടിനഹ തുടങ്ങിയ സീനിയർ മന്ത്രിമാർ കോഴിക്കോടൻ ഹലുവ മുറിച്ചതുപോലെയുള്ള മനോഹരമായ നീളൻ കാറുകളിലാണ് സഞ്ചരിക്കുന്നത് എന്ന് വിമർശിച്ച ആളുകളാണ്. ഇപ്പോൾ പറയുന്നു ഇത് ജനാധിപത്യത്തിലുള്ള വീക്നസ് ആണെന്ന്. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. പിന്നോക്കക്കാരോട് ഏറ്റവുമധികം പ്രതിബദ്ധതയുള്ളവരാണ് ഞങ്ങൾ. നായനാർ സർക്കാർ പിന്നോക്കക്കാർക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷെ ഏഴിയ ഇന്റൻസീവ് പ്രോഗ്രാം ഫോർ ബാക്ക്വേർഡ് മൈനോറിറ്റീസ് സ്കീം പ്രകാരം 1996-ൽ ബുദ്ധമതക്കാർക്കും, മുസ്ലീങ്ങൾക്കുംകൂടി അനുവദിച്ച അഞ്ചര കോടി രൂപ ആരാണ് സംസ്കരിച്ചത്; ഇരുട്ടത്തു വച്ചതാരാണ്? ശ്രീ. ശിവദാസമേനോൻ അല്ലെന്ന് എനിക്ക് അറിയാം. അദ്ദേഹത്തെക്കുറിച്ച് നന്നായിട്ട് അറിയുന്ന ആളാണ് ഞാൻ. അതിനുത്തരവാദികളായ ആളുകളെ കണ്ടുപിടിക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടതുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആയിരിക്കില്ല എന്ന് എനിക്കറിയാം. പക്ഷെ ആ സംഖ്യ പാവപ്പെട്ട മുസ്ലീം കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പ്രയോജനപ്പെടുത്താതെ വന്നത് വലിയ ഒരു ക്ഷീണമായിട്ടുണ്ട്. എന്നാലും ഗവൺമെന്റ് അത് പരിഹരിക്കും എന്നുള്ള കാര്യത്തിൽ എനിക്ക് ശുഭാപ്തിവിശ്വാസമുണ്ട്. നമ്മുടെ നാട് ഇന്ന് എവിടെ എത്തി നിൽക്കുന്നു, പ്രസിദ്ധ സിനിമാനടനായ ദീലീപ് കുമാറിനെയും കുടുംബത്തെയും ബി.ജെ.പി. മുന്നണിയിൽ പങ്കാളിയായ, ബി.ജെ.പി.-യെ റിമോട്ട് കൺട്രോളിലൂടെ ഭരിക്കുന്ന ശിവസേനാ മേധാവി ശ്രീ. ബാൽ താക്കറെ, അദ്ദേഹത്തിന് പാകിസ്ഥാനിൽനിന്നും കിട്ടിയ അവാർഡ് തിരിച്ചുകൊടുക്കണം അല്ലെങ്കിൽ തട്ടിക്കളയുമെന്നുള്ള മട്ടിൽ ഈ ശിവസേനാ മേധാവിയുടെ നീരാളിപ്പിടുത്തത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കാൻ എന്തെങ്കിലും ചെയ്യാൻ ഈ ഗവൺമെന്റിന് പ്രധാനമന്ത്രിയോട് പറയാൻ സാധിക്കണമേ എന്നാണ് എന്റെ അപേക്ഷ. 'അവളെ പേടിച്ചാരും നേർവഴി നടക്കില്ല' എന്നു പറയുന്നതു പോലെ വായ് തുറന്ന് സംസ്ഥാനത്തെ വിഴുങ്ങാനിരിക്കുന്ന ശിവസേനാ മേധാവി, അദ്ദേഹത്തിന്റെ ദൃഷ്ടികൾ ഇനി കേരളത്തിലേക്ക് വന്നുകൂടായ്കയില്ല എന്നാണ് ഞാൻ ഭയപ്പെടുന്നത്. 'ഉപ്പുതിന്നുന്നവൻ വെള്ളം കുടിക്കും' എന്ന് ബഹുമാനപ്പെട്ട ആന്റണി പണ്ടും പറഞ്ഞിട്ടുണ്ട്. ഞാൻ ആ ഒരു വരിയിൽ നിർത്തുന്നു. പ്രധാനമന്ത്രിയുടെ കാൽക്കൽ വീണ് ദിലീപ് കുമാർ രക്ഷിക്കണമേ എന്ന് കേണപേക്ഷിക്കുകയാണ്. എന്നെയും എന്നെപ്പോലുള്ളവരെയും രക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് പ്രധാനമന്ത്രിയെ സമീപിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതി പുകവലി നിരോധനം ഏർപ്പെടുത്തി. നല്ല ഒരു കാര്യമാണ്. അതിനെത്തുടർന്ന് രണ്ടുലക്ഷത്തോളം തൊഴിലാളികൾ പട്ടിണിയിലാകാൻ പോകുകയാണ്. ബീഡി തൊഴിലാളികളെയും, ചുരുട്ടു തൊഴിലാളികളെയും പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ ഗവമൺമെന്റ് ഒരു തീരുമാനമെടുക്കണം. അതോടൊപ്പംതന്നെ ഈ നിയമസഭാ പരിസരത്ത് ഒരു സ്മോക്ക് ഹൗസും ഏർപ്പെടുത്തണം. അത് സ്പീക്കറുടെ പരിമിതിയിൽപ്പെട്ടതാണ്. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനെ എല്ലാ വിധത്തിലും പിൻതുണച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ഇവിടെ ആര് എന്തുപറഞ്ഞാലും ഈ ഗവൺമെന്റ് അഴിമതി നിരോധന നടപടികൾ സ്വീകരിച്ചു മുന്നോട്ടുപോകുകയാണ്. അഴിമതി നിർമ്മാർജ്ജനമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. തെരഞ്ഞെടുപ്പ് മുൻപിൽ കണ്ടുകൊണ്ട് ഇമ്മാതിരിയുള്ള അടിസ്ഥാനരഹിതമായ ഇമ്പാച്ചിക്കളിയൊന്നും വേണ്ട. പ്രതിപക്ഷത്തിന്റെ ഈ ജൽപ്പനങ്ങൾ വെറും തട്ടിപ്പാണ്. അതുകൊണ്ടൊന്നും കേരളീയർ കുലുങ്ങാൻ പോകുന്നില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞകാല ഗവൺമെന്റിലെ എത്രയോ മന്ത്രിമാർ അഴിമതിയാരോപണങ്ങളുടെ കേസ്സിൽ കിടന്ന് ഞെളിപിരികൊള്ളുകയാണ്. ഇവരുടെ ഭരണകാലത്ത് നടന്നിട്ടുള്ള ഒരു കാര്യമുണ്ട്. നമ്മുടെ നാട്ടിലെ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനെന്ന പേരിൽ പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ വ്യാജമായി അപേക്ഷ തയ്യാറാക്കി, സ്ത്രീകളുടെ അപേക്ഷയിൽ പുരുഷൻമാർ ഒപ്പിട്ട്, പുരുഷൻമാരുടെ അപേക്ഷയിൽ സ്ത്രീകൾ ഒപ്പിട്ട് ആ കോർപ്പറേഷനെ തന്നെ അഴിമതി കേന്ദ്രമാക്കി. ഇന്നും അന്വേഷണം നടക്കുന്നു. അപ്പോൾ നിങ്ങളുടെകാലത്ത് പിന്നോക്ക വിഭാഗ ധ്വംസനമായിരുന്നുവെങ്കിൽ ഈ ഗവണ്മെന്റ് പിന്നോക്ക വിഭാഗസംരക്ഷണമാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ന്യൂനപക്ഷവിഭാഗങ്ങളുടെ അവകാശം സംരക്ഷിക്കുന്ന കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുമല്ലാതെ വേറെ ആരുണ്ട്? ഒറ്റ ഉദാഹരണം പറയാം. ബാബറി മസ്ജിദ് പൊളിച്ചു. അപ്പോൾ ആരാണ് ഭരിച്ചത്? അത് പൊളിച്ചപ്പോൾ ശ്രീ. നരസിംഹറാവുവല്ലേ ഭരിച്ചിരുന്നത്. ആ കോൺഗ്രസ് ഗവൺമെന്റ് അതിന് കൂട്ടുനിന്നില്ലേ? അപ്പോൾ അഴിമതി മാത്രമല്ല, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും ശ്രമിച്ചു. നിങ്ങളെ ശക്തിപ്പെടുത്താൻ ലീഗ് നേതൃത്വവും നിന്നുവെന്നുള്ളത് വേറെ കാര്യം. ലീഗ് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നുവെന്നുള്ള വാദഗതിക്ക് പ്രസക്തിയില്ലെന്ന് ഈ സംഭവത്തോടെ തെളിയിച്ചിട്ടുള്ളതാണ്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ എത്രയോ മുൻപന്തിയിലാണ്. ഇപ്പോൾ മൂന്നുകൊല്ലക്കാലത്തിനിടയ്ക്ക് വല്ല പ്രശ്നവുമുണ്ടോ? ഇല്ല. അതുപോലെതന്നെ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കടുത്ത സാമ്പത്തിക അച്ചടക്കത്തോടുകൂടിയാണ്മുന്നോട്ടു പോകുന്നത്. അഴിമതിയില്ലെന്നു മാത്രമല്ല, ന്യൂനപക്ഷങ്ങളെ ദ്രോഹിക്കാതെ സംരക്ഷിക്കുന്നുവെന്നു മാത്രമല്ല, കർശനമായ സാമ്പത്തിക അച്ചടക്കംകൂടി പാലിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്.

ഇവിടെ ആരോ പറഞ്ഞല്ലോ സഭയിൽ ഒരു മന്ത്രിയേ ഉള്ളൂവെന്ന്. ഒരു മന്ത്രി മതി. അത് ഈ ഗവൺമെന്റിന്റെ പ്രതിനിധിയാണ്. ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ഇവിടെ ഇരിക്കാൻ ഒരു മന്ത്രിമതി. ഈ ഗവൺമെന്റിലെ മന്ത്രിമാർ കൂട്ടുത്തരവാദിത്വത്തോടുകൂടിയാണ് മുന്നോട്ടുനീങ്ങുന്നത്.

നിങ്ങൾ ഇറങ്ങിപ്പോകുമ്പോൾ ചാരായനിരോധനം കൊണ്ടുവന്നു. അതേസമയത്ത് വിദേശമദ്യം നിങ്ങൾ നിരോധിച്ചതുമില്ല. അതിന്റെ ഫലമായി എന്തുണ്ടായി? 300 കോടിയിലധികം രൂപ റവന്യൂ വരവിൽ നമുക്ക് കമ്മി വന്നില്ലേ? റവന്യൂ വരുമാനം നഷ്ടപ്പെട്ടില്ലേ? എന്നാലും പിന്നീട് വന്ന ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ആ വെല്ലുവിളി ഏറ്റെടുത്ത് ധീരമായ നടപടികളെടുത്തു. 25,000 മദ്യവ്യവസായത്തൊഴിലാളികൾക്ക് നിങ്ങൾ തൊഴിൽ ഇല്ലാതാക്കിയില്ലേ? അവരെ ഈ ഗവൺമെന്റ് സംരക്ഷിച്ചു. 30,000 രൂപ വീതം അവർക്ക് കൊടുത്തു. അത് മതിയെന്നല്ല. അവർക്ക് പിന്നെയും അവശതകളുണ്ട്. തൊഴിലില്ലാതെ ആ കുടുംബങ്ങളെ പട്ടിണിയ്ക്കാക്കിയത് നിങ്ങളാണെങ്കിൽ അവരെ സംരക്ഷിക്കാൻ കൈത്താങ്ങ് കൊടുത്തത് ഈ ഗവൺമെന്റാണ്. ഇനിയും അവർക്ക് എന്തെങ്കിലും ഈ ഓണക്കാലത്തോടുകൂടി കൊടുക്കും. അത് വേറെ കാര്യം.

പെൻഷനും ക്ഷേമനിധിയും നടപ്പിലാക്കി ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നു. അതുപോലെതന്നെ ശമ്പള പരിഷ്കരണം നടപ്പിലാക്കി. വ്യാപകമായ നികുതി പിരിവിലൂടെ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ വീർപ്പുമുട്ടിക്കുന്നില്ല. ഉപ്പിനുവരെ നികുതി ചുമത്തിയ ആളുകളാണ് നിങ്ങൾ.

<u>ശ്രീ. ജോണി നെല്ലൂർ</u> : നിങ്ങൾ കുടമ്പുളിക്ക് നികുതി കൊണ്ടുവരികയില്ലേ?

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : അതിനെക്കുറിച്ചൊന്നും പറയുന്നില്ല. നിങ്ങളുടെ നേതാവ് ശ്രീ. ടി.എം. ജേക്കബ് മന്ത്രിയായിരുന്നപ്പോൾ അഴിമതിയാരോപണം വന്നു. 35 എഞ്ചിനീയർമാരെ സസ്പെൻഡ് ചെയ്തു. 35 ദിവസം കഴിയുന്നതിനുമുൻപുതന്നെ അന്വേഷണമില്ലാതെ അവരെ റീഇൻസ്റ്റേറ്റ് ചെയ്തില്ലേ? അന്വേഷണത്തിലിരിക്കുന്ന ആളുകളുടെ റിപ്പോർട്ട് കിട്ടിയാൽ

LIBRARY ARCHIVES Kerala Legislative Assembly

ആ നിമിഷംതന്നെ അവരെയെല്ലാം സസ്പെൻഡ് ചെയ്തുകൊണ്ട് അന്വേഷണം നടത്തുന്നതിനുള്ള നടപടിയാണ് ഈ ഗവൺമെന്റ് എടുക്കുന്നത്. അല്ലാതെ 35 ദിവസത്തിനകം അഴിമതിയാരോപണത്തിന് വിധേരായിട്ടുള്ള ആളുകളെ റീഇൻസ്റ്റേറ്റ് ചെയ്യുന്ന നടപടി ഈ ഗവൺമെന്റിനില്ല.

പോലീസ് നയങ്ങൾ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആഭ്യന്തരവകുപ്പിന്റെ ക്രമസമാധാന പാലനത്തിൽ വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അതേയവസരത്തിൽത്തന്നെ വനിതാ പോലീസുകാർക്ക് കൂടുതൽ സംരക്ഷണവും അവരുടെ ഡ്യൂട്ടിക്ക് റൊട്ടേഷൻ ഏർപ്പെടുത്താൻ വേണ്ടിയുള്ള നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഈ കാര്യത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാർഷികമേഖല വിപുലപ്പെടുത്തി വ്യാവസായികമേഖലയുടെ ക്രമാനുഗതമായ വളർച്ചയിലേയ്ക്ക് നമ്മൾ നീങ്ങുന്നു. നിങ്ങളുടെകാലത്ത് ലേബർ ഡിപ്പാർട്ടുമെന്റ് യഥാർത്ഥത്തിൽ ഒരു കുത്തഴിഞ്ഞ പുസ്തകമായിരുന്നു. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കാലത്ത് കുറെ നടപടികളെടുത്തുവെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ അതിനു മുൻപുള്ള സ്ഥിതി വ്യത്യസ്തമായിരുന്നു. നമ്മുടെ കുടിയേറ്റത്തൊഴിലാളികളെ, മറ്റു സംസ്ഥാനങ്ങളിൽനിന്ന് വന്ന് ജോലി ചെയ്യുന്ന ആളുകളെ സംരക്ഷിക്കാനും സഹായിക്കാനും അവരുടെ ക്ഷേമകാര്യങ്ങൾ അന്വേഷിക്കാനുമുള്ള ഉദ്യോഗസ്ഥൻമാർ അതാത് സംസ്ഥാനത്തുപോയി ആ കാര്യങ്ങൾ ചെയ്യുന്നുവെന്നുള്ള പുതിയൊരു മുന്നേറ്റം നമ്മുടെ തൊഴിൽവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ആഫ്രിക്ക, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ വ്യവസായത്തെ സംബന്ധിച്ചിടത്തോളം പഠിക്കാനായി സാങ്കേതികവിദഗ്ദ്ധരെ അയച്ച് വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. തെരഞ്ഞെടുപ്പ് മുന്നിൽകണ്ടുകൊണ്ട് ചെപ്പടിവിദ്യകാണിച്ച് വിരട്ടാമെന്ന് നോക്കണ്ട. ആ വേല കൈയിലിരിക്കട്ടെയെന്ന് പ്രതിപക്ഷത്തെ ഓർമ്മിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

[1 pm]

<u>ശ്രീ. എൻ. കണ്ണൻ</u> : സർ, ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഈ രാജ്യത്തിലെ ഭൂരിപക്ഷം വരുന്ന ജനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ കാലമത്രയും നമ്മുടെ സംസ്ഥാനം ഭരിച്ച ഗവൺമെന്റുകൾക്ക് ചെയ്യാൻ കഴിയാത്ത ഒട്ടനവധി പ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ആ ഗവൺമെന്റ് പണം ചെലവഴിച്ച മേഖലയെ സംബന്ധിച്ച് ഇവിടെ സംസാരിച്ച ആളുകളെല്ലാം സൂചിപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ചൊന്നും അവർക്ക് ആക്ഷേപമുന്നയിക്കാൻ കഴിഞ്ഞില്ല. എന്നു മാത്രമല്ല നമ്മുടെ കേരള സംസ്ഥാനത്തെ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട മാണി സാർ പറഞ്ഞത് ജനകീയാസൂത്രണ പ്രസ്ഥാനം നടപ്പിലാക്കുന്നതിനുവേണ്ടി ഒരു കോടിയിലധികം രൂപയുടെ പ്രസിദ്ധീകരണങ്ങൾ അടിച്ചുവെന്നാണ്. അത് അടിക്കണ്ടേ? കേരള സംസ്ഥാനത്തു മാത്രമല്ല, ലോകത്തിനുതന്നെ മാതൃകയായിക്കൊണ്ട് 40 ശതമാനം അധികാരം നമ്മുടെ രാജ്യത്തെ സാധാരണ ജനങ്ങളിലേയ്ക്ക് എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി ഒട്ടനവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്. ആ ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ അടിച്ചുവെന്ന് പറയുമ്പോൾ നമുക്കറിയാം. ആയിരത്തില

LIBRARY ARCHIVES Kerala Legislative Assembly

ധികം പഞ്ചായത്തുകൾ നമ്മുടെ കേരളത്തിലുണ്ട്. ആ പഞ്ചായത്തുകളെയും ജനങ്ങളെയും കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി പണം ചെലവഴിക്കണ്ടെന്നാണോ നിങ്ങൾ പറയുന്നത്? അതിനുവേണ്ടിയാണ് പണം വിനിയോഗിച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക്, പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക്, മറ്റു പിന്നോക്ക പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക്, കശുവണ്ടി, കയർ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക്, മത്സ്യമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളടക്കം ഒട്ടനവധി ക്ഷേമനിധികളും ക്ഷേമപദ്ധതികളും കൊണ്ടുവന്ന ഗവൺമെന്റിനെയാണോ നിങ്ങൾ എതിർക്കുന്നത്? അതിനെ എതിർത്തുവെന്നു മാത്രമല്ല കർഷകത്തൊഴിലാളികൾക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും പെൻഷനടക്കം തടഞ്ഞുവച്ച ഗവൺമെന്റാണ് നിങ്ങളുടെ ഗവൺമെന്റ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് വരുന്നതിനു മുൻപുള്ള കാലം പരിശോധിച്ചപ്പോൾ 21 മാസത്തെ പെൻഷൻ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. അതു മാത്രമല്ല 10 കോടി രൂപയാണ് നമ്മുടെ സംസ്ഥാന ഖജനാവിൽനിന്ന് കർഷകത്തൊഴിലാളികളുടെ ക്ഷേമനിധിയിലേയ്ക്ക് ഗവൺമെന്റ് കൊടുത്തത്. അപ്പോൾ ആ രീതിയിലുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഗവൺമെന്റ് അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ എങ്ങനെയാണ് നിങ്ങൾക്ക് എതിർക്കാൻ കഴിയുക? കർഷകത്തൊഴിലാളികളുടെ ക്ഷേമനിധിയെപ്പോലും അവഗണിച്ചവരാണ് നിങ്ങൾ. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി കഴിഞ്ഞ കാലത്ത് നിങ്ങൾ ഒന്നും ചെയ്തിട്ടില്ല. 1997-98-ലെ പദ്ധതി വിഹിതത്തിൽ ഏകദേശം 347 കോടിരൂപ ഈ മേഖലയിലാണ് ഗവൺമെന്റ് ചെലവഴിച്ചത്. 1998-99 കാലഘട്ടത്തിൽ 351.50 കോടി രൂപയും 1999-2000 വർഷത്തിൽ 360 കോടി രൂപയും പദ്ധതിവിഹിതമായി ഏകദേശം 12 ശതമാനത്തോളം വരുന്ന തുക പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു ചെലവഴിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. കഴിഞ്ഞ രണ്ടുകൊല്ലംകൊണ്ട് ഈ വിഭാഗത്തിൽപ്പെട്ടവർക്കു വീടുവച്ചു കൊടുക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിയുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട പതിനേഴ് പഞ്ചായത്തുകളിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് വീട് വച്ചു കൊടുക്കുന്നതിനുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തി. സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് അഞ്ചുലക്ഷം വീടുകൾ വച്ചു കൊടുക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി 950 കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുകയുണ്ടായി. 1947-നു ശേഷം ഇത്രയധികം കുടിവെള്ള പദ്ധതികളുണ്ടായ ഒരു കാലഘട്ടവുമുണ്ടായിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ രൂപത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതിന്റെ അസൂയയാണ് അപ്പുറത്തുള്ളവർ കാണിക്കുന്നത്. ആ സർക്കാരിനു ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെയ്തതുകൊണ്ട് അസൂയപ്പെട്ടിട്ട് കാര്യമില്ല. നിങ്ങൾക്ക് ജനങ്ങൾക്കുവേണ്ടി പണം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടിയാണ് പണം ചെലവഴിക്കുന്നത്. നിങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുവേണ്ടി മാറ്റിവച്ചിരുന്ന 150 കോടി രൂപയാണ് ലാപ്സാക്കിക്കളഞ്ഞത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പണം നിങ്ങൾ വക മാറ്റി ചെലവഴിച്ചു. ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന്റെ മൂന്നു കൊല്ലക്കാലത്തെ ബാലൻസ് ഷീറ്റ് പരിശോധിച്ചാൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗങ്ങൾക്കുവേണ്ടി കൊടുത്ത 98 ശതമാനത്തോളം തുകയും ചെലവഴിച്ച തായി കാണാം. ഡോ. കുട്ടപ്പൻ സംസാരിച്ചപ്പോൾ അധികാര വികേന്ദ്രീകരണ ത്തിന്റെ ഫലമായി പട്ടികജാതി- പട്ടികവർഗ്ഗക്കാർ അവതാളത്തിലായി എന്നു പറഞ്ഞു. ബഹുമാനപ്പെട്ട കുട്ടപ്പൻ ഒരു കാര്യം മനസ്സിലാക്കണം. കഴിഞ്ഞ കാലത്തിന്റേതിൽനിന്നും വ്യത്യസ്തമായി ഒട്ടനവധി ആനുകൂല്യങ്ങൾ കഴിഞ്ഞ മൂന്നുകൊല്ലമായി നമ്മുടെ സംസ്ഥാനത്ത് അവർക്കുവേണ്ടി നടപ്പാ ക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ സമരം ചെയ്തിട്ടാണ് ഇവിടത്തെ വ്യവസായങ്ങൾ പൂട്ടുന്നത് എന്നു പറഞ്ഞു. കഴിഞ്ഞ മൂന്നു കൊല്ലമായി കേര ളത്തിൽ തൊഴിലാളികൾ സമരം ചെയ്ത് എവിടെയെങ്കിലും വ്യവസായം പൂട്ടി യതായി പറയാൻ കഴിയുമോ? എന്തുകൊണ്ടാണ് വ്യവസായശാലകൾ പൂട്ടു ന്നത്. 1991-ൽ നരസിംഹറാവു അനുവർത്തിച്ചുവന്ന തെറ്റായ സാമ്പത്തികനയ ത്തിന്റെ ഭാഗമായിട്ടാണ് നമ്മുടെ രാജ്യത്ത് വ്യവസായസ്ഥാപനങ്ങൾ പൂട്ടുന്ന ത്. തൊഴിലാളികളുടെ അനാസ്ഥ കൊണ്ടാണ് വ്യവസായശാലകൾ പൂട്ടുന്നത് എന്നാണ് ഇവർ പറഞ്ഞുപരത്തുന്നത്. ആ സ്വഭാവം നിങ്ങൾ അവസാനി പ്പിക്കണം. ഈ രാജ്യത്ത് കൃഷിയും വ്യവസായവും വളർന്നുവരുന്നതിനാണ് ഈ ഗവൺമെന്റ് മുൻതൂക്കം കൊടുക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ആവശ്യ മുള്ള വൈദ്യുതി ഉൽപ്പാദിപ്പിച്ചില്ലേ? നിങ്ങൾ അഞ്ചുകൊല്ലം ഭരിച്ചതുപോലെ യല്ല. അഞ്ചുകൊല്ലം ഭരിച്ചപ്പോൾ 17 മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പി ച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മൂന്നു കൊല്ലം കൊണ്ട് 422 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. രണ്ടായിരാമാണ്ടാകുമ്പോഴേക്കും കേരളത്തിനു ആവശ്യമുള്ള മുഴുവൻ വൈദ്യുതിയും ഉൽപ്പാദിപ്പിക്കാനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നു. ഈ കാര്യങ്ങൾ അംഗീകരിക്കാൻ നിങ്ങൾ തയ്യാറല്ല എന്നു മാത്രമല്ല വളരെ അപഹാസ്യത്തോടെയാണ് ഇതെല്ലാം കാണുന്നത്. അതെല്ലാം അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം. ഈ ഗവൺമെന്റ് നടപ്പിലാക്കിയ റോഡുകളുടെയും പാലങ്ങളുടെയും കണ ക്കുകൾ പൊതുമരാമത്തു വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ക്രമസമാധാന ത്തിന്റെ കാര്യത്തിൽ മൂന്നു കൊല്ലമായി കേരളത്തിന്റെ സ്ഥിതിയെന്താണ്? നിങ്ങൾ അഞ്ചു കൊല്ലം ഭരിച്ചപ്പോൾ കേരളത്തിന്റെ സ്ഥിതിയെന്തായിരുന്നു. നിങ്ങൾ അഞ്ചുകൊല്ലം ഭരിച്ചപ്പോൾ നൂറ്റി ഇരുപത്തിരണ്ടോളം വരുന്ന ഒടി വയ്പ് കേസ്സുകൾ നിങ്ങളുടെ കാലത്തുണ്ടായി. ഇരുപത്തിരണ്ടു മനുഷ്യരാണ് ഇവിടെ വെടിയേറ്റു മരിച്ചത്. 1992 ഡിസംബർ 6-ാം തീയതി മാത്രം പതിനെട്ടു മനുഷ്യജീവൻ നഷ്ടപ്പെട്ടു. എന്നിട്ടും നിങ്ങൾ പറയുന്നത് സ്വജന പക്ഷപാത മാണ്. ശ്രീ. തിരുവഞ്ചൂരിന് കാളമുരുകനെ അറിയില്ലേ, നിങ്ങൾ പത്രത്തിൽ വായിച്ചുകാണും. നിങ്ങളുടെ ഭരണകാലത്ത് സെക്രട്ടറിയേറ്റിനു മുക്കിനുതാഴെ മുരുകനോ കാളയോ ഏതൊക്കെയൊ ഓടിച്ചു നടന്നു. അത്തരം കാര്യങ്ങളിൽ പ്രോത്സാഹനം കൊടുക്കുന്ന ഭരണമല്ലേ നിങ്ങൾ നടത്തിയിരുന്നത്. ഇപ്പോൾ അതുണ്ടോ? നിങ്ങൾ പരിശോധിക്കൂ. തിരുവനന്തപുരത്തല്ല കേരള സംസ്ഥാന ത്താകെയുണ്ടോ എന്നു പരിശോധിക്കൂ. ഇവിടെ ഇപ്പോൾ വർഗ്ഗീയ കലാപങ്ങ ളുണ്ടോ? നിങ്ങളുടെ കാലത്ത് വർഗ്ഗീയ കലാപങ്ങൾ എത്രയാണ് നടന്നത്. ഇരുവിഭാഗത്തിലുംപെട്ട ആളുകളെ അങ്ങോട്ടും ഇങ്ങോട്ടും മാറ്റിനിറുത്തി കലാപമുണ്ടാക്കി കേരളത്തിന്റെ സംസ്കാരത്തെ തന്നെ ചോദ്യം ചെയ്യുന്ന രൂപത്തിലുള്ള വർഗ്ഗീയ കലാപങ്ങൾ വളർത്തിക്കൊണ്ടിരുന്ന സമീപനമല്ലേ നിങ്ങൾ ഇവിടെ സ്വീകരിച്ചിരുന്നത്. ഇപ്പോൾ ശാന്തമായ കേരളത്തിൽ നമുക്ക് സുഖമായി ജീവിക്കാം. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അപ്പുറത്തുള്ളവർക്ക് ആക്ഷേപമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് കൃഷിക്കായി ചെലവഴിച്ച പണം എത്രയാണെന്ന് കണക്ക് പരിശോധിച്ചിട്ടുണ്ടോ? നെൽക്കൃഷിക്കാരെയും മറ്റു കൃഷിക്കാരേയും സംരക്ഷിക്കുന്നതിന് ഒട്ടനവധി പദ്ധതികൾ ഈ ഗവൺമെന്റ് കൊണ്ടുവന്നു. വ്യവസായ മേഖലയെ ശവപ്പറമ്പാക്കി എന്നാണ് നിങ്ങൾ ആദ്യം പറഞ്ഞത്. നിങ്ങളുടെ ഭരണകാലത്ത് വ്യവസായശാലകൾ പൂട്ടിക്കൊണ്ടിരിക്കുകയായിരുന്നില്ലേ? നിങ്ങൾ പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ ഞങ്ങൾ തുറന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ നിലമ്പൂരിലുള്ള വുഡ് ഇൻഡസ്ട്രീസ് തുറക്കാൻവേണ്ടി ഞങ്ങൾ ഏതായാലും പൂട്ടി നിങ്ങൾ അതിനെ തുറക്കൂ എന്നുപറഞ്ഞുകൊണ്ടുള്ളതല്ലേ നിങ്ങളുടെ സമീപനം? ഞങ്ങളുടെ സമീപനം അതാണോ? അപ്പോൾ ഈ രൂപത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വ്യാവസായികരംഗത്തും, കാർഷിക രംഗത്തും, വിദ്യാഭ്യാസരംഗത്തുമൊക്കെ എടുത്തുകൊണ്ടിരിക്കുന്ന ജനോപകാരപ്രദമായ നടപടികൾക്കുവേണ്ടിയാണ് ഈ പൈസ ഉപയോഗിക്കുന്നത്. അതുമാത്രമല്ല, ആയിരക്കണക്കിന് മരംകയറ്റത്തൊഴിലാളികൾക്ക് ആശ്വാസം കൊടുക്കുന്നതിനുവേണ്ടി തീരുമാനമെടുത്തത് ആരാണ്? അവർക്ക് ആശ്വാസം കൊടക്കുന്നതിന് വേണ്ടി തീരുമാനമെടുത്തത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. തീരുമാനമെടുത്തുവെന്ന് മാത്രമല്ല, അവർക്കും കാളവണ്ടിത്തൊഴിലാളികൾക്കും ചുമട്ടുതൊഴിലാളികൾക്കും മറ്റെല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തി. നമ്മുടെ രാജ്യത്തിലെ ഭൂരിപക്ഷം വരുന്ന അടിസ്ഥാന വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അതുമാത്രമല്ല, നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിൽനിന്നും വ്യത്യസ്തമായി പൊതുവിതരണരംഗത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി പുറകോട്ടു പോയിയെന്നാണ് നിങ്ങൾ പറഞ്ഞത്. കഴിഞ്ഞ ഡിമാന്റ് ചർച്ചയിൽ നമ്മൾ കേട്ടതാണല്ലോ. പൊതുവിതരണ രംഗത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഇൻഡ്യാ രാജ്യത്തിനാകെ മാതൃകയാണ്. ഇൻഡ്യാ രാജ്യത്ത് മൊത്തമായി സാമ്പത്തിക മാന്ദ്യമുണ്ടായിക്കൊണ്ടിരിക്കുന്ന അവസരത്തിലും മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ കേരളത്തിൽ കിട്ടിക്കൊണ്ടിരിക്കുകയാണ്. അതിന് പ്രധാനപ്പെട്ട കാരണമെന്താണ്? കഴിഞ്ഞ ബഡ്ജറ്റിൽ 50 കോടി രൂപയാണ് സിവിൽസപ്ലൈസിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മാറ്റിവച്ചത്. അതുപോലെതന്നെ വളർന്നു പന്തലിച്ച സഹകരണമേഖലയെക്കുറിച്ച് നമുക്കറിയാമല്ലോ. ആ സഹകരണമേഖലയെകൂടി കൂട്ടിയിണക്കിക്കൊണ്ട് പൊതു മാർക്കറ്റിൽ ഇടപെടുകയെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പോളിസിയാണ്. ആ പോളിസിയുടെ ഭാഗമായിട്ടാണ് സഹകരണ മേഖലയെ കൂട്ടിയിണക്കിക്കൊണ്ട് നീതിസ്റ്റോറുകൾ ആരംഭിച്ചത്. മാവേലിസ്റ്റോറുകൾ വരാൻ പോകുന്നു. നമ്മുടെ സംസ്ഥാനത്ത് മാവേലിസ്റ്റോറുകൾ കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട കരുണാകരൻ തൃശ്ശൂരിൽ വാമനസ്റ്റോർ ഉദ്ഘാടനം ചെയ്തു. മാത്രമല്ല, ഇവിടത്തെ പൊതുവിതരണ ശൃംഖലയെ തകർക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനമാണ് അന്ന് യു.ഡി.എഫ്-ന്റെ ആളുകൾ എടുത്തത്. ഇന്നും ആ സമീപനം തന്നെയാണ് എടുക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ആ സമീപനമല്ല സ്വീകരിക്കുന്നത്. ഈ രാജ്യത്തെ ജനങ്ങൾക്ക് നിത്യോപയോഗസാധനങ്ങൾ വില കുറച്ച് കൊടുക്കാൻവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി എടുത്ത തീരുമാനം ഇൻഡ്യാ ഗവൺമെന്റ് അടക്കം അംഗീകരിച്ച കാര്യമല്ലേ? അതുകൊണ്ട് ഈ പരിപാടികളൊക്കെ നടപ്പിലാക്കുന്നതിനുവേണ്ടി ബഹുമാ

LIBRARY ARCHIVES Kerala Legislative Assembly

നപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സത്യം പറഞ്ഞാൽ അപ്പുറത്തു നിന്ന് പ്രസംഗിക്കുന്ന ആളുകളുടെ വിഷയത്തിൽ നിന്നുള്ള വ്യതിചലനം കാണുമ്പോൾ നമ്മുടെ സംസ്ഥാനത്തിലെ ധനസ്ഥിതിയെക്കുറിച്ച് ഞാൻ എന്റേതായ ഒരു വിശദീകരണം നടത്തേണ്ടതില്ലെന്നാണ് എന്റെ പക്ഷം. സത്യവിരുദ്ധമായി മനസ്സാക്ഷിക്ക് ചേരാത്ത വിധത്തിൽ ഈ സഭയിൽ സംസാരിക്കുന്നത് ശരിയാണോ? സഭയുടെ പ്രൊട്ടക്ഷനുള്ളതുകൊണ്ടും, ബഹുജനങ്ങൾ ഇവിടെ കയറി ആക്രമിക്കുകയില്ലെന്ന് നല്ല ചങ്കുറപ്പുള്ളതുകൊണ്ടും സഭയിൽനിന്ന് എന്തും വിളിച്ച് പറയാമെന്നുള്ള സ്ഥിതി ശരിയാണോ? നമ്മുടെ ധനസ്ഥിതി വളരെ സ്ഫോടനാത്മകമാണ്. അതിന് ഈ ഗവൺമെന്റിന്റെ എല്ലാ രേഖകളും ഉണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യം സൂചിപ്പിച്ചതാണ്. ഈ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി സ്ഫോടനാത്മകമാണെന്ന് ധനകാര്യവകുപ്പു സെക്രട്ടറി തന്നെ സംസാരിച്ചിട്ടുണ്ടല്ലോ. പതിനാറായിരം കോടി രൂപ കടമുള്ള ഒരു സംസ്ഥാന ഗവൺമെന്റല്ലേ? അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് സ്ഫോടനാത്മകമായ സ്ഥിതിയുണ്ടെന്ന് ധനകാര്യ വകുപ്പ് സെക്രട്ടറി ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടും ഒരു എക്കോണമി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ ആക്ഷേപം. പക്ഷേ നമ്മുടെ ഇപ്പോഴത്തെ സ്ഥിതി എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമല്ലേ? നമ്മുടെ സംസ്ഥാനത്തിലെ നികുതിപിരിവിന്റെ അവസ്ഥ എങ്ങനെയാണെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണ്ടേ? ഗവൺമെന്റിന്റെ തന്നെ കണക്കുകൾ പറയുന്നത് 1998-99-ൽ നികുതി പിരിവ് 3828 കോടി രൂപ ലക്ഷ്യമിട്ടിട്ട് പിരിഞ്ഞുകിട്ടിയത് 2703 കോടി രൂപ മാത്രമാണ്. 28.2.1999 വരെയുള്ള രേഖയാണ്. നിയമസഭയിൽ തന്ന ഉത്തരമാണ്. ലക്ഷ്യമിട്ടിരുന്നതിനെക്കാൾ 23 ശതമാനം താഴെയാണ് പിരിച്ചത്. എല്ലാം സുന്ദരമെന്നാണല്ലോ പറയുന്നത്? God's own state എന്നാണല്ലോ നമ്മുടെ നാടിനെക്കുറിച്ച് പറയുന്നത്. പക്ഷേ ദൈവം പോലും നിങ്ങളെ വെറുതെ വിടുമോ? ഇവിടെ സ്വകാര്യ മേഖലയിൽ നിന്ന് പിരിഞ്ഞുകിട്ടാനുള്ളത് 31.3.1999 വരെ ലക്ഷ്യമിട്ടത് 1500 കോടി രൂപ. പിരിഞ്ഞു കിട്ടിയത് 930 കോടി രൂപ. ആരാണ് സ്വകാര്യ മേഖലയിൽ തരേണ്ടത്? അബ്കാരി കോൺട്രാക്ടർമാർ സമ്പന്നൻമാർ, സമൂഹത്തിന്റെ അത്യുന്നതങ്ങളിൽ വാഴുന്ന മാടമ്പി തമ്പുരാക്കൻമാർ ഇവരുടെയൊക്കെ കൈയിൽ നിന്ന് കിട്ടേണ്ട തുകയാണ് സംസ്ഥാന ഗവൺമെന്റിന് പിരിച്ചെടുക്കാൻ കഴിയാതെ പോയത്. അതുപോലെ കാർഷികാദായനികുതി 1998-99-ൽ ലക്ഷ്യമിട്ടത് 26 കോടി രൂപ. പിരിഞ്ഞുകിട്ടിയത് 15 കോടി രൂപ. 28.2.1999 വരെ പിരിഞ്ഞുകിട്ടിയത് 15 കോടി രൂപ. ലക്ഷ്യമിട്ടതിനെക്കാൾ 36 ശതമാനം താഴെയാണ്. അതുപോലെ നമ്മുടെ സംസ്ഥാനത്തിലെ പൊതു കടം 14,472 കോടി രൂപയാണ്. 31.3.1998 വരെയുള്ളതാണ്. പക്ഷേ പതിനാറായിരം കോടി രൂപയുടെ കടമുണ്ടെന്നുള്ള യാഥാർത്ഥ്യം, ഈ സ്ഫോടനാത്മകമായ സാഹചര്യം ഈ സംസ്ഥാനത്തെ ഉറ്റു നോക്കുകയാണ്. അവിടംകൊണ്ടുമാത്രം അവസാനിക്കുന്നുണ്ടോ? റവന്യൂ കമ്മിയെക്കുറിച്ച് ഞാൻ ചോദിക്കട്ടെ, സംസ്ഥാന ഗവൺമെന്റിന്റെ കൈയിൽ ഒരു കണക്കുണ്ടോ? ബഡ്ജറ്റ് കൊണ്ടുവരുമ്പോഴും ധനവിനിയോഗ ബിൽ അവതരിപ്പിക്കുമ്പോഴും സംസ്ഥാന ഗവൺമെന്റിന്റെ കൈയിൽ ക്രെഡിബിളായ ഒരു കണക്ക് വേണ്ടേ? നമ്മുടെ സംസ്ഥാനത്തിലെ റവന്യൂ കമ്മി എത്രയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിക്ക് ഇന്നെങ്കിലും പറയാൻ കഴിയുമോ? short fall in receipt 1050 കോടി രൂപയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. increase in expenditure 330 കോടി രൂപയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റവന്യൂ ഡെഫിസിറ്റായി ഗവൺമെന്റ് അംഗീകരിക്കുന്ന 945 കോടി രൂപ കൂടി ചേർത്താൽ When the additional expenditure is also taken into account the real increase in deficit is 2330 കോടി രൂപയാകുമെന്നാണ് പറയുന്നത്. അങ്ങേക്ക് ഇവിടെ തുറന്ന് പറയാൻ കഴിയുമോ? അങ്ങ് ഈ സഭയെ കോൺഫിഡൻസിൽ എടുത്താൽ എന്താണ്? അങ്ങേക്ക് ഈ സഭയോട് ഉത്തരവാദിത്വമുള്ളതല്ലേ? ഈ സഭയിൽ എങ്കിലും ഉള്ള സത്യം തുറന്ന് പറയണ്ടേ? ഈ സാഹചര്യം നമുക്ക് എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് നമുക്ക് കൂട്ടായി ആലോചിക്കണ്ടേ? അങ്ങ് ഈ സഭയിൽനിന്ന് എന്തുകൊണ്ട് ഈ യാഥാർത്ഥ്യം മറച്ചുവയ്ക്കുന്നു? അങ്ങ് ഇന്ന് എങ്കിലും സഭയിൽ പറയണം, നമ്മുടെ സംസ്ഥാനത്ത് ഈ സ്ഫോടനാത്മകമായ സാഹചര്യം യഥാർത്ഥത്തിലുള്ള റവന്യൂ ഡെഫിസിറ്റ് എത്രയാണെന്ന് ഇന്നെങ്കിലും സഭയിൽ പറയണമെന്ന് അങ്ങയെ വിനയ പൂർവ്വം ഓർമ്മിപ്പിക്കുകയാണ്. അതുപോലെതന്നെ ഇവിടെ ചെലവു കളെക്കുറിച്ച് ചില കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ശ്രീ. കെ.എം. മാണി ചില കാര്യങ്ങൾ പറഞ്ഞു. നിങ്ങൾ ഇപ്പോൾ വളരെ ആഡംഭരഹിതരായി കഴിയുന്ന ഒരു സാഹചര്യമാണ്. നിങ്ങളോട് പറഞ്ഞാൽ ഏൽക്കുമോയെന്ന് എനിക്കറി യില്ല. ഞങ്ങളെ തല്ലണ്ട അമ്മാവാ ഞങ്ങൾ നന്നാവുകയില്ലെന്ന് ശപഥമെടു ത്താൽ പിന്നെ അവരെ തല്ലിയിട്ടും കാര്യമില്ല. ഈ സംസ്ഥാനം മുങ്ങിതാണു കൊണ്ടിരിക്കുകയാണ്. നമ്മൾ മുങ്ങുന്ന കപ്പലിലാണ് നിൽക്കുന്നത്. ഓടി രക്ഷപ്പെടാൻ മാർഗ്ഗമുണ്ടോയെന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുക യാണ്. ഈ സംസ്ഥാനത്തിന്റെ ഓരോ ചില്ലിക്കാശ് ചെലവഴിക്കുമ്പോഴും ആ അക്കൗണ്ടബിലിറ്റി നിങ്ങൾ കാണിക്കുന്നുണ്ടോയെന്നുള്ളതാണ് പ്രധാന പ്രശ്നം. മന്ത്രിമാർ കാർ വാങ്ങിയതിനെക്കുറിച്ച് നേരത്തെ പറഞ്ഞു. ഞാൻ ആവർത്തിക്കുന്നില്ല. 39 കാറുകൾ വാങ്ങണമോ? നിങ്ങൾ 14 എണ്ണം വാങ്ങൂ, ആർക്കാ തർക്കം? അതിന് നിങ്ങൾ കോടാനുകോടി രൂപ ചെലവിടണമോ? ഇവിടെ ഒരു ബെൻസ് കാർ മേടിക്കാൻ നമ്മുടെ സംസ്ഥാനത്തിന്റെ കണ്ടി ജൻസി ഫണ്ടിൽനിന്നും പണം എടുത്തു എന്നാണ് രേഖകൾ കാണിക്കുന്നത്. ശരിയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വാർദ്ധക്യസഹജമായ പെരുമാറ്റ മൊന്നും ഇല്ലെങ്കിൽപോലും ഞാൻ അദ്ദേഹത്തിന്റെ ശരീരഘടനയെ അംഗീക രിക്കുകയാണ്. നിങ്ങൾ വാങ്ങൂ. പക്ഷെ കണ്ടിജൻസി ഫണ്ടിൽനിന്നും വേണമോ? ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കൈയിൽ കാശില്ലാതെ വന്നാൽ കണ്ടിജൻസി ഫണ്ടിൽ നിന്നും കാശ് എടുക്കണമെന്ന് എന്തിനാണ് നിങ്ങൾ വാശി പിടിക്കുന്നത്? അങ്ങനെ വാശി എടുക്കാൻ പറ്റുമോ? കേരളത്തിലെ പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനത്തെക്കുറിച്ച് ശ്രീ. കണ്ണനെക്കൊണ്ട് പറയിപ്പിച്ചത് ഞാൻ സന്തോഷത്തോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിൽ എനിക്കൊരു ചോദ്യമുണ്ട്. ഞാൻ ആ ചോദ്യത്തിലേക്കു വരാം. പക്ഷെ പട്ടിക ജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളെ ഉദ്ധരിക്കാൻ വേണ്ടി അധികാര ത്തിൽ വന്ന നിങ്ങൾക്ക് നിങ്ങളുടെ എല്ലാ വീടുകളും എയർകണ്ടീഷൻ ചെയ്യ ണമെന്ന് എന്താണ് അത്ര നിർബന്ധം. ഈ മന്ത്രിമാരുടെ വീടുകളെല്ലാം എയർ കണ്ടീഷൻ ചെയ്തുവെന്ന് 25.1.1999-ന് 50-ാം നമ്പർ ചോദ്യത്തിനുത്തര മായി നിങ്ങൾ പറഞ്ഞതാണ്. മന്ത്രിമാരുടെ ആഫീസുകൾ നിങ്ങൾ എയർ കണ്ടീഷൻ ചെയ്തല്ലോ. നിങ്ങൾക്ക് ഈ കാലാവസ്ഥ പറ്റുന്നില്ല. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചാൽ പറയും ഈ കെട്ടിടം എയർകണ്ടീഷൻ ചെയ്തില്ലേയെന്ന്? അതാണോ നിങ്ങളുടെ ഉത്തരം. നിങ്ങൾ എവിടെ നിന്നു വന്നുവെന്ന് ആലോചിക്കണം. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ ഇവിടെ ഉണ്ടല്ലോ. അദ്ദേഹം എഴുതിയ കവിത കടം വാങ്ങിച്ച് ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ ഓർക്കുക നിങ്ങൾ എങ്ങനെ നിങ്ങളായെന്ന്. ഈ നാട്ടിലെ പട്ടിണിപ്പാവങ്ങളായിട്ടുള്ള ആളുകൾ, കറുത്ത തൊലിയുള്ള ആളുകൾ വർഗ്ഗവിപ്ലവത്തിനുവേണ്ടി ഈ സമൂഹത്തെ ഒരുക്കാൻ അധികാരത്തിന്റെ അന്തഃപുരത്തിലേയ്ക്ക് വലതുകൈ പിടിച്ച് നിങ്ങളെ ഇവിടെ കയറ്റിവിട്ട ആളുകൾ അവരുടെ മുഖത്ത് കാർക്കിച്ചു തുപ്പുന്ന വിപ്ലവ വിരുദ്ധ പ്രവർത്തനത്തിന്റെ മുകളിലാണ് നിങ്ങൾ നിൽക്കുന്നത്. നിങ്ങൾ ഓർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്. നിങ്ങൾക്ക് ഈ സമൂഹത്തോട് പ്രതിബദ്ധതയുണ്ടോ? നിങ്ങൾ ഈ പാവപ്പെട്ടവരെക്കുറിച്ച് ആലോചിക്കുന്നുണ്ടോ? മാർക്സിസ്റ്റ് പാർട്ടി ഈ നാട്ടിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരോട് നീതി പുലർത്തുമെന്ന് പ്രതീക്ഷിച്ച ആളാണ് ഞാൻ. നിങ്ങൾ 7 മന്ത്രിമാരെ എടുത്തല്ലോ. ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെ ഉണ്ടല്ലോ. മുഖ്യമന്ത്രി അടക്കം 6 മന്ത്രിമാർക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടേറിയറ്റിൽ കടന്നിരിക്കാൻ ഒരു തടസ്സവുമില്ല. എന്തുകൊണ്ട് ശ്രീ. രാധാകൃഷ്ണനു മാത്രം തീണ്ടൽ? മാർക്സിസ്റ്റ് പാർട്ടിക്ക് തീണ്ടൽ ഉണ്ടോ? എന്തുകൊണ്ട് നിങ്ങൾ ശ്രീ. കെ. രാധാകൃഷ്ണനെ മാത്രം പൊട്ടിട്ട് മാറ്റി നിർത്തി. എനിക്കൊരു ചോദ്യമുണ്ട്. വേക്കൻസിയില്ലെങ്കിൽ മനസ്സിലാക്കാം. 14 അംഗങ്ങളുള്ള സി.പി.ഐ.(എം)-ന്റെ പാർട്ടി സെക്രട്ടേറിയറ്റിൽ ഹരിജനായ ഒരാളിനുപോലും അംഗത്വം നൽകിയിട്ടില്ല. ഒരു ഹരിജൻ ഇല്ലാത്ത ഏക പാർട്ടി മാർക്സിസ്റ്റ് പാർട്ടി ആണെന്നുള്ള സത്യം നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുമോ?

<u>ശ്രീ. കെ. ബാബു</u> : അങ്ങ് സെക്രട്ടേറിയറ്റിനെക്കുറിച്ചാണ് പറഞ്ഞത്. അവർ എപ്പോഴും അവരുടെ പോളിറ്റ് ബ്യൂറോയെ അനുകരിക്കുകയാണ് പതിവ്. അവിടെയും ആരുമില്ല അതാണ് പ്രശ്നം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : കേരളത്തിലെ പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെല്ലാം പരമ സുഖം. അവിടെയും ഇവിടെയും സുഖമെന്ന മട്ടിൽ,..... അങ്ങയുടെ പാർട്ടിക്കാർ ..... അങ്ങ് എങ്കിലും ഓർത്തില്ലല്ലോ. അങ്ങ് ഈ കാര്യത്തെക്കുറിച്ച് അലോചിക്കണമെന്നു പറയാനാണ് ഞാൻ ഈ കാര്യം പറഞ്ഞത്. നമ്മുടെ മന്ത്രിമാർ വിദേശയാത്രയിലാണല്ലോ. മന്ത്രിമാർ വിദേശയാത്ര നടത്തിയ കണക്ക് നിങ്ങൾ ഞങ്ങൾക്ക് തന്നിട്ടുണ്ട്. ഞങ്ങളുടെ നാട്ടിൽ ഒരു വർത്തമാനമുണ്ട്. ആ വർത്തമാനത്തിൽ അൺപാർലമെന്ററിയായിട്ടുള്ള ഭാഗം ഉണ്ടെങ്കിൽ ഞാൻ അഡ്വാൻസായിട്ട് പിൻവലിക്കുകയാണ്. ഇവിടെ 'ആലപ്പുഴയ്ക്ക് അത് മേടിക്കാൻ പോയി എന്ന ഒരു വർത്തമാനം.' ഇവിടെ ചില മന്ത്രമാർ വിദേശത്തു പോയി. ഈ നാട്ടിലെ ആളുകൾക്ക് എന്തു കിട്ടി. മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ 4 പ്രാവശ്യം വിദേശത്ത് പോയി. സത്യം പറഞ്ഞാൽ അദ്ദേഹത്തിന്റെ ഈ യാത്ര കണ്ടാൽ വിദേശകാര്യ വകുപ്പ് അദ്ദേഹം ഭരിക്കുന്നുവെന്നു തോന്നും. ശ്രീ. പി.ജെ. ജോസഫ്, ശ്രീ. ടി.കെ. രാമകൃഷ്ണൻ, ശ്രീ. പിണറായി വിജയൻ, ശ്രീ. എ.സി. ഷൺമുഖദാസ്, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. കെ.ഇ. ഇസ്മയിൽ, ശ്രീ. പി.ആർ. കുറുപ്പ്, ശ്രീമതി സുശീലാ ഗോപാലൻ തുടങ്ങി എല്ലാ മന്ത്രിമാരും പോയിട്ട് നമ്മുടെ നാടിന് എന്തുകിട്ടി? എന്തെങ്കിലും ഒരു പുതിയ വ്യവസായം ആരംഭിക്കാൻ പറ്റിയോ? നിക്ഷേപസമാഹരണത്തിൽ എന്തെങ്കിലും പുതുതായിട്ട് ഈ സംസ്ഥാനത്ത് കൊണ്ടുവ

LIBRARY ARCHIVES Kerala Legislative Assembly

രാൻ കഴിഞ്ഞോ? ഒന്നും കഴിഞ്ഞില്ല. നിങ്ങൾ ഈ സംസ്ഥാനത്ത് പുതുതായിട്ട് ഒന്നും ചെയ്തില്ല. ഇവിടെ ആഡംബരത്തോടുകൂടി കഴിഞ്ഞുകൂടുന്ന കുറെ മന്ത്രിമാർ എന്നുള്ളതല്ലാതെ ഈ സമൂഹത്തിന്റെ എക്കോണമിയിൽ കാര്യമായ മാറ്റമുണ്ടാക്കാൻ00 നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. പക്ഷെ നിങ്ങൾ ആളുകളുടെ മുമ്പിൽ ഒരു ചിത്രമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന ചിത്രം എന്താണ്? നിങ്ങൾ ഇവിടെ വലിയ മാറ്റം ഉണ്ടാക്കി. എന്തു ചോദിച്ചാലും ജനകീയാസൂത്രണം. നിങ്ങൾക്ക് ജനകീയാസൂത്രണത്തെക്കുറിച്ച് അല്ലാതെ ഒന്നും പറയാൻ ഇല്ലല്ലോ. ഞാൻ ചോദിക്കട്ടെ ജനകീയാസൂത്രണം ലളിതമായി നടത്തരുതോ? ഞങ്ങൾക്കു തന്ന ഉത്തരത്തിൽ അച്ചടിക്കുവേണ്ടി നിങ്ങൾ മുടക്കിയത് 1.84 കോടി രൂപയാണ്. രാജീവ്ഗാന്ധിയെക്കാൾ, ജവഹർലാൽ നെഹ്റുവിനെക്കാൾ, മഹാത്മാഗന്ധിയെക്കാൾ അത്യുന്നതിയിൽ നിൽക്കുന്നതുകൊണ്ട് ആ പുസ്തകങ്ങളൊക്കെ DAVP അച്ചടിച്ച് വിലയിട്ടു എന്നുള്ളതുകൊണ്ട് മുഖ്യമന്ത്രിയുടെ പുസ്തകം വിലയില്ലാതെ കൊടുത്തു. ആ പുസ്തകത്തിനകത്തും വിലയില്ല. പുസ്തകത്തിനും വിലയില്ല. അതല്ലേ അവസ്ഥ. പതിനാറര ലക്ഷം രൂപ ആ പുസ്തകം അച്ചടിക്കാൻ. അതിന് ഇവിടെ കാശുണ്ട്. കുട്ടികളുടെ പാഠപുസ്തകം അച്ചടിക്കാൻ കാശില്ല. കുട്ടികൾക്ക് പഠിക്കാൻ എന്തെങ്കിലും ഏർപ്പാട് നിങ്ങൾ ഉണ്ടാക്കിക്കൊടുത്തോ? ജനകീയാസൂത്രണത്തിലൂടെ 8 കോടി രൂപ ചായകുടിച്ചു തീർത്ത നിങ്ങൾക്ക് ഈ നാട്ടിലെ പാവപ്പെട്ടവരോട് എന്ത് സമാധാനമാണ് പറയാനുള്ളത്? കോഴിബിരിയാണി കഴിച്ചതിന് 8 കോടി രൂപ. ഇങ്ങനെ ഒരു ജനകീയാസൂത്രണം. കമ്മ്യൂണിസത്തെ ഞാൻ എതിർക്കുന്ന ആളല്ല. പക്ഷെ ശ്രീ. പി. വിശ്വൻ ഒന്നു വിചാരിച്ചോ. ലോകത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ തകർന്നതൊക്കെ ഈ രൂപത്തിലുള്ള ധൂർത്തൻമാർ പാർട്ടിയിൽ ആധിപത്യമുണ്ടാക്കിയ കാലത്താണ്. ചെഷസ്ക്യൂവിനെ കേട്ടിട്ടില്ലേ? ഭാര്യയ്ക്ക് സ്വർണ്ണ ചങ്ങല മാത്രമല്ല 2000 ജോഡി ചെരുപ്പ് ഉണ്ടാക്കിക്കൊടുത്ത റുമേനിയൻ ഭരണാധികാരി നമ്മുടെ ചരിത്രത്തിൽ കിടക്കുകയല്ലേ. നിങ്ങൾ ചെഷസ്ക്യൂവിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? സ്വർണ്ണം പൂശിയ ചെരിപ്പ് ..... നിങ്ങൾക്ക് സ്വർണ്ണം കെട്ടാൻ കഴിയാത്തതുകൊണ്ട് അതിനെക്കാൾ കുറഞ്ഞതാണ് കെട്ടുന്നത്. പക്ഷെ നിങ്ങൾ ഈ ചെഷസ്ക്യൂവിനെക്കാൾ ..... കേരളത്തിൽ 7 ചെഷസ്ക്യൂമാരാണ് മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടി ഈ ഗവൺമെന്റിൽ ഇരിക്കുന്നത്. വേണമെങ്കിൽ ഒന്നുരണ്ട് പേരെ ഞാൻ ഒഴിവാക്കാം. എന്നാൽപോലും ആ പാത നിങ്ങൾ പിൻതുടർന്നുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ തകർച്ച ലോകത്ത് കണ്ടു. നമ്മുടെ ഈ സംസ്ഥാനത്തിലും അതുന്നെ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ ചില രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചു പറഞ്ഞല്ലോ. ആ രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് നമുക്ക് പറയാതിരിക്കാൻ കഴിയുകയില്ല. നിങ്ങൾ ഇവിടെ കോൺഗ്രസിനെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എനിക്ക് മാർക്സിസ്റ്റ് പാർട്ടിയോട് ഒരു ചോദ്യമുണ്ട്. ആ ചോദ്യത്തിന് നിങ്ങൾ ഉത്തരം പറയണം. ഇത് ഇന്നത്തെ മാധ്യമം പത്രമാണ്. മാധ്യമത്തിൽ സി.പി.എം. പോളിറ്റ് ബ്യൂറോ അംഗം ശ്രീ. സീതാറാം യച്ചൂരിയിടെ ഒരു സ്റ്റേറ്റ്മെന്റ് ഉണ്ട്. ആ സ്റ്റേറ്റ്മെന്റിനകത്ത് അദ്ദേഹം പറയുന്നത് എൻ.സി.പി. യുടെ നിലപാട് സമദൂര സിദ്ധാന്തം ബി.ജെ.പി. യെ സഹായിക്കാനാണ്. എല്ലാ പത്രത്തിലുമുണ്ട്. ശ്രീ. ഷൺമുഖദാസ് എവിടെ? എൻ.സി.പി. എവിടെ? ശ്രീ. ഷൺമുഖദാസിന്റെ സ്ഥിതി സത്യം പറഞ്ഞാൽ ദയനീയമാണ്. നമ്മുടെ നാട്ടിൽ മക്കൾ ഇല്ലാത്തവർ കുട്ടികളെ ദത്തെടുക്കും. അല്ലാതെ മാർഗ്ഗമുണ്ടോ? അച്ഛനെ

LIBRARY ARCHIVES Kerala Legislative Assembly

ദത്തെടുത്തവരെ കണ്ടിട്ടുണ്ടോ? അതല്ലേ ശ്രീ. ഷൺമുഖദാസിന്റെ പാർട്ടി. അച്ഛനെ ദത്തെടുക്കുകയെന്നു വന്നാൽ എന്തു ചെയ്യും. മക്കൾ ഇല്ലെങ്കിൽ കുട്ടികളെ ദത്തെടുക്കട്ടെ. പക്ഷെ അച്ഛനെ ദത്തെടുത്ത ശ്രീ. ഷൺമുഖദാസിന്റെ പാർട്ടി ഒരു രാഷ്ട്രീയ പാർട്ടിയാണോ? ആ രാഷ്ട്രീയ പ്രസ്ഥാനം സമദൂര സിദ്ധാന്തമെടുക്കുന്നത് ബി.ജെ.പി. യെ സഹായിക്കാനാണെന്നാണ് പറഞ്ഞത്. ബി.ജെ.പി. യെ സഹായിക്കുന്ന ഒരു സഹയാത്രികൻ ഈ ഗവൺമെന്റിൽ ഇരിക്കുകയാണ്. അതിനെക്കുറിച്ചാണ് എന്റെ ഒരു ചോദ്യം.

<u>ശ്രീ. എ. കണാരൻ</u> : കോൺഗ്രസ്സിനെതിരായിട്ട് വിമർശനം ഉന്നയിക്കുന്നു. അതുപോലെ തന്നെ ശ്രീ. ശരദ്പവാറിന്റെ നിലപാടിനെപ്പറ്റി ഒരു വിമർശനം ഉന്നയിക്കുകയാണ്. മാറ്റാൻ വേണ്ടിയുള്ള വിമർശനമാണ്. ശ്രീ. സീതാറാം യച്ചൂരി ഉന്നയിച്ചത് മാറാൻ വേണ്ടിയുള്ള വിമർശനമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : അങ്ങ് വെറും ശ്രീ. കണാരൻ അല്ലല്ലോ? അങ്ങ് മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടേറിയറ്റ് അംഗമല്ലേ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഹുമാനപ്പെട്ട കണാരൻ പറഞ്ഞതല്ലേ ശരി. ശ്രീ. ശരദ്പവാർ അവലംബിക്കുന്നതൊക്കെ തെറ്റാണ്. അതുകൊണ്ട് അയാളെ മാറ്റാൻ വേണ്ടിയാണ് ശ്രീ. സീതാറാം യച്ചൂരി അങ്ങനെ പറഞ്ഞത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : കണാരേട്ടാ, ഞാൻ ചോദിക്കുന്നത് അങ്ങ് മാർക്സിസ്റ്റ് പാർട്ടിയുടെ ഉത്തരവാദപ്പെട്ട ആളല്ലേ? പോളിറ്റ് ബ്യൂറോ അംഗം പറയുന്നതിന് വിരുദ്ധമായി സെക്രട്ടേറിയറ്റ് അംഗം പറഞ്ഞാൽ ആരാണ് പാർട്ടിയിൽനിന്ന് പുറത്തു പോകേണ്ടത്? അങ്ങ് പുറത്തു പോകേണ്ടേ? പോളിറ്റ് ബ്യൂറോ അംഗം പറയുന്നതിന് വിരുദ്ധമായി അങ്ങേയ്ക്ക് ഇതുപോലെ ഒരു സമിതിയിൽ പറയാൻ പറ്റുമോ? അങ്ങ് നടത്തുന്നത് പാർട്ടി വിരുദ്ധ പ്രവർത്തനമല്ലേ? അത് രേഖയിൽ നിലനിൽക്കും. അങ്ങയുടെ രാഷ്ട്രീയ ഭാവിയൊക്കെ തന്നെ തകരില്ലേ? എനിക്ക് അങ്ങയോട് സ്നേഹമുള്ളതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. എന്റെ അടുത്ത ചോദ്യം അങ്ങേയ്ക്ക് അന്ത്യമായി തീരും. അതുകൊണ്ട് ഞാൻ ചോദിക്കുന്നില്ല. ഞാൻ പറഞ്ഞുവന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ അംഗം വളരെ പ്രസക്തമായി ഒരു കാര്യം പറഞ്ഞത് സമദൂര സിദ്ധാന്തം ബി.ജെ.പി. യെ സഹായിക്കാനാണ് എന്നാണ്. എനിക്ക് മുഖ്യമന്ത്രിയോട്, മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ്ബ്യൂറോ അംഗങ്ങളായും അവരെ സഹായിക്കുന്നവരായും നിൽക്കുന്ന സ്നേഹിതൻമാരോട് ഒരു ചോദ്യമുണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ ഔദ്യോഗിക നിലപാട് ഇതായിരിക്കെ ബി.ജെ.പി. യെ സഹായിക്കുന്ന ഒരംഗത്തെ ഈ മന്ത്രിസഭയിൽ വച്ചു കൊണ്ടിരിക്കുന്നത് ന്യായമാണോ? ബി.ജെ.പി. ക്ക് ശക്തിയില്ലാത്ത കേരളത്തിൽ, ബി.ജെ.പി. ക്ക് ശക്തിയുണ്ടാക്കിക്കൊടുക്കുവാൻ നടത്തുന്ന നിങ്ങളുടെ ശ്രമം കേരളത്തിലെ സാമാന്യജനങ്ങളുടെ സാമാന്യബുദ്ധിയോടുള്ള വെല്ലുവിളിയല്ലേ? അതുകൊണ്ട് ആർ.എസ്.പി. യും ഫോർവേഡ് ബ്ലോക്കും ഇതേ അഭിപ്രായമാണ് പറഞ്ഞിരിക്കുന്നത്. അവരും അപ്പുറത്ത് പോയിരിക്കാം. അവരുടെ സ്ഥിതി പറഞ്ഞ് മൂന്നാംചേരി ജനിക്കാത്ത കുഞ്ഞിനെക്കുറിച്ച് മധുരമനോഹരമായി തന്നെ പറയുക. മൂന്നാംചേരി ജനിക്കാത്ത കുഞ്ഞ്- ആ കുഞ്ഞ് ജനിച്ചാൽ കൈകൾ മനോഹരമായിരിക്കും, ചുണ്ടുകൾ സുന്ദരമായിരിക്കും, അതിന്റെ മൂക്ക് നന്നായിരിക്കുമെന്നൊക്കെ ആ കുഞ്ഞിനെക്കുറിച്ച് നിങ്ങൾ സ്വപ്നം കാണുന്നുണ്ട്. ജനിക്കാത്ത കുഞ്ഞ്-മൂന്നാം ചേരിക്ക് വല്ല രക്ഷയുമുണ്ടോ? മൂന്നാംചേരിയിൽ നിന്നവർ ഇപ്പോൾ നാലാംചേരിയിലോട്ട് പോയി. ഇനി

LIBRARY ARCHIVES Kerala Legislative Assembly

ന്യൂമെറിക്കൽ ടേം അനുസരിച്ച് ചേരികൾ കൂടിക്കൊണ്ടിരിക്കും. ഈ ഗതികെട്ട രൂപത്തിൽ നിൽക്കേണ്ട കാര്യമുണ്ടോ? ഞാൻ രാഷ്ട്രീയം അവിടം കൊണ്ട് അവസാനിപ്പിക്കുകയാണ്. കേരളത്തിൽ ധൂർത്ത് നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ്, കേരളത്തിലെ പാവപ്പെട്ട ആളുകളുടെ സാമൂഹ്യ പ്രതിബദ്ധതയെ തകർത്തുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ്, നമ്മുടെ ഖജനാവ് കാലിയാക്കിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ ദുർവ്യത്തി, ഞാനാവർത്തിച്ചു പറയുന്നു രാഷ്ട്രീയ ദുർവ്യത്തി അത് അംഗീകരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഞാൻ ഈ ധനവിനിയോഗബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ വളരെ ആത്മാർത്ഥമായി പിൻതാങ്ങുന്നു. പണം ദുർവിനിയോഗം ചെയ്യാതെ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമായി കെട്ടിപ്പൊക്കി ദുർബല ജനവിഭാഗങ്ങളുടേയും അധഃസ്ഥിത ജനവിഭാഗങ്ങളുടെയും താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിന് ഉൾപ്പെടെയുള്ള ജനോപകാരപ്രദമായ പ്രവർത്തനങ്ങളും അടിസ്ഥാനപരമായ നിർദ്ദേശങ്ങളുമായി മുന്നോട്ടു പോകുന്ന ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ധനവിനിയോഗ ബില്ലിനെ അംഗീകരിക്കുന്നതിൽ എനിക്ക് ആത്മാർത്ഥമായ സംതൃപ്തിയാണുള്ളത്. നാട്ടിലൊരു ഭാഷയുണ്ട്. 'പത്തു പെറ്റു, പത്തും ചത്തു, കെട്ടിയവനും ചത്തു, കണ്ണും പൊട്ടി, ഇനി എനിക്ക് എന്തു വരാനാണ്' എന്നു ചിന്തിക്കുന്ന ഒരു വല്യമ്മ ഞങ്ങളുടെ നാട്ടിലുണ്ട്. അതുപോലെയായി മാറിയിരിക്കുന്ന കോൺഗ്രസ്സിന്റെ ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് അതാണ് തോന്നിപ്പോയത്. ഇനി ഒന്നുമില്ലാതെ, കരചരണങ്ങളറ്റ് എല്ലാം നഷ്ടപ്പെട്ട 1947-ന്റെ പൈതൃകവും ആഭിജാത്യവും തഴമ്പും കൈമുതലാണെന്നു പറഞ്ഞുകൊണ്ട് പണ്ട് അച്ഛൻ ആനപ്പുറത്ത് കയറിയതിന്റെ തഴമ്പ് എന്റെ ഊരയിലുണ്ടോയെന്നു തപ്പിനോക്കുന്ന മകനെപ്പോലെ കഴിഞ്ഞ കാലഘട്ടത്തിന്റെ പാരമ്പര്യവുമായി സ്മരണകൾ അയവിറക്കിക്കൊണ്ട് കോൺഗ്രസിന്റെ പ്രിയപ്പെട്ട സ്നേഹിതൻമാർ പോകുമ്പോൾ പലതും ഞാൻ ചിന്തിച്ചു പോവുകയാണ്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ ഒരു കാര്യത്തിലേക്ക് ഞാൻ വീണ്ടും കടക്കാനാഗ്രഹിക്കുകയാണ്. ഇവിടെ ശ്രീ. കണ്ണനെക്കൊണ്ട് പട്ടികജാതി വകുപ്പിനുവേണ്ടി പ്രസംഗിപ്പിച്ചു എന്നു അദ്ദേഹം പറയുകയുണ്ടായി. ശ്രീ. കടമ്മനിട്ട രാമകൃഷ്ണന്റെ ചില രേഖകൾ അദ്ദേഹം ഉദ്ധരിക്കുകയും ചെയ്തു. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ എഴുതിയ രേഖകളുടെ ബാക്കിപത്രവും കൂടി അദ്ദേഹം വായിക്കാതെ പോയല്ലോ എന്നുള്ളതാണ് കഷ്ടം.

'ഭരണമായ് പണ്ടാരമായ് പല പുതിയ രീതികൾ
പുതിയ ഭാഷകൾ, പഴയ നീതികൾ, നീതിപാലകർ
കഴുമരങ്ങൾ, ചാട്ടവാറുകൾ, കൽത്തുറുങ്കുകൾ,

കപടഭാഷണഭക്ഷണം, കനിഞ്ഞു തന്ന ബഹുമതി' ഞാൻ അതിലേക്ക് ദീർഘമായി കടക്കുന്നില്ല. അതിനുശേഷം

'നിങ്ങൾ ഞങ്ങടെ കുഴിമാടം കുളംതോണ്ടുന്നോ
നിങ്ങളറിയണം ഇന്ന് ഞങ്ങൾക്കില്ല വഴിയെന്ന്
വേറെയില്ല വഴിയെന്ന്'. ഇങ്ങനെയുള്ള പാവപ്പെട്ട ജനസാമാന്യങ്ങളുടെ മുഖത്തു നോക്കിയിട്ട് അവർക്കുവേണ്ടി ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അഞ്ചു ലക്ഷം ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു കൊണ്ട് ധനവിനിയോഗബിൽ കൊണ്ടുവരുമ്പോൾ അതിനെ എതിർക്കാൻ എങ്ങനെയാണ് അപ്പുറത്തിരിക്കുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള യുവജനപ്രസ്ഥാനത്തിൽകൂടി ഉയർന്നുവന്ന് നേതാവായിത്തീർന്ന പ്രിയപ്പെട്ട സ്നേഹിതൻമാർക്ക് കഴിയുന്നത് എന്നെനിക്ക് മനസ്സിലാകുന്നില്ല. 1947-ൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ ഹരിജനങ്ങളെന്ന്-ദൈവത്തിന്റെ മക്കളെന്ന് പറഞ്ഞ് വിളിച്ചത് നമ്മുടെ ആദരണീയനായ രാഷ്ട്ര പിതാവ് മഹാത്മജി ആയിരുന്നല്ലോ. ആ മഹാത്മജിയുടെ ആപ്തവാക്യങ്ങൾ ഉരുവിട്ടുകൊണ്ട് മന്ത്രോച്ചാരണം നടത്തിക്കൊണ്ടിരിക്കുന്ന പ്രിയപ്പെട്ട കോൺഗ്രസിന്റെ സ്നേഹിതൻമാരാണ് പറയുന്നത് ഈ പാവപ്പെട്ടവരുടെ ഭവനനിർമ്മാണത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു എന്ന്. നിങ്ങൾക്ക് ഇത് പറയാൻ കഴിയുമോ? പാവപ്പെട്ടവർ അന്യന്റെ പീടികത്തിണ്ണകളിൽ, മരച്ചുവടുകളിൽ കീറച്ചാക്കുമായി, ഷട്ടറുകൾ വീഴുന്ന ശബ്ദം കേട്ട് രാപാർക്കുന്നതിനുവേണ്ടി, ഒന്ന് കണ്ണടയ്ക്കുന്നതിനുവേണ്ടി ഷട്ടർ അടച്ചിട്ട പീടിക വരാന്തകളിലേക്ക് പോകുമ്പോൾ, മരച്ചുവട്ടിൽ അന്തിയുറങ്ങുമ്പോൾ കിടക്കാൻ കിടപ്പാടം ഇല്ലാത്തവർക്കുവേണ്ടി, അവരുടെ പട്ടിണിക്കെതിരായി, അധഃസ്ഥിത വിഭാഗത്തിനുവേണ്ടി ഞങ്ങൾ-ഇടതുപക്ഷജനാധിപത്യ പ്രസ്ഥാനങ്ങൾ-കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾ നടത്തിയ പോരാട്ടങ്ങളുടെ ഫലമായിട്ടാണ് ഇന്ന് അവരെ മനുഷ്യരെപ്പോലെ സമൂഹത്തിന്റെ ഉന്നത സ്ഥാനത്തേക്ക് എത്തിക്കാൻ കഴിഞ്ഞത് എന്നതിൽ അഭിമാനമുള്ളവരാണ് ഇടതുപക്ഷജനാധിപത്യപ്രസ്ഥാനവും വിശിഷ്യാ കമ്മ്യൂണിസ്റ്റുകാരുമെന്ന് ഞങ്ങൾക്ക് പറയുന്നതിൽ ഒരു ആക്ഷേപവുമില്ല. അവരുടെ കിടപ്പാടത്തിന്റെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഏറ്റവും കൂടുതൽ മുൻതൂക്കം കൊടുത്തുകൊണ്ട് ദുർബല ജനവിഭാഗങ്ങളുടെയും അവശത അനുഭവിക്കുന്നവരുടെയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയും താൽപ്പര്യത്തിനുവേണ്ടി ധനവിനിയോഗബിൽ കൊണ്ടു വരുമ്പോൾ അതിനേയും എതിർക്കുകയാണോ? എത്രയോ വർഷമായി ആദിവാസികൾ ഗുഹകളിൽ, മരപ്പോടുകളിൽ അന്തിയുറങ്ങുന്നു. അപ്പുറത്തുള്ള പ്രിയപ്പെട്ട വനിതാമെമ്പർമാരും ശ്രീ. വർഗ്ഗീസ് വൈദ്യരുൾപ്പെടെയുള്ള ആളുകളുമെല്ലാം ഇവിടെയുണ്ടല്ലോ, അവരുടെ പ്രദേശങ്ങളിൽ, അവർക്കറിയാമല്ലോ, ആദിവാസി കുടുംബങ്ങളെ, പാവപ്പെട്ടവരെ ചേലചുറ്റാൻ കഴിയാത്തവരെ- പ്രമാണിമാരുടേയും മാടമ്പിമാരുടേയും ജീവിതത്തിന് അനുസരണമായി മാറിയിട്ടുള്ള പട്ടിണിപ്പാവങ്ങൾക്കുവേണ്ടി ഭൂമി കൊടുക്കുന്നതിനുവേണ്ടി, വീട് വച്ചു കൊടുക്കുന്നതിനുവേണ്ടി ഈ ധനവിനിയോഗ ബില്ലിൽ പണം അനുവദിക്കുമ്പോൾ അതിനേയും എതിർക്കുകയാണോ നിങ്ങളുടെ പണി? ഏത് ജനോപരകാരപ്രദമായ പ്രവർത്തനങ്ങൾ കൊണ്ടുവരുമ്പോഴും അതിനെയെല്ലാം കണ്ണും കെട്ടി, രാഷ്ട്രീയ തിമിരം ബാധിച്ച കണ്ണുകളോടുകൂടി എതിർക്കുന്നത് ഭൂഷണമാണോ എന്ന് പ്രിയപ്പെട്ട കോൺഗ്രസ്സിന്റെ സ്നേഹിതൻമാർ, അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്.-ന്റെ ആളുകൾ വളരെ സമചിത്തതയോടുകൂടി ഒന്നാലോചിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഇവിടെ വിലക്കയറ്റത്തിന്റെ വിഷയം പറഞ്ഞല്ലോ. തുടങ്ങിയിട്ട് എത്ര വർഷമായി? നാൽപ്പത്തിയാറര വർഷക്കാലം പ്രിയപ്പെട്ട കോൺഗ്രസ് - നിങ്ങൾ നേതൃത്വം കൊടുക്കുന്നവർ ഇൻഡ്യാരാജ്യം ഭരിച്ചില്ലേ? 16,000 കോടി രൂപയുടെ അധിക കടം ഉണ്ടാക്കിയവരാണ് എൽ.ഡി.എഫ്, എന്ന് പറഞ്ഞല്ലോ. നാൽപ്പത്തിയാറര വർഷക്കാലം തികച്ച് ഭരിച്ചിട്ട്, ആ നാൽപ്പത്തിയാറര വർഷക്കാലം വേറെയാരും കൂടെ ഭരിക്കാനുണ്ടായിരുന്നില്ലല്ലോ. നാൽപ്പ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തിയാറര വർഷക്കാലം തനിയെ ഭരിച്ചിട്ട് ഇനിയാരെയെങ്കിലും കൂട്ടി എങ്ങനെയെങ്കിലും അധികാരത്തിൽ എത്തുന്നതിനുവേണ്ടി ഞാൻ അതിന്റെ പഴയ പശ്ചാത്തലത്തിലേക്ക് കടക്കുന്നില്ല. ബി.ജെ.പി. എന്ന വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളെ ഇൻഡ്യാരാജ്യത്തിന്റെ ഭരണം ഏൽപ്പിച്ചു കൊടുത്തശേഷം കണ്ണു മടച്ച് കയ്യും കെട്ടിയിരിക്കുന്ന രാഷ്ട്രീയ ഭിക്ഷാംദേഹികളെപ്പോലെയായി മാറിയ യു.ഡി.എഫ്. ന്റേയും കോൺഗ്രസ്സിന്റേയും ആളുകൾ ഇന്ന് വിലപിക്കുകയാണ്. വിലാപഗാനം ആലപിച്ചുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തെ ചുടലക്കളമാക്കി മാറ്റിയതിനുള്ള ഉത്തരവാദിത്വം അപ്പുറത്തുള്ളവർക്കാണോ, ഇപ്പുറത്തുള്ളവർക്കാണോ എന്ന് നിങ്ങൾ ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ കർഷകത്തൊഴിലാളി പെൻഷനെക്കുറിച്ച് പറഞ്ഞല്ലോ. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഒരു തുണ്ട് പുകയില വാങ്ങാൻ, ഒരു തോർത്തുമുണ്ടുടുക്കാൻവേണ്ടി കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുമെന്ന് കഴിഞ്ഞ അഞ്ചു വർഷക്കാലം മുൻപ് നടന്ന തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്, പറഞ്ഞതാണ്. ഒരൊറ്റ രൂപ നിങ്ങൾ വർദ്ധിപ്പിച്ചില്ല എന്നു മാത്രമല്ല, നിങ്ങൾ പോയപ്പോൾ 18 മാസക്കാലത്തെ പെൻഷൻ കുടിശ്ശിക ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന് കൊടുക്കേണ്ടി വന്നു. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് 18 മാസക്കാലത്തേയും കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. മാത്രമല്ല, 100 രൂപയാക്കി അത് വർദ്ധിപ്പിക്കുകയും ചെയ്തു. അതൊരു പിശകാണെന്നാണോ? അതിനുവേണ്ടി ധന വിനിയോഗബിൽ അവതരിപ്പിച്ചാൽ കൊടുക്കരുതെന്നാണോപറയുന്നത്? എനിക്ക് മനസ്സിലാകുന്നില്ല.

വിധവമാരുടേയും അനാഥരുടേയും അശരണരുടേയും അതുപോലെ ക്യാൻസർ രോഗികളുടേയും കുഷ്ഠരോഗികളുടെയും ക്ഷയരോഗികളുടേയും തുടങ്ങി സാമൂഹ്യപ്രശ്നങ്ങൾക്കാണ് ഈ സർക്കാർ ഊന്നൽ കൊടുക്കുന്നത്. നിങ്ങൾക്ക് വണ്ടി വാങ്ങുന്നതിന്റെ കാര്യമല്ലേയുള്ളൂ? ഞാൻ അതിലേയ്ക്ക് വരാം. ബഡ്ജറ്റിൽ ഒന്നേകാൽ കോടി രൂപ വണ്ടി വാങ്ങാൻ വേണ്ടി നീക്കിവച്ചില്ലായിരുന്നുവെങ്കിൽ നിങ്ങൾ ഏത് കാര്യത്തെക്കുറിച്ച് പറയുമായിരുന്നു? നിങ്ങൾക്ക് മറ്റൊന്നും പറയാനില്ല. ബഹുമാന്യനായ കെ.എം. മാണി 10 മിനിറ്റു നേരം പ്രസംഗിച്ചല്ലോ. ഒറ്റ കാര്യമേ പറഞ്ഞുള്ളൂ. ഞാൻ അദ്ദേഹത്തിൽ നിന്നും പ്രതീക്ഷിച്ചത് അതല്ലായിരുന്നു. കാരണം, ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പത്തുമുപ്പത്തിയാറു വർഷത്തെ പാരമ്പര്യമുള്ള ബഹുമാനപ്പെട്ട സ്നേഹിതൻ മാണിസാർ പ്രസംഗിക്കുമ്പോൾ ധനാഭ്യർത്ഥനയെ സംബന്ധിച്ചും ധനവിനിയോഗത്തെ സംബന്ധിച്ചുമൊക്കെ പറയുമെന്നാണ് ഞാൻ ധരിച്ചത്. അദ്ദേഹം പറഞ്ഞത് എന്താണ്? ഒന്നേകാൽ കോടി രൂപയിൽ നിൽക്കുകയാണ്. ആര് കാറ് വാങ്ങി, എങ്ങനെ വാങ്ങി ..... എന്നൊക്കെ. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കാറു വാങ്ങുന്ന ആ ഒരു കാര്യം ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾ എന്തു വർത്തമാനം പറയുമായിരുന്നു. ഒന്നും പറയാൻ ഇല്ലല്ലോ. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകളും അതാണ് ചൂണ്ടിക്കാണിച്ചത്. ഒരു കോടി 56 ലക്ഷം രൂപയ്ക്ക് ജനകീയാസൂത്രണത്തിനുവേണ്ടി പ്രസിദ്ധീകരണങ്ങൾ അടിച്ചു എന്നു പറഞ്ഞു. വേണ്ടേ? കോൺഗ്രസ് ഓഫീസിൽ ഇപ്പോഴും മഹാത്മജിയുടെ പടം കാണുമല്ലോ. ആ മാറാല കെട്ടിയ പടത്തിലേയ്ക്ക് നോക്കി നിങ്ങൾക്ക് ഇതു പറയാൻ കഴിയുമോ? അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണം..... ഗ്രാമങ്ങളിൽ ആണ് ജനങ്ങളുടെ ജീവൻ കുടികൊള്ളുന്നതെന്ന് നിങ്ങൾ പറഞ്ഞില്ലേ? അധികാര വികേന്ദ്രീകരണം എന്ന ആ പ്രത്യയശാസ്ത്രം കേരളമണ്ണിൽ നട

പ്പാക്കുന്നതിനുവേണ്ടി, അതിന്റെ പ്രചരണത്തിനുവേണ്ടി ഒന്നരക്കോടി രൂപ ചെലവഴിച്ചിട്ടുണ്ടാകും? എന്താണ് പിശക്? ഇവിടെ എം.എൽ.എ. മാർക്ക് അത്യാവശ്യ റിക്കാർഡുകൾ വിതരണം ചെയ്തല്ലോ. അതും വേണ്ട, എന്നാണോ പറയുന്നത്? അജണ്ടയും നോട്ടീസും ആവശ്യമായ പീര്യോഡിക്കൽസുമെല്ലാം കൊടുക്കുമ്പോൾ അതും വേണ്ട എന്നാണോ? അതുപോലെ ജനകീയാസൂത്രണത്തിന്റെ പ്രസക്തിയും അത് ഈ കേരളത്തിൽ നടപ്പാക്കുന്നതിനാവശ്യമായ പ്രചരണത്തിനുംവേണ്ടി ഒന്നരക്കോടി രൂപ ചെലവഴിച്ചുവെങ്കിൽ അത് ആവശ്യമാണ് എന്നുള്ള രീതിയിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് പോകുന്നത്. അത് പ്രാവർത്തികമാക്കിക്കൊണ്ടു പോകുകയല്ലേ? ഗ്രാമങ്ങളിൽ ഇന്ന് ജീവൻ തുടിക്കുകയല്ലേ? വല്ല സംശയവും ഉണ്ടോ? ഒരു സംശയവും വേണ്ട. കാരണം എന്താണ്? ഇവിടെ ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും എവിടെയെല്ലാം റോഡു വേണം, പാലം വേണം, എവിടെയെല്ലാം പള്ളിക്കൂടം വേണം എന്നൊക്കെ തീരുമാനിക്കുന്നു. അധികാരം ജനങ്ങളിലേക്ക് എത്തിച്ചുകൊടുത്ത ഒരു മഹത്തായ പ്രസ്ഥാനം ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് കൊണ്ടുവന്നു. അങ്ങനെ കൊണ്ടുവരുമ്പോഴും അതിനേയും എതിർക്കുകയാണ്. പിന്നെ ഏതിനെയാണ് നിങ്ങൾ അംഗീകരിക്കുന്നത്? ബഹുമാന്യനായ ടി.എം. ജേക്കബ് പറഞ്ഞ കാര്യത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വേവലാതി പലർക്കും ഉണ്ടാകും. കല്ലടയും മൂവാറ്റുപുഴവാലിയും കുരിയാർകുറ്റി-കാരാപ്പാറയുമെല്ലാം വരുമ്പോൾ ചിലർക്കെല്ലാം വേവലാതി ഉണ്ടാകും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ആ വേവലാതി എന്തിന്റേതാണെന്ന് അദ്ദേഹത്തിനും അറിയാം. ഈ സഭയിലെ മുഴുവൻ പേർക്കും അറിയാം. ചിലർക്കെല്ലാം വേവലാതിയുണ്ടാകും. ഇൻവെസ്റ്റിഗേഷൻ നടക്കുന്ന ഒരു സാഹചര്യം എന്ന നിലയ്ക്ക് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. വേവലാതി എവിടെനിന്നും വരുന്നു. എങ്ങനെയുണ്ടാകുന്നു എന്നതിനെ സംബന്ധിച്ച് നമുക്കെല്ലാം അറിയാം. നമ്മളെല്ലാം ഈ കേരളത്തിൽ ഉള്ളവരാണ്. എല്ലാവർക്കും അറിയാം. ഈ വേവലാതികളെല്ലാം അതിൽനിന്നും വന്നതാണ്. വിലക്കയറ്റം തടയുന്നതിനുവേണ്ടി സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റ് എത്രയോ ജനോപകാരപ്രദമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. മാവേലിസ്റ്റോറുകളും ഓണച്ചന്തകളും, ക്രിസ്തുമസ് ചന്തകളും ഉൾപ്പെടെ തുറന്നുകൊണ്ട് 118 കോടി രൂപയുടെ സബ്സിഡി കൊടുത്തുകൊണ്ട്, 18 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി റേറ്റിൽ വിതരണം ചെയ്തുകൊണ്ട് കേരളത്തിന്റെ ഉയർന്നുവരുന്ന വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ അതിനേയും നിങ്ങൾ ആക്ഷേപിച്ചില്ലേ? പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ശ്രമിച്ചപ്പോൾ അതിനേയും ആക്ഷേപിച്ചില്ലേ? നിങ്ങൾ തൃശ്ശൂർ ജില്ലയിൽ വാമന സ്റ്റോറുകൾ ഉദ്ഘാടനം ചെയ്തില്ലേ? മാവേലി സ്റ്റോറുകൾക്ക് എതിരായി വാമന സ്റ്റോറുകൾ ഉദ്ഘാടനം ചെയ്തുകൊണ്ട് വാമനൻമാരെ ഉയർത്തിവിടാൻവേണ്ടി വാമനവേഷം കെട്ടിയ ആളുകൾ അപ്പുറത്ത് ധാരാളമുണ്ടെന്ന് നമുക്കറിയാം. നീതി സ്റ്റോറുകളും, മാവേലിസ്റ്റോറുകളും, നീതി മെഡിക്കൽ സ്റ്റോറുകളും, ഓണച്ചന്തകളും ക്രിസ്തുമസ് ചന്തകളും തുറന്നുകൊണ്ട് കേരളത്തിന്റെ വിലക്കയറ്റം തടയുന്നതിനാവശ്യമായ നടപടിക്രമങ്ങളുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് മുന്നോട്ടു പോകുന്നു. ആ ഗവണ്മെന്റിന്റെ പ്രവർത്തനത്തിനുവേണ്ടിയാണ് ഈ ധനവിനിയോഗബില്ല് അവതരിപ്പിച്ചിട്ടുള്ളത്. രാഷ്ട്രീയ പ്രശ്നം നമുക്കറിയാം. നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലായ ഒരു സാഹചര്യം, ആ നിലനിൽപ്പുതന്നെ അപകടത്തിലാകുമ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

ആങ്ങള ചത്താലും വേണ്ടില്ല, നാത്തൂൻ തുണിയും തലയിലിട്ട് ഇറങ്ങിപ്പോക ണമെന്ന ആ ശാസ്ത്രം വച്ചുകൊണ്ടാണ് കോൺഗ്രസ് സ്നേഹിതൻമാർ പ്രവർത്തിക്കുന്നത്. ഇൻഡ്യയിലെ 100 കോടി ജനങ്ങളെ തീജ്വാലയിലേയ്ക്ക് തള്ളിവിട്ടുകൊണ്ട് അതിനെ കണ്ണടച്ചിരുന്ന് രസിക്കുന്ന ഒരു പ്രത്യയശാസ്ത്ര ത്തിന്റെ ഉടമകളായി മാറിക്കഴിഞ്ഞ് ഇന്ന് ഭിക്ഷാംദേഹികളെപ്പോലെ അല ഞ്ഞുതിരിഞ്ഞ് ഏതെങ്കിലും വിധത്തിൽ അധികാരം കൈയ്യിലെടുക്കണം എന്നതരത്തിൽ മാറിക്കൊണ്ടിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയും കമ്മ്യൂണിസ്റ്റ് പാർട്ടിയുമുൾപ്പെടെയുള്ള ആളുകളുമെല്ലാം ചില നിർദ്ദേശങ്ങൾ വച്ചല്ലോ. ചില കാര്യങ്ങൾ കൊണ്ടുവന്നല്ലോ. അപ്പോൾ അതൊന്നും അല്ല പ്രശ്നം. ഞങ്ങൾക്ക് തനിച്ചു ഭരിക്കണം. അവസാനമായി പ്രതിപക്ഷ നേതാവ് ശ്രീ. എ.കെ. ആന്റണി പറഞ്ഞു. തനിച്ചു ഭരിക്കാൻ കഴിയുമെന്നു തോന്നുന്നി ല്ല. അതിന് ആവശ്യമായ നടപടിക്രമങ്ങളെല്ലാം ഇന്നലത്തേയും ഇന്നത്തേയും പത്രങ്ങളിലും ടി.വി.കളിലും മറ്റു മാധ്യമങ്ങളിലും വന്നിട്ടുണ്ട്. ആ കാര്യങ്ങൾ നമ്മൾ മനസ്സിലാക്കിയതാണ്. നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിനുവേണ്ടി 3-ാം ചേരി ശക്തിപ്പെടുത്തിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാന ത്തിന്റെ ഐക്യനിര ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള മുന്നോട്ടുള്ള പ്രയാണം അതി വേഗം, അതിനാവശ്യമായ മാതൃകാപരമായ പ്രവർത്തനങ്ങളുമായി കേരള ത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് മുന്നോട്ടുപോകുന്നു. ആ ഗവണ്മെന്റിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ള ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. യു.എസ്. ശശി</u> : സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ മേഖലയിലെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും പാവപ്പെട്ട വന്റെ മേൽ പുതിയ നികുതിഭാരം ചുമത്താതെതന്നെ നമ്മുടെ സംസ്ഥാന ത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തൊട്ടാകെ ഉണ്ടായിട്ടുള്ള സാമ്പത്തിക മാന്ദ്യം കേരളത്തേയും ബാധിച്ചിട്ടുണ്ടെങ്കിലും ടാക്സ് പിരിച്ചെടുക്കുന്നതിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. കേന്ദ്രഗവ ണ്മെന്റിന്റെ പുത്തൻസാമ്പത്തികനയങ്ങളായ ഉദാരവൽക്കരണവും സ്വകാര്യ വൽക്കരണവും ആഗോളവൽക്കരണവും സ്വീകരിച്ചതിന്റെ ഫലമായി നമ്മുടെ കാർഷിക നികുതിയിൽ കുറവു വന്നിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ കോൺഗ്രസ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ള ഈ പുത്തൻ സാമ്പത്തികനയ ത്തിന്റെ ഫലമായിട്ടാണ് കുറവു വന്നിട്ടുള്ളത്. എനിക്കുമുൻപ് സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി, കാർഷികാദായ നികുതി വളരെ കുറഞ്ഞുപോയി എന്ന്. കുറയാനുണ്ടായ പ്രധാന കാരണം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതാവ് ശ്രീ. നരസിംഹറാവു കേന്ദ്രം ഭരിക്കുന്ന കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ള പുത്തൻ സാമ്പത്തികനയ ത്തിന്റെ ഫലമായിട്ടാണ്. അത് കേരളത്തേയും കാര്യമായി ബാധിച്ചു എന്ന തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ കാർഷികാദായ നികുതി ഉദ്ദേശിച്ചതുപോലെ പിരിച്ചെടുക്കാൻ സാധിച്ചില്ല എന്നുള്ളത് വസ്തു തയാണ്. അതേ സമയം വിൽപ്പന നികുതിയും എക്സൈസ് നികുതിയും ഉൾപ്പെടെ പിരിച്ചെടുക്കുന്നതിന് കാര്യമായ പ്രവർത്തനം നമ്മുടെ സംസ്ഥാന തലത്തിലുണ്ടായിട്ടുണ്ട്. എങ്കിൽപ്പോലും നമ്മൾ ഉദ്ദേശിച്ച രീതിയിൽ നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ വേണ്ടത്ര ജാഗ്രത ഇനിയും ഉണ്ടാകേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമാണ്. പ്രത്യേകിച്ചും അത്തരം നികുതികൾ പിരിച്ചെടുത്തുവെങ്കിൽ മാത്രമേ സംസ്ഥാന ഗവണ്മെന്റ് ഈ സന്ദർഭത്തിൽ പ്രഖ്യാപിച്ചിട്ടുള്ള വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. അതിനുള്ള ഒരു നയമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ 5 വർഷക്കാലം അതായത് കോൺഗ്രസ് ഭരിച്ചിരുന്നപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരുന്ന കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള വിവിധ പെൻഷൻ ആനുകൂല്യങ്ങൾ സമയാസമയം കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. പതിനെട്ടു മാസക്കാലമായി കിട്ടാതിരുന്ന പെൻഷൻ കിട്ടുന്നതിനുവേണ്ടി നിരവധി സമരങ്ങളും പ്രക്ഷോഭണങ്ങളും ഈ രാജ്യത്തു നടത്തിയ സംഭവവികാസങ്ങൾ നമുക്കെല്ലാവർക്കുമറിയാം. പലപ്പോഴും പ്രഖ്യാപിക്കപ്പെടുന്ന പെൻഷൻ പദ്ധതികൾക്കുവേണ്ടി ആവശ്യമായ ഫണ്ടുണ്ടാക്കി വയ്ക്കുന്ന കാര്യത്തിൽ കഴിഞ്ഞ ഗവണ്മെന്റ് കാണിച്ചിട്ടുള്ള വീഴ്ച ഈ സന്ദർഭത്തിൽ നമുക്കുണ്ടാകാൻ പാടില്ല. കർഷകത്തൊഴിലാളി പെൻഷൻ, ദുർബല ജനവിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ തുടങ്ങിയവയെല്ലാം തക്കസമയത്ത് കൊടുക്കുന്നതിന് ആവശ്യമായ ഫണ്ട് നമ്മൾ ഇതിൽ മാറ്റിവയ്ക്കണമെന്ന കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്താൻ പാടില്ല. വളരെ നാമമാത്രമായ ആനുകൂല്യങ്ങളാണ് നമ്മൾ കൊടുക്കുന്നത്. അതിനുപോലും ധാരാളം മാസങ്ങൾ കാത്തിരിക്കേണ്ട സ്ഥിതിവിശേഷമുണ്ടാകുന്നത് എന്തുകൊണ്ടും നമുക്ക് ആലോചിക്കാൻ കഴിയുകയില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷമാണ് കർഷകത്തൊഴിലാളികൾക്കും വികലാംഗർക്കും വിധവകൾക്കും പെൻഷൻ തക്കസമയത്ത് കൊടുക്കാൻ താൽപ്പര്യം കാണിച്ചിട്ടുള്ളത്. അത് ഇനിയും മുടക്കംവരാതെ കൊടുക്കാൻ കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രധാനമായും നിരവധി വികസനപ്രവർത്തനങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള കാലഘട്ടമാണിത്. അത് കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകേണ്ടതാവശ്യമാണ്. അതിൽ ഏറ്റവും പ്രധാനമാണ് നമ്മുടെ പൊതുവിതരണരംഗം. അത് ശക്തമായി മുന്നോട്ടു കൊണ്ടുപോകേണ്ടത് ഈ കാലഘട്ടത്തിൽ വളരെ അത്യാവശ്യമാണ്. ഇപ്പോൾത്തന്നെ ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും മാവേലിസ്റ്റോറുകൾ അനുവദിക്കുമെന്ന് മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ എല്ലാ പഞ്ചായത്തിലും മാവേലിസ്റ്റോറുകൾ ഉടൻ നടപ്പാക്കുന്നതിന് ഫണ്ട് അത്യാവശ്യമാണ്. അത് കേരളത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യമാണ്. പൊതുവിതരണരംഗം ശക്തമാക്കേണ്ടത്, പ്രത്യേകിച്ച് പാവപ്പെട്ട ജനങ്ങൾക്ക് വളരെ അത്യാവശ്യമായ പദ്ധതിയാണ്. അതെല്ലാം പൂർണ്ണമായും നടപ്പാക്കാൻ കഴിയണമെങ്കിൽ ആവശ്യമായ ഫണ്ട് മാറ്റിവയ്ക്കാൻ കഴിയണം. അതുപോലെ ഇവിടെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വീടില്ലാത്തവർക്ക് വീടുവച്ചുകൊടുക്കാനുള്ള ഒരു സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. ആ സ്കീം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അക്കാര്യത്തിൽ കേരളം ഇൻഡ്യയ്ക്കാകെതന്നെ മാതൃകയാണ്. കേരളത്തിലെ മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും വീടില്ലാത്ത എല്ലാവർക്കും വീടുണ്ടാക്കിക്കൊടുക്കുന്നതിനാവശ്യമായ ഫണ്ട് മാറ്റിവയ്ക്കാനുള്ള സംവിധാനമുണ്ടാകണം. ഇടതുപക്ഷജനാധിപത്യമുന്നണി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചുവരുന്നത്. അതിൽ നിന്നും നിങ്ങൾ പിന്മാറണം. ജനങ്ങൾക്കു നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പൂർണ്ണമായും നടപ്പാക്കുന്നതിൽ ആത്മാർത്ഥത കാണിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു സർക്കാരാണ്. കഴിഞ്ഞ മൂന്നുവർഷക്കാലമായി കേരളം ഭരിക്കുന്നത്. നായനാർ ഗവണ്മെന്റ് ഈ രാജ്യത്തിലെ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അത്തരം വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ അതിന് തടസ്സം സൃഷ്ടിക്കുന്ന സമീപനം പ്രതിപക്ഷം സ്വീകരിക്കുന്നത് ശരിയല്ല. നിരവധി വികസന പ്രവർത്തനങ്ങൾക്ക് ഇവിടെ തുടക്കം കുറിച്ചിട്ടുണ്ട്. കഴിഞ്ഞ കാല ഘട്ടങ്ങളിൽ കോൺഗ്രസിന്റെ ഭരണകാലത്ത് നടപ്പാക്കാൻ കഴിയാതിരുന്ന വികസനപ്രവർത്തനങ്ങളും അതിൽ പ്രധാനമാണ്. പൊതുവിതരണരംഗം സജീവമാക്കാൻ സ്വീകരിച്ചതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഈ നാട്ടിലെ മുഴുവൻ ജനങ്ങളുടെയും സഹകരണം ആവശ്യമാണ്. മാത്രമല്ല എല്ലാ കാര്യങ്ങളിലും തടസ്സം സൃഷ്ടിക്കുന്ന സമീപനമാണ് കഴിഞ്ഞ കാലങ്ങളിൽ കോൺഗ്രസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. വികസനകാര്യങ്ങൾ മാത്രമല്ല എല്ലാ കാര്യങ്ങളിലും കഴിഞ്ഞ പതിനേഴുമാസക്കാലമായി കേന്ദ്രത്തിൽ ബി.ജെ.പി. ഗവണ്മെന്റ് തുടരുന്ന മതേതരത്വം തന്നെ ഭീഷണിയായി ഉയർന്ന സന്ദർഭത്തിലും അധികാരത്തിലിരിക്കുന്ന ഗവണ്മെന്റിനെ താഴെയിറക്കണമെന്ന് ഇൻഡ്യയിലെ മതേതര ശക്തികൾ എല്ലാവരും ആവശ്യപ്പെടുന്ന സന്ദർഭത്തിലും തമിഴ്നാട്ടിലെ എ.ഐ.എ.ഡി.എം.കെ. യും കുമാരി ജയലളിത ഉൾപ്പെടെയുള്ള ആളുകളും ശ്രമിച്ചപ്പോഴും നിങ്ങളുടെ സമീപനം എന്തായിരുന്നു? ഇപ്പോൾ ബി.ജെ.പി. ഗവണ്മെന്റ് അധികാരത്തിൽ വന്നത് നിങ്ങളുടെ സമീപനത്തിന്റെ പിശകല്ലേ? ശ്രീ. എ.കെ. ആന്റണി ഉൾപ്പെടെ എല്ലാവരും പറയുന്നതെന്താണ്? തങ്ങൾക്ക് ഒറ്റയ്ക്ക് ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടുമെന്ന് ഏതാനും ദിവസങ്ങൾക്കുമുൻപ് പ്രഖ്യാപിച്ചു എങ്കിൽ ഇപ്പോൾ അതിൽനിന്ന് മാറുകയാണ്. ഇപ്പോൾ തനിച്ച് ഭൂരിപക്ഷം കിട്ടാനുള്ള സാധ്യത ഇല്ലെന്നും മതേതര ശക്തികളുടെ പിന്തുണയോടുകൂടി ഭരിക്കാനുള്ള സാധ്യത ഞങ്ങൾ ഒരുക്കുമെന്നാണ് പ്രതിപക്ഷ നേതാക്കന്മാർ ഉൾപ്പെടെ എല്ലാപേരും പറയുന്നത്. ഈ സന്ദർഭത്തിൽ കേന്ദ്രത്തിൽ നിങ്ങൾക്ക് തനിച്ച് ഭരിക്കാനുള്ള സാഹചര്യം ഉണ്ടാവുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മാത്രമല്ല 1998-ലെ തെരഞ്ഞെടുപ്പിൽ നിങ്ങൾക്കുണ്ടായിരുന്ന 140 സീറ്റുപോലും ലഭിക്കാനുള്ള സാഹചര്യമല്ല ഇൻഡ്യയിൽ വളർന്നുവരുന്നത്. ഇൻഡ്യയിൽ മൂന്നാം മുന്നണി വളർന്നുവരാനുള്ള സാഹചര്യമാണുള്ളത്. അതിനുള്ള ചർച്ചകളും നിർദ്ദേശങ്ങളും വന്നിരിക്കുകയാണ്. കേന്ദ്രത്തിൽ മൂന്നാം മുന്നണി അധികാരത്തിൽ വരാനുള്ള അനുകൂലമായ സാഹചര്യമാണ് നമ്മുടെ രാജ്യത്ത് വളർന്നുവന്നിട്ടുള്ളത്. മൂന്നാം മുന്നണിക്ക് മുൻതൂക്കം ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ കേന്ദ്രത്തിൽ മതേതര ശക്തികൾക്ക് മുൻതൂക്കമുള്ള ഒരു ഗവണ്മെന്റ്, ഒരു മൂന്നാം മുന്നണി അധികാരത്തിൽ വരാനുള്ള അനുകൂലമായ സാഹചര്യം വളർന്നുവരുകയാണ്. അത് പ്രയോജനപ്പെടുത്തുക എന്നാണ് പ്രധാനമായും ഈ സന്ദർഭത്തിൽ പറയാനുള്ളത്. അങ്ങനെ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവണ്മെന്റ് അവതരിപ്പിച്ച ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

[2.00 P.M]

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കുറെയേറെ നല്ല ആശയങ്ങളും നല്ല മനസ്സുമുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. പക്ഷെ എന്തു കാര്യം. പല കാര്യങ്ങളിലും അദ്ദേഹത്തിന്റെ നിസ്സഹായതയാണ് ഞാൻ കാണുന്നത്. മലയാളത്തിൽ ഏറ്റവും ശ്രദ്ധേയനായ

LIBRARY ARCHIVES Kerala Legislative Assembly

സാഹിത്യകാരൻ ശ്രീ. എം.ടി. വാസുദേവൻ നായരുടെ 'ആൾക്കൂട്ടത്തിൽ തനിയെ' എന്ന കഥ സിനിമയാക്കി. അതിൽ ബാലൻ കെ. നായർ ഒരു കഥാ പാത്രത്തെ അവതരിപ്പിക്കുന്നു. തനിക്കു ചുറ്റും ധാരാളം തെറ്റുകൾ നടക്കുന്നു. ആ തെറ്റുകളിൽ തന്റെ തറവാടടക്കം പങ്കിട്ടുപോകുന്നു. തറവാട് പൊളിയുന്നു. ഒരുപാട് അക്രമം നടക്കുന്നു. തെറ്റുകൾ തുടരുന്നു. പക്ഷെ അതിനെല്ലാം പ്രതികരിക്കണമെന്ന് നല്ല ആഗ്രഹമുണ്ട്. പ്രതികരിക്കാൻ കഴിയാത്ത നിസ്സംഗതയുടെ ഭാവമായി ബാലൻ കെ. നായർ ആ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ഏറെക്കുറെ അദ്ദേഹത്തെ അനുസ്മരിപ്പിക്കുകയാണ് നല്ലവനായ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. നമ്മുടെ സംസ്ഥാനത്ത് ഇന്ന് നടക്കുന്ന കാര്യങ്ങൾ അതിശയോക്തിപരമാണ്. ഞാൻ ചില രേഖകളെ ആസ്പദമാക്കിയാണ് ഇത് പറയുന്നത്. ഇക്കണോമിക് റിവ്യൂ, സി.ആന്റ്.എ.ജി. റിപ്പോർട്ട് എന്നിവ 11-ാം ധനകാര്യ കമ്മിഷന്റെ മുൻപിൽ സമർപ്പിക്കാൻ വേണ്ടിയുള്ള രേഖയുണ്ടാക്കാൻ രാഷ്ട്രീയ പാർട്ടികളെ വിളിച്ചുകൂട്ടിയപ്പോൾ നൽകിയ ഡോക്യുമെന്റ്സ്, ഇതു മൂന്നും വച്ചുകൊണ്ട് കേരളത്തിലെ സാമ്പത്തിക സാഹചര്യം വളരെ ഹ്രസ്വമായി വിലയിരുത്തുകയാണ്. എന്താണിവിടെ നടക്കുന്നത്? ഇൻഡ്യയിലെ ജനസംഖ്യയുടെ 3.4 ശതമാനം കേരളത്തിലാണ്. പക്ഷെ ഇവിടത്തെ കാർഷികോൽപ്പാദനം വെറും 0.6 ശതമാനം. ഒരു ശതമാനം പോലും തികയുന്നില്ല. നെല്ല്, റബ്ബർ അടക്കമുള്ള കാർഷികവിളകളും നാണ്യവിളകളും നമ്മുടെ നാട്ടിൽ നിന്നുതന്നെ നിർമ്മാർജ്ജനം ചെയ്തുകൊണ്ടിരിക്കുകയാണ്. ധാരാളം കാര്യങ്ങൾ നമ്മൾ പറയുന്നുണ്ട്. നെല്ലുല്പാദനം കൂട്ടാൻ വേണ്ടി പല പദ്ധതികളും പറയുന്നുണ്ട്. എങ്കിലും കേരളത്തിന്റെ കുത്തക തകരുകയാണ്. ഇതിനകം തന്നെ ചിലത് തകർന്നു. ഇപ്പോൾതന്നെ ഇൻഡ്യയിൽ ഏറ്റവുമധികം നാളികേരം ഉൽപാദിപ്പിക്കുന്ന ഏക സംസ്ഥാനം കേരളമല്ല, കോയമ്പത്തൂരായി മാറിയിരിക്കുന്നു. ഒന്നാം നമ്പർ നമ്മൾ തന്നെ. പക്ഷെ ഏറ്റവുമധികം നാളികേരം ഉൽപാദിപ്പിക്കുന്നത് കോയമ്പത്തൂരാണ്. നമ്മുടെ കുത്തക തകരുകയാണ്. കേരളാ മോഡൽ എന്ന് വലിയ ഇന്റർനാഷണൽ സെമിനാറിലൊക്കെ നമ്മൾ പ്രസംഗിക്കും എന്നുള്ളതല്ലാതെ ഈ കേരളം മോഡലിന്റെ സാഹചര്യം ആലോചിച്ചാൽ ഒരുകാര്യം വ്യക്തമാണ്. ധനകാര്യവകുപ്പുമന്ത്രി അത് സമ്മതിക്കും. അഗ്നിപർവതത്തിന്റെ മുകളിലാണ് ധനകാര്യവകുപ്പുമന്ത്രിയും നമ്മളുമെല്ലാമിരിക്കുന്നത്. ഏതുസമയവും പൊട്ടിത്തെറിക്കാവുന്ന അഗ്നിപർവതമായി മാറിയിരിക്കുകയാണ് കേരളത്തിലെ ഇക്കോണമി. പെർക്യാപിറ്റ കൺസംപ്ഷനും പെർക്യാപിറ്റ പ്രൊഡക്ഷനും തമ്മിലുള്ള വ്യത്യാസം ഏതാണ്ട് 30 ശതമാനത്തോളം വരും. പെർക്യാപിറ്റ കൺസംപ്ഷൻ, പെർക്യാപിറ്റ പ്രൊഡക്ഷനുമായി 30 ശതമാനത്തിൽ വർദ്ധനവുള്ള ഒരു സാഹചര്യം വന്നാൽ ആ സ്റ്റേറ്റിന് ഇക്കോണമിയിൽ എത്രകാലം പിടിച്ചുനിൽക്കാൻ കഴിയുമെന്ന് അദ്ദേഹത്തിനു തന്നെ ബോധ്യമുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ ഒരു വർണ്ണംപൂശിയ ചിത്രമാണ് കേരളത്തിന്റേത്. അതായത് ഹൈ ക്വാളിറ്റി ലിവിംഗ് ഇൻഡെക്സിൽ നമ്മൾ അമേരിക്കയോടൊപ്പമാണ്. ചില കാര്യങ്ങളിൽ അമേരിക്കയുടെ മുകളിലുമാണ്. എന്നാൽ നമ്മുടെ സാമ്പത്തിക സാഹചര്യങ്ങൾവച്ച് നോക്കുന്ന സമയത്ത് നമ്മുടെ സ്ഥിതി എന്താണ്? നമ്മൾ ഇൻഡ്യൻ ശരാശരിയുടെ താഴെയാണ്. അമേരിക്കയുടെ എത്രയോ താഴെയാണ്. ഹൈ ക്വാളിറ്റി ലിവിംഗ് ഇൻഡെക്സിൽ വികസിച്ച രാജ്യങ്ങളോടൊപ്പം, അമേരിക്കയോടൊപ്പം നിൽക്കുന്ന നമ്മൾ നമ്മുടെ ജീവിതസാഹചര്യങ്ങളുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ ഡൊമസ്റ്റിക് പ്രൊഡക്ഷന്റെ കാര്യത്തിലും കടത്തിന്റെ കാര്യത്തിലും ഒക്കെ വളരെ താഴെ

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുകയാണ്. ഇവിടെ ഇന്റൻസീവ് കെയർ യൂണിറ്റിൽകഴിയുന്ന രോഗിയെ പരിശോധിക്കുന്നതുപോലെ സ്പന്ദനം നിലനിൽക്കുന്ന ഒരു ഘടകമുണ്ട്. അത് എന്താണെന്ന് അറിയാമോ? ഗൾഫ് മണിയുടെ സ്വാധീനം. എഴുപതുകളിൽ ഡൊമസ്റ്റിക് പ്രൊഡക്ഷന്റെ 20 ശതമാനത്തോളം ഗൾഫ് മണിയുടെ സ്വാധീനമുണ്ടായി. ഇന്ന് അതുപോലും കുറയുകയാണ്. ഗൾഫ് ബൂം അവസാനിച്ചാൽ ഏതു സമയവും പൊട്ടിപ്പൊളിഞ്ഞു വീഴുന്ന വിധത്തിൽ സംസ്ഥാനത്തിന്റെ ഇക്കോണമി ചെന്നെത്തും എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കും എന്നാണ് എന്റെ വിശ്വാസം. ഈ ഘട്ടത്തിൽ ചെയ്യാനുള്ളതെന്താണ്? ഉള്ള റിസോഴ്സ് ഫലപ്രദമായി ചെലവാക്കുന്നതു സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. ശ്രീ. ടി. ശിവദാസമേനോൻ മന്ത്രിയാണ്. മാന്ത്രികനല്ല. അദ്ദേഹത്തിനു ആകാശത്തുനിന്നും വിഭൂതി ഉണ്ടാക്കുന്നതുപോലുള്ള കഴിവില്ല. ഉള്ള വിഭവം സംസ്ഥാനത്ത് ഫലപ്രദമായിട്ട് ഉപയോഗിക്കണം. രണ്ട്, അനാവശ്യമായ ചർച്ചകൾ ഒഴിവാക്കണം. മൂന്നാമത്തേത്, വിഭവ സമാഹരണം നടത്തി കഴിയുന്നത്ര നില ഭദ്രമാക്കി പണം ചോർന്നുപോകുന്ന വഴികൾ തടയണം. ഈ കാര്യങ്ങൾ എല്ലാം ഒരു എഫക്ടീവ് ഫൈനാൻസ് മാനേജ്മെന്റിലെ പ്രധാനമായിട്ടുള്ള ഘടകങ്ങളാണ്. പ്രതിപക്ഷം പറയുന്ന കാര്യങ്ങൾ നിങ്ങൾ സ്വീകരിക്കണ്ട. എന്താണ് ഇവിടെ നടക്കുന്നത്? സി.ആന്റ് എ.ജി. റിപ്പോർട്ട് സമയക്കുറവുകൊണ്ട് ഓരോന്ന് എടുത്തുപറയുന്നില്ല. അതിൽ പറഞ്ഞ ഒരു കാര്യം ആർക്കും നിഷേധിക്കുവാൻ പറ്റുകയില്ല. അഗ്രികൾച്ചറൽ ഇൻകം ടാക്സ്, സെയിൽസ് ടാക്സ്, എക്സൈസ്, ലാൻഡ് റവന്യൂ, മോട്ടോർ വെഹിക്കിൾസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽനിന്നുള്ള ടാക്സിന്റെ അണ്ടർ എസ്റ്റിമേറ്റിന്റെ ഫലമായി നമുക്ക് കിട്ടാതെ പോയിട്ടുള്ളത് 193.05 കോടി രൂപയാണ്. അണ്ടർ എസ്റ്റിമേറ്റിന്റെ ഫലമായി 193.05 കോടി രൂപ ഇതുപോലുള്ള ദരിദ്രരാജ്യത്ത് കിട്ടാതെ പോകുന്നുവെങ്കിൽ അത് എന്തു മാത്രം ഗൗരവമാണ് പ്രതിപക്ഷത്തുനിന്നും പറയുന്നത് അങ്ങ് എടുക്കണ്ട. അങ്ങ് സാമ്പത്തിക കാര്യങ്ങളിൽ താല്പര്യം എടുക്കുവാൻ ബാധ്യസ്ഥനായ ഒരു മന്ത്രി എന്ന നിലയിൽ ഇതു വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. ഞാൻ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മെമ്പറാണ്. ഞങ്ങളുടെ മുന്നിലൂടെ ഓരോ ഫയലുകളും കടന്നുപോകുമ്പോൾ വളരെ വേദന തോന്നാറുണ്ട്. അസസ്മെന്റ് നടത്തിയോ; സമയത്തിന് അസസ്മെന്റ് നടത്തിയിട്ടില്ല. അതിനെ സംബന്ധിച്ചുള്ള ഫയൽ ചോദിക്കുമ്പോൾ, അഞ്ചും എട്ടും വർഷം മുൻപുള്ളവയാണ് തരുന്നത്. ചോദിച്ചാൽ പറയും സർക്കാരിന്റെ പണം നഷ്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാർ പോവുകയും ചെയ്തു. എത്ര കോടി രൂപയാണ് നമ്മുടെ രാജ്യത്ത് ഓരോ വർഷവും ഹനിച്ചുകൊണ്ടിരിക്കുന്നത്. ടാക്സ് എക്സംപ്ഷൻ കൊടുക്കുന്ന കാര്യത്തിൽ വന്നിട്ടുള്ള അപാകതകളുടെ ഫലമായി കോടിക്കണക്കിനു രൂപയാണ് നമുക്ക് നഷ്ടമാകുന്നത്. ചില ഉല്പന്നങ്ങൾക്ക് ടാക്സ് ഇളവു കൊടുക്കാൻ റൂൾസുണ്ട്. അതു ഇഷ്ടംപോലെ ഉദ്യോഗസ്ഥന്മാർ കൊടുക്കുകയാണ്. ചോദിച്ചാൽ മറുപടി പറയുവാൻ ആ ഉദ്യോഗസ്ഥനു കഴിയുന്നില്ല. ഈ ഉദ്യോഗസ്ഥന്മാർ പറയുന്നത് എനിക്ക് ഒന്നും അറിയില്ല. അതു പണ്ടത്തെ ആളാണ്. ഞാൻ എങ്ങനെ പറയും എന്നാണ്. അങ്ങനെ എല്ലാ വിധത്തിലും നമുക്ക് കിട്ടേണ്ട പണം വഴികളിൽ ചോർന്നുപോകുന്ന അവസ്ഥ ഈ കാര്യത്തിലുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്, അങ്ങ് ഇരിക്കുന്ന പീഠത്തിനടിയിൽ ടാക്സ് ടണലുകളുണ്ട്. ടാക്സ് ചോരുന്ന തുരങ്കങ്ങളുണ്ട്. ടാക്സ് ചോരുന്ന തുരങ്കങ്ങളെ ധനകാര്യവകുപ്പുമന്ത്രിക്ക് കാണാൻ കഴിയുന്നില്ലെങ്കിൽ ഒരു സുപ്രഭാത

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ അങ്ങയുടെ ധനകാര്യവകുപ്പിന്റെ പീഠവും ആ തുരങ്കത്തിലേയ്ക്ക് താഴുമെന്നു കാണാൻ അങ്ങേയ്ക്ക് സാധിക്കും. ആ വിധത്തിലാണ് നമ്മുടെ കാര്യങ്ങൾ പോകുന്നത്. ഇവിടെ എന്താണ് നടക്കുന്നത്? ഇവിടെ ടാക്സ് കൊടുക്കുന്നവർ സർക്കാരിനെ വഞ്ചിക്കുക, മാത്രമല്ല വഞ്ചന ഡിപ്പാർട്ടുമെന്റ് ടു ഡിപ്പാർട്ടുമെന്റാണ്. ഗവണ്മെന്റിനെ ഗവണ്മെന്റ് വഞ്ചിക്കുകയാണ്. എന്താണ് ഇവിടെ നടക്കുന്നത്? 1998 മാർച്ച് 31 വരെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള ടാക്സ് അരിയർ, ഇലക്ട്രിസിറ്റി ബോർഡ് 276.07 കോടി രൂപ. അതിൽ ഒരു കോടി രൂപ ഒഴികെ ബാക്കി എല്ലാം കെ.എസ്.ഇ.ബി. കൊടുക്കേണ്ട പണമാണ്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് 168.35 കോടി രൂപ. പോലീസ് ഡിപ്പാർട്ടുമെന്റ് 15.38 കോടി രൂപ. എന്തുകൊണ്ടാണ് തരാൻ കഴിയാത്തത് എന്ന് ഇതിൽ പറയുന്നുണ്ട്. എന്താണ് പറയുന്ന കാര്യമെന്ന് അറിയാമോ? ഇത്ര ഇർറെസ്പോൺസിബിളായിട്ട് ഡിപ്പാർട്ടുമെന്റുകൾക്ക് പ്രവർത്തിക്കുവാൻ സാധിക്കുമോ? കെ.എസ്.ഇ.ബി. എന്തിനാണ് ഇപ്പോൾ ചാർജ്ജ് കൂട്ടിയത്? എക്കോണമി വയബിളാക്കാൻവേണ്ടി. ഈ രാജ്യത്തെ നികുതിദായകരെ ഞെക്കിപിഴിയുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കട്ടെ. സ്റ്റേറ്റ് എക്കണോമിയിലൂടെ വയബിലിറ്റി തകർക്കുന്ന ആ നടപടിക്ക് എതിരായി ഇലക്ട്രിസിറ്റി ബോർഡിനോട് സംസാരിക്കുവാൻ അങ്ങ് എന്തുകൊണ്ട് തയ്യാറാകുന്നില്ല? ഈ ഡിപ്പാർട്ടുമെന്റ് കാലതാമസം വന്നതിന് ഒരു കാര്യം പറയുന്നുണ്ട്. പവർ ഡിപ്പാർട്ടുമെന്റ് പറയുകയാണ്. "Out of 276.07 crores a sum of rupees 275.52 crores was due from Kerala State Electricity Board''. അത്രയേ പറയുന്നുള്ളൂ. കാരണം ഒന്നും പറയുന്നില്ല. പോലീസ് സേന പറയുന്നത് എന്താണെന്ന് അറിയാമോ; അവർക്ക് അങ്ങനെ പറഞ്ഞാൽ മതിയല്ലോ; "No reason has been furnished by the department for the non-recovery of the arrears''. അവർ കാര്യമേ പറയുന്നില്ല. നിങ്ങൾക്ക് സൗകര്യമുണ്ടോ പിരിച്ചോളൂ എന്നാണ് പറയുന്നത്. ഇതു വളരെ ഗൗരവമായിട്ടുള്ള കാര്യമാണ്. ജനങ്ങൾക്ക് കൂടുതൽ ഭാരം ഏൽക്കേണ്ടിവരുന്നു. വെള്ളക്കരം കൂടിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ചാർജ് കൂടിയിട്ടുണ്ട്. ഇപ്പോൾ ബസ് ചാർജ് കൂട്ടുന്നതിനെ സംബന്ധിച്ച് ന്യായീകരിച്ചു പറഞ്ഞല്ലോ; അതിന് നിങ്ങൾ ഗ്രീൻ സിഗ്നൽ കൊടുക്കുന്നില്ല. ജനങ്ങളുടെ മേൽ ഭാരം മുഴുവൻ അടിച്ചേല്പിക്കുന്ന സമയത്ത് ഗവണ്മെന്റിലേക്ക് കൊടുക്കേണ്ട നികുതി ഡിപ്പാർട്ടുമെന്റുകൾ തന്നെ വെട്ടിക്കുന്ന വിധത്തിലുള്ള ഈ സാഹചര്യത്തെക്കുറിച്ച് ഗൗരവമായിട്ട് ചിന്തിക്കണം എന്നാണ് എനിക്ക് അതു സംബന്ധിച്ച് പറയുവാനുള്ളത്. ഇവിടെ ഇന്റേണൽ ആഡിറ്റ് എന്നൊരു സംവിധാനമുണ്ടല്ലോ. സർക്കാരിന്റെ പണം 'കാട്ടിലെ മരം തേവരുടെ ആന വലിയെടാവലി' എന്ന സ്വഭാവത്തിൽ ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുകയാണ്. 1997-98-ൽ ലാൻഡ് റവന്യൂ സംബന്ധിച്ച് ഇന്റേണൽ ആഡിറ്റ് നടത്തിയ ഡിപ്പാർട്ടുമെന്റുകൾ 120 ഓഫീസുകളിൽ നടത്താൻ ബാക്കിയുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. നടത്തിയത് എത്രയാണ്? 25 ഓഫീസുകളിൽ. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ ഇന്റേണൽ ആഡിറ്റ് ഡ്യൂ ആയിട്ടുള്ള 16 ഓഫീസുകളിൽ 5 ഓഫീസുകളിൽ മാത്രമാണ് ഇന്റേണൽ ആഡിറ്റ് നടത്തിയത്. അതിൽ 125 കേസുകളിൽ ഒബ്ജക്ഷൻ പോലും സെറ്റിൽ ചെയ്തിട്ടില്ല എന്ന് കണ്ടുപിടിച്ചു. അഗ്രികൾച്ചറൽ ഇൻകം ടാക്സ്, സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റുകളിൽ ഇന്റേണൽ ആഡിറ്റ് ഡ്യൂ ആയിട്ടുള്ള 187 ഓഫീസുകളിൽ 92 എണ്ണം മാത്രമാണ് ആഡിറ്റ് നടത്തിയത്. 454.48 ലക്ഷം രൂപ ഇൻവോൾവ് ചെയ്തിട്ടുണ്ട്. പക്ഷെ ഇതുവരെ സെറ്റിൽചെയ്തിട്ടില്ല. എന്താണ് അതിന് അർത്ഥം? പിടിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയാണെങ്കിൽ ഇനി മാളത്തിലുള്ളത് എത്രകാണും? ഇന്റേണൽ ആഡിറ്റ് എന്നത് ഗവണ്മെന്റ് കൊടുക്കുന്ന പണം സംബന്ധിച്ച് പരിശോധിക്കുവാനാണ്. അതു ചെയ്യുന്നില്ല. ആരാണ് ചോദിക്കാനുള്ളത്? ഇന്ന് ആരും ചോദിക്കുവാനും പറയുവാനും ഇല്ലാത്തതുകൊണ്ട് ഡിപ്പാർട്ടുമെന്റുകൾ അവരുടെ ഇഷ്ടംപോലെ പ്രവർത്തിക്കുന്ന ഒരു സാഹചര്യം നമ്മുടെ രാജ്യത്ത് വന്നിട്ടുണ്ട്. അവരെ ആർക്കും ചോദ്യം ചെയ്തുകൂടാ. എന്താണ് കാരണം? അൺ കവസ്റ്റ്യനബിൾ, ഐലന്റിലാണ് അവർ ജീവിക്കുന്നത്. അവരോട് ആർക്കും ചോദിക്കുവാൻ വയ്യ. അവരുടെ ഇഷ്ടംപോലെ ചെയ്യും. സർക്കാരിന്റെ നികുതി പിരിച്ച് ഇവർക്ക് കൊടുത്തുകഴിഞ്ഞാൽ പരിശോധിക്കുകയില്ല. കണക്ക് തരുകയില്ല. സ്റ്റേറ്റ്മെന്റ് കോളം ബ്ളാങ്ക് ആക്കിയിട്ട് ഞങ്ങൾ സൗകര്യംപോലെ ചെയ്യും എന്നാണ് പറയുന്നത്. ഡിപ്പാർട്ടുമെന്റുകൾക്ക് ഇത് വിടണമോ എന്ന കാര്യം ആദ്യം ചർച്ച ചെയ്യേണ്ടത് ഫിനാൻസ് മിനിസ്റ്ററാണ്. അതിനു അദ്ദേഹത്തിനു തന്റേടം ഉണ്ടാകണം. നമ്മുടെ രാജ്യത്ത് പിന്നെ ചെയ്യേണ്ട ഒരു കാര്യം ദുർവ്യയം ഒഴിവാക്കുക എന്നതാണ്. ദുർവ്യയം ഒഴിവാക്കുന്നത് സംബന്ധിച്ച് ഇവിടെ ധാരാളം കാര്യങ്ങൾ പറഞ്ഞു. ഗവണ്മെന്റിന്റെ പബ്ലിക്കേഷൻ, അതുപോലുള്ള കാര്യങ്ങൾ സംബന്ധിച്ച് അപ്പുറത്തുള്ളവർ ന്യായീകരിക്കുന്നുണ്ട്. മരുന്നുവാങ്ങുവാൻ നിവൃത്തിയില്ലാത്ത രോഗികൾ ആശുപത്രികളിൽപോയാൽ പുറത്തുനിന്നും മരുന്നുവാങ്ങുന്നതിനു എഴുതിക്കൊടുക്കുന്നു. മെഡിക്കൽകോളേജ് ആശുപത്രിയിൽ ഇതു സ്ഥിരമായിട്ടുണ്ട്. എക്സ്റേ എടുക്കുവാൻ ആശുപത്രികളിൽ കഴിയാത്തതുകൊണ്ട് രോഗികൾ പുറത്തേയ്ക്കു പോകുകയാണ്. ഇവിടെ ആഡംബരത്തിനുവേണ്ടി ഇത്രയേറെ പണം ചെലവാക്കുമ്പോൾ, ഇതൊക്കെ നിങ്ങളുടെ മനസാക്ഷിയോട് ചോദിക്കേണ്ട ചോദ്യമാണ്. ഞങ്ങൾ പറയുമ്പോൾ നിങ്ങൾ പറയും, ഗവണ്മെന്റിനു പബ്ളിസിറ്റി വേണ്ടേ? ഇതൊക്കെ ചെയ്യേണ്ടേ എന്നൊക്കെ. പക്ഷെ നിങ്ങൾ ഗൗരവമായിട്ട് ആ കാര്യം കാണേണ്ടതാണ്. പുസ്തകങ്ങൾ ഇറക്കുന്നതിനു ഞാൻ എതിരല്ല. പക്ഷെ അതിന്റെയൊക്കെ പ്രയോറിറ്റി എന്താണ്? രാജ്യത്തിന്റെ പ്രയോറിറ്റി എന്താണെന്ന് തീരുമാനിക്കേണ്ടത് സാമ്പത്തിക സാഹചര്യം വിലയിരുത്തേണ്ട സമയത്താണ്. ധാരാളം കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്. അതിന്റെ പ്രയോറിറ്റി തീരുമാനിക്കുന്ന സമയത്ത് നിങ്ങൾ ഈ കാര്യങ്ങൾ ചെയ്യുന്നില്ല. ഇത്തരം കാര്യങ്ങൾ പറയുന്ന സമയത്ത് നിങ്ങൾ അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. ഇതെല്ലാം ഈ രാജ്യത്തെ ബാധിക്കുന്ന കാര്യമാണ്. ഞങ്ങൾ ജനകീയാസൂത്രണത്തെ സഹായിച്ചവരാണ്. പക്ഷെ ജനകീയാസൂത്രണത്തിന്റെ പേരിൽ ഈ രാജ്യത്ത് ദുർവ്യയം നടക്കരുത്. കാരണം വളരെ മനോഹരമായ ഒരു ആശയത്തെ ഇവിടെ പറഞ്ഞതുപോലെ നിത്യവും സെമിനാറും സിംപോസിയവും ബിരിയാണിവയ്ക്കലും. ആ കാര്യങ്ങൾക്ക് എത്ര പണമാണ് ആവശ്യമില്ലാതെ ചെലവഴിക്കുന്നത്. എന്തുമാത്രം ഡോക്യുമെന്റാണ് ഈ കാര്യത്തിനുവേണ്ടി ഇവിടെ ഇറക്കുന്നത്. ക്ളാസുകൾക്കുവേണ്ടി എന്തുമാത്രം അദ്ധ്യാപകരെയാണ് നിയമിക്കുന്നത്. ആവശ്യമില്ലാത്ത ശക്തി മുഴുവൻ ഈ വിധത്തിൽ burn ചെയ്യുകയാണ്. മനുഷ്യന്റെ ശക്തി പ്രശ്നമല്ലേ; എത്ര ആളുകളാണ് ഓഫീസുകളിൽ നിന്നും ഇതിനായി പോകുന്നത്. ഓഫീസുകളിൽ നിന്നും രാവിലെ ഇറങ്ങിപ്പോവുകയാണ്. എല്ലാ ദിവസവും സെമിനാറും സിംപോസിയവുമാണ്. സെമിനാറും സിംപോസിയവും ഇല്ലാത്ത നേരമില്ല. ഇത്രയധികം കാര്യങ്ങൾ എന്താണുള്ളത്? ഈ രാജ്യത്തെ ജനങ്ങളെ ബോധ്യപ്പെടുത്താൻ വേണ്ടി ആവശ്യമായ ലഘുലേഖകൾ വേണം, പുസ്തകങ്ങൾ വേണം. ആവശ്യമായ ട്രെയിനിംഗ് വേണം. കുറെ ആളുക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ ഉപജീവനമാർഗ്ഗമായി ജനകീയാസൂത്രത്തെ മാറ്റണമോയെന്ന് ഗൗരവ മായി നിങ്ങൾ ചിന്തിക്കേണ്ടതാണ്. നിങ്ങൾ അത്തരത്തിലുള്ള കാര്യങ്ങൾക്ക് ഒരു സമീപനം സ്വീകരിച്ചിട്ടുണ്ട്. ആ സമീപനം ഞങ്ങൾ എടുക്കുന്ന സമ യത്ത് ഞങ്ങളെ സംബന്ധിച്ച് എല്ലാ വിധത്തിലുള്ള ചർച്ചകളും മറ്റും വരുകയു ണ്ടായി. ഞങ്ങൾക്ക് കാര്യം മാത്രമാണ് പറയുവാനുള്ളത്. ഞങ്ങൾക്ക് ഒരു കാര്യം പറയാനുള്ളത്, ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം മുസ്ലിം ലീഗിന്റെ ഒരു നയം പ്രത്യേകമായി ശ്രീ. കുഞ്ഞാലിക്കുട്ടി പ്രഖ്യാപിക്കേണ്ട കാര്യമില്ല. ഞങ്ങൾ പ്രഖ്യാപിച്ച നയം ഞങ്ങൾ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഞങ്ങൾക്ക് യാതൊരു കൃത്രിമവുമില്ല. ഞങ്ങൾക്ക് ഹിഡൻ അജണ്ടയുമില്ല. ഞങ്ങളുടേത് ഓപ്പൺ പൊളിറ്റിക്സാണ്. ഞങ്ങളുടെ കൊടിയുടെ നിറം പോലെ അതും പച്ചയാണ്. ഞങ്ങൾക്ക് ഒന്നും ഒളിച്ചുവയ്ക്കാനില്ല. ഇൻഡ്യ യിൽ കാവിപ്പടയുടെ വരവിനെ പ്രതിരോധിക്കാൻ കോൺഗ്രസ്സിനെ മുൻനിർത്തിയിട്ടല്ലാതെ ഇൻഡ്യയിൽ ഒരു മുന്നേറ്റം സാധ്യമാകില്ല എന്നാണ് ഞങ്ങൾ പറഞ്ഞത്. അതിൽ എല്ലാവരും കൂടണമെന്നു പറഞ്ഞിട്ടുണ്ട്. സി.പി. എം. കൂടണമെന്നും പറഞ്ഞിട്ടുണ്ട്. പുരോഗമന പാർട്ടികൾ നിൽക്കണമെന്നും പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ പത്തു കൊല്ലമായി ഇൻഡ്യയിൽ ശക്തി പ്രാപിച്ച മറ്റൊരു ഘടകമുണ്ട്. ആ ഘടകം എന്താണെന്നറിയാമോ? പ്രാദേശിക പാർട്ടി കളുടെ വളർച്ചയാണ്. ഈ പ്രാദേശിക പാർട്ടികളുടെ പങ്കു വലുതാണ്. ഇവ യെല്ലാം യോജിച്ചുനിന്നുകൊണ്ട് ബി.ജെ.പി. യുടെ വരവിനെ തടയണമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അന്നു നിങ്ങൾ എന്താണ് പറഞ്ഞത്? കോൺഗ്രസി നെയും ബി.ജെ.പി. യെയും .....

<u>ശ്രീ. ജോസ് ബേബി</u> : കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റി കൂടിയിട്ട്, മറ്റാരെയും കൂട്ടേണ്ട. തങ്ങൾ മാത്രം അധികാരത്തിൽ വരുന്ന സംവിധാനത്തെ ക്കുറിച്ചാണ് തൽക്കാലം ചിന്തിക്കുന്നതെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പ റുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതറിഞ്ഞിട്ടാണോ ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ പറയുന്നതു എന്നുകൂടി വ്യക്തമാക്കണം.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : നിങ്ങളിപ്പോൾ ഇവിടെ പ്രസംഗിച്ചില്ലേ കോൺഗ്രസിന്റെ ആവശ്യമില്ല. ഇവിടെ മൂന്നാം മുന്നണി നിലവിൽ വരും. ഇൻഡ്യയിൽ ഒരു മൂന്നാം മുന്നണി അധികാരത്തിൽ വരുമെന്നല്ലേ നിങ്ങൾ പറഞ്ഞത്? ഞാൻ വിനീതമായി ചോദിക്കുകയാണ്. നിങ്ങളെത്ര കാലമായി ഇതു പറയുന്നു? മൂന്നാം മുന്നണിയെക്കുറിച്ച് നിങ്ങൾ കുറെക്കാലമായി പറയു ന്നു. 'വക്കു പൊട്ടുകയും, വര വീഴുകയും ചെയ്യുന്ന ഒരു ഗ്രാമഫോൺ റെക്കാർഡു' പോലെയാണ് നിങ്ങളുടെ വർത്തമാനം. കാര്യമെന്താണെന്നറി യാമോ? ആ വർത്തമാനത്തിന്റെ സുഖക്കേട് എന്താണെന്നുവച്ചാൽ ഒരേ ചാലിൽ തന്നെ .....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : മൂന്നാം മുന്നണിയെക്കുറിച്ചുള്ള ഒരു ആശയ മാണ് പറഞ്ഞത്.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : അതെ. ഒരേ ചാലിൽ തന്നെ തിരിഞ്ഞു കൊണ്ടിരിക്കുകയും ശ്രുതിഭംഗം വരുകയും അടുത്ത ട്രാക്കിലേയ്ക്ക് പോകാൻ കഴിയാതെ വട്ടം കറങ്ങുകയും ചെയ്യുന്ന ഒരു രാഷ്ട്രീയമാണ് കുറേ കാലമായിട്ട് നിങ്ങളെ പ്രേരിപ്പിക്കുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഒരു ചെറിയ പാർട്ടിയാണ്. നിങ്ങളെപ്പോലെ ഇൻഡ്യ ഞങ്ങളുടെ തല യിലാണെന്ന് ഞങ്ങൾ പറയുന്നില്ല. ഞങ്ങൾ ചെറിയൊരു പാർട്ടിയെന്നുള്ള നിലയിൽ ഇൻഡ്യാരാജ്യത്ത് ഫാസിസത്തിനെതിരായി വളർന്നുവരുന്ന ശക്തി,

LIBRARY ARCHIVES Kerala Legislative Assembly

ആ ശക്തിയെ പ്രേരിപ്പിക്കാൻവേണ്ടി നിൽക്കുന്നു എന്നുള്ളതിൽക്കവിഞ്ഞ്, ഞങ്ങളിലൊരിക്കലും നിങ്ങൾ പറയുന്ന മാതിരി ഇൻഡ്യ നാളെ ഞങ്ങൾ ഏറ്റെടുക്കും, ഇൻഡ്യ ഞങ്ങളുടെ തലയിലാണെന്നു പറഞ്ഞു നടക്കുന്നില്ല. ഞങ്ങളൊരു ചെറിയ ന്യൂനപക്ഷ പാർട്ടിയാണ്. ന്യൂനപക്ഷത്തിന്റെ പാർട്ടി എന്നുള്ളനിലയിൽ ഇന്ന് ഇൻഡ്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്നുപറയുന്നത് ഫാസിസമാണ്. ആ ഫാസിസത്തെ നേരിടാൻവേണ്ടി ഈ ശക്തികളുടെ യോജിപ്പിനുവേണ്ടി ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. അതിനുവേണ്ടി ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഞങ്ങൾ ചെയ്യും. അതു രാഷ്ട്രീയ രംഗത്തെ പവിത്രമായ ഒരു ദൗത്യമായിട്ട് ഞങ്ങൾ കാണുകയാണ്. അതു ഞങ്ങളുടെ നേതാവ് ഇവിടെ വ്യക്തമായിട്ട് പറഞ്ഞിട്ടുള്ള കാര്യവുമാണ്. അതിന് ഞങ്ങൾ ഇടത്തോട്ടു പോകുന്നു, വലത്തോട്ടു പോകുന്നു എന്നൊന്നും വ്യാഖ്യാനിക്കേണ്ട കാര്യമില്ല. ഞങ്ങൾ നിൽക്കുന്നിടത്തു തന്നെ നിൽക്കുകയാണ്. ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ഞങ്ങൾക്ക് ഞങ്ങളുടേതായ കാഴ്ചപ്പാടുണ്ട്. അതിന് ആർക്കും തെറ്റായ വ്യാഖ്യാനങ്ങൾ നൽകാം. ചിലർ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നുണ്ട്. ഞങ്ങളുടെ പാർട്ടിയിൽ വ്യത്യസ്തമായ ചിന്താധാരയുണ്ട് എന്നു പറയുന്നുണ്ട്. ഞങ്ങൾക്ക് ഒരു ചിന്താധാരയുമില്ല. ഞങ്ങളുടെ പാർട്ടിക്ക് എന്താണ് പറയാനുള്ളതെന്നകാര്യം ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി ഇവിടെ അസന്ദിഗ്ദ്ധമായി പറഞ്ഞിട്ടുണ്ട്, അതു മറച്ചു വയ്ക്കേണ്ട കാര്യമില്ല. കേരളത്തിൽ നിങ്ങളോടുള്ള സമീപനത്തിൽ ഞങ്ങൾ എതിർത്തിട്ടുണ്ട്. എതിർക്കേണ്ട കാര്യങ്ങൾ വരുമ്പോൾ എതിർക്കാൻ ഞങ്ങൾ മടിച്ചിട്ടില്ല. ഒരു കാര്യം ഞാൻ വ്യക്തമായിട്ടു പറയുകയാണ്. നിങ്ങൾ ഇടയ്ക്കു പറയാറുണ്ട്. ബി.ജെ.പി. വരുന്നുണ്ട്, അതുകൊണ്ട് ന്യൂനപക്ഷത്തിന് രക്ഷ വേണമെങ്കിൽ ഞങ്ങളുടെ കൂടയ്ക്കുകീഴിൽ നിൽക്കണമെന്ന്. അങ്ങനെ നിങ്ങൾ പറയുന്നത് ശരിയല്ല. നിങ്ങളെക്കൊണ്ട് അതു സാധ്യമാകുകയില്ല. ബി.ജെ.പി. യുടെ വരവിൽനിന്ന് ഇവിടത്തെ ന്യൂനപക്ഷത്തെ രക്ഷിക്കാൻ സാധിക്കുന്നത് നിങ്ങൾക്കു മാത്രമാണെന്നുള്ള നിങ്ങളുടെ അവകാശവാദം പൊള്ളയാണ്. ന്യൂനപക്ഷത്തിനെ രക്ഷിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ ഫാസിസത്തിന്റെ വരവിനെ തടയാൻ വേണ്ടിയുള്ള യോജിപ്പിനെപ്പറ്റിയാണ് ഞങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ളത്. ഇൻഡ്യ ഇന്ന് എങ്ങോട്ടു പോകുകയാണ്? ഇപ്പോഴും ബി.ജെ.പി. പറയുന്നത് ഒരേ അജണ്ട തന്നെയാണ്. ശ്രീ. സി.പി. ബാലൻ വൈദ്യർ കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ പറഞ്ഞു, ഈ നാട് അഭിമാനത്തിന്റെ മുഹൂർത്തങ്ങൾ പങ്കിട്ടുകൊണ്ടിരിക്കുകയാണ് എന്ന്. കാർഗിലിൽ നിന്ന് പാകിസ്ഥാൻ നുഴഞ്ഞുകയറ്റക്കാരെ തുരത്തിയോടിച്ചതിന്റെ പുളകവും പൂക്കളും ഇൻഡ്യയിലെ ജനാവലി പങ്കിട്ടുകൊണ്ടിരിക്കുന്നതിനിടയിൽപ്പോലും ഇവിടെ ചിലർ വിഷലിപ്തമായ കണ്ണുകൾ കൊണ്ടാണ് ഇൻഡ്യയെ നോക്കുന്നത്. ദിലീപ് കുമാറിനു പാകിസ്ഥാനിൽ നിന്നു കൊടുത്ത സമ്മാനം വാങ്ങുന്നതിൽ ശരിയുണ്ടോ; തെറ്റുണ്ടോ എന്നാണ് ചിലരുടെ ചർച്ച. ഇൻഡ്യയും പാകിസ്ഥാനും തമ്മിൽ ക്രിക്കറ്റു കളിച്ചപ്പോൾ ഇൻഡ്യയിൽ പടക്കം പൊട്ടിച്ച കുട്ടികൾ ഏതു ജാതിയിൽപ്പെട്ടവരായിരുന്നു എന്നാണ് ചിലർ നോക്കുന്നത്. മുസ്ലീം സമുദായത്തിന്റെ നേതാവ് അലീമിയാൻ പാകിസ്ഥാന്റെ തോൽവിക്കുവേണ്ടി പള്ളിയിൽ പ്രാർത്ഥിച്ചിട്ടുണ്ടോ എന്നിങ്ങനെയാണ് ചിലർ ഗവേഷണം നടത്തുന്നത്. ആ സ്വഭാവത്തിന് ഇവിടത്തെ ഫാസിസ്റ്റുകൾ വീണ്ടും നഗ്നതാണ്ഡവം നടത്താൻ ശ്രമിക്കുന്ന സമയത്ത് ഞങ്ങൾക്ക് രാഷ്ട്രീയം പവിത്രമായൊരു ദൗത്യമാണ്. ആ രാഷ്ട്രീയ ദൗത്യം ആരെയും ഭയപ്പെടാതെ ഞങ്ങൾ പറഞ്ഞിട്ടുണ്ട് എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് പറയാനുള്ളത്. ന്യൂനപക്ഷങ്ങൾക്കു രക്ഷ വേണമെങ്കിൽ ഞങ്ങളുടെ കൂടെ നിൽക്കണമെന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങളെ രക്ഷിക്കുകയാണോ നിങ്ങൾ ചെയ്തത്? ഇന്നലെ ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി സംസാരിച്ച പ്പോൾ, അദ്ദേഹം പ്രസംഗം ശക്തിപ്പെടുത്തുന്നതിനിടയിൽ, അതിനെ ഡിഫ്യൂസ് ചെയ്യാനാണോ എന്നറിയില്ല, ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞു, മദ്രസ നവീകരണത്തിനുവേണ്ടി ക്യാബിനറ്റ് പണം കൊടുക്കാൻ തീരുമാനിച്ചി ട്ടുണ്ടെന്ന്. നല്ല കാര്യമാണത്. പക്ഷെ നിങ്ങളെങ്ങനെയാണ് അതു കൊടു ക്കാൻ തീരുമാനിച്ചത്? എന്റെ ഒരു ചോദ്യത്തിന് സഭയിൽ കിട്ടിയ മറുപടിയു ണ്ട്. അതു ഞാൻ വായിക്കാം. മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്ക ഷൻ പദ്ധതി പ്രകാരം കേന്ദ്രം സംസ്ഥാനത്തിന് തുക അനുവദിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉണ്ട് എന്നാണ് മറുപടി. ഉണ്ടെങ്കിൽ എന്നു ലഭിച്ചു എന്ന തിന് 12.3.96-ന് എന്നാണ്. ഈ തുക പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ ഉന്നമനത്തിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഫണ്ട് ലാപ്സാ യിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തിനുവേണ്ടി ഉപയോഗിച്ചു എന്നു വ്യക്തമാക്കുമോ? ഈ തുക അപേക്ഷകർക്ക് എന്നു നൽകാൻ കഴിയുമെന്നു വ്യക്തമാക്കുമോ എന്നുള്ള ചോദ്യത്തിന് മറുപടി തന്നിരിക്കുന്നത് എന്താണെന്നറിയാമോ? കേന്ദ്രസർക്കാർ അനുവദിച്ച തുക കേരളത്തിലെ പ്രത്യേക വിദ്യാഭ്യാസ സാമൂഹ്യ സാഹചര്യത്തിനനുസൃതമായി വിനിയോഗിക്കുന്നതു സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്നതിലേയ്ക്കായി ഈ കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു എന്നാണ്. നിങ്ങൾക്കെന്താണ് അവ കാശം? നിങ്ങളാണോ പോളിസി തീരുമാനിക്കേണ്ടത്. കേന്ദ്ര ഗവണ്മെന്റ് ന്യൂന പക്ഷത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി അനുവദിച്ച പണം നിങ്ങ ളുടെ കയ്യിൽ കിട്ടി മൂന്നു കൊല്ലം വച്ചിട്ട് കേരളത്തിലെ സാമൂഹ്യ പശ്ചാത്തല ത്തിൽ അതെങ്ങനെ ഉപയോഗിക്കണമെന്നത് പോളിസി മാറ്ററാകയാൽ അതു ക്യാബിനറ്റിൽ വച്ചിരിക്കുന്നു എന്നു നിങ്ങളാണോ പറയുന്നത്? നിങ്ങൾ ചെയ്തത് എന്താണെന്നറിയാമോ? നിങ്ങൾ ആ പണം മര്യാദയ്ക്കു കൊടു ക്കാത്തതിന്റെ ഫലമായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ..... (ബഹളം) ..... ക്ഷോഭിക്കേണ്ട. സത്യം പറയുന്ന സമയത്ത് ക്ഷോഭിക്ക രുത്. നിങ്ങളും കൂടി ഇതിന്റെ കൂടെ നിൽക്കുന്നവരാണ്. നിങ്ങൾ ചെയ്തതു തെറ്റാണ്. നിങ്ങൾ ചെയ്തതു തെറ്റാണെന്ന് അവസാനനിമിഷമെങ്കിലും നിങ്ങൾക്കു ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും മൂന്നുകൊല്ലമായി ഇവിടത്തെ ന്യൂനപ ക്ഷത്തിന് കിട്ടേണ്ട അവകാശങ്ങളെ നിങ്ങൾ ഹനിച്ചിട്ടുള്ളകാര്യം ഞാൻ സൂചിപ്പിക്കുകയാണ്. മിനിഞ്ഞാന്നത്തെ പത്രത്തിൽ വന്നു, ആ പണം മടക്കി അയയ്ക്കാൻ കേന്ദ്രം ആവശ്യപ്പെട്ടിരിക്കുന്നു എന്ന്. ആ വിവരം കിട്ടിയപ്പോ ഴാണ് നിങ്ങൾക്ക് ചർച്ച ചെയ്യാനുള്ള അവസരം കിട്ടിയത്. ഏറ്റവും വലിയ ചതിയാണ് നിങ്ങൾ ന്യൂനപക്ഷത്തോടു കാണിച്ചിട്ടുള്ളത്.

പ്ളസ് ടൂ-വിന്റെ കാര്യത്തിൽ ഇവിടെ ചർച്ച ഉയർന്നുവരികയാണ്. എന്റെ കയ്യിൽ ചില രേഖകളുണ്ട്. അതു ഞാൻ വായിക്കുന്നില്ല. എങ്കിലും ചില കാര്യങ്ങൾ പറയാം. ഞങ്ങൾ ഭരിക്കുന്ന സമയത്ത് 'ചിന്ത' വാരികയിൽ നിങ്ങളെഴുതിയ ലേഖനമാണ്. ഞങ്ങൾ ഭരിക്കുന്ന സമയത്ത് ന്യൂനപക്ഷത്തിന് ഏതാനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുത്തതിൽ പ്രതിഷേധിച്ച് നിങ്ങളുടെ പാർട്ടി നേതാക്കന്മാർ ഗവണർക്ക് അയച്ച കത്തുണ്ട്. സമയക്കുറവു കാരണം ഞാൻ അതു വായിക്കുന്നില്ല. അങ്ങനെയുള്ള നിങ്ങളോട് ഞാൻ വിനീതമായി ചോദിക്കുകയാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന് പ്ളസ് ടൂ അനുവദിച്ചപ്പോൾ 25 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന മുസ്ലീം ജനങ്ങൾക്ക് 10 ശതമാനത്തിൽ താഴെ മാത്രമാണ് നിങ്ങൾ പ്ളസ് ടൂ അനുവദിച്ചത്. അതിൽ നിങ്ങൾക്ക് പ്രതിഷേധമില്ലല്ലോ? ഇപ്പോൾ നിങ്ങൾക്ക് കത്തയയ്ക്കാൻ ആളില്ലല്ലോ? ഇപ്പോൾ നിങ്ങൾ ലേഖനമെഴുതുന്നില്ല. ഞങ്ങൾ ഭരിക്കുന്നസമയത്ത് വേറൊരു കൂട്ടരുണ്ടായിരുന്നു. ബുദ്ധിജീവികൾ, കൂടാതെ സാംസ്കാരിക നായകൻമാർ, കടലുണ്ടി പുഴയിൽ ദേശാടന പക്ഷികൾ വരുന്നതുപോലെയായിരുന്നു അന്നു ബുദ്ധിജീവികളുടെ വരവ്. ഇപ്പോൾ ഒരു ബുദ്ധിജീവിയെയും രാഷ്ട്രീയ ആചാര്യന്മാരെയും കാണുന്നില്ല. ഇവിടത്തെ ന്യൂനപക്ഷ വിഭാഗങ്ങളെ ചവിട്ടിത്താഴ്ത്തി പാതാളത്തിലേയ്ക്ക് കൊണ്ടുപോയിട്ടുപോലും പ്രതിഷേധിക്കാൻ നിങ്ങളെ കാണുന്നില്ല. ഞാനിതു പറയുന്നത് വളരെ വേദനയോടുകൂടിയാണ്. ന്യൂനപക്ഷത്തിനെ സംരക്ഷിക്കാനാണെന്നു ഒരു ഭാഗത്തു പറയുന്ന സമയത്ത്, ആ സംരക്ഷണം ഇന്ന വിധത്തിൽ ആണെന്നു കാണിക്കാനുള്ള ബാധ്യത നിങ്ങൾക്കുണ്ട് എന്നു നിങ്ങളെ ഓർമ്മിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാൻ ഈ കാര്യങ്ങൾ പറഞ്ഞത്. നിരവധി കാര്യങ്ങൾ ഇനിയും പറയാനുണ്ട്. ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. ധനകാര്യവകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, തകർന്നുകൊണ്ടിരിക്കുന്ന, മുങ്ങിക്കൊണ്ടിരിക്കുന്ന കേരളാ എക്കോണമിയെ രക്ഷപ്പെടുത്തുന്നതിനും ഒരു രക്ഷകനായിട്ട് നിങ്ങൾക്ക് ഉയർന്നുവരാൻ കഴിയില്ലെങ്കിൽ, കാലം, ചരിത്രം അങ്ങയെ കുറ്റവാളിയെന്നു രേഖപ്പെടുത്തുമെന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ഡോ. കെ.സി. ജോസഫ് : സർ, ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ ഒരു മോശമായ ചിത്രമുണ്ടാക്കി. അദ്ദേഹം പല കാര്യങ്ങളും ഇവിടെ പറയുകയുണ്ടായി. ആ കാര്യങ്ങളെല്ലാംതന്നെ ഈ മൂന്നുവർഷക്കാലത്തെ സംഭാവനയാണോ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായതാണോ എന്ന് അദ്ദേഹം തന്നെ വിലയിരുത്തേണ്ടതായിട്ടുണ്ടെന്നു മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഇവിടത്തെ സാമ്പത്തിക ഭദ്രതയെ സംബന്ധിച്ച് അല്ലെങ്കിൽ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞതിനേക്കാൾ വളരെ വ്യക്തമായി ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ തന്നെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ഇവിടത്തെ ആശങ്കാജനകമായ സാമ്പത്തിക നിലയെ സംബന്ധിച്ചും ഏഷ്യയിലും ഇന്ത്യയിലുമൊക്കെ നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യതയെ സംബന്ധിച്ചും അതിന്റെ പ്രതിഫലനം കേരളത്തിലുള്ളതിനെ സംബന്ധിച്ചും അതിന്റെ ഫലമായി കേരള ഇക്കണോമി നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുമൊക്കെതന്നെ അദ്ദേഹം സവിസ്തരം പറഞ്ഞതിനുശേഷമാണ് ബഡ്ജറ്റ് അവതരിപ്പിക്കാൻ മുന്നോട്ടുവന്നത്. നമ്മുടെ സാമ്പത്തിക ഭദ്രതയെക്കുറിച്ചുള്ള ഉറച്ച ബോധ്യത്തോടുകൂടി എന്നാൽ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞതുപോലെ ഉള്ള സാമ്പത്തിക നില എങ്ങനെ വിനിയോഗിക്കണം, എങ്ങനെയായിരിക്കണമെന്നുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടിയുള്ള ഭരണമാണ് കഴിഞ്ഞ മൂന്നുവർഷക്കാലം ഇവിടെയുണ്ടായതെന്ന് ഓരോ രംഗത്തുമുണ്ടായ നേട്ടങ്ങളെടുത്തു പരിശോധിച്ചാൽ കാണാൻ കഴിയും. ഈ ഗവണ്മെന്റിന്റെ കാലത്തുണ്ടായ ഭരണനേട്ടങ്ങൾ ആർക്കെങ്കിലും കുറച്ചുകാണിക്കാൻ കഴിയുമോ? പ്രയോറിറ്റി നിശ്ചയിച്ചതിനെ സംബന്ധിച്ച് തർക്കിക്കാൻ കഴിയുമോ? ഉല്പാദന മേഖലയിലുള്ള വികാസത്തിനാണ് ഊന്നൽ നൽകേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. അതുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യം വച്ചുകൊണ്ട്, ഉല്പാദനമേഖലയിൽ വികസനത്തിന് സാധ്യമാക്കുന്നതിന് കൊടുക്കേണ്ടുന്ന മുൻതൂക്കം എവിടെയായിരിക്കണമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഓരോ രംഗത്തും പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ, നടപ്പിലാക്കാൻ ശ്രമിച്ചത്. ആ നിലയിൽ ഉല്പാദന മേഖലയിൽ വികാസം സാധ്യമാക്കുന്നതോടൊപ്പം തന്നെ ഇവിടത്തെ ദുർബല ജനവിഭാഗങ്ങൾ, സാധാരണക്കാർ, ബുദ്ധിമുട്ട് അനുഭവിക്കുന്നവർ എന്നിവർക്ക് ക്ഷേമം ഉറപ്പുവരുത്തുക എന്നുള്ള സാമൂഹ്യപരമായ ബാധ്യതകൂടി ഏറ്റെടുക്കാൻ മറ്റു കാലത്തുനിന്നും വിഭിന്നമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് തയ്യാറായി എന്ന് ഓരോ രംഗത്തും പറയാം. ഈ കാര്യങ്ങളെ സംബന്ധിച്ച് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമെടുത്ത നയങ്ങളല്ല. അധികാരത്തിൽ വരുന്നതിനുമുൻപ് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങളുടെ മുന്നിൽവച്ച പ്രകടന പത്രികക്കനുസൃതമായി ഓരോ രംഗത്തും നയങ്ങൾ നടപ്പാക്കുകയാണ്. വാഗ്ദാനങ്ങൾ പാലിക്കുകയാണ്. ഓരോ കാര്യങ്ങളും സവിസ്തരം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇന്ത്യയിൽത്തന്നെ പൊതുവിതരണ രംഗത്തും വില നിയന്ത്രണത്തിലും ഒന്നാം സ്ഥാനം നേടിയെടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കഴിഞ്ഞുവെന്ന അഭിമാനകരമായ ചിത്രം ഇന്നലെ ഭക്ഷ്യവകുപ്പുമന്ത്രി വരച്ചു കാണിക്കുകയുണ്ടായി. വിലവർദ്ധനവിന്റെ അഖിലേന്ത്യാ ശരാശരി നമ്മുടെ ഇക്കണോമിക് റവ്യൂവിൽ പറഞ്ഞിട്ടുണ്ട്. അഖിലേന്ത്യാതലത്തിൽ 15.2 ശതമാനം വിലവർദ്ധനവുള്ളപ്പോൾ കേരളത്തിൽ ഏതാണ്ട് 6.4 ശതമാനം ആയി ചുരുക്കിക്കൊണ്ടുവരാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞത് യു.ഡി.എഫ്. ഗവണ്മെന്റിന്റെ നയത്തിൽനിന്നും വിഭിന്നമായി ബഡ്ജറ്ററി സപ്പോർട്ട് പൊതുവിതരണശൃംഖലയ്ക്കുള്ളതുകൊണ്ടാണ്. നിങ്ങൾ ലോണായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ സഹായിച്ചപ്പോൾ മാവേലി സ്റ്റോർ നടത്തുവാൻ, റേഷനിംഗിന്റെ വില കുറയ്ക്കുവാൻ ഗ്രാന്റായി ബഡ്ജറ്ററി സപ്പോർട്ട് പൊതുവിതരണ രംഗത്ത് കൊടുക്കുവാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി തയ്യാറായി എന്നത് ഒരു നല്ല പ്രയോറിറ്റിയായി കണക്കാക്കാൻ നിങ്ങൾക്ക് കഴിയില്ലേ? 1995-ൽ നിങ്ങളുടെ ഗവണ്മെന്റിന്റെ കാലത്ത് 12.4 ശതമാനം ആയിരുന്നു വില വർദ്ധനവെങ്കിൽ അതിപ്പോൾ ഞങ്ങൾ രണ്ടു മൂന്ന് കൊല്ലംകൊണ്ട് ഓരോ വർഷവും ക്രമാനുഗതമായി കുറച്ചുകുറച്ചു ഇപ്പോൾ വർദ്ധനവിന്റെ തോത് 6.4 ശതമാനത്തിലെത്തി. അത് കൂടുതൽ ശക്തിമത്താക്കുവാൻ എല്ലാ പഞ്ചായത്തിലും മാവേലി സ്റ്റോർ, അതിനുപുറമേ നീതിസ്റ്റോർ ആ നിലയിൽ പൊതുവിതരണ ശൃംഖല ബഡ്ജറ്ററി സഹായത്തോടുകൂടിതന്നെ ശക്തമാക്കി സാമാന്യജനങ്ങളുടെ ജീവിതഭാരം കുറയ്ക്കുവാനും ക്ഷേമം ഉറപ്പുവരുത്താനുമുള്ള ശ്രമങ്ങൾ നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഉല്പാദനമേഖലയിൽ പ്രധാനമായും ഊന്നൽ നൽകേണ്ടത് ഊർജമേഖലയിലാണെന്ന് യു.ഡി.എഫ്. ഉം മുൻപ് പറഞ്ഞിരുന്നതാണ്. ഞങ്ങൾ കൈക്കൊണ്ട നിലപാടും അതുതന്നെയാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷമുള്ള ഭരണം പരിശോധിച്ചാൽ എത്രയോ മഹത്തായ നേട്ടം ഈ മൂന്നുവർഷം കൊണ്ടുണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ 50 വർഷക്കാലം കൊണ്ടുണ്ടാക്കിയതിന്റെ 50 ശതമാനമെങ്കിലും ഈ മൂന്നു വർഷംകൊണ്ട് വൈദ്യുതി ഉല്പാദനരംഗത്ത് നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്നുപറഞ്ഞാൽ അത് നിസ്സാരമായ നേട്ടമാണോ?

<u>ശ്രീ. കെ. ബാബു</u> : ബഹുമാനപ്പെട്ട ഡോ. കെ.സി. ജോസഫ് വൈദ്യുതി ഉല്പാദന രംഗത്തുണ്ടായ പുരോഗതിയെക്കുറിച്ചാണ് സംസാരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്നത്. കേരളത്തിലെ എല്ലാ വ്യവസായ സ്ഥാപനങ്ങളും കൂടുതൽ വൈദ്യുതി കിട്ടാൻവേണ്ടി സർക്കാരിലേയ്ക്ക് അപേക്ഷ കൊടുക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ കേരളത്തിലെ അനവധി വ്യവസായ സ്ഥാപനങ്ങൾ വിലകൊടുത്ത് വൈദ്യുതി വാങ്ങാൻ സാധ്യമല്ലെന്നുപറഞ്ഞ് കറന്റ് സറണ്ടർ ചെയ്തിരിക്കുകയാണ്. ഈ വസ്തുത അങ്ങേയ്ക്കറിയാമോ?

ഡോ. കെ.സി. ജോസഫ് : ഞാൻ ആ ഒരു വിവാദത്തിലേക്ക് പോകുന്നില്ല. ഇവിടെ വ്യവസായികളുടെ കാര്യത്തെക്കുറിച്ച് നിങ്ങൾ പറയണ്ട, നിങ്ങളുടെ ഭരണക്കാലത്ത് 100 ശതമാനം പവർകട്ട് ഏർപ്പെടുത്തി വ്യവസായ മേഖലയെ മുരടിപ്പിച്ചു നിർത്തി. നിങ്ങൾ അതിനുശേഷം എന്താണ് പറഞ്ഞത്? വൻതോതിലാണെങ്കിൽപോലും കൊണ്ടുവരണം. അങ്ങനെ ഇവിടെ വ്യവസായികമേഖലയിൽനിന്നും ഉയർന്നുവന്ന ആവശ്യമനുസരിച്ചാണ് വൻവിലകൊടുത്ത് ബംഗാളിൽനിന്നുപോലും വൈദ്യുതി ഇവിടെ കൊണ്ടുവരാൻ നിർബന്ധിതരായത്. അങ്ങനെ ബംഗാളിൽനിന്നുപോലും കൊണ്ടുവന്ന വൈദ്യുതി ഉപയോഗിക്കാൻ വ്യവസായികൾ തയ്യാറായി. അതിനേക്കാൾ ചുരുങ്ങിയവിലയ്ക്ക് വൈദ്യുതി ഇവിടെ ആഭ്യന്തരമായി ഉല്പാദിപ്പിച്ചു നൽകിയാൽ വാങ്ങില്ല എന്ന നിങ്ങളുടെ വാദഗതി എനിക്ക് അംഗീകരിക്കാൻ കഴിയില്ല. ആ നിലയിൽ എല്ലാവരും അംഗീകരിക്കുന്ന സംഗതി തന്നെ ഇവിടെ ഏറ്റെടുക്കുവാൻ തയ്യാറായി. പുതിയ തലമുറയെ സംരക്ഷിക്കാൻ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് നേട്ടങ്ങളുണ്ടായതായി ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു. കഴിഞ്ഞ ഗവണ്മെന്റിന്റെ ഭരണത്തിനിടയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ധനകാര്യ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമായ പുതുപ്പള്ളിയിലെ പാമ്പാടിയിൽ തുടങ്ങിയെങ്കിൽ ഈ ഗവണ്മെന്റിന്റെ ഭരണത്തിൽ ഇപ്പോൾ ഈ വർഷമുൾപ്പെടെ 8 എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പഠനസൗകര്യം വർദ്ധിപ്പിക്കാനായി 2400 സീറ്റുകളാണ് പോളിടെക്നിക്കിൽ വർദ്ധിപ്പിച്ചത്. അപ്പോൾ പുതിയ തലമുറയെ മറ്റ് ഏതു സംസ്ഥാനത്തെ കുട്ടികളോടൊപ്പംതന്നെ പഠിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. അങ്ങനെ ഓരോ രംഗമെടുത്തു പരിശോധിച്ചാലും, അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് പറഞ്ഞതായ അധികാരവികേന്ദ്രീകരണം. നിങ്ങളുടെ കഴിഞ്ഞ പ്രാവശ്യത്തെ പ്രസംഗമെന്തായിരുന്നു? രാജീവ് ഗാന്ധിയുടെ ഭാവനയിലുള്ള ശ്രീ. നരസിംഹറാവു കൊണ്ടുവന്ന, ബഹുമാനപ്പെട്ട എ.കെ. ആന്റണി നിയമസഭയിൽ കൊണ്ടുവന്ന ഗ്രാമസ്വരാജ് നടപ്പാക്കുവാൻ നിയമം പാസ്സാക്കിയതല്ലാതെ ജനങ്ങൾക്കുവേണ്ടി, നാടിനുവേണ്ടി പ്രവർത്തിക്കാൻ കഴിയുന്ന സമിതികളുണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞിരുന്നോ? അതിനാവശ്യമായ പണം നീക്കിവയ്ക്കാൻ നിങ്ങൾക്ക് കഴിഞ്ഞിരുന്നോ? ഈ ഗവണ്മെന്റ് കഴിഞ്ഞ മൂന്നു വർഷം ഘട്ടംഘട്ടമായി ഓരോ വർഷവും തുക വർദ്ധിപ്പിച്ച് ഇപ്പോൾ 1200 കോടി രൂപ കൊടുക്കുകയാണ്. നമ്മുടെ പദ്ധതിചെലവിന്റെ 40 ശതമാനം തുക നൽകുന്നു. അത് നാട്ടുകാർക്കുവേണ്ടി, ജനങ്ങൾക്കുവേണ്ടി ചെലവാക്കണമെങ്കിൽ അതിന് നമ്മുടെ സെക്കൻഡ് ലെവൽ ലീഡർഷിപ്പിന് സജ്ജമാക്കണ്ടേ? അവരെ ഒരു പുതിയ സമീപനവുമായി താദാത്മ്യപ്പെടുത്തിക്കൊണ്ടുവരണ്ടേ? ഏതെങ്കിലുമൊരു ഉത്തരവുമാത്രം ഇറക്കിയാൽ മതിയോ? അതിന് സെമിനാർ വേണ്ടിവരും. കുറച്ച് പുസ്തകങ്ങൾ അച്ചടിച്ചു നൽകേണ്ടിവരും. അവരെ ബോധവൽക്കരണം നടത്തി പുതിയ സമീപനവുമായി താദാത്മ്യപ്പെടുത്തി ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ കഴിയത്തക്കനിലയിൽ നമ്മുടെ മിഡിൽ ലവൽ ലീഡർഷിപ്പിനെ തയ്യാറാക്കിയെടുക്കുക എന്ന മഹത്തായ

LIBRARY ARCHIVES Kerala Legislative Assembly

യത്നംകൂടി ഇപ്പോൾ നടക്കുകയാണ്. അപ്പോൾ ആ നിലയിൽ പുതിയ ലീഡർഷിപ്പിന് പുതിയ സംവിധാനവുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. പി. രാഘവൻ : ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ ഈ സെമിനാറിനെക്കുറിച്ച് വളരെ ആക്ഷേപകരമായി പറഞ്ഞതിന് മറുപടിയായിട്ടാണല്ലോ അങ്ങ് പറയുന്നത്? ഡി.പി.ഇ.പി. 1993-ൽ റദ്ദാക്കിയപ്പോഴാണ് കേരളത്തിൽ ഏറ്റവും വലിയ സെമിനാറും ബിരിയാണിയും നടത്തിയതെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പർ ഓർക്കുമല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് ജനകീയാസൂത്രണത്തിന്റെ നേട്ടങ്ങളെക്കുറിച്ചാണല്ലോ പറയുന്നത്? അടുത്ത പഞ്ചായത്തിലെ കോഴിയെപ്പിടിച്ച് ഈ പഞ്ചായത്തിൽ കൊടുക്കുകയും തൊട്ടടുത്ത ജില്ലയിലെ ആടിനെപ്പിടിച്ച് നമ്മുടെ പഞ്ചായത്തിൽ കൊടുക്കുകയും ചെയ്തതിൽ ഈ സ്റ്റേറ്റിലുണ്ടായ മൊത്തം നേട്ടമെന്താണ്? നമ്മുടെ സംസ്ഥാനത്താണല്ലോ ഉല്പാദനം കൂടേണ്ടത്?

ഡോ. കെ.സി. ജോസഫ് : ഇത്രയും സങ്കുചിതമായ രീതിയിൽ, വില കുറഞ്ഞ രീതിയിൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനല്ലാതെ വേറെ ആർക്കാണ് പറയാൻ കഴിയുക? ഇവിടെ അങ്ങയുടെ നിയോജകമണ്ഡലമില്ലേ? നമ്മുടെ ഓരോരുത്തരുടേയും നിയോജകമണ്ഡലമില്ലേ? രാഷ്ട്രീയത്തിനതീതമായി, കോൺഗ്രസിന്റെ മെമ്പർമാർ ഭരിക്കുന്ന പഞ്ചായത്തുകളിൽ എന്തെങ്കിലും രാഷ്ട്രീയമായ തർക്കമുണ്ടോ? കോൺഗ്രസ് പ്രസിഡന്റുമാരും മെമ്പർമാരുമുള്ള പഞ്ചായത്തിൽ രാഷ്ട്രീയത്തിനതീതമായി ജനപ്രതിനിധികൾ ഗ്രാമപഞ്ചായത്തിലും, ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും പദ്ധതികൾ നടപ്പാക്കാൻ, ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ പണം ഫലപ്രദമായി വിനിയോഗിക്കാൻ വേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഉല്പാദനമേഖലയുണ്ട്. ആ ഉല്പാദനമേഖലയിലെ ഏറ്റവും വലിയ നേട്ടമെന്താണ്? ഞാൻ ചെറിയൊരു ഉദാഹരണം പറയാം. കഴിഞ്ഞ വർഷം പച്ചക്കറി ഉൽപ്പാദനരംഗത്ത് ഉണ്ടായ നേട്ടം വളരെ നിസ്സാരമാണോ? ഗ്രാമ പഞ്ചായത്തുകളുടെ ആ രംഗത്തുള്ള ഫലപ്രദമായ ഇടപെടലാണ് കൃഷിരംഗത്ത് ഉല്പാദനം വർദ്ധിച്ചതിന്റെ പ്രധാന ഘടകമെന്നുള്ളത് ആർക്കെങ്കിലും തർക്കിക്കാൻ കഴിയുമോ? ആ നിലയ്ക്ക് നമുക്കുള്ള വിഭവം ഭംഗിയായി നമ്മുടെ നാടിനുവേണ്ടി വിനിയോഗിക്കാനുള്ള ശ്രമവുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വികസനരംഗത്ത് ബഡ്ജറ്ററി വിഭവങ്ങൾ മാത്രമല്ല ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വിഭവങ്ങൾ കൂടി സ്വരൂപിച്ചുകൊണ്ട് വികസനം സാദ്ധ്യമാക്കുവാൻ ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കായി ആദ്യമായി നബാർഡിന്റെ ധനസഹായം വാങ്ങിയത് ഈ ഗവൺമെന്റല്ലേ? 101 പാലങ്ങൾ ഇതിനോടകം നബാർഡിന്റെ സ്കീമിൽ ഏറ്റെടുത്ത് പണിതുകൊണ്ടിരിക്കുകയാണ്. 20 കോടി രൂപ ആദ്യമായി ഈ വർഷം പി.ഡബ്ല്യൂ.ഡി. റോഡിനുവേണ്ടി നബാർഡ് നീക്കിവച്ചിരിക്കുന്നു. അത് ഏറ്റെടുത്ത് അതിന്റെ പ്രവർത്തനങ്ങളുമായി പോകുകയാണ്. ബഡ്ജറ്റിൽ മാത്രമല്ല, കൂടുതൽ വിഭവങ്ങൾ എങ്ങനെയും കണ്ടെത്തി നമ്മുടെ നാടിന്റെ വികസനം സാദ്ധ്യമാക്കുക എന്നുള്ള നയമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബാക്കി പണം വേണ്ടായെന്നല്ല ഞാൻ പറയുന്നത്. അതിനുവേണ്ടി കാത്തുനിൽക്കാതെ കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻവേണ്ടിയുള്ള ശ്രമം നടത്തുന്നു. അങ്ങനെ ഈ സംസ്ഥാനത്തിന്റെ ഉത്തമമായ താൽപ്പര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ നോക്കി, സാധാരണക്കാരുടെ ക്ഷേമത്തിനുവേണ്ടി, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. കുരുക്ഷേത്രത്തിലേയ്ക്ക് പോകാമെന്ന് ശ്രീ. കെ.എം. മാണി പറഞ്ഞു. അതു സംബന്ധിച്ചല്ല ഞാൻ പറയുന്നത്. തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇവിടെ മൂന്നാം മുന്നണി ഉണ്ടാകുമോ മറ്റേതെങ്കിലും മുന്നണി ഉണ്ടാകുമോ എന്നുള്ളതിനെ സംബന്ധിച്ച് തർക്കങ്ങൾ ഉന്നയിക്കുകയുണ്ടായി. 1996-ൽ പാർലമെന്റ് തെരഞ്ഞെടുപ്പുകാലത്ത് മൂന്നാം മുന്നണി രൂപീകരിച്ചിട്ടില്ലായിരുന്നില്ല. അന്നത്തെ തെരഞ്ഞെടുപ്പിനുശേഷം ഉരുത്തിരിഞ്ഞുവന്നതാണ് മൂന്നാംമുന്നണി. ശ്രീ. ദേവഗൗഡയുടെ നേതൃത്വത്തിൽ മൂന്നാം മുന്നണി ഗവൺമെന്റ് ഉയർന്നുവന്നത് തെരഞ്ഞെടുപ്പിനുശേഷമുണ്ടായ രാഷ്ട്രീയ ചിത്രമാണ്. അതിനു സമാനമായ ചിത്രമാണ് ഇവിടെ നിൽക്കുന്നത്. ഇപ്പോഴും നിലനിൽക്കുന്നു. ഈ തെരഞ്ഞെടുപ്പിനുശേഷം ഉണ്ടാകാൻ പോകുന്നതും അതുതന്നെയാണ്. കാവിപ്പടയുടെ അക്രമത്തെ സംബന്ധിച്ചും കാവിപ്പട ഉയർന്നുവന്നതിനെ സംബന്ധിച്ചുമൊക്കെ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ കാവിപ്പടയെ അധികാരക്കസേരയിലിരുത്തി തെരഞ്ഞുടുപ്പിനു പോകുന്ന ഒരവസ്ഥ ഇവിടെ ഉണ്ടാക്കിയത് ആരാണ്? കോൺഗ്രസ് കൈക്കൊണ്ട നിലപാടല്ലേ അവരെ അധികാരത്തിൽതന്നെ നിർത്താൻ സാധിച്ചത്. ബദൽ ഗവൺമെന്റ് ഉണ്ടാക്കാൻ കോൺഗ്രസ്സിനും കഴിയാതെ വന്നപ്പോൾ കൂട്ടുകക്ഷി മന്ത്രിസഭ ഉണ്ടാക്കാനും കോൺഗ്രസ്സ് തയ്യാറായില്ല. കൂട്ടുകക്ഷി മന്ത്രിസഭ ഉണ്ടാക്കാമെന്നുള്ള നിലപാടിലേയ്ക്ക് കോൺഗ്രസ്സ് ഇപ്പോൾ വന്നിട്ടുണ്ട്. ശ്രീ. എ.കെ. ആന്റണി അതു സംബന്ധിച്ച് കഴിഞ്ഞ ദിവസം പറയുകയുണ്ടായി. വാജ്പേയി ഗവൺമെന്റിനെതിരെയുള്ള അവിശ്വാസ പ്രമേയം പരാജയപ്പെട്ടതിനുശേഷം ആ ഒരു നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ ബദൽ ഗവൺമെന്റ് ഇവിടെ ഉണ്ടാകുമായിരുന്നോ? അന്ന് സ്വീകരിച്ചില്ല. ഇപ്പോൾ ആ നിലപാടിലേയ്ക്കു വന്നു. അതിനുശേഷം ശ്രീ. ജ്യോതിബസുവിന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് ഉണ്ടാക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ ..... നിങ്ങൾ പുൽക്കൂട്ടിലെ ശ്വാനന്റെ നയം സ്വീകരിച്ചു. ഞങ്ങളല്ലാതെ മറ്റാരും പാടില്ല. ആ സമീപനമാണ് ഇവിടെ ബി.ജെ.പി.യെ നിലനിർത്തിയതെങ്കിൽ നിങ്ങൾ ആ സമീപനത്തിൽനിന്നും ഇനിയെങ്കിലും മാറണം. ക്രിയാത്മകവും പ്രായോഗികവുമായ സമീപനം നിങ്ങൾ സ്വീകരിക്കണം. നിങ്ങൾ സി.പി.എം.നേയും ഇടതുപക്ഷ കക്ഷികളെയും ആക്ഷേപിക്കുന്ന തരത്തിലുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആരൊക്കെയായി കൂട്ടുകൂടുമെന്ന് ഞാനിപ്പോൾ പറയുന്നില്ല. മതേതര കക്ഷികൾ അധികാരത്തിൽ വരണമെങ്കിൽ പ്രായോഗികമായ സമീപനം സ്വീകരിക്കാൻ തയ്യാറാകണം. ആരേയും കൂട്ടുകയില്ല. യൂത്ത് കോൺഗ്രസിന്റെ ഏകകക്ഷി ഭരണം എന്ന സമീപനത്തിൽനിന്നും നിങ്ങൾ മാറണം. യഥാർത്ഥ്യബോധത്തോടും ഉത്തരവാദിത്വത്തോടും കൂടിയുള്ള സമീപനം സ്വീകരിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് തയ്യാറാകണം. നിങ്ങൾ വൈകിയിരിക്കുന്നു. വൈകിയതിന്റെ ഫലമാണ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ധ്രുവീകരണങ്ങൾ. ബി.ജെ.പി.ക്കെതിരായി മൂന്നാം മുന്നണി മതേതര കക്ഷികൾ മുന്നോട്ടു വരുമ്പോൾ അവരെ പിന്തുണയ്ക്കുക എന്നുള്ള ഒരു നയം നിങ്ങൾ സ്വീകരിക്കേണ്ടതായി വരും. അതിൽ സംശയമില്ല. അതുകൊണ്ട് ആ നിലയിലുള്ള സമീപനം സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വികസനരംഗത്ത് പുതിയപ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ..... ഇന്നു രാവിലെ ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ഉൾപ്പെടെ ചില മെമ്പർമാർ അവരുടെ നിയോജകമണ്ഡല

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലെ റോഡുകളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി വന്നിട്ടുള്ള ചില പ്രശ്നങ്ങളുണ്ട്. വില്ലേജ് റോഡുകൾ എങ്ങനെയായിരിക്കണം അല്ലെങ്കിൽ ഒ.ഡി.ആർ. എങ്ങനെയായിരിക്കണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാകണം. കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിയ നിയമപ്രകാരം അവയെല്ലാംതന്നെ ജില്ലാ പഞ്ചായത്തിലേയ്ക്ക് കൈമാറേണ്ട സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. ആർ ഇനി തുടർന്നു ചെയ്യണം, ജില്ലാ പഞ്ചായത്ത് ചെയ്യണോ അതോ സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യണോ എന്നുള്ളതിനെ സംബന്ധിച്ച് ഇനി അമാന്തം ഉണ്ടായിക്കൂടാ. ഏതാണ്ട് 5000-ത്തിലേറെ കിലോമീറ്റർ റോഡുകൾ എം.ഡി.ആർ.ലേയ്ക്കു മാറ്റുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ഉണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മെയിന്റനൻസിനെക്കുറിച്ചാണ് ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ഇവിടെ സൂചിപ്പിച്ചത്. അതിനെ സംബന്ധിച്ച് അവസാനമായി ഒരു തീരുമാനം എടുക്കണം. ഏതൊക്കെ റോഡുകൾ ഗവൺമെന്റിൽ നിലനിർത്തണം, ഏതൊക്കെ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറണം എന്നുള്ളതിനെ സംബന്ധിച്ച് തീരുമാനിച്ച് ജില്ലാ പഞ്ചായത്തിന് കൊടുക്കാനുള്ളത് അങ്ങോട്ട് കൊടുക്കണം. ബാക്കിയുള്ളത് ഇവിടെ നിലനിർത്തി ഗവൺമെന്റിന്റെ കയ്യിലുള്ളത് നന്നാക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തു തീർക്കണം. അങ്ങനെ കുടിശ്ശിക തീർത്തുകഴിഞ്ഞാൽ പിന്നെ സർക്കാരിന് ലാഭമാണ്. നബാർഡിന്റെ വർക്കുകൾ എടുക്കുമ്പോഴുള്ള ടെൻഡർ എക്സസ്സും നബാർഡിന്റെ ധനസഹായമില്ലാത്ത പാലങ്ങൾ ടെൻഡർ ചെയ്യുമ്പോഴുള്ള ടെൻഡർ എക്സസ്സും നോക്കി കൃത്യമായി പേമെന്റ് കൊടുക്കാൻ കഴിഞ്ഞാൽ ഗവൺമെന്റിന് വളരെ ലാഭകരമായിരിക്കുമെന്നാണ് തെളിയുന്നത്. അതുകൊണ്ട് സർക്കാർ ഏറ്റെടുക്കുന്ന മറ്റ് പദ്ധതികൾക്കും ഉടൻ പണം കൊടുക്കത്തക്കവണ്ണമുള്ള തുക കണ്ടെത്താനും സഹായിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചത് കോളേജ് തലത്തിൽനിന്നുള്ള ഡീലിങ്കിംഗ് ആണ് എന്ന് ബഹുമാനപ്പെട്ട ഇ.ടി. മുഹമ്മദ് ബഷീർ പറയുകയുണ്ടായി. കോളേജ് തലത്തിൽ സീറ്റുകളുടെ ഡീലിങ്കിംഗ് നടക്കുമ്പോൾ അതിന് ആനുപാതികമായിട്ടാണ് സ്കൂളുകളിലേയ്ക്ക് പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചത്. സ്കൂളുകളുടെ എണ്ണത്തിലുള്ള കുറവ് ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ളതല്ല. പഴയകാലത്തുള്ള കുറവാണ്. പ്ലസ് ടൂ കോഴ്സുകൾ പൂർണ്ണമായും വന്നാൽ മാത്രമേ അപാകത പരിഹരിക്കാൻ കഴിയൂ. അതിന് എല്ലാപേരുംകൂടി ശ്രമിക്കുക എന്നുള്ളതാണ് പോംവഴി എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഒരു നല്ല ധനകാര്യ മാനേജുമെന്റിലൂടെ കേരളത്തിന്റെ ധനകാര്യസ്ഥിതിയെ, പരിമിതമായ സമ്പത്തിനെ നേരാംവണ്ണം വിനിയോഗിക്കുന്നതിനും ജനങ്ങളെ ദ്രോഹിക്കാതെ ജനോപകാരപ്രദമായ ഒട്ടേറെ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ പരിമിതമായ സമ്പത്തിനെ സംബന്ധിച്ച് ക്രിയാത്മകമായ നിർദ്ദേശം വയ്ക്കുന്നതിനു പകരം അപ്പുറത്തിരിക്കുന്നവർ ഈ ഗവൺമെന്റിനെ ആക്രമിക്കാനാണ് ശ്രമിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ

LIBRARY ARCHIVES Kerala Legislative Assembly

ചാണ്ടി, മൂന്നു കൊല്ലക്കാലം ധനകാര്യ മന്ത്രിയായിരുന്നപ്പോൾ ആ മൂന്നു കൊല്ലത്തിനിടയ്ക്ക് 60 ദിവസമാണ് ട്രഷറി തുറന്നത്. അതൊരു നല്ല ധനകാര്യ മാനേജുമെന്റ് ആയിരുന്നു എന്നാണ് വിലയിരുത്തുന്നതെങ്കിൽ അത് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. അങ്ങനെയൊരു അവസ്ഥ ഈ കഴിഞ്ഞ മൂന്നു കൊല്ലക്കാലത്തിനിടയ്ക്ക് ഉണ്ടായിട്ടില്ല. ഏത് ധനകാര്യ മാനേജ്മെന്റാണ് ശരി എന്നുള്ളതിനെ സംബന്ധിച്ച് ജനങ്ങൾ വിലയിരുത്തിക്കൊള്ളും. നമ്മുടെ രാജ്യത്താകെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളും കുഴപ്പങ്ങളും കേരളത്തിന്റെ സാമ്പത്തിക മേഖലയെ ബാധിക്കുകയില്ലെന്ന് പറയാൻ പറ്റുമോ? അതിൽനിന്നും മാറിനിന്നുകൊണ്ട് ചിന്തിക്കാനോ പ്രവർത്തിക്കാനോ സാധിക്കുമോ? ദേശീയ ശരാശരി വളർച്ചാനിരക്ക് 1996-97-ൽ 7.7 ശതമാനമായിരുന്നത് 1997-98 ആയപ്പോൾ 5 ശതമാനമായി കുറഞ്ഞു. കേരളത്തിന്റെ വളർച്ചാ നിരക്ക് 1996-97-ൽ 5.8 ശതമാനമായിരുന്നത് 1997-98-ൽ 6.6 ശതമാനമായി വർദ്ധിച്ചു. ദേശീയ വളർച്ചാനിരക്ക് കുറയുമ്പോൾ ഒരു ചെറിയ വർദ്ധനവെങ്കിലും കേരള സംസ്ഥാനത്ത് ഉണ്ടാകാൻ ഇടയായത്. കേരളത്തിന്റെ സമ്പത്ത് നേരാംവണ്ണം വിനിയോഗിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചതുകൊണ്ടാണ്. ആ യാഥാർത്ഥ്യം നിങ്ങൾ അംഗീകരിക്കണ്ടേ? വ്യാവസായിക വളർച്ചാ നിരക്ക് ദേശീയാടിസ്ഥാനത്തിൽ 5.6 ശതമാനത്തിൽ നിന്നും 3.5 ശതമാനമായി കുറഞ്ഞപ്പോൾ കേരളത്തിന്റെത് 6.8 ശതമാനത്തിൽ നിന്ന് 7.7 ശതമാനമായി വളർന്നു. ഒരു സംസ്ഥാനത്തിന്റെ വളർച്ച എന്നുപറയുന്നത് സമ്പത്തിന്റെ വളർച്ചയാണ്. കാർഷിക-വ്യാവസായിക മേഖലകളിൽ വളർച്ചയാണ് ഉണ്ടാകുന്നതെങ്കിലും ഭക്ഷ്യോൽപ്പാദനരംഗത്ത്, ദേശീയാടിസ്ഥാനത്തിൽ വലിയ തകർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 1996-97-ൽ ഉണ്ടായിരുന്നതിനേക്കാൾ ഏതാണ്ട് 50 ലക്ഷം ടൺ ഭക്ഷ്യ ധാന്യങ്ങൾ ഉൽപ്പാദനരംഗത്ത് അഖിലേന്ത്യാടിസ്ഥാനത്തിൽ കുറഞ്ഞപ്പോൾ കേരളത്തിൽ നാമമാത്രമായ കുറവാണ് ഉണ്ടായിട്ടുള്ളത്. രാജ്യത്ത് ആകമാനം ഉണ്ടാകുന്ന ഈ കുറവൊന്നും മനസ്സിലാക്കാതെ കേരളത്തിന്റെ മാത്രം ഒറ്റപ്പെട്ട പ്രശ്നമായി എടുക്കാനാണ് ശ്രമിക്കുന്നത്. അത് ഒരിക്കലും ന്യായമായ ഒരു സമീപനമല്ല. രാജ്യത്തിന്റെ വ്യാപാര കമ്മി കൂടി വരുകയാണ്. 3.7 ശതമാനത്തിൽ നിന്നും 3.9 ശതമാനമായിട്ട് വ്യാപാര കമ്മി ഉയർന്നു. നമ്മുടെ കയറ്റുമതി കുറയുകയും ഇറക്കുമതി വർദ്ധിക്കുകയും ചെയ്യുന്നു. രാജ്യത്തെ സാമ്പത്തിക സ്ഥിതി എന്നു പറയുന്നത് അതിന്റെ പ്രതിഫലനം കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയിലും ഉണ്ടാകുമെന്ന് മനസ്സിലാക്കണം. സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം 1996-97-ൽ 2325 രൂപ ആയിരുന്നത് 1997-98-ൽ 2444 രൂപയായി ഉയർന്നു. ഇതൊരു വലിയ വളർച്ചയായി പറയുന്നില്ല. പക്ഷേ വളർച്ച അല്ലാതാകുമോ? കഴിഞ്ഞ കുറെ വർഷങ്ങളായി കുറഞ്ഞുകൊണ്ടിരിക്കുന്നതിൽ നിന്നും പിടിച്ചു നിർത്താനുള്ള ഒരു ശ്രമം കേരളത്തിൽ ഉണ്ടാകുന്നുവെന്നതിന്റെ പ്രതിഫലനമാണ് ഈ വളർച്ച സൂചിപ്പിക്കുന്നത്. അതുപോലെ ഉപഭോക്തൃ വിലസൂചിക 1997-ൽ 8.97 ശതമാനമായിരുന്നത് 1998-ൽ 6.4 ശതമാനമായി കുറഞ്ഞു. അങ്ങനെ എല്ലാമേഖലയിലും ഉണ്ടായിട്ടുണ്ട്. അടുത്ത നൂറ്റാണ്ടിൽ വലിയ മുന്നേറ്റം കേരള സംസ്ഥാനത്ത് ഉണ്ടാക്കാനുള്ള ഒരു തുടക്കത്തിന്റെ അടിത്തറ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പാകിയിരിക്കുന്നു എന്നാണ് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്. ഇവിടെ ജനകീയാസൂത്രണത്തെ സംബന്ധിച്ചുള്ള വലിയ പ്രസംഗങ്ങളൊക്കെ കേട്ടു. ജനകീയാസൂത്രണ പ്രസ്ഥാനങ്ങളെ സംബന്ധിച്ച് ആർക്കാണ് ആക്ഷേപിക്കാൻ സാധിക്കുക? ഈ ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൻ കീഴിൽ റവന്യൂ കമ്മി വർദ്ധിച്ചുവെന്ന് പറയുന്നത് കേട്ടു. റവന്യൂ കമ്മി വർദ്ധിക്കാനുള്ള കാരണം എന്താണ്? ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പാക്കിയപ്പോൾ പദ്ധതി വിഹിതം അവയ്ക്കായി നീക്കി വയ്ക്കേണ്ടി വന്നതു കൊണ്ടും സംസ്ഥാന ജീവനക്കാർക്കുവേണ്ടി നടപ്പാക്കിയ വേതന പരിഷ്കരണംമൂലമുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത കൊണ്ടുമാണ് റവന്യൂ കമ്മി വർദ്ധിച്ചത്. ഇതെല്ലാം ഉള്ളപ്പോഴും ഇവിടെ പിടിച്ചു നിൽക്കാൻ സാധിക്കുന്നു എന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ഗ്രാമ വികസനരംഗത്ത് ഒന്നും നടന്നില്ലേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോഴും ആടിന്റെയും കോഴിയുടെയും കാര്യം മാത്രമാണ് പറയുന്നത്. ഇതു മാത്രമാണോ നടന്നത്? ആടും കോഴിയും കൊടുത്ത ഒരു ഒറ്റപ്പെട്ട സംഭവത്തെയാണോ ജനകീയാസൂത്രണ പ്രസ്ഥാനം എന്നു പറയുന്നത്? ഒറ്റപ്പെട്ട ഏതെങ്കിലും സംഭവം ഉണ്ടാകാം. അതൊന്നും ആരും ന്യായീകരിക്കുന്നില്ല. ആ സംഭവങ്ങൾ ഉൾപ്പെടെ ഇല്ലാതാക്കുന്നതിനുവേണ്ടി ഗ്രാമസഭകൾ സജീവമായി ചർച്ച ചെയ്ത് അർഹതയുള്ളവർക്ക് കിട്ടുന്നതിനും അനർഹരായിട്ടുള്ളവരെ ഒഴിവാക്കുന്നതിനും ഒക്കെ തീരുമാനിക്കണം എന്നു തന്നെയാണ് ഗവൺമെന്റിന്റെ നിർദ്ദേശം. പക്ഷേ ഈ ഗവൺമെന്റ് കഴിഞ്ഞ 3 വർഷങ്ങളിലായി ജനകീയാസൂത്രണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഏതാണ്ട് 92,856 വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായം നൽകി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 2,05,705 സാനിറ്ററി കക്കൂസുകൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി കൊടുക്കാൻ സാധിച്ചു. 818.83 ദശലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഗ്രാമങ്ങളിൽ സാധാരണ ജനങ്ങൾക്ക് തൊഴിൽ ഉണ്ടാക്കി കൊടുക്കുന്നതിനുള്ള പദ്ധതി ഇത് വെറുതെ നടപ്പാക്കലല്ല. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ട് ഗ്രാമീണ ജീവിതത്തിൽ ഉണ്ടായിട്ടുള്ള വലിയ മാറ്റം നമുക്ക് കാണാൻ കഴിയും. അതുപോലെ തന്നെ കൈത്തൊഴിൽ ചെയ്യുന്ന 15325 ആളുകൾക്ക് തൊഴിൽ പരിശീലന ഉപകരണങ്ങൾ നൽകി. 22,934 കിണറുകൾ, 2197.57 കിലോമീറ്റർ ഗ്രാമീണ റോഡുകൾ ഇതെല്ലാം അതിന്റെ ഭാഗമായിട്ട് നിർമ്മിച്ചതാണ്. കാർഷികമേഖലയിൽ ഈ ഗവൺമെന്റ് എടുത്ത നിലപാടുകൾ നിങ്ങൾക്ക് അറിയാമല്ലോ? എത്രയോ മാറ്റങ്ങൾ കാർഷികമേഖലയിൽ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അതൊക്കെ വൻപിച്ച മാറ്റങ്ങൾ തന്നെയാണ്. ചെറുകിട വ്യവസായത്തിന് മാത്രമായി ഈ കഴിഞ്ഞ 3 കൊല്ലംകൊണ്ട് 48,820 ചെറുകിട യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു. 91,574 ലക്ഷം രൂപ സർക്കാർ നിക്ഷേപമായി കൊടുത്തു. ഏതാണ്ട് 1,65,116 പേർക്ക് തൊഴിലവസരം ഉണ്ടാക്കി. വൈദ്യുതിയുടെ കാര്യം ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. ഈ മേഖലയിൽ എല്ലാം തന്നെ വലിയ മുന്നേറ്റം ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന് ഉണ്ടാക്കാൻ സാധിച്ചു. പൂട്ടിക്കിടക്കുന്ന നിരവധി വ്യവസായങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു. കേരളാ സോപ്പ്സ് ആന്റ് ഓയിൽസ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് കെമിക്കൽസ്, സ്റ്റീൽ കോംപ്ലക്സ്, ട്രാവൻകൂർ പ്ലൈവുഡ്, വിറ്റാമിൻ-എ പ്ലാന്റ് തുടങ്ങിയിട്ടുള്ള നിരവധി വ്യവസായങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിച്ചു. പല വ്യവസായങ്ങളും തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നു. എവിടെയാണ് ഈ ഗവൺമെന്റിന് പരാജയം സംഭവിച്ചുവെന്ന് പറയുന്നത്? ഏതു രംഗം എടുത്തു നോക്കിയാലും അവിടെയെല്ലാം കഴിഞ്ഞ ഗവൺമെന്റിൽനിന്നും വ്യത്യസ്തമായ സമീപനവും വലിയ മുന്നേറ്റവും ഈ ഗവൺമെന്റിന് ഉണ്ടാക്കാൻ കഴിഞ്ഞു. അപ്പുറത്ത് നിന്ന് പ്രസംഗിച്ച ചില അംഗങ്ങൾ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ടി.എം. ജേക്കബ് ഒരു ബീഭത്സ സിദ്ധാന്തം തന്നെ ഇവിടെ ആവർത്തിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. നിരവധി പ്രാവശ്യം ഉന്നയിച്ച് മറുപടി കേട്ട് എല്ലാവർക്കും ബോധ്യമായ കാര്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് ഉന്നയിച്ചാൽ സത്യമാകും എന്ന ചിന്തയിലാണെങ്കിൽ അദ്ദേഹം അതിന് വച്ച വെള്ളം വാങ്ങി വയ്ക്കുന്നതാണ് നല്ലത്. ബഹുമാന്യനായ മുഖ്യമന്ത്രി സഖാവ് നായനാരെക്കുറിച്ച് പറയുമ്പോൾ ആലോചിച്ച് പറയണ്ടേ? അദ്ദേഹം നടന്നുപോയ പാദത്തിനടിയിലെ മണ്ണ് തൊടാനുള്ള യോഗ്യത ശ്രീ. ടി.എം. ജേക്കബിനുണ്ടോ? പറയുമ്പോൾ ആലോചിക്കണ്ടേ? ആവർത്തിച്ചാവർത്തിച്ച് ഇങ്ങനെ പറഞ്ഞാൽ. ഏകദേശം 513 ക്യൂബിക് മീറ്റർ മണൽ എടുത്തു. അതാണ് ഏറ്റവും വലിയൊരു പ്രശ്നം. മണൽ ലേലം ചെയ്യലും കൊണ്ടുപോകലും കോൺട്രാക്ട് കൊടുക്കലും ഒക്കെ വേറെ നടക്കുന്നു. അത് പ്രത്യേകമായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ നടത്തുന്ന കാര്യമാണ്. ഗവൺമെന്റുമായിട്ട് അതിന് എന്താണ് ബന്ധം. അതിൽ ഗവൺമെന്റ് സ്വാധീനം ഉപയോഗിച്ചുവെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞാൽ കേരളത്തിലെ ജനങ്ങൾക്ക് ബോദ്ധ്യമാകുമോ? കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ബഹുമാന്യനായ മുഖ്യമന്ത്രിയും ശ്രീ. ടി.എം. ജേക്കബും ഒരു ഹിത പരിശോധനയ്ക്ക് തയ്യാറാകാൻ ധൈര്യമുണ്ടോ? ആർക്കാണ് അനുകൂലമായിട്ട് ജനങ്ങൾ പറയുന്നത്? ശ്രീ. ടി.എം. ജേക്കബിന്റെ വളർച്ചയും പാരമ്പര്യവുമാണോ മുഖ്യമന്ത്രിക്കുള്ളത്? ശ്രീ. ടി.എം. ജേക്കബ് കുറെക്കാലം മന്ത്രിയായിരുന്നു, എം.എൽ.എ. ആയിരുന്നു. എം.എൽ.എ.യുടെയും മന്ത്രിയുടെയും വരുമാനം ആകെയൊന്ന് പരിശോധിക്കുക. മുഖ്യമന്ത്രിയുടെ വരുമാനം ആകെയൊന്ന് പരിശോധിക്കുക. ആർക്കാണ് വരുമാനം കൂടുതലായിരിക്കുക? ഇതൊക്കെ പാരമ്പര്യമായി കിട്ടിയ വരുമാനമാണോ? കേസുകൾ നടക്കുന്നുണ്ട്. അതിന്റെ ബേജാറാണ് ഇപ്പോൾ ശ്രീ. ടി.എം. ജേക്കബ് പ്രകടിപ്പിച്ചത്. ആവർത്തിച്ചാവർത്തിച്ച് പറഞ്ഞാൽ ഇതിൽനിന്നും രക്ഷപ്പെടാൻ ആകുമോ? തിരക്കുള്ള പട്ടണത്തിൽ പോക്കറ്റടിക്കാരൻ ചെയ്യുന്നതുപോലെ. പോക്കറ്റടിക്കപ്പെടുന്നയാൾ പോക്കറ്റടിക്കാരനെ പിടിക്കാൻ ഓടുമ്പോൾ അതാ കള്ളൻ പോകുന്നുവെന്ന് പറഞ്ഞ് പോക്കറ്റടിക്കാരൻ രക്ഷപ്പെടുന്നതുപോലെയല്ലേ ഇപ്പോൾ ശ്രീ. ടി.എം. ജേക്കബ് ഇവിടെ കാണിക്കുന്നത്? അല്ലാതെ ഇതിന് എന്ത് അർത്ഥമാണുള്ളത്? അതിൽനിന്നും രക്ഷപ്പെടുവാൻ പറ്റുമോ? സമൂഹം അതിന് അനുവദിക്കുമോ? കാർ വാങ്ങിയവകയിൽ ആകെ ധൂർത്ത് ആണ് എന്നൊക്കെയുള്ള കാര്യങ്ങളാണ് പറയുന്നത്. അത്യാവശ്യം വേണ്ട ചെലവുകളൊക്കെ നടത്താതെ പോയവരാണോ നിങ്ങൾ? നിങ്ങൾ ഉണ്ടാക്കിവച്ച പരിഷ്കാരങ്ങളൊക്കെ തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. അതിൽ മാറ്റം ഒന്നും വരുത്തിയിട്ടില്ല. മുഖ്യമന്ത്രിയാകുമെന്ന ധാരണയിൽ ദരിദ്ര ജനകോടികൾ നിന്നും 60 ലക്ഷം രൂപ ചെലവാക്കിയില്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി ഡൽഹിയിൽനിന്നും കേരളത്തിലേയ്ക്ക് വിമാനത്തിൽ വന്നിട്ട് 60 ലക്ഷം രൂപ ഈ സംസ്ഥാനത്തിന്റെ ഖജനാവിൽ നിന്നും ചെലവാക്കിയില്ലേ? അങ്ങനെ പോലും ഈ സംസ്ഥാനത്തിന്റെ കാശ് കൊള്ളയടിച്ച ആളുകളാണ് ഈ സംസ്ഥാനത്തിന്റെ ചെലവിനെപ്പറ്റി പറയുന്നത്. കേരളത്തിലെ വളർച്ച മുരടിച്ചു നിൽക്കുന്നുവെന്നൊക്കെ ചില പ്രസംഗങ്ങൾ കേട്ടു. വ്യാവസായികമേഖലകളിലെ വളർച്ചയ്ക്കുവേണ്ടി സംഘടിതമായ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ പ്രക്രിയയിലൂടെ നടക്കുന്നത്. ശ്രീ ജോർജ് ജെ. മാത്യു പോക്കറ്റ് സംഘടനയുടെ കാര്യം പറഞ്ഞു. ഒരോ നേതാക്കൻമാരും ഓരോ യൂണിയൻ രൂപീകരിച്ചിരിക്കുകയല്ലേ? അങ്ങനെ യൂണിയനുകളുടെ ബാഹുല്യം വർദ്ധിച്ചുവരുകയാണ്. കേരളത്തിന്റെ മുരടിപ്പ് മാറ്റിയെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന്, വളർച്ച മുരടിച്ചു എന്ന് നിങ്ങൾ പറയുന്ന കാര്യങ്ങളിൽ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള യോജിച്ച പ്രവർത്തനമാണ് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. അതാണ് ജനകീയാസൂത്രണം. ഉൽപ്പാദനമേഖലയിൽ വമ്പിച്ച മുന്നേറ്റം ഉണ്ടാക്കാൻ ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജനകീയാസൂത്രണം. എന്തുകൊണ്ട് നിങ്ങൾക്ക് സഹകരിച്ചുകൂടാ? സാങ്കേതിക വിദ്യ വിപുലപ്പെടുത്തണം, അതുപോലെതന്നെ ഊർജ്ജം വളരെ അത്യാവശ്യമാണ്. അതിന്റെ ഭാഗമായേ വ്യവസായം വികസിക്കൂ. വ്യവസായം വളരുമ്പോൾ വിപണി വേണം. ഇന്ത്യാരാജ്യത്തെ വിപണി എന്നുപറയുന്നത് ഇന്ത്യയിലെ ജനങ്ങളാണ്; കേരളത്തിലെ ജനങ്ങളാണ്. അവർക്ക് വാങ്ങാനുള്ള കഴിവുണ്ടാകണം- ക്രയശേഷി. ജനങ്ങൾക്ക് വാങ്ങാനുള്ള കഴിവുണ്ടാകുമ്പോഴേ വ്യവസായം വികസിക്കൂ. വ്യവസായം വികസിക്കണമെങ്കിൽ കൃഷി വികസിക്കണം. കൃഷി വികസിക്കണമെങ്കിൽ അതിനനുസൃതമായ നയത്തിന് രൂപം കൊടുക്കണം. നിങ്ങളുടെ പാപ്പരായ നയം, പുതിയ സാമ്പത്തിക നയം എന്ന രീതിയിൽ പഴയ നയം കുറച്ചുകൂടി ശക്തിയായി നടപ്പിലാക്കിയത്, വേൾഡ് ട്രേഡ് ഓർഗനൈസേഷനുമായി നിങ്ങൾ ഉണ്ടാക്കിയ ആ കരാർ ഇതെല്ലാമാണ് നമ്മുടെ സാമ്പത്തിക മേഖലയെ തകർത്തത്. കാർഷിക മേഖലതകർന്നു, അതിന്റെ ഭാഗമായി വ്യവസായമേഖലയും തകർന്നു. വ്യവസായവും കൃഷിയും തകർന്നാൽ തൊഴിലില്ലായ്മ വർദ്ധിക്കും. വാങ്ങാനുള്ള കഴിവ് ജനങ്ങൾക്ക് നഷ്ടപ്പെടും ഇങ്ങനെ വ്യവസായം തകരുന്നു, ജീവിതം ആകെ തകരുന്നു. ആ തകർച്ചയ്ക്ക് കാരണമായ അടിസ്ഥാനപരമായ കാര്യങ്ങൾ എന്താണെന്ന് കണ്ടെത്തി പരിഹരിക്കാനുള്ള പ്രവർത്തനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തുടങ്ങിവച്ചത്, അതുമായി ഞങ്ങൾ മുന്നോട്ടുപോകുന്നു. ഇവിടെ മത ന്യൂനപക്ഷങ്ങളുടെ രക്ഷ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ല, സി.പി.എം.ന് ഇല്ല എന്നൊക്കെ ബഹുമാന്യനായ ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ പ്രസംഗിച്ചു. ഞാൻ ചോദിക്കട്ടെ കേരളത്തിൽ പറയുന്നതുപോലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും പറയാൻ പറ്റുമോ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന ബംഗാളിൽ 23 കൊല്ലമായിട്ട് വർഗ്ഗീയ കലാപം ഉണ്ടായിട്ടില്ല. ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ ഒരു സംഘർഷവും ഉണ്ടായിട്ടില്ല. കേരളത്തിൽ ഒറ്റപ്പെട്ട സംഭവം ഉണ്ടായപ്പോൾ ഇടതുമുന്നണി ഗവൺമെന്റ് ശക്തമായിട്ട് ഇടപെട്ട ഒട്ടേറെ അനുഭവങ്ങൾ ഈ കേരളത്തിൽ തന്നെ നിങ്ങൾക്കില്ലേ? കേരളത്തിൽ ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴല്ലേ ആലപ്പുഴയിൽ നബിദിന ഘോഷയാത്രയുടെ നേരെ ആക്രമണം നടത്തിയതിന് മൂവായിരം ആളുകളുടെ പേരിൽ കേസ്സ് ചാർജ്ജ് ചെയ്തില്ലേ, ആ പ്രതികളെ കേസ്സിൽ നിന്ന് മോചിപ്പിച്ചത് ഏത് ഗവൺമെന്റിന്റെ കാലത്താണ്? 1987-ൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റ്, ശ്രീ. നായനാർ അധികാരത്തിൽ വന്നപ്പോഴാണ് ഈ പ്രതികളെ കേസ്സിൽ നിന്ന് ഒഴിവാക്കിയത്. മൂവായിരം വരുന്ന മുസ്ലീം സഹോദരൻമാരെ, ഓർമ്മയില്ലേ? മുസ്ലീങ്ങളുടെ രക്ഷ ഇടതുപക്ഷ മുന്നണിയുടെ കീഴിലാണോ അതോ ഐക്യജനാധിപത്യ മുന്നണിയുടെ കീഴിലാണോ? അതുപോലെ വിഴിഞ്ഞം, പൂന്തുറ കലാപങ്ങൾക്ക് നഷ്ടപരിഹാരം ഏത് കാലത്താണ് കൊടുത്തത്? നിങ്ങൾ കൊടുക്കാതെ മാറ്റിവച്ചത് കട കൊള്ളയടിച്ച് ആളുകൾക്കും, മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുമുള്ള നഷ്ടപരിഹാരവും എപ്പോഴാ കൊടുത്തത്? ഇടതുപക്ഷ മുന്നണി ഗവൺമെന്റ് വന്നപ്പോൾ. സിറാജുന്നിസ്സായെപോലെ വർഗ്ഗീയകലാപത്തിൽ മരണപ്പെട്ട ആളുകൾക്ക് കേന്ദ്ര ഗവൺമെന്റ് കൊടുത്ത സഹായം പോലും കൊടുക്കാതെ മാറ്റിവച്ചവരാണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ. പഴയ ചരിത്രമൊന്നും ഞാൻ പറയുന്നില്ല. തലശ്ശേരി ലഹള മുതലുള്ള ചരിത്രം, ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ജീവാർപ്പണം ചെയ്ത് നിൽക്കുന്നവരാണ് നിങ്ങളുടെ ആരെയെങ്കിലും പ്രീണിപ്പിക്കുന്നതിനുവേണ്ടിയിട്ടല്ല, ഞങ്ങളുടെ ഒരു നയത്തിന്റെ ഭാഗമാണത്. മത ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുക, പാവപ്പെട്ടവന്റെ കൂടെ നിൽക്കുക എന്നത്. പട്ടികജാതിക്കാർക്കുവേണ്ടി ഇപ്പോൾ എന്തിനാണ് വാദിക്കുന്നത് എന്ന് ശ്രീ. തിരുവഞ്ചൂർ ചോദിച്ചു. പട്ടികജാതിക്കാരനായ ഒരാളെ ഏതെങ്കിലും ഒരു സ്ഥാനത്ത് ഇരുത്തിയാൽ പട്ടികജാതിക്കാർ ആകെ രക്ഷപ്പെടുമോ? അങ്ങനെ ഞങ്ങൾ വിശ്വസിക്കുന്നില്ല. പരിചയത്തിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിലാണ് സെക്രട്ടേറിയറ്റിലേയ്ക്ക് വരുന്നത്. അത് എല്ലാവർക്കും അറിയാം. സ്വാതന്ത്ര്യ സമരക്കാലത്തും, സ്വാതന്ത്ര്യാനന്തര ഭാരതത്തിലും പട്ടികജാതിക്കാരും, പട്ടികവർഗ്ഗക്കാരുമായ പാവപ്പെട്ട ജനങ്ങൾക്ക് വഴിനടക്കാൻ അവകാശമില്ലായിരുന്നപ്പോൾ, പൊതു കിണറുകളിൽ നിന്ന് വെള്ളം കോരികുടിക്കാൻ അവകാശമില്ലാതിരുന്നപ്പോൾ കുളത്തിൽ കുളിക്കാൻ അവകാശമില്ലാതിരുന്നപ്പോൾ അമ്പലത്തിൽ പ്രവേശിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിലും ആരായിരുന്നു ആ വിഭാഗങ്ങളെ സംരക്ഷിക്കാൻ ഉണ്ടായിരുന്നത്. ആ വിഭാഗങ്ങളെ സംഘടിപ്പിച്ച് അവരുടെ ആവശ്യങ്ങൾ നേടി എടുക്കാനുള്ള പ്രക്ഷോഭത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് നിങ്ങൾ ഉണ്ടായിരുന്നോ? അവിടെയെല്ലാം ആ പാവങ്ങൾക്ക് വേണ്ടി തല്ലുകൊണ്ടത് കമ്മ്യൂണിസ്റ്റുകാരായിരുന്നു. അവരെ കണ്ടെത്തി മനുഷ്യനാണെന്ന് അംഗീകരിപ്പിക്കാൻ ശ്രമിച്ചതും കമ്മ്യൂണിസ്റ്റുകാരാണ്. നിങ്ങൾ ഇപ്പോൾ ഏതെങ്കിലും ഒരു സ്ഥാനത്ത് പട്ടികജാതിക്കാരൻ ഉണ്ടോ എന്ന് ചോദിച്ചു, അവർക്ക് വഴി നടക്കാൻ അവകാശമുണ്ടായിരുന്നില്ല, സ്കൂളിൽ പഠിക്കാൻ അവകാശമുണ്ടായിരുന്നില്ല, പൊതു കിണറുകളിൽ നിന്ന് വെള്ളം കോരി കുടിക്കാൻ അവകാശമുണ്ടായിരുന്നില്ല. അവരെ മനുഷ്യരാണെന്ന് അംഗീകരിപ്പിച്ചവരാണ് ഞങ്ങൾ. ഞങ്ങൾക്ക് അക്കാര്യത്തിൽ അഭിമാനമുണ്ട്. ഇപ്പോൾ നിങ്ങൾ അവരുടെ അവകാശികളായിട്ട് വരുന്നു, പലതിന്റെയും പിതാക്കൻമാരായി മാറാൻ ശ്രമിക്കുന്നതുപോലെ ഇപ്പോഴും ഈ പാരമ്പര്യവും, ചരിത്രവുമൊക്കെ മറന്ന് നിങ്ങൾ പുതിയ വാദഗതി ഉന്നയിക്കുകയാണ്. അത് കേരളത്തിലെ ജനങ്ങൾക്കറിയാം. നിങ്ങൾ സവർണ്ണ മേധാവികളുടെ കൂടെയാണ് പണ്ടും, ഇപ്പോഴും, എപ്പോഴും. അതുകൊണ്ട് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രസക്തിയും, പ്രാധാന്യവും ഏറിവരികയാണ്, മൂന്നാം മുന്നണിക്ക് ഇവിടെ പ്രാധാന്യം കുറഞ്ഞിട്ടില്ല. മൂന്നാം മുന്നണി എന്നുപറയുന്നത് ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനങ്ങളുടെ മുന്നണിയാണ്. ജനാധിപത്യത്തിലും, മതേതരത്വത്തിലും വിശ്വസിക്കുന്ന മുഴുവൻ പേരെയും ഒന്നിപ്പിച്ചു നിർത്തുക എന്ന ലക്ഷ്യം തന്നെയാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചിട്ടുള്ളത്. അതോടൊപ്പം നിൽക്കുന്നവരെ കൂട്ടിയോജിപ്പിക്കും. ബി.ജെ.പി. എന്ന വർഗ്ഗീയ ഫാസിസ്റ്റു പ്രസ്ഥാനം ഈ രാജ്യത്ത് അധികാരത്തിൽ വരാതിരിക്കുക എന്നതുതന്നെയാണ് മുഖ്യലക്ഷ്യം. അതിനുവേണ്ടി ഓരോ സംസ്ഥാനത്തും മതേതര ജനാധിപത്യ പ്രസ്ഥാനം എങ്ങനെ ശക്തിപ്പെടുത്താൻ കഴിയും എന്ന് ആലോചിച്ച് തീരുമാനിച്ച് മുമ്പോട്ടുപോകുന്ന ഒരു പ്രസ്ഥാനമാണ് ഞങ്ങളുടേത്. അക്കാര്യത്തിൽ ഒരു അഭിപ്രായ വ്യത്യാസവും ആശയക്കുഴപ്പവും തർക്കവുമില്ല. ജനങ്ങൾ ആ ആശയത്തോടൊപ്പമായിരിക്കും എന്നത് ഈ തെരഞ്ഞെടുപ്പു കഴിയുമ്പോൾ ശ്രീ. ബാബുവിന് ബോധ്യമാകും. 100-നുമീതെ സീറ്റ് നിങ്ങൾക്കുണ്ടാവില്ല. അഖിലേന്ത്യാ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നൂറിൽ താഴേക്ക് കോൺഗ്രസ് പോകും. ഓരോ സംസ്ഥാനത്തെയും സ്ഥിതി പരിശോധിച്ചാൽ അതാണ് ഇന്ത്യയുടെ പൊതു ചിത്രം. ശ്രീമതി സോണിയാ ഗാന്ധി യു.പി.യിൽ പോയപ്പോൾ ആള് കൂടിയില്ല, 10 ലക്ഷം ആളുകൂടും എന്നുപറഞ്ഞ സ്ഥലത്ത് 5,000 ആളുപോലും കൂടാതിരുന്നപ്പോൾ ആളുകൾക്ക് മനസ്സിലായി എന്താണ് ശ്രീമതി സോണിയാ ഗാന്ധിയുടെ കൈയിലിരുപ്പ് എന്ന്. എത്ര കപ്പാസിറ്റിയുണ്ടെന്ന് ഇപ്പോൾ ബോധ്യമായി. അതൊന്നും പറഞ്ഞ് ജനങ്ങളെ ഇളക്കാൻ നോക്കേണ്ട. കേരളത്തിന്റെ സമഗ്ര വികസനത്തിന് സഹായകരമായ ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന അവസരത്തിൽപോലും സാമ്പത്തിക രംഗത്ത് കറക്ടീവ് സ്റ്റെപ്സ് എടുക്കുന്നില്ല എന്നുള്ളതാണ് ഞങ്ങളുടെ പരാതി. ഭരണകക്ഷി ബഞ്ചുകളിൽ നിന്ന് ഈ ധന വിനിയോഗ ബില്ലിനെ അനുകൂലിച്ച് പ്രസംഗിച്ചിട്ടുള്ളവർ

[3 P.M]

ധനകാര്യ വകുപ്പുമന്ത്രിക്ക് കൊടുത്തിട്ടുള്ള പിന്തുണയൊക്കെ ഈ പ്രസംഗങ്ങളിൽ മാത്രമേയുള്ളൂ. ഇവിടത്തെ സാമ്പത്തികരംഗം മെച്ചപ്പെടുത്തുന്നതിന് ഒരു മന്ത്രിയും, ഭരണരംഗത്തെ ഒരു പാർട്ടിയും സഹകരിക്കുന്നില്ല എന്നുള്ളതാണ് അനുഭവത്തിൽ നിന്ന് തെളിഞ്ഞിട്ടുള്ളത്. ശ്രീ. രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ട്രഷറി പൂട്ടിയതിനെക്കുറിച്ച് പറഞ്ഞു, ശരിയാണ്. 1987 മുതൽ 91 വരെ ഭരിച്ച എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിലെ സാമ്പത്തിക രംഗം ഇന്നുവരെ കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും രൂക്ഷമാക്കി. കേരളത്തിൽ ആദ്യം ട്രഷറി പൂട്ടിയത് ആ കാലഘട്ടത്തിലാണെന്ന് നിങ്ങൾ മറക്കരുത്. പൂട്ടിയ ട്രഷറിയാണ് 1991-ൽ യു.ഡി.എഫ്. ഗവൺമെന്റിനെ ഏൽപ്പിച്ചത്. ആ കാലിയായ ട്രഷറി വച്ച് 1991-തൊട്ട് 96 വരെയുള്ള ആ 5 വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തണം. ട്രഷറി പൂട്ടിയിട്ടുണ്ട്, കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടിട്ടുണ്ട്. പക്ഷെ കറക്ടീവ് സ്റ്റെപ്സ് ഞങ്ങൾ എടുത്തു. 1996-ൽ ഞങ്ങൾ അധികാരം വിട്ടുപോകുന്ന അവസരത്തിൽ 1995-96 വർഷത്തിൽ ഒരൊറ്റ പ്രാവശ്യവും ഓവർ ഡ്രാഫ്റ്റ് ഉണ്ടായില്ല. ഒരൊറ്റ ദിവസംപോലും വേയസ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടില്ല. എന്താണ് അതിന്റെ സൂചന? അത് ഈ ഗവൺമെന്റിന്റെ കാലത്ത് എടുക്കുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ പരാതി. ഞങ്ങളുടെ കാലത്ത് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. സമ്മതിക്കുന്നു. പക്ഷെ അതിന്റെ തുടക്കം 1987 മുതൽ 1992 വരെയുള്ള ഗവൺമെന്റിന്റെ കാലത്താണ്. ട്രഷറി ആദ്യമായി പൂട്ടിയത് ആ കാലഘട്ടത്തിലാണ്. പക്ഷെ അവിടെനിന്ന് ഇങ്ങോട്ടുള്ള അഞ്ചു വർഷക്കാലം ഞങ്ങൾ കടുത്ത നടപടികളെടുത്തു. സ്വയം നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. മന്ത്രിമാർ വരെ സാമ്പത്തികമായ നിയന്ത്രണങ്ങൾക്ക് സ്വയം വിധേയമായി നിന്നുകൊണ്ട് എടുത്ത കറക്ടീവ് സ്റ്റെപ്സുകൊണ്ടാണ് 1996-ൽ ഞങ്ങൾ അധികാരം വിട്ടൊഴിയുമ്പോൾ 481 കോടി രൂപ ട്രഷറിയിൽ മിച്ചം വന്നത്.

<u>ശ്രീ. ടി.കെ. ഹംസ</u> : 481 കോടി രൂപ ബാക്കിയെന്ന് പറയുമ്പോൾ 400 കോടി രൂപ കരാറുകാർക്ക് കൊടുക്കാൻ ബാക്കിയുണ്ടായിരുന്നില്ലേ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ബഹുമാനപ്പെട്ട ഹംസേ, ഇന്ന് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോൻ തന്ന മറുപടിയ്ക്കകത്ത് പറയുന്നു,

LIBRARY ARCHIVES Kerala Legislative Assembly

പി.ഡബ്ല്യൂ.ഡി.യുടെയും ഇറിഗേഷന്റെയും കൂടി 632.3 കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാൻ ഉണ്ടെന്ന്. അത് ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. ബഡ്ജറ്റിൽ പറയാത്ത 632.6 കോടി രൂപ കൊടുക്കാനുണ്ട്. പക്ഷെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 31.10.95 വരെ പി.ഡബ്ല്യൂ.ഡി.യിൽ വന്നിട്ടുള്ള കുടിശ്ശിക 137.66 കോടി രൂപയാണ്. പിന്നെ അഞ്ചാറുമാസംകൂടെ യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചു. ഞാൻ സമ്മതിക്കുന്നു. അങ്ങനെയാണെങ്കിൽത്തന്നെ 150 കോടി രൂപ അല്ലെങ്കിൽ 160 കോടി രൂപ കുടിശ്ശിക വരും. ഇവിടെ തന്ന ആൻസർ എന്റെ കൈയിലില്ല. 197 കോടി രൂപ എന്നുള്ള ആൻസർ ഇവിടെ ഉണ്ട്. പക്ഷെ ശ്രീ. ശിവദാസമേനോൻ തന്ന ആൻസറും എന്റെ കൈയിലുണ്ട്, അതിനകത്ത് 632.6 കോടി രൂപ എന്നാണ്. ഇത്ര കടുത്ത സാമ്പത്തിക സാഹചര്യങ്ങൾ നേരിടുന്ന അവസരത്തിലും കറക്ടീവ് സ്റ്റെപ്സ് എടുക്കുന്നില്ല. അതാണ് ഞങ്ങളുടെ പരാതി. നിങ്ങൾ ഇവിടെ പ്രസംഗിക്കുന്നതല്ലാതെ ധനകാര്യ വകുപ്പുമന്ത്രിക്ക് യാതൊരു പിന്തുണയും കൊടുക്കുന്നില്ല. ഒരു മന്ത്രിയും സഹകരിക്കുന്നില്ല. അതാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. മൂന്നു വർഷം കൊണ്ട് റവന്യൂ കമ്മി നാലിരട്ടിയായി. 422 കോടി രൂപ കമ്മിയുണ്ടായിരുന്ന അവസരത്തിൽ അധികാരം ഏറ്റെടുത്ത് യു.ഡി.എഫ്. ഗവൺമെന്റ് അഞ്ചുവർഷം കൊണ്ട് 5 ശതമാനം കുറച്ച് 402 കോടി രൂപ റവന്യൂ കമ്മിയാക്കി. നിങ്ങൾ അത് എന്തുകൊണ്ടാണ് കാണാതിരിക്കുന്നത്? ഒരു കാര്യം പറഞ്ഞാൽ സമ്മതിക്കാം. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് വാരിക്കോരി കൊടുക്കാൻ ഞങ്ങൾ മുന്നോട്ടുവന്നില്ല. കാരണം അന്ന് സാത്തികസാഹചര്യം അനുവദച്ചിരുന്നില്ല. മനസില്ലാഞ്ഞിട്ടല്ല, സാഹചര്യങ്ങൾ അനുവദിക്കാത്തതുകൊണ്ട് വാരിക്കോരി കൊടുത്തില്ല. കൊടുക്കാവുന്നതൊക്കെ കൊടുത്തു. റവന്യൂ കമ്മി 422 കോടി രൂപയിൽനിന്ന് അഞ്ചുവർഷം കൊണ്ട് 402 കോടി രൂപയായി കുറച്ചു. ആ 402 കോടി രൂപ മൂന്നുവർഷം കൊണ്ട് 604.03 കോടി രൂപയായി വർദ്ധിച്ചു. നാലിരട്ടിയായി 1999-2000 വർഷത്തിൽ മന്ത്രി വിഭാവനം ചെയ്തിരിക്കുന്നത് 2230.4 കോടി രൂപയാണ്. നാലുവർഷം കൊണ്ട് നമ്മുടെ റവന്യൂ കമ്മി 550 ശതമാനം വർദ്ധിപ്പിക്കുന്നുവെന്ന് പറഞ്ഞാൽ ഞങ്ങൾ മിണ്ടാതിരിക്കണമെന്നാണോ പറയുന്നത്?

അതുപോലെ തന്നെ കടബാദ്ധ്യത. ഞങ്ങൾ അധികാരം വിട്ടുപോയ സമയത്ത് മുഖ്യമന്ത്രി എന്നും പറയുമായിരുന്നു 10,000 കോടി രൂപയുടെ കടബാദ്ധ്യത ഇവിടെ വരുത്തിയെന്ന്. ശരിയാണ്. ഞങ്ങൾ ഏറ്റെടുക്കുന്ന സമയത്ത് 5000 കോടി രൂപയുണ്ടായിരുന്നു. ഇറങ്ങിപ്പോകുന്ന സമയത്ത് 10,000 കോടി രൂപയുടെ കടബാദ്ധ്യത ഉണ്ടായിരുന്നു. പക്ഷെ ഇന്നത്തെ സ്ഥിതിയോ? ഈ മൂന്നുകൊല്ലംകൊണ്ട് 6500 കോടി രൂപ വർദ്ധിച്ചു. ഈ സാമ്പത്തിക വർഷം തീരുമ്പോൾ 20,000 കോടി രൂപ ബാദ്ധ്യതയായി വരാൻ പോകുകയാണ്. കടം എടുക്കുന്നതിനെ ഞാൻ എതിർക്കുകയല്ല. കടമെടുക്കുന്ന തുക വികസനരംഗത്ത് ചെലവഴിക്കാൻ സാധിക്കുന്നുണ്ടോ? യാഥാർത്ഥ്യങ്ങൾ മറന്ന് നമുക്ക് കണ്ണടച്ച് ഇരുട്ടാക്കാൻ പറ്റുമോ? 451 കോടി രൂപ മിച്ചമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 322 കോടി രൂപയാണ് സഹകരണമേഖലയിൽനിന്ന് കടമെടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് നിഷേധിക്കാൻ പറ്റുമോ? കേരളത്തിലെ അഞ്ച് ജില്ലാ ബാങ്കുകളിൽനിന്നായിട്ട് 322 കോടി രൂപ ഇന്ന് ധനകാര്യ വകുപ്പ് കടമെടുത്തിരിക്കുകയാണ്. അതിനുപുറമെ 632 കോടി രൂപയുടെ കുടിശ്ശിക കൂടിവരുമ്പോൾ ഈ മൂന്നുവർഷക്കാലംകൊണ്ട് റവന്യൂ കമ്മി നാലിരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ഞങ്ങൾ ആഡംബരച്ചെലവുകൾ കുറയ്ക്കണമെന്ന് പറഞ്ഞത്. എനിക്കു മുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗിച്ച ശ്രീ. കെ.എം. മാണിയും പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ച നേതാക്കളും പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മന്ത്രിമാർ നല്ല കാറുകളിൽ സഞ്ചരിക്കുന്നതിന് ഞങ്ങളാരും എതിരല്ല. പക്ഷെ, ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞു, വർഷംതോറും കാർ മാറുന്നത് ഗുഡ് ഇക്കണോമിയാണെന്ന്. ഞങ്ങൾക്ക് അതിനോട് യോജിക്കാൻ നിവൃത്തിയില്ല. അങ്ങനെയാണ് എനിക്ക് കാണാൻ സാധിക്കുന്നത്. കാരണം,.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഇപ്പോഴുള്ള കാർ വാങ്ങിയിട്ട് രണ്ടരക്കൊല്ലമായി. ആ വണ്ടി മുഴുവൻ പൊളിക്കുന്നതിലും നല്ലത് നന്നാക്കി വിൽക്കുകയാണ്. അല്ലെങ്കിൽ ഉപയോഗിക്കുകയാണ് എന്നാണ് ഞാൻ പറഞ്ഞത്. അതാണ് ഗുഡ് ഇക്കണോമിയെന്ന് ഞാൻ പറഞ്ഞത്. വർഷംതോറും കാർ വാങ്ങണമെന്നൊന്നും ഞാൻ പറഞ്ഞില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : ബഹുമാനപ്പെട്ട ശിവദാസമേനോൻ, അങ്ങ് 25.1.99-ൽ തന്ന മറുപടിയുണ്ട്. അതിനകത്ത് പറഞ്ഞിരിക്കുന്നത് എന്താണെന്നറിയാമോ? 1997-98, 1998-99 വർഷങ്ങളിൽ ടൂറിസം വകുപ്പ്, മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ്, പ്രതിപക്ഷനേതാവ്, സംസ്ഥാനം സന്ദർശിക്കുന്ന വിശിഷ്ടാതിഥികൾ എന്നിവർക്കുവേണ്ടി 25 പുതിയ കാറുകൾ വാങ്ങിയെന്നാണ്. 25 പുതിയ കാറുകൾ 1997-98-ലും 1998-99-ലുമായി വാങ്ങിയിരിക്കുകയാണ്. രണ്ടരക്കൊല്ലം മുമ്പ് വാങ്ങിയതല്ല. ഇത് അങ്ങ് തന്നിരിക്കുന്ന മറുപടിയാണ്. 25.1.99-ൽ ശ്രീ. കെ.സി. ജോസഫ്, ശ്രീ. എ.കെ. മണി എന്നിവർക്ക് നൽകിയ മറുപടിയാണ്. അതിന് ചെലവഴിച്ച തുക ഒരു കോടി അൻപത്തിനാല് ലക്ഷം രൂപയാണ്.

ശ്രീ. കെ.എം. മാണി : നല്ല കണ്ടീഷൻ ആയിരുന്നപ്പോൾ വിറ്റിട്ട് പുതിയ കാർ വാങ്ങുകയാണെന്ന് ബഹുമാനപ്പെട്ട ശിവദാസമേനോൻ തന്നെ സമ്മതിച്ചല്ലോ.

ശ്രീ. ഉമ്മൻ ചാണ്ടി : അതെ, ഒരു കോടി അൻപത്തിനാല് ലക്ഷം രൂപ മുടക്കി 25 പുതിയ കാറുകൾ കഴിഞ്ഞ വർഷം വാങ്ങിയിട്ട് വീണ്ടും 15 കാറുകൾ 57.76 ലക്ഷം രൂപയ്ക്ക് ഈ വർഷം വാങ്ങുകയാണ്. അതിനെ ഞങ്ങൾ എതിർക്കുന്നതെന്താണെന്നു വച്ചാൽ കണ്ടിൻജൻസി ഫണ്ടിൽനിന്ന് ഈ തുക എടുക്കാനാണ് ക്യാബിനറ്റ് തീരുമാനം. ധനകാര്യ വകുപ്പ് ആ ക്യാബിനറ്റ് തീരുമാനത്തെ എതിർത്തു. ധനകാര്യ വകുപ്പിന് ആ ക്യാബിനറ്റ് തീരുമാനത്തെ എതിർക്കേണ്ടിവന്നാൽ അത് എത്രമാത്രം ഗുരുതരമായിരിക്കും. എന്നിട്ട് ആ എതിർപ്പിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ വഴങ്ങി ഇവിടെ അവതരിപ്പിക്കാൻ പോകുന്ന എസ്.ഡി.ജിയിൽ ഉൾപ്പെടുത്താൻ പറഞ്ഞുകൊണ്ടുള്ള നിങ്ങളുടെ ഗവൺമെന്റ് ഉത്തരവ് എന്റെ കയ്യിലുണ്ട്. നമ്മൾ ഇന്ന് ധനവിനിയോഗ ബില്ല് പാസ്സാക്കാൻ പോകുന്നതേയുള്ളൂ. എട്ടുമാസത്തേയ്ക്കുള്ള ചെലവിനുള്ള തുക ഇന്ന് പാസ്സാക്കിത്തരാൻ ഇരിക്കുമ്പോൾ നിങ്ങൾ 3.7.99-ൽ മന്ത്രിമാർക്ക് കാർ വാങ്ങാൻ വേണ്ടി, ഡിപ്പാർട്ടുമെന്റുകളുടെ കാര്യം ഞാൻ പറയുന്നില്ല, മറ്റു മന്ത്രിമാർക്കുവേണ്ടി 15 കാറുകൾ വാങ്ങാൻ 57.76 ലക്ഷം രൂപ എസ്.ഡി.ജി.യിൽ ഉൾപ്പെടുത്താൻ വേണ്ടിയുള്ള സ്പെഷ്യൽ ഓർഡർ പുറപ്പെടുവിക്കുന്നു. ഇന്ന് പാസ്സാക്കുന്ന തുകയിൽനിന്ന് വാങ്ങിക്കൂടെ?

ശ്രീ. കെ.എം. മാണി : ഇന്ന് ഇവിടെ വന്നാൽ നമ്മൾ അറിയുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : അപ്പോൾ കണ്ടിജൻസി ഫണ്ടിൽനിന്ന് എടുക്കാൻ തീരുമാനിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സഭയെ അറിയിക്കാതെ വാങ്ങാനാണെന്ന് പറഞ്ഞു. എസ്.ഡി.ജി.യിൽ കൃത്യമായിട്ട് കാറുകളുടെ കാര്യം ഉണ്ടാകും. സഭയിൽനിന്ന് മറച്ചുപിടിക്കാൻ യാതൊരു ഉദ്ദേശവുമില്ല. ക്ലിയറായിട്ട് നാളെ അത് എസ്.ഡി.ജിയിൽ വരും.

ശ്രീ. ഉമ്മൻ ചാണ്ടി : നിങ്ങൾ ആദ്യം കണ്ടിജൻസി ഫണ്ടിൽനിന്ന് എടുക്കാൻ തീരുമാനിച്ചു. ധനകാര്യവകുപ്പ് എതിർത്തപ്പോൾ എസ്.ഡി.ജിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. എന്തുകൊണ്ട് ഇത് നിങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയില്ല? ഇന്ന് ധനവിനിയോഗ ബില്ല് പാസ്സാകുമല്ലോ, അതിൽ എടുക്കാമല്ലോ? കണ്ടിജൻസി ഫണ്ടിൽനിന്ന് എടുക്കുന്നതും എസ്.ഡി.ജിയിൽ ഉൾപ്പെടുത്തുന്നതും ഏത് സാഹചര്യത്തിലാണെന്ന് അങ്ങേയ്ക്കറിയാമല്ലോ? വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിന് ബഡ്ജറ്റിൽ പണമില്ലെങ്കിൽ അടിയന്തിരമായി കണ്ടിജൻസി ഫണ്ടിൽ നിന്നും എടുക്കും. ഏതെങ്കിലും അത്യാവശ്യ ചെലവുകൾക്ക് അങ്ങനെ പണമെടുക്കും. കഴിഞ്ഞകൊല്ലം ഒരു കോടി അൻപത്തിനാലുലക്ഷം രൂപയുടെ കാർ വാങ്ങിയ സ്ഥാനത്ത് ഈ വർഷവും ഏറ്റവും നല്ല കണ്ടിഷനുള്ള വണ്ടി വാങ്ങാൻ തീരുമാനമെടുത്തു. ഓരോ വർഷവും പുതിയ കാറുകൾ ഇറങ്ങുമ്പോൾ ഇങ്ങനെ കമ്പം കയറിയാൽ എവിടെച്ചെന്നുനിൽക്കും? സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യം മാത്രമാണ് ഞാൻ കണക്കിലെടുക്കുന്നത്. അതിനെയാണ് എതിർക്കുന്നത്. നിങ്ങൾ അതിനെ ഏതു വിധത്തിൽ പരിഗണിക്കും എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഏതായാലും ഇതു തിരുത്തേണ്ടതാണ്. അത്ര കടുത്ത സാമ്പത്തിക പ്രതിസന്ധിയല്ലേ? മന്ത്രിമാരുടെ ചിലവുകൾ മന്ത്രിമാർതന്നെ നിയന്ത്രിച്ചാലേ പറ്റൂ ഉദ്യോഗസ്ഥൻമാർക്ക് നിയന്ത്രിക്കാൻ പറ്റില്ലല്ലോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ ചെലവുകൾ നിയന്ത്രിച്ചു വിമാന യാത്രപോലും എക്കോണമിക് ക്ലാസിൽ ആയിരുന്നു ഇന്നിപ്പോൾ യാതൊരു നിയന്ത്രണവുമില്ല. ചെലവു നിർദ്ദേശങ്ങളൊക്കെ കാറ്റിൽ പറത്തിക്കൊണ്ട് ചെലവുകൾ വർദ്ധിക്കുന്ന നടപടിയാണ് നിങ്ങൾ സ്വീകരിക്കുന്നത്. കഴിഞ്ഞ കാലത്ത് മന്ത്രിമാരുടെ സ്റ്റാഫിലേക്ക് വരുന്ന ആളുകൾക്ക് കിട്ടിയിരുന്ന ഡെപ്യൂട്ടേഷൻ അലവൻസ് 10 ശതമാനത്തിൽ ഞങ്ങൾ നിറുത്തി. ആ സ്ഥാനത്ത് നിങ്ങൾ പുതിയ ഓർഡർ ഇറക്കിയിരിക്കുന്നു. Re-employed pensioners will be given pay and all other Allowances last drawn. They will also be eligible to get more pensionery benefits including DA and pension due to them in full. These orders will have the effect from 1.1.1996.

1.1.96 മുതൽ കൂടിശ്ശിക സഹിതം മന്ത്രിമാരുടെ ഓഫീസുകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ലഭിക്കും. എ.ജി. ഇടപെട്ട് ഇതു തടഞ്ഞിരിക്കുകയല്ലേ? ഇത്രയും സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന ഈ സംസ്ഥാനത്ത് ഇതുപോലുള്ള ഒരു ഉത്തരവ് ഇറക്കാൻ അങ്ങേക്ക് എങ്ങനെ സാധിച്ചു. ഭരണകക്ഷി അംഗങ്ങൾ ഈ സഭയിൽ പ്രസംഗിക്കുന്നതിനപ്പുറത്ത് ധനകാര്യമന്ത്രിക്ക് പിന്തുണ കൊടുക്കുന്നില്ല. ഇത് ധനകാര്യ വകുപ്പുമന്ത്രിയുടെ സമ്മതത്തോടുകൂടി ഇറക്കിയ ഒരു ഉത്തരവാണെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. കാരണം ഒരു ധനകാര്യ വകുപ്പുമന്ത്രിക്ക് ഇത്തരമൊരു ഉത്തരവിന് അംഗീകാരം കൊടുക്കാൻ സാധിക്കില്ല. അതുപോലെതന്നെയാണ് മറ്റുള്ള നിർദ്ദേശങ്ങളും ഡയറക്ഷനുകളുമൊക്കെ. അതുകൊണ്ട് ഈ സഭയിൽനിന്ന് കിട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

പിൻതുണ അല്ലാതെ അദ്ദേഹത്തിന് പാർട്ടിയിൽ നിന്നോ മന്ത്രിമാരിൽ നിന്നോ കിട്ടുമെന്ന് എനിക്കു തോന്നുന്നില്ല. പണം വാരിക്കോരി കൊടുക്കുകയല്ലേ? ഇന്നിപ്പോൾ നഷ്ടപരിഹാരത്തിന്റെ പേരിൽ പാർട്ടിയിലെ ആളുകൾക്ക് പണം കൊടുക്കുന്നു. ശ്രീ. പി. രാജു എം.എൽ.എ.യുടെ ഒരു ചോദ്യത്തിന് മുഖ്യ മന്ത്രി നൽകിയ മറുപടി മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്നും പരമാവധി അയ്യായിരം രൂപയേ കൊടുക്കുകയുള്ളുവെന്ന്. ആ ഉത്തരം ഇവിടെയുണ്ട്. ഈ അംസബ്ലിയിലാണ്. പക്ഷെ ഫറൂക്കിലെ മാർക്സിസ്റ്റു പാർട്ടിക്ക് അവിടെയു ണ്ടായ സംഘട്ടനത്തിൽ നഷ്ടപരിഹാരമായി രണ്ടുലക്ഷം രൂപ മുഖ്യമന്ത്രി യുടെ ദുരിതാശ്വാസഫണ്ടിൽ നിന്നു കൊടുത്തിരിക്കുകയാണ്. ശ്രീ. പി. രാജു ചോദിച്ച ചോദ്യത്തിന് മറുപടി പരമാവധി അയ്യായിരം രൂപയാണ് കൊടുക്കു ന്നതെന്നാണ്. പാർട്ടിക്കാരായാൽ ആർക്കും എന്തും വാരിക്കോരി കൊടു ക്കുന്ന സാഹചര്യം നമ്മുടെ സാമ്പത്തികനിലയെ എവിടെ കൊണ്ടുചെന്നെ ത്തിക്കും എന്നു നോക്കിയാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : കൂത്തുപറമ്പ് വെടിവയ്പിൽ അഞ്ചുപേർക്ക് പരിക്കേറ്റിട്ട് അവർക്ക് നഷ്ടപരിഹാരം കൊടുക്കാതെ നിങ്ങ ളുടെ ആളുകൾക്ക് ലക്ഷക്കണക്കിനു രൂപ വാരിക്കൊടുത്തപ്പോൾ ഒന്നും പറ ഞ്ഞില്ലല്ലോ. ഒരക്ഷരം പറഞ്ഞില്ലല്ലോ. ലക്ഷക്കണക്കിനു രൂപയാണ് വാരി കൊടുത്തത് ശ്രീ. രാഘവന്റെ ആൾക്കാർക്കുവേണ്ടിയല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി : പരിക്കുപറ്റിയ ഒരാൾക്കും നഷ്ടപരിഹാരം കൊടുത്തിട്ടില്ല. സ്ഥാപനത്തിനാണ് കൊടുത്തത്.

ശ്രീ. ഇ.കെ. നായനാർ : ലക്ഷക്കണക്കിനു രൂപയാണ് വാരിക്കൊടുത്ത്. ഞങ്ങൾ വന്നപ്പോൾ പത്തുലക്ഷം രൂപ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നത് ഞാൻ സ്റ്റോപ്പ് ചെയ്തു ..... (ബഹളം)....

ശ്രീ. കെ. സുധാകരൻ : കൂത്തുപറമ്പ് വെടിവയ്പിൽ പരിക്കുപറ്റിയ ഒരാൾക്കും ഒരു നയാപൈസ കൊടുത്തിട്ടില്ല. കൊള്ളയടിക്കപ്പെട്ട സഹകരണ സംഘത്തിനാണ് സാമ്പത്തികസഹായം കൊടുത്തത് എന്ന് അങ്ങേക്കറി യാമോ?

ശ്രീ. ഇ.കെ. നായനാർ : നിങ്ങൾ ലക്ഷക്കണക്കിന് രൂപയാണ് കൊടു ത്തത്. ബാക്കി പത്തുലക്ഷം കൊടുക്കാനുണ്ടായിരുന്നത് ഞാൻ മുഖ്യമന്ത്രിയാ യപ്പോൾ കൊടുക്കാൻ പറ്റില്ല എന്നു പറഞ്ഞു. അതാണുണ്ടായത്.

ശ്രീ. ഉമ്മൻ ചാണ്ടി : ശ്രീ. സുധാകരൻ ചോദിച്ച ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞു. വ്യക്തികൾക്ക് കൊടുത്തിട്ടില്ല. കൊടുത്തിട്ടുണ്ടെങ്കിൽ മുഖ്യ മന്ത്രി ആ പേര് ഈ സഭയിൽ പറയണം.

ശ്രീ. ഇ.കെ. നായനാർ : രേഖ മേശപ്പുറത്തുവയ്ക്കാൻ ഞാൻ തയ്യാറാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ അംഗീകരിച്ചിരിക്കുന്നു. കൂത്തുപറമ്പിൽ നഷ്ടപരിഹാരം കൊടുത്തിട്ടുള്ള വ്യക്തികളുടെ പേര്വിവരം സഭയിൽ വയ്ക്കുമെന്നുള്ളത്. മതി. സമ്മതിച്ചു. ഏതായാലും ഈ സഭ തീരുന്നതിനുമുൻപ് മുഖ്യമന്ത്രി അതു മേശപ്പുറത്തു വയ്ക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ബേപ്പൂരിലാ യാലും കൂത്തുപറമ്പിലായാലും നഷ്ടപരിഹാരം കൊടുത്തത് വസ്തുവകകൾ നശിച്ചതിനല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : അതു വ്യക്തികൾക്കാണ് കൊടുത്തത്.

ശ്രീ. ടി. ശിവദാസമേനോൻ : വ്യക്തികൾക്കല്ലാതെ സമൂഹത്തിന ല്ലല്ലോ കൊടുക്കുന്നത്. പൈസ വ്യക്തികൾക്ക് തന്നെയാണ് കൊടുക്കുന്നത്. സ്ഥാപനങ്ങൾക്കല്ല.

ശ്രീ. ഉമ്മൻ ചാണ്ടി : ഇത് വ്യക്തികൾക്കാണ് കൊടുത്തിരിക്കുന്നത്. മുഖ്യമന്ത്രിയുടെ പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ നിയമസഭ സമ്മേളനം തീരുന്നതിനുമുൻപ് കൂത്തുപറമ്പു അനിഷ്ടസംഭവങ്ങൾക്ക് നഷ്ട പരിഹാരം കൊടുത്ത വ്യക്തികളുടെ പേരുവിവരം മേശപ്പുറത്തു വയ്ക്കുമെന്ന പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുന്നു. ജനങ്ങളുടെ ജീവിതപ്രശ്ന ങ്ങൾക്ക് പരിഹാരം കാണുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. വിലവർദ്ധനവിനെ ന്യായീകരിക്കുകയാണ്. നാട്ടിലെ സ്ഥിതി എന്താണ്? നിത്യോപയോഗ സാധനങ്ങൾക്ക് തീപിടിച്ച വിലയാണ്. പക്ഷെ ഇവിടെ ന്യായീകരിക്കാൻവേണ്ടി വിലവർദ്ധനവില്ല എന്നു പറയുന്നു. ജനങ്ങൾ അനുഭ വിക്കുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. എല്ലാ സാധനങ്ങൾക്കും വില വർദ്ധി ച്ചുകൊണ്ടിരിക്കുകയാണ്. വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചു . ബസ് ചാർജ്ജ് വർദ്ധിപ്പിച്ചു. അതു വീണ്ടും വർദ്ധിപ്പിക്കാനുള്ള തീരുമാനം തെരഞ്ഞെടു പ്പിന്റെ പേരിൽ മാറ്റിവച്ചു. തെരഞ്ഞെടുപ്പ് വന്നതുകൊണ്ട് കേരളത്തിലെ ജന ങ്ങൾക്ക് അതിൽ രണ്ടുമാസത്തെ സാവകാശം കിട്ടും. ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധനവ് ഈ സഭയിൽ പല പ്രാവശ്യം ചർച്ചയ്ക്കു വന്നതാണ്. ബഹുമാന പ്പെട്ട ശർമ്മയോട് എനിക്കു ഒരൊറ്റ അഭ്യർത്ഥനയേയുള്ളൂ. അങ്ങ് ഈ ബുദ്ധി മുട്ടുകളൊക്കെ ഇവിടെ പറഞ്ഞിട്ടും ചാർജ്ജ് വർദ്ധനവ് പിൻവലിക്കുന്ന മട്ടില്ല. അങ്ങ് ഉറപ്പ് നൽകിയതാണ്. അങ്ങ് പറഞ്ഞിട്ടുള്ള ആ വാക്കെങ്കിലും പാലി ക്കാൻ തയ്യാറാകണം. ഞങ്ങൾ ഇത്ര ശതമാനം വീതമേ വർദ്ധിപ്പിച്ചുള്ളൂ. അതിനോടുപോലും ഞങ്ങൾക്ക് യോജിപ്പില്ല. അത്രയുമെങ്കിലും ജനങ്ങൾക്ക് ആശ്വാസം കിട്ടട്ടെ. ഇന്നത്തെ പത്രത്തിൽ കണ്ടു സി.പി.ഐ. ഓഫീസിൽ കൂടുതലായി അലോട്ടുചെയ്ത തുക കുറച്ചു. അതിനെത്തുടർന്ന് ആരുടെയൊ ക്കെയോ പേരിൽ നടപടിയെടുത്തു. അപ്പോൾ സി.പി.ഐ. ഓഫീസിൽ തെറ്റായി വൈദ്യുതിക്ക് ചാർജ് ചെയ്ത ആളുകളുടെ പേരിൽ നടപടിയെടു ത്തു. ചാർജ് കുറച്ചു കൊടുത്തു. അതുപോലെ ഒരു കാരുണ്യം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളോടും കാണിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ചാർജ് വർദ്ധിപ്പിച്ചത് 40,45,50 യൂണിറ്റ് എന്നിങ്ങനെയുള്ള കാറ്റഗറി തിരിച്ച് മന്ത്രിസഭ അംഗീകരിച്ചിട്ടുള്ളത് കൂടാതെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്ക ന്മാർ പറഞ്ഞു അതിനേക്കാൾ കൂടുതലായി ഈടാക്കുന്നു എന്ന്. അത് ഓരോന്നും പരിശോധിച്ച് ആരിൽ നിന്നെങ്കിലും കൂടുതൽ വാങ്ങുന്നുവെങ്കിൽ ആ ആള് ഈ മാസം പഴയ ബില്ല് അനുസരിച്ചുള്ള തുക മാത്രം കൊടുത്താൽ മതി. പരാതി ബന്ധപ്പെട്ട എഞ്ചിനീയർക്ക് കൊടുത്തിട്ട് തർക്കം തീർന്നതിനു ശേഷം അടുത്ത മാസം ബില്ല് പ്രകാരമുള്ള തുക കൊടുത്താൽ മതി. ഇതിൽ നിന്നും വ്യത്യസ്തമായി ആരെങ്കിലും ചെയ്താൽ നടപടിയെടുക്കും. ചില തെറ്റിദ്ധാരണകൾക്ക് ഇട വന്നു. ചാർജ് വർദ്ധിപ്പിച്ചതിന്റെ കാറ്റഗറി തിരി ച്ചുള്ള കണക്ക് കഴിഞ്ഞവർഷം ഇത്ര രൂപ ചാർജ്, കൂടുമ്പോൾ ഇത്ര യൂണി റ്റിന് ഇത്ര രൂപ എന്ന് കേരളത്തിലെ എല്ലാ പത്രങ്ങളിലും വൈദ്യുതി ബോർഡിന്റെ പരസ്യമായി പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽ നിന്നും വ്യത്യ സ്തമായി കൊല്ലത്ത് എം. എൻ. സ്മാരക മന്ദിരത്തിന് 1774 രൂപയുടെ ബില്ല്

നിലവിലുണ്ടായിരുന്ന സ്ഥാനത്ത് 2800 രൂപയുടെ ബില്ല് കൊടുത്തു. യഥാർത്ഥത്തിൽ കാറ്റഗറി മാറിയതു കാരണം അല്പം കുറവുണ്ടായിട്ടുണ്ട്. മുൻപ് കൊടുക്കേണ്ടതിനേക്കാൾ കുറച്ച് 658 രൂപയേ കൊടുക്കേണ്ടതുള്ളൂ. അസി. എക്സി. എഞ്ചിനീയർ, സീനിയർ സൂപ്രണ്ട്, അസി. എഞ്ചിനീയർ എന്നിവരെ സസ്പെൻഡ് ചെയ്തുകൊണ്ടുള്ള നടപടിയെടുത്തു. അതുപോലെ മറ്റു ചില സ്ഥലത്ത് ചില പ്രശ്നങ്ങളും പരാതികളുമുണ്ടായി. ആ പരാതികളും പരിഹരിക്കുന്നതിന് വരുന്ന ഒരു മാസക്കാലത്തേക്ക് കേരളത്തിലെ എല്ലാ മേജർ സെക്ഷനുകളിലും വൈദ്യുതി അദാലത്തുകൾ ആരംഭിക്കുന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങ് പ്രഖ്യാപനം നടത്തിയിട്ടും പത്രങ്ങളിൽ പരസ്യം കൊടുത്തിട്ടും ഭരണകക്ഷിയിലെ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ ഓഫീസിൽ പോലും നീതി ലഭിച്ചില്ലെന്ന് പറയുമ്പോൾ ഇവിടത്തെ സാധാരണക്കാരുടെ സ്ഥിതിയെന്താണ്? ഞാൻ ഒറ്റ ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണ്. ഇതുമായി ഒരു ബന്ധവുമില്ലാത്ത ആളിന്റെ പേരിലാണ് നടപടിയെടുത്തിരിക്കുന്നത്. അങ്ങയുടെ സ്റ്റേറ്റ്മെന്റിൽ എൽ.ടി. വാണിജ്യം 35 ശതമാനം വർദ്ധനവ് എന്നാണ് പറഞ്ഞിരിക്കുന്നത്. എൽ.ടി 7 (ബി) വിഭാഗത്തിൽപ്പെട്ട കടകൾക്ക് മുൻപ് 15.5.99 വരെ 2000 യൂണിറ്റ് വരെ 145 പൈസ വച്ചുള്ള കറണ്ട്ചാർജ്ജ് ആയിരുന്നു. 14 1/2 പൈസ ഡ്യൂട്ടിയുടെ കണക്കാക്കിയാൽ ഒരു യൂണിറ്റിന് 150 1/2 പൈസ. അത് 160 പൈസയായി ഞങ്ങൾ കണക്ക് കൂട്ടിയാൽ 100 യൂണിറ്റിന് 195 പൈസയും 101 മുതൽ 200 വരെ 465 പൈസയുമായി വർദ്ധിപ്പിച്ചു. ഒരു മാസം 150 യൂണിറ്റ് ഉപയോഗിച്ചിരുന്ന ഈ കടക്കാരന് 15.5.99 വരെ 254 രൂപ കൊടുത്താൽ മതിയായിരുന്നു. പക്ഷേ ഇപ്പോൾ 495 രൂപ കൊടുക്കണം. 94.88 ശതമാനം വർദ്ധനവ്. 200 യൂണിറ്റ് ഉപയോഗിക്കുന്ന ഒരു കടക്കാരന് 15.5.99 വരെ 334 രൂപ കൊടുത്താൽ മതിയായിരുന്നു. ഇപ്പോൾ 751 രൂപയുടെ നോട്ടീസാണ് കൊടുത്തിരിക്കുന്നത്. 124.85 ശതമാനം വർദ്ധനവ് ഈ സഭയിൽ ഞാൻ അങ്ങേക്ക് എഴുതി തന്നിരുന്നതാണ്. അങ്ങയുടെ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതുപോലെ 35 ശതമാനം വർദ്ധനവേ വരികയുള്ളുവെന്നുള്ളതനുസരിച്ച് അങ്ങ് തിരുത്താൻ തയ്യാറായതിൽ ഞാൻ സന്തുഷ്ടനാണ്. അങ്ങേക്ക് ഞാൻ എഴുതി തന്നിരുന്നതനുസരിച്ച് ചെയ്താൽ മതി. എനിക്ക് പറയാനുള്ള മറ്റൊരു കാര്യം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനെക്കുറിച്ചാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഞങ്ങൾക്ക് തന്ന മറുപടിയിൽ ടാക്സ് വരുമാനം കുറയുന്നതിനെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ടാക്സിന്റെ ശതമാനം 1995-96-ൽ 23 ശതമാനമായിരുന്നത് അടുത്ത വർഷം 21 ശതമാനമായി. 2 ശതമാനം കുറഞ്ഞു. അതിന്റെ അടുത്തവർഷം 13 ശതമാനമായി 1998-99-ൽ 9 ശതമാനം വർദ്ധനവേയുള്ളൂ. അദ്ദേഹം റബ്ബറിന്റെ വിലയിടിവാണ് ഒന്നാമത്തെ കാരണമായി കാണിച്ചിരിക്കുന്നത്. ഞാൻ സമ്മതിക്കുന്നു. കൃഷിക്കാർക്ക് ബുദ്ധിമുട്ട്, ഗവൺമെന്റിന്റെ വരുമാനം കുറയുന്നു. സാമ്പത്തികമായി നമ്മുടെ നാട് തകരുന്നു. റബ്ബർ പ്രതിസന്ധി പരിഹരിക്കുന്നതിൽ ഈ ഗവൺമെന്റ് എന്താണ് ചെയ്തിരിക്കുന്നത്? 50,000 'ടൺ റബ്ബർ കയറ്റുമതി ചെയ്യുമെന്ന് പറഞ്ഞു. കഴിഞ്ഞദിവസം കൃഷി വകുപ്പുമന്ത്രി വളരെ ലാഘവബുദ്ധിയോടെ അങ്ങനെ എന്തോ ഒരു ഓഫർ എന്നൊക്കെ പറഞ്ഞു. ക്യാബിനറ്റ് യോഗം കഴിഞ്ഞതിനുശേഷം ഇവിടെ പറഞ്ഞതാണ് അരലക്ഷം ടൺ റബ്ബർ കയറ്റി അയക്കുമെന്നും അതിന് വരുന്ന സാമ്പത്തിക നഷ്ടത്തിന്റെ ഒരു ഭാഗം കേന്ദ്ര ഗവണ്മെന്റ് വഹിക്കണമെന്ന് ആവശ്യപ്പെടുമെന്നാണ്. പക്ഷേ ഇപ്പോൾ റബ്ബർ കയറ്റി അയക്കുന്നതിനെക്കുറിച്ച് കൃഷിവകുപ്പു മന്ത്രി ഒന്നും മിണ്ടുന്നില്ല. ഒരു കിലോ റബ്ബർപോലും കയറ്റി അയച്ചില്ല. മേയ്

LIBRARY ARCHIVES Kerala Legislative Assembly

24-ാം തീയതി ബോർഡിൽ കിട്ടിയതാണ് ഈ ഓഫർ. 24-ാം തീയതി തന്നെ റബ്ബർ ബോർഡ് ചെയർമാൻ തിരുവനന്തപുരത്ത് ഫാക്സ് അയച്ചു. മേയ് 25 -ന് കിട്ടിയ ഫാക്സ് മെസേജ് ജൂൺ 22-ന് ഒരു മാസത്തോളം കഴിഞ്ഞാണ് ഒരു കമ്മിറ്റിപോലും കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത്. ജൂൺ 15-ന് മുൻപ് മറുപടി അയയ്ക്കണമെന്നാണ് പറഞ്ഞിരുന്നത്. ജൂൺ 15-എന്നുള്ളത് ജൂൺ 30 വരെ നീട്ടണമെന്ന് സംസ്ഥാന ഗവണ്മെന്റ് ആവശ്യപ്പെട്ടു. എന്നിട്ട് മേയ് 25-ന് ഇവിടെ കിട്ടിയ കത്തിന് ജൂൺ 22-നാണ് ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത്. ആ കമ്മിറ്റി ആദ്യമായി കൂടുന്നത് ജൂൺ 30-നാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : റബ്ബർ ബോർഡ് ചെയർമാൻ സംസ്ഥാന ഗവണ്മെന്റിനെ അറിയിച്ചതിന്റെ പിറ്റേ ദിവസംതന്നെ കയറ്റുമതി ചെയ്യാനുള്ള നടപടികളാരംഭിച്ചു. ഗവണ്മെന്റിനെ ആരും അറിയിച്ചിട്ടില്ല. റബ്ബർ ബോർഡ് ചെയർമാന് ഇങ്ങനെയൊരു കത്ത് കിട്ടിയിട്ടുണ്ടെന്ന് ഞങ്ങളെ അറിയിക്കുകയാണ് ചെയ്തത്. ഞങ്ങളെ അറിയിച്ച ഉടൻതന്നെ പിറ്റേ ദിവസം റബ്ബർ ബോർഡ് ചെയർമാന് ഞങ്ങൾ ഉത്തരവ് കൊടുത്തിട്ടുണ്ട്. അതായത് കയറ്റുമതിയുടെ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാനും നടപടികൾ സ്വീകരിക്കാനും ഉത്തരവ് കൊടുത്തിട്ടുണ്ട്. ചെയർമാൻ ഇന്ന നടപടികളാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളതെന്ന് ഞങ്ങളെ അറിയിച്ചിട്ടില്ല. സിംഗപ്പൂർ കമ്പനിയുമായി കാര്യങ്ങൾ നേരിട്ട് ചർച്ചചെയ്യാനായി ജൂലൈ 30 വരെ തീയതി വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യമാണ് റബ്ബർ ബോർഡ് ചെയർമാൻ ഗവണ്മെന്റിനെ അറിയിച്ചത്. ഗവണ്മെന്റിനെ അറിയിച്ച ഉടൻ തന്നെ ഉത്തരവും നൽകിയിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി : നിങ്ങൾ കാര്യം മുഴുവൻ അറിയാതെ സംസാരിക്കുകയാണോ, ഈ സഭയോട് മറച്ചുവയ്ക്കുകയാണോയെന്ന് എനിക്കറിയില്ല. ജൂൺ 30 വരെയാണ് എക്സ്റ്റൻഷൻ വാങ്ങിയിരിക്കുന്നത്. ജൂൺ 22-നാണ് ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത്. ജൂൺ 30-നാണ് ആ കമ്മിറ്റിയുടെ ആദ്യത്തെ യോഗം കൂടുന്നതെന്ന് ഞാൻ ആധികാരികമായി പറയുന്നു. ഇത്രയും വലിയ അനാസ്ഥ ഇക്കാര്യത്തിൽ കാണിച്ചത് ഗുരുതരമാണ്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് കൃഷിക്കാർക്കു വേണ്ടി തുകയൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എസ്.ഡി.ജി. അടുത്ത ദിവസം ഇവിടെ അവതരിപ്പിക്കുന്നുണ്ടല്ലോ. 50,000 ടൺ റബ്ബർ കയറ്റി അയക്കുന്നതിന് ഗവണ്മെന്റ് നഷ്ടം സഹിച്ചേ മതിയാകൂ. ആ നഷ്ടം സഹിക്കുന്നതിന് 50 കോടി രൂപ റബ്ബർ കയറ്റുമതിക്കുവേണ്ടി അങ്ങ് അടുത്ത ദിവസം അവതരിപ്പിക്കാൻ പോകുന്ന സപ്ളിമെന്ററി ഡിമാന്റിൽ ഉൾക്കൊള്ളിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടത്തെ റബ്ബർകർഷകർ സാമ്പത്തികമായി തകർന്നിരിക്കുന്നു. 50,000 ടൺ റബ്ബർ കയറ്റി അയയ്ക്കാനുള്ള അവസരം കിട്ടിയിട്ട് ആ അറിയിപ്പ് ഗൗരവമായി എടുക്കാതെ, അതിനുവേണ്ടി തുക മാറ്റിവയ്ക്കാൻ ശ്രമിക്കാതെ ..... അങ്ങ് കൊണ്ടുവരുന്ന എസ്.ഡി.ജി. യിൽ ഇതിനുള്ള തുകയുണ്ടോ? ഞങ്ങൾക്കറിയണം. 50 കോടി രൂപയെങ്കിലും ഉൾക്കൊള്ളിച്ചുകൊണ്ട് റബ്ബർ കയറ്റി അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ വിദ്യാഭ്യാസരംഗത്ത് ഇന്ന് ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനം വളരെ നിർഭാഗ്യകരമാണ്. നിങ്ങൾ എന്നും പുരോഗതിക്കെതിരായി നിന്നിട്ടുള്ളവരാണ്. ട്രാക്ടർ വിരുദ്ധ സമരം നടത്തി. കാർഷികരംഗം തകർത്തു. 1991-92 കാലത്ത് നിങ്ങൾ കമ്പ്യൂട്ടർ വിരുദ്ധ സമരം നടത്തി. ആ രംഗത്ത് നമ്മുടെ സംസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

വളരെ പുറകോട്ടുപോയി. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 5 വർഷം നിങ്ങൾ സ്വാശ്രയ കോളേജിനെതിരെ പോരാടി. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ കൊണ്ടുവന്ന പല നല്ല പരിപാടികളേയും നിങ്ങൾ അക്രമസമരത്തിലൂടെ അടിച്ചു തകർത്തു. ഇപ്പോൾ നിങ്ങൾ സ്വാശ്രയ കോളേജുകൾ കൊടുക്കാൻ തീരുമാനിച്ചു. എന്നിട്ട് ഇപ്പോൾ എന്താണ് വിവാദം? സ്വാശ്രയ കോളേജുകൾ കൊടുക്കുന്നത് സ്വകാര്യമേഖലയിൽ വേണ്ട, സഹകരണ മേഖലയിൽ മതി യെന്നാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് പുറംവാതിലിൽകൂടി കടന്നുവരാൻവേണ്ടി യുള്ള ശ്രമത്തിന്റെ ഭാഗമായി ഈ രംഗത്ത് ഏറ്റവും നല്ല സേവനമനുഷ്ഠിച്ചി ട്ടുള്ള ഏജൻസികളെ മാറ്റിനിറുത്തിക്കൊണ്ട് അവരെയൊക്കെ പുറന്തള്ളി ക്കൊണ്ട് ഇന്നുവരെ ഈ രംഗത്ത് ഒരു പരിചയവുമില്ലാത്തവർ ഈ രംഗ ത്തേക്ക് ..... സ്വാശ്രയ കോളേജ് സ്വകാര്യമേഖലയിൽ കൊടുക്കുമോയെ ന്നുള്ള ഞങ്ങളുടെ ചോദ്യത്തിന് മറുപടി തന്നിട്ടുള്ളത് ഇവിടെ സ്വകാര്യമേഖ ലയുടെ കാര്യം ഇപ്പോൾ പരിഗണിച്ചിട്ടില്ലെന്നാണ്. സ്വാശ്രയ മേഖലയ്ക്കെ തിരെ നിങ്ങൾ 5 വർഷം സമരം ചെയ്ത് എല്ലാം തകർത്തിട്ട് ഇന്നിപ്പോൾ സ്വാശ്രയമേഖലയ്ക്ക് കൊടുക്കാൻ തീരുമാനിച്ചത് പുറംവാതിലിൽകൂടി കയ റാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ഈ നിലപാട് നിങ്ങൾ മാറ്റണം. കേരള ത്തിന്റെ വിദ്യാഭ്യാസരംഗത്തെ തകർക്കുന്ന ഈ സമീപനം നിങ്ങൾ മാറ്റിയേ മതിയാവൂ. സ്വാശ്രയമേഖലയിൽ നിങ്ങൾ എടുത്തിട്ടുള്ള തികച്ചും തെറ്റായ ഈ സമീപനം തിരുത്തണം. സി.ബി.എസ്.ഇ. ക്ക് നോ ഒബ്ജക്ഷൻ സർട്ടിഫി ക്കറ്റ് പോലും കൊടുക്കത്തില്ല. തിന്നുകയുമില്ല, തീറ്റിക്കുകയുമില്ലായെന്നുള്ള സമീപനമാണ് നിങ്ങൾ വിദ്യാഭ്യാസരംഗത്ത് സ്വീകരിച്ചിരിക്കുന്നത്. ഇത് ഭാവിതലമുറയോട് ചെയ്യുന്ന കടുത്ത ദ്രോഹമാണ്. ഇത് ശരിയല്ല. വിദ്യാഭ്യാ സരംഗത്ത് നിങ്ങൾ ഇന്ന് സ്വീകരിച്ചിരിക്കുന്ന ഈ തെറ്റായ നയം തിരുത്ത ണം. അല്ലെങ്കിൽ ഭാവി തലമുറയോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമാ ണെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഈ അപ്രോപ്രിയേഷൻ ബില്ലിനെ സംബന്ധിച്ച് നടന്ന ചർച്ചയിൽ വളരെ ക്രിയാ ത്മകമായ നിർദ്ദേശങ്ങളും വിമർശനങ്ങളും വന്നതിനെ ഞാൻ വളരെ കൃത ജ്ഞതയോടുകൂടിതന്നെ സ്വീകരിക്കുന്നു. ചില ക്രിയാത്മകമായ നിർദ്ദേശ ങ്ങളും സൃഷ്ടിപരമായ വിമർശനങ്ങളും വന്നിട്ടുണ്ട്. അതിനോടെല്ലാം സൃഷ്ടിപരമായ സമീപനം തന്നെയാണുള്ളത്. പക്ഷെ അതേസമയം ഈ ഗവ ണ്മെന്റിന്റെ പ്രവർത്തനങ്ങളെ വളരെ വികൃതമായി ചിത്രീകരിക്കാനുള്ള കിണഞ്ഞ ശ്രമവും പലരിൽ നിന്നുമുണ്ടായി. ആ നിലയ്ക്ക് ചില കാര്യങ്ങൾ ഞാൻ ആദ്യം സൂചിപ്പിക്കുകയാണ്. സത്യാവസ്ഥ മനസ്സിലാക്കണം. ഇൻഡ്യാ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി ഞാൻ വളരെ വ്യക്തമായി പറയുന്നു. ഈ സഭയിൽ ഞാൻ അവതരിപ്പിച്ച ഈ ആണ്ടിലെ ബഡ്ജറ്റിന്റെ ആമുഖമായി തന്നെ ഇൻഡ്യയുടെ എക്കോണമിക് സിനാറിയോ, പശ്ചാത്തലം ഞാൻ വിശ ദീകരിച്ചിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ കേരളത്തിന്റെ സാമ്പത്തികനിലയെപ്പ റ്റിയും ഞാൻ പറഞ്ഞിട്ടുണ്ട്. സാമ്പത്തിക കുഴപ്പത്തിന്റെ നീർച്ചുഴിയിൽ നിന്നു കൊണ്ടാണ് ഈ ബഡ്ജറ്റ് ഞാൻ അവതരിപ്പിക്കുന്നതെന്നു തന്നെ പറഞ്ഞിട്ടു ണ്ട്. അതുകൊണ്ട് ഈ സ്റ്റേറ്റിന്റെ സാമ്പത്തികസ്ഥിതിയെല്ലാം ശാന്തം. ജോർ. cent percent top gear-ൽ ആണെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല, അവകാശപ്പെ ടുന്നുമില്ല. ഇൻഡ്യൻ സമ്പദ്ഘടന ഇന്ന് നേരിടുന്ന ഒരവസ്ഥയുണ്ട്. കേരളം ഇൻഡ്യയുടെ ഭാഗമാണല്ലോ. അപ്പോൾ ഇൻഡ്യൻ സമ്പദ്ഘടനയിൽ ഉണ്ടാ കുന്ന ഇംപാക്ട് കേരളത്തെയും ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

സംശയവും വേണ്ട. ഇന്ന് ഇൻഡ്യയുടെ സ്ഥിതി എന്താണെന്നു ചോദിച്ചാൽ കഴിഞ്ഞ മൂന്നു വർഷമായിട്ട് എക്കോണമി സ്റ്റാഗ്നേഷൻ, സാമ്പത്തികമാന്ദ്യം തുടരുകയാണ്. യഥാർത്ഥമായ D.P. at factor cost 1999-2000-ത്തിൽ ഇൻഡ്യാ ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്തന്നെ 5.9 ശതമാനമാണ്. എന്നുവച്ചാൽ കഴിഞ്ഞ വർഷത്തെ അതേ ഗ്രോത്തേ ഇത്ര നല്ല വിള കിട്ടിയിട്ടും ഈ കറണ്ട് വർഷത്തിൽ ഗവണ്മെന്റ് പ്രതീക്ഷിക്കുന്നതു തന്നെ No increase in growth rate at factor cost. അതുപോലെതന്നെ ക്യാപിറ്റൽ മാർക്കറ്റ് അവിടെയും തുടർച്ചയായി മാന്ദ്യത്തിന്റെ ആഴം കൂടിവരുകയാണ്. പി.എ.ടി. എന്ന് പറയാറുണ്ട്. Profit after tax 1997-98, 1998-99, 1999-2000 മൂന്നു വർഷമായിട്ട് തുടർച്ചയായി പി.എ.ടി. വളരെ ദയനീയമായ രീതിയിൽ താഴ്ന്നുവരുന്നു. അതുപോലെ തന്നെ 1999 മേയ് മുതൽ ജൂൺ വരെയുള്ള ഒരു മാസത്തെ ഇൻഡ്യൻ സമ്പദ്ഘടനയുടെ സ്ഥിതി വിലയിരുത്തി നോക്കിയാൽ ആഴവും പരപ്പും മനസ്സിലാകും. സാമ്പത്തിക സ്ഥാപനങ്ങളുടെ നിക്ഷേപം അത്ഭുതകരമായ രീതിയിൽ കുത്തനെ ഇടിഞ്ഞിരിക്കുകയാണ്. മേയ് 1999-ൽ ഇത് 15.5 ബില്യൻ ഡോളർ ആയിരുന്നു. അത് 4.27 ബില്യൺ ഡോളർ ആയി ജൂൺ 1999-ൽ, ഒരൊറ്റ മാസംകൊണ്ട് ഇത്രയും ഇടിഞ്ഞു. നമ്മുടെ സാമ്പത്തികസ്ഥിതി എങ്ങോട്ടാണ് പോകുന്നത്? വളരെ ഗൗരവമാണ്. India's economy is in very bad shape' ഇൻഡ്യയുടെ സ്ഥിതി തന്നെ വളരെ മോശമാണ്. Gross fiscal deficit – G.F.D. 1998-99-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് ഇൻഡ്യാ ഗവണ്മെന്റ് പ്രതീക്ഷിച്ചതിനേക്കാൾ 8 ശതമാനം അധികമാണ്. ഇത് ബഡ്ജറ്റ് എമൗണ്ടിന്റെ 23 ശതമാനം കൂടുതലാണ്. കഴിഞ്ഞ കാലത്തെക്കാൾ Gross fiscal deficit ആകെയുള്ള ധനകമ്മി ഇൻഡ്യയിൽ 23 ശതമാനത്തിൽ കൂടുതലാണ്. ഇത് രണ്ടാമത്തെ തുടർച്ചയായ വർഷമാണ്. ജി.എഫ്.ഡി. ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ വളരെ കൂടുതൽ ആണ്. മറ്റൊരു കാര്യം 1999-2000 ഫസ്റ്റ് ക്വാർട്ടറിൽ ഏപ്രിൽ, മേയ്, ജൂൺ ഈ മൂന്നു മാസങ്ങളിൽ ഇൻഡ്യാ ഗവണ്മെന്റ് വാങ്ങിയ കടം 40,000 കോടി രൂപയാണ്. ഈ 40,000 കോടി രൂപ ഈ 47 ശതമാനവും മൂന്നു മാസം കൊണ്ട് വാങ്ങിക്കഴിഞ്ഞു. ഏതാണ്ട് പകുതി. ഈ വർഷത്തിൽ വാങ്ങാൻ ഉദ്ദേശിക്കുന്ന കടത്തിന്റെ 50 ശതമാനം ഈ മൂന്നു മാസത്തിനുള്ളിൽ വാങ്ങിക്കഴിഞ്ഞു. അതാണ് ഞാൻ ഈ കോടികളുടെ കണക്ക് പറഞ്ഞത്. ഇൻഡ്യയിലെ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ അനുവദിച്ച സംഖ്യ 1998-99 -ൽ 45 ശതമാനം ആയിരുന്നു. അതും 29 ശതമാനമായിട്ട് കുറഞ്ഞിരിക്കുകയാണ്. ഇപ്പോഴത്തെ ഡെഫിസിറ്റ് A State budget can be discussed only in the background of Indian fiscal scenario. അതിന്റെ പുറകിൽ നിൽക്കാനേ കഴിയൂ. അല്ലാതെ പ്രളയം വന്നപ്പോൾ ശ്രീകൃഷ്ണൻ ആലിലയിൽ കിടന്ന് രക്ഷപ്പെട്ടതുപോലെ ഇൻഡ്യയിൽ മുഴുവൻ പ്രളയം വന്നാൽ കേരളം മാത്രം ആലിലയിൽ കിടന്ന് രക്ഷപ്പെടുകയില്ല. Kerala is part of India. ഈ പശ്ചാത്തലത്തിലാണ് സ്റ്റേറ്റിലെ ധനപരമായ മാനേജ്മെന്റ് നടത്തുന്നത്. അസാമാന്യമായ കഴിവ് കാണിച്ചുവെന്നോ നല്ല ഫിസ്ക്കൽ മാനേജ്മെന്റ് ആയിരുന്നുവെന്നോ, മാതൃകാപരമായിരുന്നുവെന്നോ എന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. പിശകുകളും വീഴ്ചകളും കോട്ടങ്ങളും വന്നിട്ടുണ്ടാകും. ക്രിയാത്മകമായി ചൂണ്ടിക്കാണിച്ചതെല്ലാം സ്വീകരിക്കുകയും തിരുത്തേണ്ടത് തിരുത്തുകയും ചെയ്യും.

കേരളം ഇന്ത്യൻ സാമ്പത്തിക സിനേറിയോകളുടെ ഫലമായി കേരളത്തിലെ എല്ലാ consumption of almost all major tax earnings- അതായത് സെയിൽസ് ടാക്സിന് വിധേയമായി പ്രധാനപ്പെട്ട കൺസ്യൂമർ ഗുഡ്സി

LIBRARY ARCHIVES Kerala Legislative Assembly

നൊക്കെ വില്പനയിൽ മരവിപ്പ് വന്നിരിക്കുകയാണ്. കൺസ്ട്രക്ഷൻ മെറ്റീരിയൽസ് തന്നെ എടുക്കാം. ഇപ്പോൾ കൊച്ചിയിലൊക്കെ ഫ്ളാറ്റ് പ്രോ നോട്ട് കൊടുത്താൽ കിട്ടും. അതുപോലെ അഡ്വാൻസ് കൊടുത്തവർ തിരിഞ്ഞു നോക്കിയിട്ടില്ല. ഇതാണ് പൊസിഷൻ. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. നല്ലവണ്ണം നമ്മെ ബാധിക്കും. അതു പറഞ്ഞുകൊണ്ട് നികുതിപിരിവിലൊരു സ്ലാക്കനെസ് ഉണ്ടാക്കാൻ പോകുന്നില്ല. നികുതിപിരിവ് വേണ്ടത്ര ഊർജ്ജിതമായി നടത്തിയെന്ന് ഞാൻ അവകാശപ്പെടുന്നില്ല. നികുതിപിരിവിന്റെ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണമെന്ന് പ്രതിപക്ഷത്തുനിന്നും ഈ ഭാഗത്തു നിന്നും വന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടുതന്നെ ആ വികാരം കണക്കിലെടുത്തുകൊണ്ടുതന്നെ ഈ വർഷം നികുതി പിരിവിന്റെ കാര്യത്തിൽ കുറച്ചു കൂടി ശുഷ്കാന്തി ഈ ഗവണ്മെന്റ് കാണിക്കേണ്ടതുണ്ടെന്ന് ഞാൻ അംഗീകരിക്കുന്നു. അത് കാണിക്കുകയും ചെയ്യും. അതിന്റെ ഒരു നല്ല ശുഭ ലക്ഷണം കണ്ടുതുടങ്ങിയിരിക്കുന്നു. ഇക്കഴിഞ്ഞ ഏപ്രിൽ-മേയ്-ജൂണിലെ സെയിൽസ്ടാക്സ് കളക്ഷൻ കഴിഞ്ഞ ഏപ്രിൽ-മേയ്-ജൂണുമായി തട്ടിച്ചു നോക്കുമ്പോൾ മെച്ചപ്പെട്ടിട്ടുണ്ട്. കാരണം കുറെ റിവ്യൂ മീറ്റിംഗ് നടത്തി. കാശ് പിരിക്കാത്ത-ജോലി ചെയ്യാത്തവരുടെ നേരെ നടപടിയും ജോലി ചെയ്യുന്നവർക്ക് Good work is rewarded. Bad work will be reprimanded- ആ രീതിയിൽ നീങ്ങിയപ്പോൾ ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ നല്ല ഇംപ്രൂവ്മെന്റുണ്ട്. നിങ്ങളുടെ എല്ലാവരുടേയും സഹകരണമുണ്ടെങ്കിൽ നിശ്ചയമായും നമ്മുടെ നികുതി ഫലപ്രദമായി പിരിച്ചെടുക്കാനുള്ള നടപടികൾ വിജയിക്കുമെന്ന് ഞാനാഗ്രഹിക്കുന്നു. പക്ഷേ ഈ പശ്ചാത്തലത്തിൽ വേണം ഇത് കാണാൻ. ടാർജറ്റിന് മുകളിൽ പിരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള വർക്കിംഗ് പ്ലാൻ ഉണ്ടാക്കിയിട്ടുണ്ട്. ഈ സഭ പിരിയുന്നതോടുകൂടി അതിനു വേണ്ട യത്നത്തിൽ ഫൈനാൻസ് ഡിപ്പാർട്ടുമെന്റ്, ഞാനുൾപ്പെടെ വ്യാപൃതനാകും. അതുപോലെതന്നെ കേരളത്തിൽ ഈ ലിമിറ്റേഷൻസൊക്കെ ഉണ്ടായാലും ഇന്ത്യയിലെ ജി.ഡി.പി. 1998-99-ൽ 5.8 ശതമാനമായിരുന്നു. അത് 5.8 ശതമാനമാകുമ്പോൾ കേരളത്തിന്റെ എസ്.ഡി.പി. 6.6. ശതമാനമാണ്. അപ്പോൾ ഇന്ത്യയുടെ ഉൽപ്പാദനത്തേക്കാൾ ഉൽപ്പാദന പ്രക്രിയ കേരളത്തിൽ മേലെയാണ്. അതുകൊണ്ട് നമ്മൾ ജോറല്ല. ഇന്ത്യയിലേത് വളരെ മോശമാണ്. ഇന്ത്യയിലെ ജി.ഡി.പി. 5.8 ശതമാനം ഗ്രോത്താണ്. എസ്.ഡി.പി. 7.1 ശതമാനത്തിൽ നിന്നും 6.6 ശതമാനമായി കുറഞ്ഞു. അത് ഞാൻ സമ്മതിക്കുന്നു. അതേ സമയത്ത് ഇൻഡ്യയിലെ ജി.ഡി.പി. 7.8 ശതമാനത്തിൽ നിന്ന് 5.8 ശതമാനം ആയി. ഞാൻ വസ്തുതയാണ് പറയുന്നത്. ജസ്റ്റിഫിക്കേഷൻ വരാൻ പോകുന്നതേയുള്ളൂ. നമുക്കുണ്ടായിരുന്നത് കുറഞ്ഞു. ഇപ്പോൾ ഇന്ത്യയിലുണ്ടായിരുന്നതിന്റെയത്ര കുറഞ്ഞില്ല. പക്ഷേ ഇക്കോണമി കുറയുന്ന ഒരു ട്രെന്റാണ്. അതായത് കേരളാ കോൺഗ്രസ്സ് അല്ലേ ശ്രീ. കെ.എം. മാണി? Purse is at Delhi and we have to spent.- ഒരു ഇക്കോണമിക് ഫെഡറലിസത്തിനുവേണ്ടിയെങ്കിലും കൂടെ നിൽക്കുമോ? Federal set up of India അത് വേണ്ടേ? ഞാൻ ചോദിക്കുന്നത് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞിട്ടുണ്ട്. ശ്രീ. കെ.എം. മാണി അറിഞ്ഞില്ലെങ്കിലും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞിട്ടുണ്ട്. നമ്മുടെ കുറെ സെയിൽസ്ടാക്സ് ഇനങ്ങൾ എടുത്ത് സി.എസ്.ടി. ആക്കിയതിൽ നമുക്ക് പണ്ട് വിഷമം വന്നിട്ടുണ്ട്. നമ്മുടെ വരുമാനത്തെ ബാധിച്ചിട്ടുണ്ടെന്ന് അങ്ങ് തന്നെ പറഞ്ഞതാണ്. അതും അങ്ങ് അംഗീകരിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : റെസെഷൻ ഇപ്പോൾ അയഞ്ഞുവരികയാണ്. റെസെഷനാണെങ്കിൽ പോലും ഫലപ്രദമായി നടപടികളെടുത്തിരുന്നെങ്കിൽ ഇതിനേക്കാൾ കൂടുതൽ ടാക്സ് വരുമാനം കിട്ടുമായിരുന്നുവെന്നാണ് കേരളാ കോൺഗ്രസ്സിന്റെയും ഞങ്ങളുടേയുമൊക്കെയുള്ള നിലപാട്. അതാണ് ഞങ്ങൾ പറഞ്ഞത്. ഗവണ്മെന്റ് അത് ചെയ്തില്ല.

ശ്രീ. ടി. ശിവദാസമേനോൻ : അതേ അഭിപ്രായമാണ് ഞാനും പറഞ്ഞു വരുന്നത്. ജി.ഡി.പി.യുടെ ഇടിച്ചിൽ It is not as serious as SDP has not declined to that level of GDP- ജി.ഡി.പി.യുടെ ഇടിച്ചിൽ വരുമ്പോൾ എസ്.ഡി.പി.യുടെ ഇടിച്ചിലൊക്കെ കൂട്ടിയിട്ടാണല്ലോ ജി.ഡി.പി. കണക്കാക്കുന്നത്. 7.8 ശതമാനത്തിൽ നിന്നാണ് 5.8 ശതമാനം വന്നത്. ഇത് 7.1 ശതമാനത്തിൽ നിന്നും 6.6 ശതമാനം ആയി. അപ്പോൾ ആ കുറവ് കമ്മിയാണ്. കമ്പാരറ്റീവ് ആണത്. റിലേറ്റീവാണെങ്കിൽ പറയാം. ശ്രീ. ശിവദാസമേനോന്റെ റിലേറ്റിവിറ്റി തിയറി എന്ന് ചിലപ്പോൾ പറഞ്ഞു എന്നു വരും. സാരമില്ല. അപ്പോൾ ഇൻഡ്യയുടെ സാമ്പത്തികത്തകർച്ച കേരളത്തെ സാരമായി ബാധിക്കും. മറ്റൊരു കാര്യം നിങ്ങൾക്കുമറിയാമല്ലോ. Alternative Devolution Formula പ്രകാരം 600 കോടിയോളം രൂപ പ്രതീക്ഷിച്ചു. ആ നിലയ്ക്ക് Devolution of funds ഉണ്ടാകുമെന്നാണ് പത്താം ധനകാര്യകമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളത്. അവിടെയുള്ളവർക്ക് എന്നെക്കാളും ഗ്രാഹ്യമുണ്ട്. പക്ഷേ ഈ ഗവണ്മെന്റ് അതിന് തയ്യാറല്ല. നമ്മുടെ 600-കോടി രൂപയാണ് പോയി കിട്ടിയത്. This has added the deep crisis of the State. ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക കുഴപ്പത്തിന്റെ പ്രധാന കാരണം അതാണ്. റബ്ബറിന് വിലയില്ല, ഉൽപ്പാദനച്ചെലവ് കമ്മി, എല്ലാം തകർന്നു കിടക്കുമ്പോൾ നമ്മൾ പ്രതീക്ഷിച്ചത് കിട്ടിയില്ലെന്ന് പറഞ്ഞാൽ

'മർക്കടസ്യ സുരാപാനാം

പൃഷ്ഠേ വൃശ്ചിക ധ്വംസന:'- എന്നാണ്. കുരങ്ങു തന്നെ അപകടകാരിയാണ്. സുരാപാനാം ഒരു 500 മില്ലി അടിച്ചു എന്നു വിചാരിക്കുക, അതിലേറെ കുഴപ്പമാണ്. പൃഷ്ഠേ വൃശ്ചിക ധ്വംസന-മൂട്ടിൽ ഒരു തേളും കുത്തിയാൽ, എന്തായിരിക്കും സ്ഥിതി? അതാണ് അവസ്ഥ. ഏതായാലും ഞാനൊന്നു പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : 1996-97, 1997-98, 1998-99 എന്നീ മൂന്നു വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കാണിച്ച സംഖ്യയേക്കാൾ കുറവാണ് അങ്ങയുടെ ടാക്സ് കളക്ഷൻ. അതേ അവസരത്തിൽ 1995-96-ൽ ആണെങ്കിലും 1994-95-ലാണെങ്കിലും 1993-94-ൽ ആണെങ്കിലും ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ കൂടുതലാണ്. അതിന് എന്താണ് കാരണം? ഇത് ബഡ്ജറ്റിംഗിന്റെ തകരാറല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : പറയാം. എന്റെ കയ്യിലുള്ള കണക്ക് വച്ചിട്ട്, I am subject to correction, 1998-99 ലെ എമൗണ്ട് മാത്രമാണ് അപ്പുറത്ത് നിന്ന് ആരോ തെറ്റാണെന്ന് പറഞ്ഞത്. രണ്ടായിരത്തിൽ ചിലാനമല്ല. 3358 കോടി രൂപയാണ് പിരിച്ചത്. ബഡ്ജറ്റ് എസ്റ്റിമേറ്റ് കിട്ടിയില്ല. പക്ഷേ 1996-97, 1997-98-ലേയും ബഡ്ജറ്റ് എസ്റ്റിമേറ്റ് കിട്ടി.

ശ്രീ. ആര്യാടൻ മുഹമ്മദ് : .... കുറവാണെന്നാണ് സി. ആന്റ് എ.ജി. പറഞ്ഞിരിക്കുന്നത്.

ശ്രീ. ടി. ശിവദാസമേനോൻ : അതാണ് ഞാൻ I am subject to correction എന്നു പറഞ്ഞത്. ഞാൻ നോക്കിയിട്ട് പറയാം. മൂന്നു കൊല്ലത്തെ ഇക്കണോ

മിക് റെസഷൻ ഞാൻ നല്ലവണ്ണം പറഞ്ഞുകൊണ്ടാണ് വന്നത്. എന്നിട്ടും മന. സ്സിലാകുന്നില്ലെന്നു പറഞ്ഞാൽ ബുദ്ധിമുട്ടാണ്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് എഴുതാപ്പുറം വായിക്കുന്ന ആളായതുകൊണ്ടാണ്. അങ്ങ് കടന്നാ ലോചിക്കുകയാണ്. ഒന്നുകൊണ്ടറിയണം, രണ്ടിന്റെ ബലാബലം ശരിയാണ്. പക്ഷേ ഒന്നു കൊണ്ടറിയണം ആയിരത്തിന്റെ ബലാബലമെന്ന് പറഞ്ഞാൽ അത്ര അങ്ങോട്ട് ആലോചിക്കേണ്ട. Think of tomorrow. Don't bother about day after tomorrow. Live today- അതാണ് ശാസ്ത്രം. 1998-99-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഞാൻ പറയാം. നമ്മുടെ ശമ്പളം, എന്തായിരുന്നെന്നറിയാമോ? 1998-99-ലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നമ്മുടെ ശമ്പളച്ചെലവ് 3667.42 കോടി രൂപയാണ്. പക്ഷേ യഥാർത്ഥത്തിൽ വന്നത് എത്രയാണെന്ന് അറിയുമോ? 3667 എന്നുള്ളത് 4851.10 കോടി രൂപയായി ശമ്പള വർദ്ധനവ് ഉയർന്നു. കാരണം 1200 കോടി രൂപ, റിവൈസ്ഡ് എസ്റ്റിമേറ്റിനേക്കാൾ 39 ശതമാനം അധികം വന്നു. അത് നമ്മൾ കാണേണ്ടേ? ജീവനക്കാർക്ക് കൊടുക്കാതിരി ക്കാൻ പറ്റുമോ? ആ ശമ്പള വർദ്ധനവ് നമ്മെ ബാധിച്ചില്ലേ? ആ പൈസയും കൊടുത്തിട്ടുണ്ട്.

ഇത്ര വലിയ ഒരു കമ്മിറ്റ്മെന്റ് ഒരു ശമ്പള പരിഷ്കരണം കാരണം കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല എന്നുള്ളത് ചരിത്ര സത്യമാണ്. നിഷേധിക്കാൻ കഴിയില്ല. ഇതിന്റെ അടുത്തൊന്നും വന്ന ചരിത്രം ഉണ്ടായിട്ടില്ല. 200 കോടിക്ക് മുകളിൽ വന്നിട്ടേയില്ല. ബഡ്ജറ്റിൽ വന്നത് 3667 കോടിയാണ്. അത് 4751 കോടിയായി. അത് മനസ്സിലാക്കണം. ഇങ്ങനെയൊ ക്കെയായിട്ടും വികസന ബഡ്ജറ്റ് നമ്മൾ കുറച്ചിട്ടില്ല. വികസനത്തിന് പണം ചെലവാക്കതെയിരുന്നിട്ടില്ല. 1998-99-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഫോർ ഡെവല പ്മെന്റൽ വർക്സ് 669 കോടിയായിരുന്നുവെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ 835 കോടിയാണ്. വികസനപ്രവർത്തനങ്ങൾക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് 662 കോടി. റിവൈസ്ഡ് എസ്റ്റിമേറ്റ് 835 കോടിയാണ്. അവിടെ നമ്മൾ കട്ട് ചെയ്തില്ല. 1999-2000-ത്തിൽ ഡെവലപ്മെന്റൽ വർക്സിനുള്ള ബഡ്ജറ്റ് എമൗണ്ട് 675 കോടിയാണ്. അതിൽ നമ്മൾ എത്ര പൈസ ചെലവാക്കാൻ പോകുന്നുവെന്നുള്ളത് ..... ഷോർട്ട് ടൈം കൊണ്ട് എത്ര കൂടുതൽ വന്നു എന്നുള്ളത് ഞാൻ ഇപ്പോൾ പറയുന്നില്ല. അത് എസ്.ഡി.ജി. വരുമ്പോൾ അറി യാം. എസ്.ഡി.ജി. വരുമ്പോൾ എല്ലാവരേയും സ്തംഭിപ്പിക്കുമാറ് ഇൻവെ സ്റ്റ്മെന്റ് കാണാം. അതിനുള്ള പൈസ വച്ചിട്ടുണ്ട്. കാർ വാങ്ങാൻ മാത്രമല്ല എസ്.ഡി.ജി. കൊണ്ടുവരുന്നത്. അതിൽ സിംഹഭാഗവും ഡെവലപ്മെന്റൽ വർക്ക്സിനുവേണ്ടിയാണ്. എസ്.ഡി.ജി. വരുമ്പോൾ അതിനെക്കുറിച്ച് സംസാ രിക്കാം.

<u>ശ്രീ. കെ.എം. മാണി</u> : എസ്.ഡി.ജി.യുടെ കാര്യം പറഞ്ഞതുകൊണ്ടാ ണ്. അത് വരുമ്പോൾ പറഞ്ഞിട്ടു കാര്യമില്ല. ശ്രീ. ഉമ്മൻ ചാണ്ടിയും ഞങ്ങളു മൊക്കെ പറഞ്ഞത്, റബ്ബറിനു വേണ്ടി 50 കോടി രൂപയും കൂടി സപ്ലിമെന്ററി ഡിമാന്റിൽ കൊണ്ടുവരാൻ പറ്റുമോ എന്നുള്ളതാണ്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : എസ്.ഡി.ജി.യിൽ ഉണ്ടോ, ഇല്ലയോ എന്നു ള്ളത് ധനകാര്യവകുപ്പുമന്ത്രിയായി 8 ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ.എം. മാണിയ്ക്ക് അറിയാം. പാരാ 95, ഓഫ് ദി ബഡ്ജറ്റ് മാനുവൽ-അഡീഷണൽ ആത റൈസേഷൻ - ധനകാര്യ വകുപ്പുമന്ത്രിക്ക് എപ്പോൾ വേണമെങ്കിലും കൊടുക്കാൻ അധികാരമുണ്ട്..... ഞാൻ പറയുന്നത് കേട്ടാൽ മതി. Don't put your tongue into

LIBRARY ARCHIVES Kerala Legislative Assembly

my mouth. അങ്ങനെ പാടില്ല. അങ്ങേയ്ക്ക് ആവശ്യം ഇല്ലാത്തത് എന്നെക്കൊണ്ട് പറയിപ്പിക്കരുത്.

ശ്രീ. ഉമ്മൻ ചാണ്ടി : എസ്.ഡി.ജി.യിൽ ഉണ്ടോ, ഇല്ലയോ എന്ന് അങ്ങ് പറയണ്ട. പക്ഷെ ഇവിടെ അങ്ങയുടെ മറുപടിക്കകത്തുതന്നെ പറഞ്ഞിട്ടുണ്ട്. ടാക്സ് കുറയുന്നതിന് മുഖ്യകാരണം റബ്ബറിന്റെ വിലക്കുറവാണ്. റബ്ബറിന് കിലോക്ക് ഒരു രൂപ കുറഞ്ഞാൽ നമുക്ക് 56 കോടി രൂപ നഷ്ടമാണ്. 10 ശത മാനം ടാക്സ് എന്നു പറയുമ്പോൾ 5.6 കോടി രൂപ വരും. ഒരു രൂപ റബ്ബറിനു കുറഞ്ഞാൽ ടാക്സ് ഇനത്തിൽ 5.6 കോടി രൂപ നഷ്ടപ്പെടുകയാണ്. 10 രൂപ കൂടിയാൽ 56 കോടി രൂപ ടാക്സായിട്ടുതന്നെ നമുക്ക് കിട്ടുകയാണ്. ആ സാഹചര്യത്തിൽ 50,000 ടൺ റബ്ബർ കയറ്റി അയയ്ക്കുന്നതിനുള്ള നഷ്ടം വരുന്ന 50 കോടി രൂപ മാറ്റിവയ്ക്കാൻ അങ്ങ് തയ്യാറാകുമോ? അതിനാവശ്യ മായ ഒരു പ്രഖ്യാപനം നടത്തുമോ?

ശ്രീ. ടി. ശിവദാസമേനോൻ : അപ്പുറത്തിരിക്കുന്ന ആളുകൾ കാണാത്ത ഒരു കാര്യമുണ്ട്. റബ്ബർ വിലയിടിവിന് പ്രധാനപ്പെട്ട കാരണം എന്താണെന്ന് നിങ്ങൾക്കറിയാമല്ലോ. ഇമ്പോർട്ടാണ്. അതിനെ സംബന്ധിച്ച് 'ഇക്കണോമിക് ടൈംസ്' കാട്ട് ചെയ്യുന്നു. 'Lift rubber import ban'-tyre makers. അവർക്ക് ടയർ ഇംമ്പോർട്ട് ചെയ്യേണ്ട. Lift rubber import ban - എന്നിട്ട് സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പ റേഷന്റെ സ്കീം എന്താണെന്നറിയാമോ? As per the scheme worked out with tyre-makers STC was to sell the rubber procured from Domestic market at International prices. This was in view of tyre companies' reluctance to buy rubber from STC in view of domestic prices being higher by Rs.8-9/Kg.

അതായത് ഒരു കിലോഗ്രാമിന് എട്ടും ഒമ്പതും രൂപ ഇന്റർനാഷണൽ പ്രൈസിനേക്കാൾ അധികം ഇവിടെയുള്ളതുകൊണ്ട് ഇവിടത്തെ റബ്ബർ വാങ്ങി ത്തന്നാൽ മതി എന്നാണ് പറയുന്നത്. 20 രൂപയ്ക്കു കൊടുക്കാനാണ് പറയു ന്നത്. rubber procured from domestic market at international prices.ഇവിടുന്ന് ഇന്റർനാഷണൽ പ്രൈസ് കൊടുത്താൽ മതി എന്ന്. This was in view of tyre companies' reluctance to buy rubber from STC.....- ഈ ഒരു ഭയം സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനും ഇൻഡ്യാ ഗവണ്മെന്റിനും ഉള്ളിടത്തോളം കാലം .....ഒരു അണ്ണാന്റേയും ആനക്കുട്ടിയുടേയും കാര്യം ഇന്നലെ ഇവിടെ പറ ഞ്ഞു. ആ ഉദാഹരണം ഇപ്പോഴാണ് പറ്റിയത്. No. No. You leave it. I am in possession of the House. I am not yielding.

ശ്രീ. കെ.എം. മാണി : Sir, Point of order കഴിഞ്ഞ ബഡ്ജറ്റിന്റെ ഡിസ്കഷനിൽ ഞാൻ ഈ ചോദ്യം ചോദിച്ചു. എന്തു നഷ്ടം സഹിച്ചും 50,000 ടൺ റബ്ബർ കയറ്റുമതി ചെയ്യാം എന്ന് ഉറപ്പു നൽകിയ ഗവണ്മെന്റിന് ഇപ്പോൾ നഷ്ടം സഹിക്കാൻ കഴിയില്ല. 50 കോടി രൂപ മാറ്റിവയ്ക്കാൻ കഴി യില്ല എന്നു പറയുന്നത് ന്യായമാണോ? ഇത് കൃഷിക്കാരോടു ചെയ്യുന്ന ക്രൂര തയാണ്. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. അത് ഓർഡറിലാണോ? ഈ സഭയിൽ കഴിഞ്ഞ ബഡ്ജറ്റ് ഡിസ്കഷനിൽ പറഞ്ഞത് എത്ര നഷ്ടം വന്നാലും ഗവണ്മെന്റ് സഹിക്കും എന്നാണ്. ഇപ്പോൾ evade ചെയ്യുന്നത് ശരി യാണോ? ഇത് സഭയോട് കാണിക്കുന്ന അനാദരവ് അല്ലേ? .....(ബഹളം).....

ശ്രീ. ടി.കെ. ഹംസ : ഇതെന്തൊരു മര്യാദയാണ്. മന്ത്രി പ്രസംഗിക്കു മ്പോൾ ഇങ്ങനെ തുടങ്ങിയാൽ..... ഇതെന്താ പ്രസംഗം ആണോ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, എന്നെ പ്രസംഗിക്കാൻ അനുവദിക്കണം. കാര്യം പറയുമ്പോൾ തുള്ളിയിട്ടു കാര്യമില്ല. കാര്യത്തിലേയ്ക്കാണ് ഞാൻ വരുന്നത്. ഇവിടെനിന്നും റബ്ബർ വാങ്ങി എക്സ്പോർട്ട് ചെയ്യുമ്പോൾ നഷ്ടം വന്നാൽ ആ നഷ്ടം സഹിച്ചുകൊണ്ടും എക്സ്പോർട്ട് നടത്തും എന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ ആയിരം വട്ടം പറഞ്ഞതാണ്. .....(ബഹളം).....ഞാൻ പറയാം. നിങ്ങൾക്ക് ആവശ്യം വരുമ്പോഴല്ലേ പണം വേണ്ടൂ. അപ്പം തിന്നാൽ പോരെ, കുഴി എണ്ണണോ? ഞങ്ങൾ എക്സ്പോർട്ടിനു വേണ്ടി ശ്രമിക്കും. ഒരു സംശയവും വേണ്ട. എക്സ്പോർട്ട് ചെയ്യും. എന്താണ് സംശയം? അതിൽ എവിടെ എത്ര രൂപ വയ്ക്കണം എന്നുള്ളത് ഞാൻ നിശ്ചയിച്ചുകൊള്ളാം. നിങ്ങൾ ബേജാറാകേണ്ട.....(ബഹളം)..... കേരളത്തിലെ ജനങ്ങളോ? പിന്നെ ഞാൻ എവിടെനിന്നും വരുന്നതാണ്. ഗുജറാത്തിൽനിന്നും വരുന്നതാണോ? ആ ജാതി വർത്തമാനം പറയണ്ട..... ബഹളം).....നിങ്ങളെക്കാൾ ഭൂരിപക്ഷത്തിലാണ് ഞാൻ വന്നത്. മിണ്ടാതിരിക്കണം.....(ബഹളം).....

മി. സ്പീക്കർ : ഇപ്പോൾ ഇവിടെ നടക്കുന്നതൊന്നും ഓർഡറിലല്ല. അദ്ദേഹം പ്രസംഗിക്കട്ടെ ..... ബഹളം .....

[4 P.M]

ശ്രീ. ശിവദാസമേനോൻ : സർ, I will make the statement clear. ഇവിടെനിന്ന് റബ്ബർ വാങ്ങി പരമാവധി കയറ്റുമതി ചെയ്യണമെന്നതാണ് ഗവണ്മെന്റിന്റെ നയം. അതിനു എന്തു നഷ്ടം വന്നാലും ഈ ഗവണ്മെന്റ് സഹിക്കുമെന്ന് ഞാനിതാ പ്രഖ്യാപിക്കുന്നു. 50 ശതമാനത്തിനുമേലെ വന്നാലും സഹിക്കും. 50 ശതമാനം പോരാ. ചിലപ്പോൾ 200 ശതമാനം വേണ്ടിവരും. അത് ഞാൻ നോക്കിക്കൊള്ളാം.....ബഹളം.....സർ..... ഇനി.....ബഹളം.....

മി. സ്പീക്കർ : അദ്ദേഹത്തെ മറുപടി പറയാൻ അനുവദിക്കണം. മറുപടി കഴിഞ്ഞതിനുശേഷം നോക്കാം ..... മറുപടിക്കിടയിൽ .....

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഞാൻ ആവർത്തിക്കുന്നു. ആയിരം വട്ടം ആവർത്തിക്കുന്നു. റബ്ബർ എക്സ്പോർട്ട് ചെയ്യും. അതിനു എന്തു നഷ്ടം വന്നാലും ഈ സർക്കാർ സഹിക്കും. ആയിരംവട്ടം ഞാൻ ആവർത്തിക്കുന്നു..... ബഹളം ..... പിന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ്.....

മി. സ്പീക്കർ : Let him conclude. .....ബഹളം.....പെട്ടെന്നുണ്ടായ പ്രൊവോക്കേഷനാണ്.....

ശ്രീ. ടി. ശിവദാസമേനോൻ : 1999-2000 മാണ്ടിലെ ബഡ്ജറ്റിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് 1,852 കോടി രൂപയിൽ നിർത്താൻ കഴിയുമെന്നാണ് ഗവണ്മെന്റിന്റെ ഇപ്പോഴത്തെ പ്രതീക്ഷ. റിവൈസ്ഡ് എസ്റ്റിമേറ്റ് കുറയ്ക്കാൻ ശ്രമിക്കും. ഈ വർഷത്തെ ബഡ്ജറ്റിനുള്ളിൽത്തന്നെ നിർത്തി കാര്യങ്ങൾ ചെയ്യണമെന്നാണ് കരുതുന്നത്. ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയട്ടെ. ഇവിടെ ഓഫീസ് എയർകണ്ടീഷൻ ചെയ്തു..... അതൊന്നും ഞാൻ പറയുന്നില്ല. ഓഫീസ് എയർകണ്ടീഷൻ ചെയ്ത കാര്യം പറയുകയാണെങ്കിൽ, ബഹുമാനപ്പെട്ട മാണി ഇരുന്ന മുറിയിലാണ് ഞാനിരിക്കുന്നത്. ഞാനവിടെ ചെന്നപ്പോൾ എ.സി.യുണ്ട്. അത് എടുത്തു കളയണോ?.....ബഹളം ആയിക്കോട്ടെ.

ശ്രീ. കെ.എം. മാണി : ഞാൻ പറഞ്ഞത് എയർകണ്ടിഷനല്ല. ഞാൻ പറഞ്ഞത് ഡെക്കറേഷനാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : ആയിക്കോട്ടെ, എയർകണ്ടിഷൻ ചെയ്യാം. അതുശരി, അതാണ് ഞാൻ പറഞ്ഞത്. ലക്ഷ്വറി റിലേറ്റീവ് ആണെന്ന്. ശ്രീ. കെ.എം. മാണിയെ സംബന്ധിച്ചിടത്തോളം എ.സി. ലക്ഷ്വറിയില്ല. മറ്റു ചിലരെ സംബന്ധിച്ചിടത്തോളം ആണ്. എന്നെ സംബന്ധിച്ചിടത്തോളം എന്റെ വീട്ടിൽ എയർകണ്ടീഷനില്ല. ഇവിടെയാണ് ആദ്യം എ.സി.യിലിരിക്കുന്നത്. എനിക്കത് ലക്ഷ്വറിയായിട്ടാണ് തോന്നുന്നത്. പക്ഷെ ലക്ഷ്വറി എന്നുപറഞ്ഞാൽ അനാവശ്യമായിട്ട് തോന്നുന്നില്ല. ശ്രീ. മാണിയുടെ വീട്ടിൽ എ.സി.യുണ്ടാകും. എന്റെ വീട്ടിൽ ഇല്ല.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു. അദ്ദേഹം ചെന്നപ്പോൾ എ.സി.യുണ്ടായിരുന്ന റൂം കിട്ടി അദ്ദേഹം ഇരുന്നുവെന്ന്. അതിൽ യാതൊരു തെറ്റുമില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷം സെക്രട്ടേറിയറ്റിലെ ഒരു മന്ത്രിയുടെ ഓഫീസും വീടും എയർകണ്ടിഷൻ ചെയ്തിട്ടില്ല എന്നാണോ അങ്ങ് പറഞ്ഞത്.

ശ്രീ. ടി. ശിവദാസമേനോൻ : നമ്മൾ ചെയ്തിട്ടുണ്ട്. ആരാണ് ഇല്ലെന്ന് പറഞ്ഞത്. ഇതു ചെയ്തവർ കുറ്റം പറഞ്ഞപ്പോൾ പറഞ്ഞതാണ്. അത്രേയുള്ളൂ. പിന്നെ ഇവിടെ ഇത്ര വലിയ കമ്മി വന്നുവെന്ന് പറഞ്ഞു. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ ഈ ഗവണ്മെന്റ് പണം ചെലവാക്കിയില്ലേ. നിങ്ങൾ ചെയ്തതിനേക്കാൾ എത്ര ജോറായിട്ടാണ് ചെയ്തിരിക്കുന്നത്. പക്ഷെ ഒരു 100 പൈസ കൊടുത്താൽ 150 പൈസയുടെ ജോറുണ്ടാകും. അത്ര നന്നായിട്ടാണ് മാനേജ് ചെയ്യുന്നത്. അതിലൊന്നും 10 പൈസയുടെ വെട്ടിപ്പില്ല. അതുകൊണ്ട് കൊടുക്കാനേ തോന്നൂ. ഇല്ലാത്ത വിഷമമേയുള്ളൂ. 50 കോടി രൂപ മാവേലി സ്റ്റോറിനു ഗ്രാന്റാണ്. നിങ്ങളുടെ ഭരണത്തിന്റെ ചരിത്രത്തിൽ മാവേലി സ്റ്റോറിനു ഗ്രാന്റു കൊടുത്ത സംവിധാനമുണ്ടായിട്ടുണ്ടോ? പൊതുവിതരണത്തിൽ ഗ്രാന്റുണ്ടായിട്ടുണ്ടോ? അതുപോലെ വൈദ്യുത പദ്ധതികൾക്കുള്ള ചെലവ്. പരമ്പരാഗത വ്യവസായങ്ങൾ, ജീവനക്കാരുടെ ശമ്പളം, കരാറുകാർക്ക് 120 കോടി രൂപ. അവർ കുറച്ചു പൈസ ബാക്കിവച്ചുപോയി എന്ന വർത്തമാനം പറയുന്നുണ്ട്. 457 കോടി രൂപ. അത് എന്തു സംഗതിയാണെന്നു ചോദിച്ചാൽ 1996 മേയ് 20-ാം തീയതിയാണ് ഞങ്ങൾ സത്യപ്രതിജ്ഞ ചെയ്തത്. 322 കോടി രൂപ അപ്പോൾ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്നു. 18 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാനുണ്ടായിരുന്നു. കയർതൊഴിലാളി പെൻഷനും കൊടുക്കാനുണ്ടായിരുന്നു. ഒരൊറ്റ ഡെസ്റ്റിറ്റ്യൂട്ട് പെൻഷനും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ സാങ്ഷൻ ചെയ്ത ഒരു ഡി.എ. കൊടുക്കാൻ ഞങ്ങളെ ചുമതലപ്പെടുത്തിയിട്ടാ പോയത്. അത് മനസ്സിലാക്കണം. നിങ്ങൾ ഓർഡറിട്ടു. ഞങ്ങൾ കൊടുത്തു. ഓർഡറിടാൻ നിങ്ങൾ, കൊടുക്കാൻ ഞങ്ങൾ. ഞങ്ങളുടെ ഒരു ഗതികേട് ആലോചിച്ചു നോക്കൂ. ഇലക്ഷൻ വന്നപ്പോൾ പ്രഖ്യാപിച്ചു. അതുകൊടുക്കാൻ ഞങ്ങൾ, പ്രഖ്യാപിക്കാൻ നിങ്ങൾ. ഇതു കുറച്ചുകാലമായി തുടങ്ങിയിട്ട്. ഇവരിപ്പോൾ വിമർശിക്കുകയാണ്. ഏതായാലും കാറിന്റെ കാര്യം ബഡ്ജറ്റിൽ വയ്ക്കാമായിരുന്നില്ലേ എന്നു ചോദിച്ചു. ഇപ്പോൾ വാങ്ങിയതിൽ ജഡ്ജസിനു വാങ്ങിയ കാറുണ്ട്, ലോക് അയുക്തക്ക് വാങ്ങിയ കാറുണ്ട്.....ബഹളം.....പറയാം..... മന്ത്രിമാർക്കു വാങ്ങിയ കാർ ..... പറയാം ..... പത്തു കാറുകൾ വാങ്ങാൻ പോകുന്നു. അതിൽ ഏഴെണ്ണം അംബാസഡറാണ്. വാങ്ങിയിട്ടില്ല. വാങ്ങാൻ പോകുന്നതേയുള്ളൂ. അതിന്റെ എമൗണ്ട് ഈ ബഡ്ജറ്റിൽ ഇല്ലാത്തതുകൊണ്ടാണ്

എസ്.ഡി.ജി.യിൽ വയ്ക്കാനാഗ്രഹിക്കുന്നത്. അതിപ്പോൾ പിൻവലിക്കുന്നില്ല. പിൻവലിച്ചാൽ പലർക്കും കാറുകൾ കൊടുക്കാൻ പറ്റുകയില്ല. പലർക്കും ഇനിയും കാറുകൾ വാങ്ങാനുണ്ട്. മറ്റൊരു കാര്യം, രാഷ്ട്രീയം സംബന്ധിച്ച് ഇവിടെ ചർച്ചയുണ്ടായി. മുഖ്യമന്ത്രിക്ക് എതിരായി വന്ന ആരോപണത്തെപ്പറ്റി രണ്ടു വാക്ക്. മുഖ്യമന്ത്രി സംസാരിക്കുന്നുണ്ട്. മുഖ്യമന്ത്രിയെപ്പറ്റി ഇവിടെ ഉന്നയിച്ച ആരോപണം ..... അദ്ദേഹം അതിനു മറുപടി പറയും. ഞാനും പറയണം. എനിക്കും കോപ്പി തന്നിട്ടുണ്ട്. ഇതിൽ കെ.സി. രവീന്ദ്രൻ-അദ്ദേഹത്തിന് മണൽ കൊടുത്തോ, കൊടുത്തില്ലയോ എന്നുള്ളതല്ല. ഇതിൽ മുഖ്യമന്ത്രിയുടെ റോളെന്താണ്? ഒരക്ഷരം പറഞ്ഞോ? മുഖ്യമന്ത്രി ഇന്നതു ചെയ്തു എന്നു പറഞ്ഞ്, മുഖ്യമന്ത്രിയുടെ ആക്ഷൻ ക്വസ്റ്റ്യൻ ചെയ്തോ? മുഖ്യമന്ത്രിയെ നിങ്ങൾ ചോദ്യം ചെയ്തിട്ടില്ല. മാത്രമല്ല ആകെ ഒരു ലക്ഷത്തിൽ താഴെ രൂപയ്ക്കുള്ള മണലിന് 34 ലക്ഷം രൂപ ലാഭം കിട്ടിയെന്നാണ് പറയുന്നത്. അത് എന്തു മണലെന്ന് എനിക്കറിഞ്ഞൂ കൂടാ. മണൽ കൊടുത്തതിൽ ക്രമവിരുദ്ധമായിട്ട് വല്ലതും ഉണ്ടെങ്കിൽ, ഒരു ക്രമവിരുദ്ധപ്രവർത്തനവും ഈ ഗവണ്മെന്റ് അംഗീകരിക്കുന്നില്ല. എന്താണ് സംശയം? മുഖ്യമന്ത്രി അത് അംഗീകരിക്കുകയില്ലായെന്നുള്ളതിന് ഒരു സംശയവും വേണ്ട. കാരണം, ശ്രീ. ഇ.കെ. നായനാരുടെ രാഷ്ട്രീയ ജീവിതത്തിന്റെ പരിശുദ്ധിയെ സംബന്ധിച്ച് പറയുവാൻ ഈ കേരളത്തിന്റെ മണ്ണിൽ, ശ്രീ. ടി.എം. ജേക്കബ്, താങ്കൾക്കല്ലാതെ ആർക്കാണ് ധൈര്യമുണ്ടാകുക; അദ്ദേഹത്തിന്റെ ജീവിതം ഒരു തുറന്ന പുസ്തകമല്ലേ; അദ്ദേഹം ഈ രാജ്യത്തിന്റെ ജനകീയ നേതാവല്ലേ; അതുകൊണ്ട് അദ്ദേഹത്തെ സംബന്ധിച്ച് നിങ്ങൾ,.....ആകാശത്തിൽ ചന്ദ്രനെ നോക്കി ആരു കൂവിയാലും ചന്ദ്രന് യാതൊന്നും സംഭവിക്കില്ല. ചന്ദ്രന്റെ ശോഭ അതേപോലെ ഉണ്ടാകും; ഈ ആരോപണം ശ്രീ. ടി.എം. ജേക്കബ് കൊണ്ടുവന്നതിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ എതിർക്കുന്നില്ല. ശ്രീ. ടി.എം. ജേക്കബ് മറ്റുള്ളവരുടെ സമയം കടം വാങ്ങിയിട്ടാണ് ഇവിടെ പറഞ്ഞത്. മറ്റുള്ളവരാരും പറഞ്ഞിട്ടില്ല. അതു ശ്രീ. ടി.എം. ജേക്കബ് തന്നെ പറയണം. ശ്രീ. ടി.എം. ജേക്കബിനെക്കൊണ്ട് വേണ്ടാത്തത് പറയിപ്പിക്കൂ. അത് സൂക്ഷിക്കണം. അല്ലാതെ വേറെ ആളെ കിട്ടുകയില്ല. കോൺഗ്രസുകാരുടെ സമയം അനുവദിച്ചാണ് ഈ കാര്യം ഇവിടെ പറഞ്ഞത്. പറഞ്ഞോ. പക്ഷെ ഇലക്ഷനു മുൻപ് നടക്കുന്ന ഒരു അസംബ്ലി എന്നുള്ളനിലയിൽ എന്തെങ്കിലും പറഞ്ഞ് മാന്യന്മാരെ അപമാനിക്കുക, മണല് അല്ലെങ്കിൽ പൂഴി അല്ലെങ്കിൽ മണ്ണ് എന്നൊക്കെ പറഞ്ഞ് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ മണ്ണ് വാരി എറിയുവാൻ ആരു ശ്രമിച്ചാലും അതു നടക്കുവാൻ പോകുന്നില്ല. രാഷ്ട്രീയ കാര്യങ്ങളിൽ ഒന്നേ പറയുവാനുള്ളൂ. 1989-നു ശേഷം ഇൻഡ്യാരാജ്യത്ത് കോൺഗ്രസ്സ് കരുത്ത് ആർജ്ജിച്ചു വരുന്നു എന്നുള്ളത് ശരിയല്ലല്ലോ; ഇന്ത്യൻ നാഷണൽ കോൺഗ്രസ് 1989-നു ശേഷം കരുത്ത് ആർജ്ജിച്ചുവരുന്നു എന്നുള്ള സ്റ്റേറ്റുമെന്റ് തെറ്റാണല്ലോ? കരുത്ത് ആർജ്ജിച്ചുവരുകയല്ല തകരുകയാണ്. അത് വസ്തുതയാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ 1989-നു ശേഷമുള്ള കാലഘട്ടം തകർച്ചയുടെ കാലഘട്ടമാണ് എന്നുള്ളത് ജനറലായിട്ട് പറഞ്ഞാൽ അതിൽ തെറ്റുണ്ടോ? മൂന്നിൽ രണ്ട് ഭാഗം ഭൂരിപക്ഷം ഉണ്ടായിരുന്നത് ഇൻഡ്യയിലെ വലിയ വലിയ സംസ്ഥാനങ്ങളിലെല്ലാം ഭരിച്ച ആളുകൾ ഈ ഗതികേടിൽ.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നിങ്ങൾ എവിടെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : ഞങ്ങൾ എവിടെയും ഇല്ല. ഞങ്ങൾ മോശമാണ് .....(ബഹളം).....ഞാൻ പറയട്ടെ, നിങ്ങൾ പറഞ്ഞത് കേട്ടല്ലോ; നിങ്ങളുടെ സ്ഥിതി.....ഞങ്ങൾ മോശമാണ്. ഞങ്ങൾ ഒന്നുമല്ല. ഞങ്ങൾ കൊച്ചുപാർട്ടിയാണ്. ഞങ്ങൾ ഇൻഡ്യൻ രാഷ്ട്രീയത്തിൽ ആരുമല്ല.....(ബഹളം).....ഇത് കേൾക്ക്, ഞങ്ങളുടെ പാർട്ടി അതുപോലെ നിൽക്കുകയാണ്. നിങ്ങളുടെ പാർട്ടി തകർന്നുകൊണ്ടിരിക്കുകയാണ്.....(ബഹളം).....ഞാൻ പറയുന്നത്. കോൺഗ്രസ്സ് തകർന്ന സ്ഥലത്ത് ഉണ്ടായ ശൂന്യത, ആ വാക്കം, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ, ആ ശൂന്യതയിലേയ്ക്ക് കയറിപ്പറ്റിയത് ഈ രാജ്യത്ത് ഏറ്റവും അപകടകാരികളായ ബി.ജെ.പി.യാണ്. അവിടെ ഇടതുപക്ഷമില്ല. നിങ്ങളുടെ ഭരണത്തിന്റെ തെറ്റായ നയങ്ങൾ കാരണം ജനങ്ങളുടെ രോഷത്തെ, സമരത്തിന്റെ രാജപാതയിൽനിന്ന് വർഗ്ഗീയതയുടെ അഴുക്കുചാലിലേയ്ക്ക് ബി.ജെ.പി.ക്ക് അവരെ കൊണ്ടുപോകുവാൻ സാധിച്ചു. ഇടതുപക്ഷ ശക്തിയുള്ള മൂന്നു സംസ്ഥാനങ്ങളുണ്ട്. ബി.ജെ.പി.യുടെ അഡ്രസ്സില്ല അവിടെ, ബംഗാളിലില്ല, കേരളത്തിലില്ല, ത്രിപുരയിലില്ല. നമുക്ക് മനസ്സിലാക്കാം. ബി.ജെ.പി.യെ എടുത്തു കളഞ്ഞു.....കാരണം ഇവിടെ തെറ്റായ നയങ്ങളിലൂടെ ജനങ്ങൾ കഷ്ടപ്പെടുന്നത്, ആ കഷ്ടപ്പെടുന്ന ജനങ്ങളുടെ വികാരത്തിന് രൂപം കൊടുത്തത് കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടുന്ന ഇടതുപക്ഷപ്രസ്ഥാനമാണ്. നേരെമറിച്ച് മറ്റു സംസ്ഥാനങ്ങളിൽ രൂപം കൊടുത്തത് വർഗ്ഗീയതയുടെ, ഇൻഡ്യയിൽ ഏറ്റവും അപകടകാരിയായ ബി.ജെ.പി.യാണ്. ബി.ജെ.പി.യെ സൃഷ്ടിച്ചത് ആര് എന്ന സംശയത്തിന് വഴിയില്ല. കോൺഗ്രസ്സിന്റെ അതേ നയമാണ് ബി.ജെ.പി.ക്ക്. ഡുവൽ ഡെമോക്രസിയിലാണ് നിങ്ങൾ നില്ക്കുന്നത്. കൺസർവേറ്റീവ് അല്ലെങ്കിൽ ലേബർ അല്ലെങ്കിൽ ഡെമോക്രസി അല്ലെങ്കിൽ റിപ്പബ്ലിക്. ഈ സാഹചര്യം ഇൻഡ്യയിൽ കൊണ്ടുവരാനുള്ള പരിശ്രമം ഇവിടെ നടക്കുകയില്ല. ഇവിടെ മുന്നണി ഗവൺമെന്റേ ഉണ്ടാകൂ. ആ മുന്നണി മതേതര ജനാധിപത്യമായിരിക്കണമെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ട്. കാവിപ്പടയുടെ ഫാസിസം എന്തു വിലകൊടുത്തും ഇല്ലാതാക്കണമെന്ന് നമുക്ക് നിർബന്ധമുണ്ട്. ധനവിനിയോഗബിൽ പാസ്സാക്കിതരണമെന്ന് അപേക്ഷിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ശ്രീ. ടി.എം. ജേക്കബ് കുറച്ചു കാലമായി മണലുമായി നടക്കുകയാണ്. കൂടെക്കൂടെ മണല് വാരി എറിയും. എറിയുന്നത് ശ്രീ. ടി.എം. ജേക്കബിന്റെ തലയിൽതന്നെയാണ് വീഴുന്നത് എന്ന് ശ്രീ. ടി.എം. ജേക്കബിനു മനസ്സിലാകുന്നില്ല.....(ബഹളം)..... തമിഴ്നാട്ടിൽ ആയിരുന്നെങ്കിൽ ശ്രീ. ടി.എം. ജേക്കബിനു ഒരു സ്ഥാനം കിട്ടുമായിരുന്നു. പുരട്ചിതലൈവി, പുരട്ചി തലൈവർ എന്നു പറയുന്നതുപോലെ മണൽമന്നൻ എന്നൊരു പേരു കിട്ടുമായിരുന്നു. വനം വകുപ്പിന്റെ ചർച്ചയിൽപങ്കെടുത്തുകൊണ്ട് ശ്രീ. ടി.എം. ജേക്കബ് ഉന്നയിച്ചതിനെക്കാളും കൂടുതലായി ഒരു കാര്യവും ഇവിടെ ഉന്നയിക്കപ്പെട്ടിട്ടില്ല. .....(ബഹളം).....ചില ഉത്തരവുകളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ.....(ബഹളം).....ഉള്ള വിശദാംശങ്ങൾ സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കർ : അദ്ദേഹത്തിന്റെ മറുപടി എന്താണെന്ന് കേൾക്കട്ടെ.

ഡോ. എ. നീലലോഹിതദാസൻ നാടാർ : അതു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമം അനു

സരിച്ച് പാറ, മണൽ എന്നിവ വനഭൂമിയിൽ നിന്നും ഖനനം ചെയ്യുന്നത് മൈനിംഗിന്റെ പരിധിയിൽവരുന്നതാണ്. സുപ്രീംകോടതി 202/95-ാം നമ്പർ അപ്പീലിൽ 12.12.1996-ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം കൂടാതെ ഇവ ഖനനം ചെയ്യാനോ നീക്കം ചെയ്യാനോ പാടില്ല. എന്നാൽ വനംവകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. പി.എസ്. സുപാൽ, നമ്മുടെ വനമേഖലയിൽ പ്രത്യേകിച്ച് മണൽ വാരുന്നതിലും പാറപൊട്ടിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയുള്ള അവസ്ഥാ വിശേഷം ഇവിടെ ഉണ്ടായി. ആ അവസ്ഥാവിശേഷത്തിൽ ഈ നിയമം നിലവിൽ വരുന്നതിനുമുൻപ് മണൽ വാരുകയും പാറ പൊട്ടിക്കുകയും ചെയ്തിരുന്ന മേഖലകളിൽ അതു നൽകാമെന്നുള്ള ഒരു ഗുഡ് ഫെയ്ത്തിലും ഗുഡ് ഇന്റൻഷനിലും 1968-നു മുൻപ് അതായത് വനസംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് നിലവിലുണ്ടായിരുന്ന ക്വാറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കേരള സർക്കാർ ഒരു താൽക്കാലിക ഉത്തരവു പുറപ്പെടുവിച്ചു. ഉത്തരവ് നമ്പർ 7312/സി2/97/ എഫ് ആന്റ് ഡബ്ല്യൂ. എൽ.ഡി. തീയതി 6.9.'97. ഇതിൽ 35 ക്വാറികളും (തൃശ്ശൂരിൽ-31, കൊല്ലം-2, തേക്കടി ഡിവിഷൻ - 2) 7 മണൽ വാരൽ കേന്ദ്രങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്. തെന്മല, തിരുവനന്തപുരം, അച്ചൻകോവിൽ, റാന്നി, കോന്നി എന്നീ ഡിവിഷനുകളും ഇതിൽ വരും. ഈ ഉത്തരവിനെത്തുടർന്ന് കായംകുളം തെർമ്മൽ പ്ലാന്റിന്റെ നിർമ്മാണ ആവശ്യത്തിനായി 5,000 ക്യൂബിക് മീറ്റർ മണൽ ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. നൗഷാദ്ഖാൻ 22.3.1998-ൽ ചീഫ് ഫോറസ്റ്റ്സ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിച്ചു. തിരുവനന്തപുരം ഡിവിഷനിലെ ചോഴിയക്കോട് എന്ന കടവിൽ നിന്നും മണൽ വാരാനാണ് അപേക്ഷ സമർപ്പിച്ചത്. പ്രസ്തുത കടവ് 30.06.'97-ലെ ഉത്തരവനുസരിച്ച് സംസ്ഥാന സർക്കാർ അനുവദിച്ചതായിരുന്നു. ഈ വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ടു ചെയ്യുകയും 27.3.98-ലെ സർക്കാർ കത്ത് നമ്പർ 4800/സി2/98/എഫ് ആന്റ് ഡബ്ല്യൂ.എൽ.ഡി./പ്രകാരം അനുമതി നല്കുകയും ചെയ്തു. തുടർന്ന് ശ്രീ. കെ.സി. രവീന്ദ്രൻ, കണ്ണൂർ എന്നയാൾ കായംകുളം തെർമൽ പ്ലാന്റിന്റെ നിർമ്മാണ ആവശ്യത്തിനായി 23.4.'98-ൽ 12,000 ക്യൂബിക് മീറ്റർ മണൽ ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. കുളത്തൂപ്പുഴ റേഞ്ചിലെ ശംഖിലികടവിൽനിന്നും മണൽ ശേഖരിക്കുന്നതിനായിരുന്നു അപേക്ഷ സമർപ്പിച്ചിരുന്നത്. ഇത് സർക്കാർ അംഗീകരിച്ച കടവായിരുന്നു. സർക്കാർ ഉത്തരവ് നമ്പർ 18285/സി2/97 തീയതി 3.8.'98 ആണ്. ശ്രീ. നൗഷാദ് ഖാനും ശ്രീ. കെ.സി. രവീന്ദ്രനും മണൽ വാരുന്നതിന് ആവശ്യപ്പെട്ടിരുന്ന കടവുകൾ സർക്കാർ അംഗീകാരമുള്ളതായതിനാലും നൗഷാദ്ഖാന്റെ അപേക്ഷ സർക്കാർ അംഗീകരിച്ചതിനാലും ശ്രീ. കെ.സി. രവീന്ദ്രന്റെ അപേക്ഷ അതേ സ്വഭാവമുള്ളതായതുകൊണ്ടും അന്നത്തെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തന്നെ അതിന് അനുവാദം കൊടുത്തു. എഫ്.സി2/13996/97, തീയതി 29.4.98 പ്രകാരം മണൽ വാരുന്നതിനു തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശം കൊടുത്തു. എന്നാൽ കടവുകൾ അംഗീകരിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് നിയമവിരുദ്ധമാണെന്നും ആയതിനാൽ അതു ഉടൻ പിൻവലിക്കണമെന്നും കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശം ഉണ്ടായതിനെത്തുടർന്ന് കേരള സർക്കാരിന്റെ 6.9.'97-ലെ ഉത്തരവ് 15.9.98-ൽ പിൻവലിച്ചു. ശ്രീ. നൗഷാദ്ഖാൻ 309 ക്യൂബിക് മീറ്ററും ശ്രീ. കെ.സി. രവീന്ദ്രൻ 30 ക്യൂബിക് മീറ്ററും മണൽ മാത്രമാണ് നീക്കം ചെയ്തിട്ടുള്ളത്. കഴിഞ്ഞ തവണ വനംവകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ടി.എം. ജേക്കബ് ശംഖിലികടവ് അംഗീകരിച്ച കടവല്ലെന്ന പോയിന്റിൽ ഊന്നിനിന്നുകൊണ്ടാണ് സംസാരിച്ചത്. ഇത്തവണ അതിൽ അത്ര ഊന്നൽ നൽകി സംസാരിച്ചില്ല. ഞാൻ മുകളിൽ ഓഫീസിലി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു കേൾക്കുകയായിരുന്നു. ഇത്തവണ ശംഖിലികടവിൽനിന്ന് ശ്രീ. കെ.സി. രവീന്ദ്രൻ എത്ര മണൽ വാരി എന്ന ചോദ്യമാണുണ്ടായിരുന്നത്. രണ്ടും രണ്ടു ചോദ്യമാണ്. ശംഖിലികടവിൽനിന്ന് ആകെ എത്ര മണൽ വാരി എന്ന ചോദ്യത്തിന് 500 ക്യൂബിക് മീറ്റർ മണൽ വാരിയിട്ടുണ്ടെന്നുള്ള മറുപടിയാണ് കൊടുത്തിട്ടുള്ളത്. ശംഖിലി കടവിൽ നിന്ന് ശ്രീ. കെ.സി. രവീന്ദ്രൻ എത്ര മണൽ വാരിയെന്നുള്ള ചോദ്യത്തിന് 30 ക്യൂബിക് മീറ്റർ മണൽ എന്നാണ് മറുപടി കൊടുത്തത്. രണ്ടും രണ്ട് ചോദ്യമാണ്. 500-ൽ 30 ക്യൂബിക് മീറ്റർ മണൽ പോയിട്ട് ബാക്കി 470 ക്യൂബിക് മീറ്റർ അവിടത്തെ സ്ഥലവാസികൾക്ക് കൊടുത്ത അനുവാദമനുസരിച്ച് വാരിയിട്ടുമുണ്ട്. കഴിഞ്ഞ തവണ സംസാരിച്ചപ്പോഴും ഞാൻ ഇതു പറഞ്ഞതാണ്. ഇവർക്ക് രണ്ട് പേർക്കുമല്ലാതെ അവിടത്തെ സ്ഥലവാസികൾ, പരമ്പരാഗതമായി മണൽവാരൽ ജോലിയിൽ ഏർപ്പെടുന്നവർ, അവർക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്.അവർ വാരിയിട്ടുമുണ്ട്. മറ്റൊരു കാര്യം പറഞ്ഞത്, മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് ആവർത്തിച്ചാവർത്തിച്ച് സമ്മർദ്ദമുണ്ടായി എന്ന് ഏതോ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ ശ്രീ. ജേക്കബിനോട് പറഞ്ഞു എന്നാണ്. ഇക്കഴിഞ്ഞ ജനുവരി 20-ാം തീയതിയാണ് വനംവകുപ്പുമന്ത്രി ആയി ഞാൻ ചാർജ്ജെടുത്തത്. ഇതു സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ചില ചോദ്യങ്ങളുണ്ടായിരുന്നത് അദ്ദേഹത്തിനറിയാം. അദ്ദേഹം ചോദ്യങ്ങളിങ്ങനെ എഴുതിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് പലവട്ടം ഞാൻ ചർച്ചചെയ്തു. ഒരൊറ്റ ഫോറസ്റ്റ് ഉദ്യോഗസ്ഥനും ആരുടെയെങ്കിലും ഭാഗത്തു നിന്ന് സമ്മർദ്ദമുണ്ടായി എന്ന് എന്നോട് പറഞ്ഞിട്ടില്ല. എന്നാൽ ശ്രീ. ടി.എം. ജേക്കബിനോട് പറഞ്ഞിരുന്നു. ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായിരുന്ന സന്ദർഭത്തിൽ സമ്മർദ്ദത്തിന് വിധേയമായി കാര്യങ്ങൾ ചെയ്ത ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി എന്താണെന്ന് ഇപ്പോൾ അങ്ങേയ്ക്കറിയാം. ശ്രീ. ടി.എം. ജേക്കബ് ഇപ്പോഴും ഇവിടെ ഇരിപ്പുണ്ട്. പാവം ഉദ്യോഗസ്ഥന്മാരുടെ സ്ഥിതി എന്താണെന്ന് അദ്ദേഹത്തിനറിയാം.....(ബഹളം)..... അതാണ് സ്ഥിതി. 1982-87 കാലഘട്ടത്തിൽ ശ്രീ. ജേക്കബ് വിദ്യാഭ്യാസ വകുപ്പു മന്ത്രി ആയിരുന്നു. ബഹുമാനപ്പെട്ട കരുണാകരൻ ആയിരുന്നു അന്നത്തെ മുഖ്യമന്ത്രി. അന്നത്തെ അനുഭവം വച്ചാണ് ഇപ്പോഴും ശ്രീ. ജേക്കബ് കാര്യങ്ങൾ കാണുന്നത്. അന്നു മന്ത്രിമാരുടെ ഓഫീസിൽ നിന്നും രേഖാമൂലം അല്ലാതെ ഉത്തരവുകൾ ഇറക്കിയപ്പോൾ മന്ത്രിമാർ, മുഖ്യമന്ത്രി തുടങ്ങി ആരുടെ ഓഫീസിൽ നിന്നായാലും രേഖാമൂലമല്ലാതെ നൽകുന്ന ഒരു ഉത്തരവും മാനിക്കേണ്ടതില്ലെന്ന് പറഞ്ഞ് അന്നത്തെ ചീഫ് സെക്രട്ടറിക്ക് ഒരു സർക്കുലർ പുറപ്പെടുവിക്കേണ്ടിവന്നു. .....(ബഹളം).....ആ അനുഭവം വച്ചുകൊണ്ടാണ് ശ്രീ. ജേക്കബ് ഇപ്പോഴും ഇതൊക്കെ പറയുന്നത്. കാലം മാറിപ്പോയി. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണമാണ്. എന്തെങ്കിലും ചെയ്യണമെങ്കിൽ രേഖാമൂലം ഞങ്ങൾ ഉത്തരവു നൽകും.....(ബഹളം).....അല്ലാതെ സമ്മർദ്ദമൊന്നും ചെലുത്താൻ പോകുന്നില്ല. സാധാരണ മഞ്ഞക്കാമല പിടിച്ച ആളുകൾ കാണുന്നതെല്ലാം മഞ്ഞമഞ്ഞയായിട്ടു തോന്നുന്നതുപോലെയാണ് ശ്രീ. ജേക്കബും കാണുന്നത്. അദ്ദേഹം മന്ത്രിയായിരുന്ന കാലത്തെ അനുഭവങ്ങൾ.....(ബഹളം).....ശ്രീ. ശിവദാസമേനോൻ ഇവിടെ പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് ഇപ്പോൾ ഭരിക്കുന്നത്. ശ്രീ. ടി.എം. ജേക്കബിന്റെ നേതാവ് ശ്രീ. കെ.എം. മാണിയാണ്. ഇപ്പോൾ അത് അംഗീകരിക്കുന്നുണ്ടാവില്ല. 1977-ൽ ഞാൻ നിയമസഭയിലേയ്ക്കു കടന്നുവരുമ്പോൾ ശ്രീ. ജേക്കബിന്റെ കൈപിടിച്ചു സഭയിലേയ്ക്കു കൊണ്ടുവന്നത് ശ്രീ. കെ.എം. മാണിയാണ്. ശ്രീ. കെ.എം. മാണി സഭ തുടങ്ങുന്നതിനു തൊട്ടുമുമ്പ് കാസർകോട് നിന്ന് ഒരു കേരളയാത്ര നടത്തി. അദ്ദേഹം പറഞ്ഞത്, 'ഞാൻ തിരുവനന്തപുരത്ത് എത്തുമ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ മന്ത്രിസഭ കാണുകയില്ല' എന്നാണ്. ഇപ്പോൾ കെ.എം. മാണി അതെല്ലാം ഉപേക്ഷിച്ചു..... (ബഹളം).....ആ ശ്രമം കെ.എം. മാണി ഉപേക്ഷിച്ചു. ഇപ്പോൾ ശ്രീ. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയിരിക്കുകയാണ്മണൽ വാരിയെറിഞ്ഞുനടക്കുകയാണ്. മണൽ വാരി യെറിഞ്ഞ് സ്വയം തലയിൽ വീഴുന്നതല്ലാതെ ഇടതുപക്ഷജനാധിപത്യ മുന്ന ണിക്ക് ഒരു പോറൽപോലും ഏൽപ്പിക്കാൻ നിങ്ങൾക്കു കഴിയില്ല..... (ബഹളം).....ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.യുടെ മുന്നണിപോലെ തൽക്കാലം ഭരണമുണ്ടാക്കാൻവേണ്ടി ഉണ്ടാക്കിയ ഒരു മുന്നണിയല്ല, കോൺഗ്രസ് കാലാകാലങ്ങളിലുണ്ടാക്കുന്ന മുന്നണിപോലെ അവസരവാദ മുന്നണിയല്ല.....(ബഹളം)..... കേരളത്തിന്റെ രാഷ്ട്രീയരംഗത്ത്, തിരു-കൊ ച്ചിയുടെ രാഷ്ട്രീയരംഗത്ത്, തിരുവിതാംകൂറിന്റെ രാഷ്ട്രീയരംഗത്ത്, പഴയ മല ബാറിന്റെ രാഷ്ട്രീയരംഗത്ത് നടന്നിട്ടുള്ള രാഷ്ട്രീയ പരീക്ഷണങ്ങളിലൂടെ കർഷകരുടെയും തൊഴിലാളികളുടെയും പോരാട്ടങ്ങളിലൂടെ അവരുടെ ജീവിത സമരങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന മുന്നണിയാണ്. ജീവിത സമര ങ്ങളിലൂടെയും പോരാട്ടങ്ങളിലൂടെയും ഉയർന്നുവന്ന സമര നായകനാണ് സഖാവ് ഇ.കെ. നായനാർ.....(ബഹളം).....കേരളത്തിന്റെ ജനനായക നാണ് സഖാവ് നായനാർ. മണൽവാരിയെറിയാൻ ശ്രമിച്ചാൽ അത് ശ്രീ. ജേക്കബിന്റെ തലയിലും കണ്ണിലും വീഴുന്നതല്ലാതെ ഇടതുപക്ഷജനാധിപത്യ മുന്നണിക്കോ, സഖാവ് നായനാർക്കോ ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.....(ബഹളം).....

ശ്രീ. ടി.എം. ജേക്കബ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ : എന്താണ് ക്രമപ്രശ്നം.....(ബഹളം).....ഇവിടെ എല്ലാം ബഹളത്തിലാണ് നടക്കുന്നത്.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ റൂൾ 285 അനുസരിച്ചാണ് ക്രമപ്രശ്നം ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്. ഇന്നത്തെ ചർച്ച തുടങ്ങിയ അവസരത്തിൽ ഒരു അഴിമതിയാരോപണം എഴുതി അങ്ങയുടെ കയ്യിൽ തന്നു. റൂൾ 285-ൽ പറയു ന്നത് ഇതിന്റെ കോപ്പി നേരത്തെ നൽകണമെന്നാണ്. കാരണം, ബന്ധപ്പെട്ട മന്ത്രിക്ക് ഇതു സംബന്ധിച്ച് മറുപടി പറയാനാണ്. അതനുസരിച്ച് ഞാൻ നൽകിയ കോപ്പി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു കൊടുത്തു. അദ്ദേഹത്തിന്റെ കോപ്പിയായിരിക്കും ഇവിടെ പാസ് ഓൺ ചെയ്തു കൊടുത്തത്. അതിനകത്ത് തെറ്റൊന്നുമില്ല.....(ബഹളം).....മന്ത്രിക്ക് മറുപടി പറയാനാണല്ലോ നേരത്തെ എഴുതിക്കൊടുക്കുന്നത്? അതനുസരിച്ച് മന്ത്രി മറുപടിയും പറ ഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി 18285/സി2/98(എഫ്).....(ബഹളം).....ഈ ലറ്റർ പ്രകാരമുള്ള ഉത്തരവു സംബന്ധിച്ചാണ് ഞാൻ.....(ബഹളം).....

മി. സ്പീക്കർ : മന്ത്രിയുടെ മറുപടിയിലുള്ള പ്രശ്നമാണെങ്കിൽ അതിൽ ക്രമപ്രശ്നമൊന്നുമില്ല.....

ശ്രീ. ടി.എം. ജേക്കബ് : അല്ല.

മി. സ്പീക്കർ : എന്താണ് ക്രമപ്രശ്നം? അങ്ങ് റൂൾ 285 അനുസരിച്ച് ഒരു അലിഗേഷൻ ഉന്നയിച്ചു. അങ്ങനെ ഉന്നയിച്ചാൽ അതിനു ബന്ധപ്പെട്ട മന്ത്രി മറുപടി പറയും. അതിലൊരു ക്രമപ്രശ്നവുമില്ല.....(ബഹളം).....

ശ്രീ. ടി.എം. ജേക്കബ് : സർ, മറുപടിയെക്കുറിച്ചല്ല.

മി. സ്പീക്കർ : അതിൽ ക്രമപ്രശ്നമില്ല. ക്രമപ്രശ്നമെന്താണെന്നു പറ യൂ. ക്രമപ്രശ്നം ഇതുവരെ പറഞ്ഞിട്ടില്ല.

ശ്രീ. ടി.എം. ജേക്കബ് : മന്ത്രിക്ക് ഇഷ്ടമുള്ള മറുപടി പറഞ്ഞോട്ടെ. അതിലെനിക്കു തടസ്സവുമില്ല. മണൽ മന്നൻ അദ്ദേഹമായിരിക്കും. അതു ഡോ. നീലൻ തന്നെയാണ്. തൊണ്ടൻ മാക്രിയുടെ സ്വഭാവവും ചിലപ്പോൾ മണലിന കത്തുണ്ട്. അതൊക്കെ എല്ലാവർക്കും അറിയാം. ഇവിടെ പ്രശ്നമെന്നു പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. സുപ്രീംകോടതിയുടെ വിധിയും എ.ജി.യുടെ നിയമോപദേശവും കേന്ദ്ര സർക്കാരിന്റെ ലെറ്ററും, മറി കടന്നുകൊണ്ട് മുഖ്യമന്ത്രിയുടെ മരുമകനുവേണ്ടി മാത്രമായി ഈ ഉത്തരവു ഇഷ്യൂ ചെയ്തു. ശ്രീ. കെ.സി. രവീന്ദ്രൻ ആരാണ്? മുഖ്യമന്ത്രിയുമായി കെ.സി. രവീന്ദ്രന് വല്ല ബന്ധവുമുണ്ടോ? അത് സഭയ്ക്ക റിയണം. അതറിയണ്ടേ? പിന്നെ എന്തിനാണ് എഴുതിക്കൊടുത്തത്?

മി. സ്പീക്കർ : ഇതു ക്രമപ്രശ്നമല്ല.

ശ്രീ. ടി.എം. ജേക്കബ് : എഴുതിക്കൊടുക്കുന്നത് മറുപടി പറയാനാണ്. ഈ വിഷയത്തെ സംബന്ധിച്ചൊന്നും പറഞ്ഞില്ല. വേറെയെന്തെങ്കിലും പറ ഞ്ഞിട്ട് കാര്യമില്ല.

മി. സ്പീക്കർ : അങ്ങുപറഞ്ഞ കാര്യങ്ങളിൽ ഈ സഭയെ സംബന്ധി ക്കുന്ന ഒരു ക്രമപ്രശ്നവുമില്ല. അങ്ങേയ്ക്ക് പറയാനുണ്ടായിരിക്കാം. പക്ഷേ ഇന്ന് റൂൾ 285 അനുസരിച്ചാണ് അലിഗേഷൻ ഉന്നയിച്ചത്, ബന്ധപ്പെട്ട മന്ത്രി അതിന് മറുപടിയും പറഞ്ഞു. അത്രയേയുള്ളൂ.....ബഹളം.....

ശ്രീ. ടി.എം. ജേക്കബ് : സർ, അതിനുവേണ്ടേ മറുപടി പറയാൻ? ഉന്ന യിച്ച കാര്യത്തിനല്ലേ മറുപടി പറയാൻ? അരിയെത്ര എന്നു ചോദിച്ചാൽ പയർ അഞ്ഞാഴി എന്നാണോ പറയേണ്ടത്? .....ബഹളം.....

മി. സ്പീക്കർ : അത് എഴുതി തന്നാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇവിടെ നേരത്തേ ബഹു മാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞ ഒരു രേഖ എന്റെ കൈയിലുണ്ട്, അത് ഞാൻ മേശപ്പുറത്ത് വയ്ക്കാൻ പോവുകയാണ്. അതിനുമുമ്പ് പറയണ്ടേ? നിങ്ങളുടെ കാലത്ത് 1995 ഫെബ്രുവരിയിൽ ഈ പൈസ കൊടുക്കാനായി നിങ്ങളുടെ ക്യാബിനറ്റ് അംഗീകരിച്ചതാണ്. കൂത്തുപറമ്പ് വെടിവയ്പു കേസ്സിൽ പരിക്കേ റ്റവർക്ക് കൊടുക്കാനുള്ളതാണ്. സി.എം.പി. ശ്രീ. ബാലൻ മാസ്റ്റർ 42,650 രൂപ, പയ്യന്നൂർ പി. ഗോപി തുടങ്ങി നിങ്ങളുടെ കാലത്ത് പണം കൊടുത്ത 35 ആളുകളുടെ ലിസ്റ്റാണിത്. അതിവിടെ വയ്ക്കാൻ പോവുകയാണ് ..... ബഹളം ..... ആ വെടിവയ്പിൽ മരിക്കാതെ, അപകടം പറ്റിയവരുടെ ലിസ്റ്റാണ്. ശ്രീ. എം.വി. രാഘവന്റെ, സംസ്ഥാന സി.എം.പി. നേതാവ് -ശ്രീ. ബാലൻ മാസ്റ്റർ, ശ്രീ. എം.വി. രാഘവന്റെ മകളുടെ ഭർത്താവ്, അതുപോലെ സി.എം.പി. നേതാവ് അജീർ, ശ്രീ. എം.വി. രാഘവന്റെ സഹധർമ്മിണി ജാനകി എന്നു തുടങ്ങി 35 ആളുകളുടെ പേരാണ്. കൂത്തുപറമ്പ്, തളിപ്പറമ്പ്, പാപ്പിനിശ്ശേരി എന്നിവിടങ്ങളിലെ 35 ആളുകൾക്ക് 8,89,546 രൂപ കൊടുത്തതിന്റെ ആ രേഖ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. (രേഖ മേശപ്പുറത്തുവച്ചു.) ഞാൻ മുഖ്യമന്ത്രി യായി വന്നതിനുശേഷം അത് സ്റ്റോപ്പുചെയ്തു. പിന്നെ 10 ലക്ഷം രൂപ കൊടുക്കാൻ ബാക്കിവച്ചിരിക്കുകയാണ്. ഇപ്പോൾ 8,89,000 രൂപയുടെ കണക്കാ ണുള്ളത്. അത് 1995 ഫെബ്രുവരിമാസം നിങ്ങളുടെ ക്യാബിനറ്റ് തീരുമാനിച്ച താണ്. അതിന്റെ കണക്ക് എന്റെ കൈയിലുണ്ട്. ശ്രീ. കെ. കരുണാകരനാണ് അന്ന് മുഖ്യമന്ത്രി. ആ തരത്തിലാണ് തീരുമാനമെടുത്തത്. ക്യാബിനറ്റിന്റെ തീരുമാനമാണ്..... ബഹളം ..... ഇനി രണ്ടാമത് വരുന്നത് ശ്രീ. ടി.എം. ജേക്ക ബിന്റെ കാര്യമാണ്... അതുകഴിഞ്ഞിട്ടുവേണം ബഡ്ജറ്റിലേക്കു കടക്കാൻ. ശംഖിലി കടവിൽനിന്നും ശ്രീ. കെ.സി. രവീന്ദ്രൻ മണൽ വാരുന്നതിന് പെർമിറ്റ് നൽകിയതിൽ ക്രമക്കേടുണ്ടെന്ന് ശ്രീ. ടി.എം. ജേക്കബ് ഇവിടെ ആരോപണം ഉന്നയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഞാനോ എന്റെ ഓഫീസോ ഒരു തരത്തിലും ഇടപെട്ടിട്ടില്ല. ആരോപണം തികച്ചും അടിസ്ഥാ നരഹിതമാണ്. നിയമസഭാ ചോദ്യങ്ങൾക്ക് വ്യത്യസ്തമായി മറുപടി നൽകി യിട്ടുണ്ടെങ്കിൽ, അങ്ങനെയാണ് ഇപ്പോൾ അദ്ദേഹം ആരോപണം ഉന്നയിച്ചത്,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബിന് ഇക്കാര്യം ഉചിതമായ തരത്തിൽ ചട്ടപ്രകാരം ഉന്നയിക്കാവുന്നതാണ്. ശ്രീ. ടി.എം. ജേക്കബിന് ഇതുസംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിക്കാൻ എല്ലാ സ്വാതന്ത്ര്യവുമുണ്ട്. സത്യത്തിന്റെ കണികപോലും ശ്രീ. ടി.എം. ജേക്കബിന്റെ ആരോപണങ്ങളിൽ ഇല്ല. വെറും പ്രചരണത്തിനുവേണ്ടി മാത്രമാണ് ഇവർ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നത്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഞാനോ എന്റെ മന്ത്രിമാരോ ഒരു ചില്ലിക്കാശിന്റെ അഴിമതിയെങ്കിലും നടത്തിയതായി തെളിവുകളോടെ ഒരാക്ഷേപംപോലും നിങ്ങൾക്ക് ഉന്നയിക്കാനാവില്ല. ഉന്നയിച്ചിട്ടുമില്ല. അസംബ്ലിക്കകത്ത് ചില അപവാദങ്ങൾ പറയാനല്ലാതെ തെളിവുകളോടെ, കഴിഞ്ഞ ചർച്ചയുടെ ഘട്ടത്തിലാണ് ശ്രീ. ടി. ശിവദാസമേനോനെതിരെ ആരോപണം പറഞ്ഞത്. ഇവിടെ അഴിമതി ആരോപണങ്ങൾ പുകമറ സൃഷ്ടിക്കാൻ വേണ്ടി ഉന്നയിക്കുകയാണ്. തെളിവുകളോടെ ഒരു ആരോപണം നിങ്ങൾക്ക് പറയാനാവില്ല. അടിസ്ഥാനരഹിതമായ പ്രചരണം നടത്തി നിങ്ങളുടെ അഴിമതി മൂടിവയ്ക്കാനുള്ള ശ്രമങ്ങളാണ് ഇവിടെ നടത്തുന്നത്. ശ്രീ. ടി. എം. ജേക്കബും കൂട്ടരും അഴിമതിവീരന്മാരാണ്. ശ്രീ. കെ. കരുണാകരനെതിരെ പാമോയിൽ കേസ്സിൽ 6 കോടി രൂപയുടെ ആരോപണമുണ്ട്. കേസ്സ് ഇപ്പോൾ നടക്കുകയാണ്. ശ്രീ. ടി.എം. ജേക്കബ് കുരിയാർകുറ്റി-കാരപ്പാറ കേസ്സിൽ കുറ്റപത്രം വാങ്ങി ഇപ്പോൾ ജാമ്യത്തിലിറങ്ങിയിരിക്കുകയാണ് ..... ബഹളം .....

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഇത് കോടതിയുടെ നടപടിക്രമമാണ് ..... ബഹളം .....

<u>ശ്രീ. ഇ.കെ. നായനാർ</u> : നിങ്ങൾ കേസ്സ് കൊടുത്തോ, അസംബ്ലിയിൽ എനിക്കും പറയാം. ഇത് അസംബ്ലിയാണ്. ഒന്നരക്കോടി രൂപയുടെ അഴിമതി ആരോപണമുണ്ടായില്ലേ ശ്രീ. ജേക്കബേ? ബ്രഹ്മപുരം പദ്ധതിയിൽ 72 കോടി രൂപയുടെ അഴിമതിയുണ്ടെന്ന് ജുഡീഷ്യൽ എൻക്വയറി കമ്മിഷൻ റിപ്പോർട്ട് ചെയ്തില്ലേ? ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള ഒരു കൊല്ലം ശിക്ഷിക്കപ്പെട്ട് ഗ്രാഫൈറ്റ് അഴിമതി ആരോപണ കേസിൽ പ്രതിയായില്ലേ? ശ്രീ. രഘുചന്ദ്രബാലിന്റെ പേരിൽ എക്സൈസ് ഗാർഡ് നിയമനത്തിൽ അഴിമതി ആരോപണമില്ലേ? ഇതാണ് യു.ഡി.എഫ്. ഭരണം. കോടികൾ വെട്ടിപ്പുനടത്തി അഴിമതി ഭരണം നടത്തിയവർ ആണ് ..... ബഹളം ..... തീർന്നില്ല. ശ്രീ. പി. വി. നരസിംഹറാവുവിന്റെ അഴിമതിയെക്കുറിച്ച് ശ്രീ. പി.വി. നരസിംഹറാവുവിന്റെ മകന്റെ പേരിൽ 303 കോടി രൂപയുടെ അഴിമതിയാണുള്ളത്. അതുപോലെ കോൺഗ്രസ് നേതാവായ ശ്രീ. സുഖ്റാമിനെതിരെ ടെലികോമിന്റെ അഴിമതി ആരോപണമില്ലേ? ശ്രീ. എ.കെ. ആന്റണിയുടെ കൂട്ടുകാരൻ ശ്രീ. കല്പനാഥ്റായ് ജയിലിൽ കിടന്നില്ലേ? ..... ബഹളം ..... ക്വാത്ത്റോച്ചി സോണിയാഗാന്ധിയുടെ ബന്ധുവല്ലേ? അഴിമതിക്കാരുടെ കൂടാരമാണ് കോൺഗ്രസ് (ഐ). അതിന്റെ കൂടെ ശ്രീ. ടി.എം. ജേക്കബും കൂട്ടരും അഴിമതി നടത്തി സമ്പാദിച്ച പാരമ്പര്യത്തിലാണ് ഇവിടെ അഴിമതി ആരോപണം കൊണ്ടുവന്നത്. ഇതിൽ ഏറ്റവും ഗുരുതരമായ കാര്യം കാർഗിൽ വെടിവയ്പിനുശേഷമാണ് ഇലക്ഷൻ കാലഘട്ടം വരുന്നത്. കഴിഞ്ഞ രണ്ടുമാസക്കാലമായി തുടങ്ങിയതും തൽക്കാലം നിർത്തിവച്ചതുമായ കാർഗിൽ വെടിവയ്പിനുശേഷമാണ് ഇലക്ഷൻ വരുന്നത്. അരനൂറ്റാണ്ടിനിടയിൽ ആ വെടിവയ്പ് ഇന്ത്യൻ മണ്ണിലാണ് നടന്നത്. ഇന്ത്യയിൽ ഒരു യുദ്ധം എങ്ങനെയുണ്ടായി? ഈ ദുരുദ്യോഗം എങ്ങനെ ഇന്ത്യൻ മണ്ണിൽ വന്നു? ബി.ജെ.പി. ഭരണത്തിൽ ജീവൻ നൽകേണ്ടിവന്ന നമ്മുടെ ഇന്ത്യൻ ജവാന്മാർക്ക് ആദ്യമായി അഭിവാദ്യമർപ്പിച്ചുകൊണ്ടാണ് ഈ പ്രസംഗം നടത്തുന്നത്. കാർഗിലിൽ ബോംബാക്രമണം. അത് എഴുതിയത് ഏതോ വിദേശപത്രമാണ്. ലജ്ജാകരമായ ഈ അവസ്ഥയ്ക്ക് വഴിവച്ചത് ബി.ജെ.പി. ഗവൺമെന്റിന്റെ പിടിപ്പുകേടാണ്. വിദേശി

LIBRARY ARCHIVES Kerala Legislative Assembly

കൾ നുഴഞ്ഞുകയറിയ ബി.ജെ.പി. ഭരണത്തിന് ഇന്ത്യൻ ജനതയോട് മാപ്പു ചേദിക്കേണ്ടതാണ്. ഇന്ത്യയിൽ പൊഖ്റാൻ വെടിവയ്പു നടന്നപ്പോൾ പ്രതിരോധ മന്ത്രി ശ്രീ. ജോർജ് ഫെർണാണ്ടസും ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. വാജ്പേയിയും ചൈനയെ ഒന്നാം നമ്പർ ശത്രുവായി ആരോപിച്ചു..... ബഹളം ..... ആ തരത്തിൽ തീർച്ചയായും അവിടെ ബി.ജെ.പി. ഭരണത്തിന്റെ വിധേയത്വമാണ്. ആ ബി.ജെ.പി.ക്ക് കൂട്ടുനിൽക്കുന്നവരാണ് കോൺഗ്രസ് പാർട്ടി. ബി.ജെ.പി.ക്ക് കൂട്ടുനിൽക്കുന്നതുകൊണ്ടാണ് ഈ പ്രസംഗത്തെ തടയുന്നത്. ഇവർ ബി.ജെ.പി.യുടെ ഏജന്റാണ്..... ബഹളം ..... വിദേശനയത്തിൽ യു.എസ്.ന് അനുകൂലമായ സമീപനം കൈക്കൊണ്ടു. ആ തരത്തിൽ പഞ്ചശീല തത്വങ്ങളെയും മൂല്യങ്ങളെയും ദുരുപയോഗപ്പെടുത്തി. സമഗ്ര ആണവ പരീക്ഷണ നിരോധന കരാർ, ആണവ വ്യാപന കരാർ എന്നിവയിൽ ഒപ്പിടുകയില്ലെന്നുള്ള ഇൻഡ്യയുടെ നിലപാടിൽ ഇവർ വെള്ളം ചേർത്തു. അക്കാര്യം പരിഗണിക്കാമെന്ന് പറഞ്ഞിടത്ത് എത്തി. ബി. ജെ.പി. എങ്ങനെ ഇവിടെ അധികാരത്തിൽ വന്നു? ഇൻഡ്യയും പാകിസ്ഥാനും എട്ട് രാജ്യങ്ങളുടെ നേതൃത്വത്തിൽ ചർച്ച നടത്തണം. യു.എൻ. സെക്രട്ടറി ജനറൽ ഇൻഡ്യാ പാക് പ്രശ്നത്തിൽ ഇടപെടാൻ അനുവദിച്ചില്ല. അതുപോലെ അഫ്ഗാനിസ്ഥാനിലും സുഡാനിലും. ഇൻഡ്യയുടെ വിദേശനയം..... ഇൻഡ്യയുടെ സാമ്പത്തിക പരമാധികാരംതന്നെ അപകടപ്പെടുത്തുന്ന വിധത്തിലുള്ള ഉദാരവത്ക്കരണം, ആഗോളവത്ക്കരണം, സ്വകാര്യവത്ക്കരണം തുടങ്ങിയ നയങ്ങളാണ് ഇൻഡ്യാഗവൺമെന്റ് 1990 മുതൽ തുടർന്നുകൊണ്ടിരിക്കുന്നത്. പരമാധികാര സാമ്പത്തിക സ്ഥാപനങ്ങളെ അമേരിക്കൻ സാമ്രാജ്യത്വത്തിന് അടിയറ വയ്ക്കുകയാണ് ഇൻഡ്യാഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഇവിടെ ബി.ജെ.പി. എങ്ങനെയാണ് അധികാരത്തിൽ വന്നത്? കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഈ രാജ്യത്തിലെ മുന്നണി ഗവൺമെന്റുകളെ തകർത്തു. കേന്ദ്രത്തിൽ ഭൂരിപക്ഷം നഷ്ടപ്പെട്ട കാവൽ മന്ത്രിസഭ രാജ്യത്തിന്റെ അടിസ്ഥാന സമ്പദ്ഘടനയെ അട്ടിമറിക്കുന്ന നയങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. ഇൻഷ്വറൻസ് മേഖല, ടെലികോം, ഇൻഡ്യൻ എയർലൈൻസ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ മുഴുവൻ തകർത്തുകൊണ്ട്, ഈ രാജ്യത്തെ സാമ്പത്തിക തകർച്ചയിലേക്ക് നയിക്കുകയാണ്. രാജ്യത്തെ ഫെഡറൽ ഘടനയെ തകർക്കുന്ന വിധത്തിലാണ് ബി.ജെ.പി. ഗവൺമെന്റ് നീങ്ങുന്നത്. എങ്ങനെയാണ് ബി.ജെ.പി. അധികാരത്തിൽ വന്നത് എന്ന് നമ്മൾ പരിശോധിക്കണം. ഈ രാജ്യത്ത് മുന്നണി മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ അതിനെ തകർക്കാൻ ഓരോ ഘട്ടത്തിലും കോൺഗ്രസ് ശ്രമിച്ചു. നമ്മുടെ രാജ്യത്ത് അധികാരത്തിൽ വന്ന ദേവഗൗഡ ഗവൺമെന്റിനെയും ഗുജ്റാൾ ഗവൺമെന്റിനെയും ചന്ദ്രശേഖർ ഗവൺമെന്റിനെയും ചർൺസിംഗ് ഗവണ്മെന്റിനെയും തകർത്തത് കോൺഗ്രസ്സാണ്. അങ്ങനെയാണ് ബി.ജെ.പി. അധികാരത്തിൽ വന്നത്. അപ്പോൾ തങ്ങളുടേതല്ലാത്ത എല്ലാ മതനിരപേക്ഷ ഗവൺമെന്റുകളേയും ബി.ജെ.പി. പിന്നിൽനിന്ന് കുത്തി. 1989-ൽ ശ്രീ. വി.പി. സിംഗിന്റെ നേതൃത്വത്തിലുള്ള ദേശീയ മുന്നണി ഗവൺമെന്റിനെയും ഇവർ വീഴ്ത്തി. 1990 നവംബറിൽ ചന്ദ്രശേഖർ ഗവൺമെന്റിനെയും വീഴ്ത്തി. ജയിൻ കമ്മിഷൻ റിപ്പോർട്ടിൽ ഡി.എം.കെ.യെ കുറ്റപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. ഇങ്ങനെ നിരവധി ഗവൺമെന്റുകളെ കൊലചെയ്തതിന്റെ രക്തം കോൺഗ്രസ്സിന്റെ കൈകളിൽ കട്ടപിടിച്ചിരിക്കുകയാണ്. ഈ പ്രക്രിയയാണ് സത്യത്തിൽ ബി.ജെ.പി.യെ അധികാരത്തിൽ കൊണ്ടുവന്നത്. അധികാരക്കൊതിമൂത്ത് നടത്തിയ ഹത്യകളാണ് ബി.ജെ.പി.യെ ഭരണത്തിലെത്തിച്ചത്. അതുകൊണ്ടാണ് ബി.ജെ.പി.ക്കും കോൺഗ്രസിനുമെതിരായി മൂന്നാം മുന്നണി അധികാരത്തിൽ വരണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. പൂട്ടിയിട്ടിരുന്ന ബാബറി മസ്ജിദ് ഹിന്ദുക്കൾക്കായി തുറന്നുകൊടുത്തു. ശിലാന്യാസം എന്ന പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

തറക്കല്ലിടൽ അനുവദിച്ചത്, കർസേവ എന്ന പേരിൽ കൽമണ്ഡപമായി ഉയർത്താൻ അനുവദിച്ചതുമൊക്കെ ഹിന്ദുവോട്ട് കിട്ടാൻവേണ്ടി, ബി.ജെ.പി.യുമായി മത്സരിച്ച കോൺഗ്രസ് ചെയ്ത നടപടികളാണ്. ആപത്ക്കരമായ ആ നയങ്ങളുടെ പരിസമാപ്തിയായി ബി.ജെ.പി., വിശ്വഹിന്ദു സംഘങ്ങൾ ബാബറി മസ്ജിദ് തകർത്തപ്പോൾ കോൺഗ്രസ്സും ശ്രീ. പി.വി. നരസിംഹറാവുവും കയ്യുംകെട്ടി നിൽക്കുകയായിരുന്നു. ഇത്തരം നയങ്ങളെ തിരുത്താനും ബി.ജെ.പി. എന്ന വർഗ്ഗീയശക്തിയെ ഒറ്റപ്പെടുത്തി തോൽപ്പിക്കാനും ഇതര മതനിരപേക്ഷ കക്ഷികളോട് സഹകരിക്കുകയാണ് വേണ്ടത്. ഒറ്റയ്ക്ക് അധികാരം പിടിക്കുമെന്നുള്ള ഭ്രാന്തൻ ചിന്തകളുമായി കോൺഗ്രസ് ഇനി നടന്നിട്ട് കാര്യമില്ല. പഴയ കോൺഗ്രസിന്റെ അസ്ഥികൂടം മാത്രമാണ് അവശേഷിക്കുന്നത്. അക്കാര്യം കോൺഗ്രസ്സുകാർ മനസ്സിലാക്കണം. ഇതര മതനിരപേക്ഷ കക്ഷികളോട് സഹകരിക്കുകയില്ലെന്നുള്ള നിങ്ങളുടെ നയം ബി.ജെ.പി.യെ പരസ്യമായി സഹായിക്കുന്നതാണ്. ആ നയം ഇനിയും തുടർന്നാൽ കോൺഗ്രസ്(ഐ)യ്ക്ക് ജനങ്ങൾ മാപ്പ് നൽകുകയില്ല. റബ്ബർ, നാളികേരം എന്നിവയുടെ വിലയിടിവിനെ എതിർക്കുന്ന കോൺഗ്രസ് (ഐ) ഈ വിലയിടിവിന് വഴിതെളിയിക്കുന്ന നയങ്ങളെ എതിർക്കാൻ തയ്യാറാണോയെന്ന് വ്യക്തമാക്കണം. ഇൻഡ്യയുടെ പൊതുസ്ഥിതി ഇതായിരിക്കെ അല്പമൊക്കെ വ്യത്യസ്തമായി കേരളത്തെ പുരോഗതിയുടെ വഴിത്താരയിലൂടെ മുന്നോട്ടു കൊണ്ടുപോകാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഉത്തരേന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലല്ലേ ന്യൂനപക്ഷ മർദ്ദനങ്ങളും കൊലപാതകങ്ങളും നടത്തുകയും കന്യാസ്ത്രീകൾ അധിക്ഷേപിക്കപ്പെടുകയും പള്ളികൾ ആക്രമിക്കപ്പെടുകയും ചെയ്തത്. കോൺഗ്രസ് ഭരിക്കുന്ന ഒറീസയിൽ ക്രിസ്ത്യൻ മിഷണറിയെ കുട്ടികളോടൊപ്പം ചുട്ടുകൊന്നില്ലേ? ഇത്തരം ഒരു അവസ്ഥയിൽ കേരളത്തെ സമാധാനത്തിന്റേയും മത സൗഹാർദ്ദത്തിന്റേയും കൊച്ചു തുരുത്തായി നിലനിറുത്താൻ കഴിഞ്ഞു. ക്രമസമാധാന സംബന്ധമായി ഒരു പ്രശ്നവും ഇവിടെയില്ല. മതന്യൂനപക്ഷങ്ങൾക്ക് പരിഭ്രാന്തിയില്ല. അവരടക്കം എല്ലാ വിഭാഗങ്ങൾക്കും സ്വസ്ഥമായി ജീവിക്കാൻ കഴിയുന്നു. സംസ്ഥാനത്തിന്റെ പുരോഗതി ലക്ഷ്യമാക്കി ദീർഘകാലാടിസ്ഥാനത്തിലുള്ള ക്ഷേമ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അൺടൈഡ് ഫണ്ടായി യു.ഡി.എഫ്. ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 119 കോടി രൂപ നൽകിയെങ്കിൽ കഴിഞ്ഞ മൂന്നുവർഷം കൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റ് 1911 കോടി രൂപ നൽകുകയുണ്ടായി. കറുപ്പും വെളുപ്പുംപോലെ വ്യക്തമാണ് യു.ഡി.എഫും എൽ.ഡി.എഫും തമ്മിൽ. യു.ഡി.എഫ് ഭരണകാലത്ത് പൂട്ടിയവ്യവസായ സ്ഥാപനങ്ങൾ ഒന്നൊന്നായി ഞങ്ങൾ തുറപ്പിക്കുകയും മിക്ക സ്ഥാപനങ്ങളും ലാഭത്തിൽ പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കുകയും ചെയ്തു. കോഴിക്കോട് സോപ്സ് ആന്റ് ഓയിൽസ്, ആലപ്പുഴ വിറ്റാമിൻ പ്ലാന്റ്, ട്രാവൻകൂർ പ്ലൈവുഡ്, സ്റ്റീൽ കോംപ്ലക്സ്, ഡിറ്റർജെന്റ്സ് എന്നിങ്ങനെ ഈ സ്ഥാപനങ്ങളുടെ നിര നീളുന്നു. 30,000 ഹെക്ടർ സ്ഥലത്ത് കൃഷി അധികമായി വ്യാപിപ്പിച്ചു. അഴിമതിക്കെതിരെ ഉന്നതർക്കെതിരെപോലും നടപടി സ്വീകരിച്ചു. ഒരു വെടിവയ്പ്പോ കൊലപാതകമോ വർഗ്ഗീയ കലാപമോ ഇല്ലാത്ത ഒരു മാതൃകാ സംസ്ഥാനമായി കേരളത്തെ ഉയർത്തി. വിദേശ മലയാളികൾക്ക് വേണ്ടി ഇൻഫർമേഷൻ ടെക്നോളജിയും നൂറ്റാണ്ടുകളുടെ വെല്ലുവിളി നേരിടാൻ പുതിയ വകുപ്പുകളും രൂപീകരിച്ചു. അങ്ങനെ ഭാവനാപൂർണ്ണമായ പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടു നീങ്ങുന്നു. പതിനായിരം കോടി രൂപയുടെ കടഭാരംകൊണ്ട് ശുഷ്കിച്ച ഒരു ഖജനാവായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് എൽ.ഡി.എഫ്. ഗവൺമെന്റിന് കൈമാറിയത്. അന്ന് ട്രഷറി നിത്യേന പൂട്ടുന്ന അവസ്ഥയായിരുന്നു. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി ട്രഷറി ഒരു ദിവസംപോലും പൂട്ടാത്ത അവസ്ഥ ഉണ്ടാക്കി. 330 കോടി രൂപ വിവരസാങ്കേതികവിദ്യയ്ക്ക് മാറ്റിവച്ച് ആ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വലിയ കുതിച്ചുചാട്ടം നടത്തി. കേരളത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വിലക്കയറ്റം ശ്രദ്ധേയമാംവിധം പിടിച്ചുനിർത്താൻ കഴിഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റ് 29 കോടി രൂപ മാറ്റിവച്ച സ്ഥാനത്ത് 200 കോടി രൂപയോളം കമ്പോള ഇടപെടലിനായി നീക്കിവച്ചതിലൂടെയാണ് ഇത് സാധിച്ചത്. ഓണം, ക്രിസ്തുമസ്, ബക്രീദ് ഈ കാലത്ത് 22 ലക്ഷം വിദ്യാർത്ഥികൾക്ക് അഞ്ചു കിലോ അരിവീതം നൽകി. തിരുവനന്തപുരത്തുള്ള 15,000 കുട്ടികൾക്ക് പാൽ വിതരണം ചെയ്തു. ഈ തരത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ആശ്വാസം നൽകാൻ കഴിഞ്ഞു. അതുപോലെ പെൻഷൻ പദ്ധതികൾ, തുടങ്ങി ആശ്വാസനടപടികൾ തുടർന്നുകൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റ് യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന പൈശാചിക ഭരണത്തിനെതിരായി മുന്നേറിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ തീർച്ചയായും ചില കോമരങ്ങളും കോപ്രായങ്ങളും ഉണ്ടാകും. അതിനെ നേരിട്ടുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഈ ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട ടി.എം. ജേക്കബ് റൂൾ 285 അനുസരിച്ച് ഇവിടെ ഒരു അലിഗേഷൻ ഉന്നയിച്ചു. അതിൽ പ്രധാനപ്പെട്ട അലിഗേഷൻ എന്നു പറയുന്നത് മുഖ്യമന്ത്രിയുടെ മരുമകനെ സംബന്ധിച്ചാണ്. മുഖ്യമന്ത്രി ആ അലിഗേഷൻ നിഷേധിക്കുന്നുണ്ടോ; കെ.സി. രവീന്ദ്രൻ ആരാണെന്ന് ആവർത്തിച്ചാവർത്തിച്ച് ചോദിച്ചിട്ടും മുഖ്യമന്ത്രി നരസിംഹറാവുവിന്റെ കേസ് പറഞ്ഞ് ഒഴിഞ്ഞുമാറുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : (..... ബഹളം .....) അത് വേറെ വിഷയം.

1999-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ ..... പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് -

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പട്ടിക ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച്-

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 1999-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് ....

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ 65

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വി.കെ. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
10. ശ്രീ. എം. ദാസൻ
11. ശ്രീ. പി.സി. ജോർജ്ജ്
12. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
13. ശ്രീ. ടി.കെ. ഹംസ
14. ശ്രീ. കെ.ഇ. ഇസ്മയിൽ
15. ശ്രീ. സി.എൻ. ജയദേവൻ
16. ശ്രീ. എം.വി. ജയരാജൻ
17. ശ്രീ. ടി.എസ്. ജോൺ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20 ഡോ. കെ.സി. ജോസഫ്
21. ശ്രീ. പി.ജെ. ജോസഫ്
22. ശ്രീ. വി.സി. കബീർ
23. ശ്രീ. എ. കണാരൻ
24. ശ്രീ. എൻ. കണ്ണൻ
25. ശ്രീ. എളമരം കരീം
26. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
27. ശ്രീ. ഇ.കെ. നായനാർ
28. ശ്രീ. പി.കെ. കുമാരൻ
29. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
30. ശ്രീ. സി.എ. കുര്യൻ
31. ശ്രീമതി ആർ. ലതാദേവി

LIBRARY ARCHIVES Kerala Legislative Assembly

32. പ്രൊഫ. മീനാക്ഷി തമ്പാൻ
33. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
34. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
35. ശ്രീ. മോൻസ് ജോസഫ്
36. ശ്രീ. പിരപ്പൻകോട് മുരളി
37. ശ്രീ. സി.കെ. നാണു
38. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
39. ശ്രീ. പി. നാരായണൻ
40. ഡോ. എ. നീലലോഹിതദാസൻ നാടാർ
41. ശ്രീ. ടി.കെ. നൗഷാദ്
42. ശ്രീ. കെ. പ്രകാശ് ബാബു
43. ശ്രീമതി എൻ.കെ. രാധ
44. ശ്രീ. കെ. രാധാകൃഷ്ണൻ
45. ശ്രീ. പി. രാഘവൻ
46. ശ്രീ. സി.കെ. രാജേന്ദ്രൻ
47. ശ്രീ. കെ.പി. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. വിപി. രാമകൃഷ്ണപിള്ള
50. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
51. ശ്രീ. ടി.കെ. രാമകൃഷ്ണൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
54. ശ്രീ. സെബാസ്റ്റ്യൻ പോൾ
55. ശ്രീ. എ.സി. ഷൺമുഖദാസ്
56. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
57. ശ്രീ. ടി. ശിവദാസമേനോൻ
58. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
59. ശ്രീ. പി.എസ്. സുപാൽ
60. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
61. ശ്രീമതി സുശീലാ ഗോപാലൻ
62. ശ്രീ. എം.എ. തോമസ്
63. ശ്രീ. എം.പി. വർഗ്ഗീസ്
64. ശ്രീ. വർഗ്ഗീസ് വൈദ്യർ
65. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ 38

1. ശ്രീ. പി.കെ. അബ്ദുറബ്ബ്
2. ശ്രീ. സി.ടി. അഹമ്മദ് അലി
3. ശ്രീ. കെ. ബാബു
4. ശ്രീ. വി. ബാലറാം
5. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
6. ശ്രീ. പി.ജെ. ഫ്രാൻസിസ്
7. ശ്രീ. ഇസ്ഹാക് കുരിക്കൾ

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. ടി.എം. ജേക്കബ്
9. ശ്രീ. ജോണി നെല്ലൂർ
10. ശ്രീ. കെ.സി. ജോസഫ്
11. ശ്രീ. പി.ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ
13. ശ്രീ. കെ.കെ. നായർ
14. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
15. ഡോ. എം.എ കുട്ടപ്പൻ
16. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
17. ശ്രീ. കെ.എം. മാണി
18. ശ്രീ. കെ. മുഹമ്മദാലി
19. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
20. ശ്രീ. സി. മൊയീൻകുട്ടി
21. ശ്രീ. ആര്യാടൻ മുഹമ്മദ്
22. ശ്രീ. എം.കെ. മുനീർ
23. ശ്രീ. എം. മുരളി
24. ശ്രീ. കെ. നാരായണക്കുറുപ്പ്
25. ശ്രീ. എഴുകോൺ നാരായണൻ
26. ശ്രീ. ഉമ്മൻ ചാണ്ടി
27. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
28. ശ്രീമതി രാധാ രാഘവൻ
29. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
30. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
31. ശ്രീ. പാലോട് രവി
32. ശ്രീമതി റോസമ്മ ചാക്കോ
33. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
34. ശ്രീമതി ശോഭനാ ജോർജ്ജ്
35. ശ്രീ. കെ. സുധാകരൻ
36. ശ്രീ. സി.എഫ്. തോമസ്
37. ശ്രീ. കെ.സി. വേണുഗോപാൽ
38. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ : 65

പ്രതികൂലിക്കുന്നവർ : 38

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 209

1999-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ)ബിൽ

1999 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- 1999 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവൽസരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേർ. - ഈ ആക്ടിന് 1999-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ആക്ട്, എന്ന് പേർ പറയാം.

2. 1999 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും 135,43,40,46,000 രൂപ പിൻവലിക്കൽ.- 1999 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിൽ പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിന് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും, ആകെ പതിമൂവായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി മൂന്നു കോടി നാൽപ്പതു ലക്ഷത്തി നാൽപ്പത്താറായിരം രൂപ [ഇതിൽ 1999-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്ട് (1999-ലെ 16-ാം ആക്ട്)-ലെ 2-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നാലായിരത്തി അഞ്ഞൂറ്റി പതിനാലുകോടി നാൽപ്പത്താറു ലക്ഷത്തി എൺപതിനായിരം രൂപ ഉൾപ്പെടുന്നതാണ്] വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.- ഈ ആക്ട് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ പ്രസ്തുത വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

(1)	(2)	(3)			
		കവിയാൻ പാടില്ലാത്ത തുകകൾ			
ധനാഭ്യർത്ഥന നമ്പർ	സർവ്വീസുകളും ആവശ്യങ്ങളും		നിയമസഭ വോട്ട് ചെയ്തത് രൂപ	സഞ്ചിത നിധിയിൻമേൽ ചാർജ്ജ് ചെയ്തത് രൂപ	ആകെ രൂപ
I	സംസ്ഥാന നിയമസഭ	റവന്യൂ	12,49,69,000	*20,30,000*	12,69,99,000
II	സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥൻമാർ	റവന്യൂ	79,45,62,000	*19,22,67,000*	98,68,29,000
III	നീതിന്യായ നിർവ്വഹണം	റവന്യൂ	80,96,73,000	*12,18,83,000*	93,15,56,000
IV	തെരഞ്ഞെടുപ്പുകൾ	റവന്യൂ	12,23,46,000	.....	12,23,46,000
V	കാർഷികാദായ നികുതിയും വിൽപ്പന നികുതിയും	റവന്യൂ	57,23,69,000	*40,000*	57,24,09,000
VI	ഭൂ നികുതി	റവന്യൂ	1,43,98,44,000	*1,41,000*	1,43,99,85,000
VII	മുദ്രപത്രങ്ങളും രജിസ്ട്രേഷനും	റവന്യൂ	37,31,81,000	.....	37,31,81,000
VIII	എക്സൈസ്	റവന്യൂ	42,10,86,000	.....	42,10,86,000
IX	വാഹന നികുതികൾ	റവന്യൂ	14,37,00,000	*1,000*	14,37,01,000
	കടബാധ്യതകൾ	റവന്യൂ	.....	*16,42,49,05,000*	16,42,49,05,000
X	ട്രഷറികളും അക്കൗണ്ടുകളും	റവന്യൂ	*45,93,91,000*	.....	45,93,91,000
XI	ജില്ലാ ഭരണവും പലവകയും	റവന്യൂ	92,53,39,000	*47,77,000*	93,01,16,000
XII	പോലീസ്	റവന്യൂ	4,42,06,64,000	5,63,000	4,42,12,27,000
		മൂലധനം	3,38,91,000	5,01,000	3,43,92,000
XIII	ജയിലുകൾ	റവന്യൂ	17,13,27,000	.....	17,13,27,000
XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	റവന്യൂ	82,54,34,000	.....	82,54,34,000
		മൂലധനം	22,00,000	.....	22,00,000
XV	പൊതുമരാമത്ത്	റവന്യൂ	3,36,54,97,000	1,16,18,000	3,37,71,15,000
		മൂലധനം	1,25,89,13,000	50,30,000	1,26,39,43,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)		
XVI	പെൻഷനും പലവകയും	റവന്യൂ	16,31,51,88,000	11,09,06,000	16,42,60,94,000
XVII	വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം	റവന്യൂ	28,62,61,27,000	14,04,000	28,62,75,31,000
		മൂലധനം	23,59,90,000	2,00,000	23,61,90,000
XVIII	വൈദ്യസഹായ രംഗവും പൊതു ജനാരോഗ്യവും	റവന്യൂ	6,53,79,23,000	60,000	6,53,79,83,000
		മൂലധനം	27,83,74,000	26,26,000	28,10,00,000
XIX	കുടുംബക്ഷേമം	റവന്യൂ	82,90,00,0000	.....	82,90,00,0000
		മൂലധനം	1,90,00,000	.....	1,90,00,000
XX	ശുദ്ധജല വിതരണവും ശുചീകരണവും	റവന്യൂ	1,82,65,41,000	.....	1,82,65,41,000
		മൂലധനം	70,00,00,000	.....	70,00,00,000
XXI	ഭവന നിർമ്മാണം	റവന്യൂ	47,80,26,000	.....	47,80,26,000
		മൂലധനം	9,61,38,000	.....	9,61,38,000
XXII	നഗര വികസനം	റവന്യൂ	1,70,05,13,000	.....	1,70,05,13,000
		മൂലധനം	14,62,50,000	.....	14,62,50,000
XXIII	വാർത്താ വിതരണവും പ്രചരണവും	റവന്യൂ	9,70,78,000	.....	9,70,78,000
XXIV	തൊഴിലും തൊഴിലാളി ക്ഷേമവും	റവന്യൂ	1,23,97,36,000	.....	1,23,97,36,000
		മൂലധനം	9,30,000	.....	9,30,000
XXV	പട്ടിക ജാതി/പട്ടിക വർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം	റവന്യൂ	3,97,67,15,000	.....	3,97,67,15,000
		മൂലധനം	24,96,14,000	.....	24,96,14,000
XXVI	പ്രകൃതി ക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്	റവന്യൂ	1,29,26,00,000	.....	1,29,26,00,000
XXVII	സഹകരണം	റവന്യൂ	52,79,82,000	10,000	52,79,92,000
		മൂലധനം	59,79,52,000	.....	59,79,52,000
XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	റവന്യൂ	41,30,30,000	.....	41,30,30,000
		മൂലധനം	26,06,000	.....	26,06,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)		
XXIX	കൃഷി	റവന്യൂ	3,80,39,45,000	6,00,000	3,80,45,45,000
		മൂലധനം	27,23,36,000	9,00,000	27,32,36,000
XXX	ഭക്ഷ്യം	റവന്യൂ	1,76,36,86,000	.....	1,76,36,86,000
		മൂലധനം	18,32,40,000	50,000	18,32,90,000
XXXI	മൃഗസംരക്ഷണം	റവന്യൂ	94,31,00,000	.....	94,31,00,000
		മൂലധനം	79,00,000	.....	79,00,000
XXXII	ക്ഷീര വ്യവസായം	റവന്യൂ	20,43,15,000	.....	20,43,15,000
		മൂലധനം	20,00,000	.....	20,00,000
XXXIII	മത്സ്യബന്ധനം	റവന്യൂ	57,77,30,000	.....	57,77,30,000
		മൂലധനം	41,53,00,000	.....	41,53,00,000
XXXIV	വനം	റവന്യൂ	1,61,38,10,000	3,00,000	1,61,41,10,000
		മൂലധനം	7,15,00,000	.....	7,15,00,000
XXXV	പഞ്ചായത്ത്	റവന്യൂ	9,18,83,82,000	.....	9,18,83,82,000
		മൂലധനം	1,00,00,000	.....	1,00,00,000
XXXVI	സാമൂഹ്യ വികസനം	റവന്യൂ	1,41,64,34,000	10,000	1,41,64,44,000
XXXVII	വ്യവസായങ്ങൾ	റവന്യൂ	1,06,37,39,000	.....	1,06,37,39,000
		മൂലധനം	1,95,21,70,000	.....	1,95,21,70,000
XXXVIII	ജലസേചനം	റവന്യൂ	97,98,67,000	12,50,000	98,11,17,000
		മൂലധനം	1,92,89,15,000	1,70,85,000	1,94,60,00,000
XXXIX	വൈദ്യുത പദ്ധതികൾ	മൂലധനം	11,05,00,000	.....	11,05,00,000
XL	തുറമുഖങ്ങൾ	റവന്യൂ	8,40,75,000	.....	8,40,75,000
		മൂലധനം	5,27,50,000	.....	5,27,50,000
XLI	ഗതാഗതം	റവന്യൂ	14,97,40,000	.....	14,97,40,000
		മൂലധനം	21,00,00,000	.....	21,00,00,000
XLII	വിനോദ സഞ്ചാരം	റവന്യൂ	31,62,66,000	.....	31,62,66,000
		മൂലധനം	14,00,00,000	.....	14,00,00,000
XLIII	നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും	റവന്യൂ	55,00,00,000	.....	55,00,00,000
	പൊതുക്കടം തിരിച്ചടയ്ക്കൽ	മൂലധനം	.....	7,47,05,42,000	7,47,05,42,000
XLV	പലവക വായ്പകളും മുൻകൂറുകളും	മൂലധനം	60,09,48,000	.....	60,09,48,000
	ആകെ		1,11,06,43,47,000	24,36,96,99,000	1,35,43,40,46,000

ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാന സഞ്ചിതനിധിയിൻമേൽ ചാർജ്ജ് ചെയ്തിട്ടുള്ള ചെലവുകളും 1999-2000 സാമ്പത്തികവർഷത്തേക്ക് കേരള സർക്കാരിന്റെ മതിപ്പ് ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനാവശ്യമായ തുകകൾ കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും വിനിയോഗിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി ഇന്ത്യൻ ഭരണഘടനയുടെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Tenth Kerala Legislative Assembly
Bill No. 209

[Translation in English of the Kerala Appropriation (No.8) Bill, 1999 Published under the authority of Governor]

THE KERALA APPROPRIATION (No. 8) BILL, 1999

A

BILL

To provide for the withdrawal of certain sums from and out of the Consolidated Fund of the State of Kerala for the Services of the financial year commencing on the first day of April, 1999.

Preamble.- WHEREAS it is necessary to provide for the withdrawal of certain sums from and out of the Consolidated Fund of the State of Kerala for the services of the Financial Year, commencing on the first day of April, 1999.

BE it enacted in the Fiftieth Year of the Republic of India as follows :-

1. *Short title.*– This Act may be called the Kerala Appropriation (No.8) Act, 1999.

2. Withdrawal of Rs. *135,43,40,46,000 from and out of the Consolidated Fund of the State of Kerala for the Financial Year Commencing on the first day of April, 1999.* - From and out of the Consolidated Fund of the State of Kerala there may be paid and applied sums not exceeding those specified in column (3) of the Schedule amounting in the aggregate to Thirteen thousand five hundred and forty three crores forty lakhs and forty six thousand rupees [which shall be inclusive of the sum of four thousand five hundred and fourteen crores forty six lakhs and eighty thousand rupees specified in section 2 of the Kerala Appropriation (Vote on Account) Act, 1999 (16 of 1999) towards defraying the several charges which will come in the course of payment during the Financial Year commencing on the first day of April, 1999, in respect of the services and purposes specified in column (2) of the Schedule.

3. *Appropriation.*– The sums authorised to be paid and applied from and out of the Consolidated Fund of the State of Kerala by this Act shall be appropriated for the services and purposes specified in the Schedule in relation to the said year.

LIBRARY ARCHIVES Kerala Legislative Assembly

THE SCHEDULE
(See Sections 2 and 3)

(1) No. of Vote	(2) Services and Purposes		(3) Sum not exceeding		
			Voted by the Assembly Rs.	Charged on the Consolidated fund Rs.	*Total Rs.*
I	State Legilature	Revenue	12,49,69,000	*20,30,000*	12,69,99,000
II	Heads of States, Ministers and Head-quarters Staff	Revenue	79,45,62,000	*19,22,67,000*	98,68,29,000
III	Administration of Justice	Revenue	80,96,73,000	*12,18,83,000*	93,15,56,000
IV	Elections	Revenue	12,23,46,000	.....	12,23,46,000
V	Agricultural Income Tax and Sales Tax	Revenue	57,23,69,000	*40,000*	57,24,09,000
VI	Land Rvenue	Revenue	1,43,98,44,000	*1,41,000*	1,43,99,85,000
VII	Stamps and Registation	Revenue	37,31,81,000	.....	37,31,81,000
VIII	Excise	Revenue	42,10,86,000	.....	42,10,86,000
IX	Taxes on Vehicles	Revenue	14,37,00,000	*1,000*	14,37,01,000
	Debt Charges	Revenue	.....	*16,42,49,05,000*	16,42,49,05,000
X	Treasury and Accounts	Revenue	45,93,91,000	.....	45,93,91,000
XI	District Administration and Miscellaneous	Revenue	92,53,39,000	*47,77,000*	93,01,16,000
XII	Police	Revenue	4,42,06,64,000	*5,63,000*	4,42,12,27,000
		Ca pital	3,38,91,000	*5,01,000*	3,43,92,000
XIII	Jails	Revenue	17,13,27,000	.....	17,13,27,000
XIV	Stationery and Printing and other Administrative Services	Revenue	82,54,34,000	.....	82,54,34,000
		Capital	22,00,000	.....	22,00,000
XV	Public Works	Revenue	3,36,54,97,000	*1,16,18,000*	3,37,71,15,000
		Capital	1,25,89,13,000	*50,30,000*	1,26,39,43,000
XVI	Pension and Miscellaneous	Revenue	16,31,51,88,000	*11,09,06,000*	16,42,60,94,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)		(3)		
XVII	Education, Sports, Art and Culture	Revenue	28,62,61,27,000	*14,04,000*	28,62,75,31,000
		Capital	23,59,90,000	*2,00,000*	23,61,90,000
XVIII	Medical and Public Health	Revenue	6,53,79,23,000	*60,000*	6,53,79,83,000
		Capital	27,83,74,000	*26,26,000*	28,10,00,000
XIX	Family Welfare	Revenue	82,90,00,0000	.....	82,90,00,0000
		Capital	1,90,00,000	.....	1,90,00,000
XX	Water Supply and Sanitation	Revenue	1,82,65,41,000	.....	1,82,65,41,000
		Capital	70,00,00,000	.....	70,00,00,000
XXI	Housing	Revenue	47,80,26,000	.....	47,80,26,000
		Capital	9,61,38,000	.....	9,61,38,000
XXII	Urban Development	Revenue	1,70,05,13,000	.....	1,70,05,13,000
		Capital	14,62,50,000	.....	14,62,50,000
XXIII	Information and Publicity	Revenue	9,70,78,000	.....	9,70,78,000
XXIV	Labour and Labout Welfare	Revenue	1,23,97,36,000	.....	1,23,97,36,000
		Capital	9,30,000	.....	9,30,000
XXV	Social Welfare including Welfare of Scheduled Caste/Schedul ed Tribes and Other Backward Classes	Revenue	3,97,67,15,000	.....	3,97,67,15,000
		Capital	24,96,14,000	.....	24,96,14,000
XXVI	Relief on account of Natural Calamities	Revenue	1,29,26,00,000	.....	1,29,26,00,000
XXVII	Co-operation	Revenue	52,79,82,000	*10,000*	52,79,92,000
		Capital	59,79,52,000	.....	59,79,52,000
XXVIII	Miscellaneous Economic Services	Revenue	41,30,30,000	.....	41,30,30,000
		Capital	26,06,000	.....	26,06,000
XXIX	Agriculture	Revenue	3,80,39,45,000	*6,00,000*	3,80,45,45,000
		Capital	27,23,36,000	*9,00,000*	27,32,36,000
XXX	Food	Revenue	1,76,36,86,000	.....	1,76,36,86,000
		Capital	18,32,40,000	*50,000*	18,32,90,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)			(3)	
XXXI	Animal Husbandry	Revenue	94,31,00,000	.....	94,31,00,000
		Capital	79,00,000	.....	79,00,000
XXXII	Dairy	Revenue	20,43,15,000	.....	20,43,15,000
		Capital	20,00,000	.....	20,00,000
XXXIII	Fisheries	Revenue	57,77,30,000	.....	57,77,30,000
		Capital	41,53,00,000	.....	41,53,00,000
XXXIV	Forest	Revenue	1,61,38,10,000	*3,00,000*	1,61,41,10,000
		Capital	7,15,00,000	.....	7,15,00,000
XXXV	Panchayat	Revenue	9,18,83,82,000	.....	9,18,83,82,000
		Capital	1,00,00,000	.....	1,00,00,000
XXXVI	Community Development	Revenue	1,41,64,34,000	*10,000*	1,41,64,44,000
XXXVII	Industries	Revenue	1,06,37,39,000	.....	1,06,37,39,000
		Capital	1,95,21,70,000	.....	1,95,21,70,000
XXXVIII	Irrigation	Revenue	97,98,67,000	*12,50,000*	98,11,17,000
		Capital	1,92,89,15,000	*1,70,85,000*	1,94,60,00,000
XXXIX	Power	Revenue	11,05,00,000	.....	11,05,00,000
XL	Ports	Revenue	8,40,75,000	.....	8,40,75,000
		Capital	5,27,50,000	.....	5,27,50,000
XLI	Transport	Revenue	14,97,40,000	.....	14,97,40,000
		Capital	21,00,00,000	.....	21,00,00,000
XLII	Tourism	Revenue	31,62,66,000	.....	31,62,66,000
		Capital	14,00,00,000	.....	14,00,00,000
XLIII	Compensation and Assignments	Revenue	55,00,00,000	.....	55,00,00,000
	Public Debt Repayment	Capital	.....	*7,47,05,42,000*	7,47,05,42,000
XLV	Miscellaneous Loans and Advances	Capital	60,09,48,000	.....	60,09,48,000
	Total		1,11,06,43,47,000	*24,36,96,99,000*	1,35,43,40,46,000

STATEMENT OF OBJECTS AND REASONS

The Bill is introduced in pursuance of article 204 (1) of the Constitution of India, to provide for the appropriation out of the Consolidated Fund of the State of Kerala of the money required to meet the expenditure charged on the Consolidated Fund of the State and the grants made by the Legislative Assembly in respect of the estimated expenditure of the Government of Kerala for the Financial Year 1999-2000.

T. SIVADASA MENON

LIBRARY ARCHIVES Kerala Legislative Assembly